2012 സപ്തംബർ/വോള്യം 4/ലക്കം 3/ വില ₹ 15

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



ജയിൽപക്ഷികൾ

രാമായണം
ഒരു സ്ത്രീപക്ഷ വായന

ടീന ശശീന്ദ്രനുമായി
ഒരഭിമുഖം




മുഖചിത്രം: ടീന ശശീന്ദ്രൻ

# സംഘടിത


സെപ്റ്റംബർ 2012 - വാല്യം 4 - ലക്കം 3


## ഉള്ളടക്കം


11 രാമായണം ഒരു സ്ത്രീപക്ഷ വായന
ഡോ. സുധാ വാര്യർ

13 ലഹരിക്കെതിരെ കർക്കശമായ നയങ്ങൾതന്നെ വേണം - ഒ. ജെ. ചിന്നമ്മ

17 കേരളത്തിലോ ഇത്തരം സംഭവങ്ങൾ - കെ. അജിത

18 ദൈവത്തിന്റെ സ്വന്തംനാടിനൊരു 'റസ്ക്യൂ പാക്കേജ്' - പി. ജഗതി

21 ജയിൽപക്ഷികൾ - റിമ്പിൾ മേഹ്ത്ത

28 വിരലിൽ പറ്റിനിന്ന ചായങ്ങൾ - ഡോ. മിനിപ്രസാദ്

30 ചിത്രകാരി - ഷാഹിന ഇ.കെ.

37 പൊതു ഇടങ്ങളുടെ അവകാശികൾ ആര് - രജിത

39 അമ്മയനുഭവം - ഡോ. ഗീതാദേവി.എം.ആർ

53 യാത്രയ്ക്കൊടുവിൽ - പി. എം. ഹാജറ

55 ദേശീയ മനുഷ്യാവകാശകമ്മീഷൻ ചെയർമാൻ ജസ്റ്റീസ് കെ.ജി.ബാലകൃഷ്ണൻ പ്രതിപക്ഷനേതാവ് വി.എസ്. അച്ചുതാനന്ദന് അയച്ച കത്ത്

56 അമ്മമാരുടെ സമരം തുടരുന്നു

57 അമ്മ പറഞ്ഞില്ലേ.... മോളോട്.... - ശ്രീഷ എം.,

59 ഗാർഹികപീഡനത്തിന്റെ മറ്റൊരു ഇര - എലിസബത്ത് സി.എസ്.

61 അന്വേഷി വാർത്തകൾ, പുസ്തകപരിചയം

**കവിതകൾ**

പെണ്ണരുവി - ശോഭാ ജോഷി

കുറ്റം - വെൽഗെ

മർജാന, കുതിർന്ന മരബഞ്ചിന്റെ ഓർമ - ഹമീദ

ചുവരുകൾ - പി. ലിസ

മനസ്സ് - റംഷീന





6 ടീന ശശീന്ദ്രനുമായി ഒരഭിമുഖം
ചാരുലത





33 ചില കഥയില്ലായ്മകൾ -
കെ. ആർ ഇന്ദിര





41 കേരളത്തിലെ മധ്യവർഗ്ഗരൂപീകരണത്തിന്റെ രണ്ടാം ഘട്ടം സമൂഹം, ചരിത്രം, സിനിമ - ഡോ. ഷീബ എം കുര്യൻ



എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത.ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സൂം ഇൻ, തളി, 0495 4010872,
പ്രിന്റിംഗ് : എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com, www.anweshi.org



# സമ്പൂർണ്ണ നേത്ര പരിചരണ കേന്ദ്രം

നേത്ര സംരക്ഷണരംഗത്ത്
സ്തുത്യർഹമായ സേവനവുമായി
ഞങ്ങൾ പതിമൂന്നാം വർഷത്തിലേക്ക്.

• ഡോ. കെ.എസ്. ചന്ദ്രകാന്ത്, D.O.M.S., M.N.A.M.S.
ചെയർമാൻ & ചീഫ് കൺസൾട്ടന്റ് ഐ സർജൻ

*കൺസൾട്ടന്റ്സ്*

- പ്രൊഫ. വെങ്കിടാചലം MD, M.N.A.M.S (Ophth.)
- ഡോ. ഷീജ വിശ്വനാഥൻ D.O.D.N.B (Ophth.) (ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ അങ്കമാലി)
- ഡോ. നിരുപമ ആർ ബാലാജി D.O.D.N.B (Ophth.) (അരവിന്ദ് ഐ ഹോസ്പിറ്റൽ, മധുരൈ)
- ഡോ. ഹരിദാസ് ആർ.വി. M.B.B.S, D.A, D.O
- ഡോ. രാമകൃഷ്ണൻ M.S.D.O. (Ophth.)
- ഡോ. ട്രീസ ടി. മാത്യു M.S.D.O. (Ophth.)
- ഡോ. രേണു ജോർജ്ജ് D.A, D.N.B (Anaesth)
- ഡോ. വേണുഗോപാൽ M.S

• **തിമിരശസ്ത്രക്രിയ** (ഫാക്കോ എമൽസിഫിക്കേഷൻ)
• **ലാസിക് ലേസർ ചികിത്സ** (കണ്ണടയില്ലാതെ കാഴ്ചയേകുന്ന ചികിത്സ)
• **ഗ്ലൂക്കോമ ക്ലിനിക്ക്** • **റെറ്റിന ക്ലിനിക്ക്** • **കോർണിയ ക്ലിനിക്ക്**
• **ശിശു നേത്ര വിഭാഗം** • **നേത്ര പടലം മാറ്റിവെയ്ക്കൽ**

തുടങ്ങിയ മേഖലകളിൽ ലോകത്തിലെ ഏറ്റവും ആധുനിക സംവിധാനങ്ങൾ ഇവിടെ ലഭ്യമാണ്.

പി.എം.റഷീദ് (മാനേജിങ്ങ് ഡയറക്ടർ)

## Malabar Eye Hospital & Research Centre
## Malabar Eye Lasik Laser Centre

Near Eranhipalam Post Office, Eranhipalam, Calicut-673006
Tel: 0495 4088220, 4088221, 2367220, 2367330, 2369345

ISO 9001-2008 CERTIFIED EYE HOSPITAL



സാറാ ജോസഫ്

# എന്താണ് 'എമർജിംഗ് കേരള?'

സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എമർജിങ് കേരള 2012 എന്ന പേരിൽ ഒരു ആഗോള നിക്ഷേപകസംഗമം എറണാകുളത്തുവച്ച് നടത്തുന്നു. 2003 ൽ അന്ന് അധികാരത്തിലിരുന്ന UDF സർക്കാർ ഇതിന് സമാനമായ മറ്റൊന്ന് എറണാകുളത്ത് സംഘടിപ്പിച്ചിരുന്നു. ജിം (GIM) എന്ന പേരിൽ അത് അറിയപ്പെട്ടു. ജിമ്മിന്റെ വേഷം മാറിയ അവതാരമാണ് എമേർജിങ് കേരള. വികസിത രാജ്യങ്ങളിലെ കുത്തക മൂലധനശക്തികൾക്ക് സ്വന്തം രാജ്യത്ത് മുതൽ മുടക്കി വ്യവസായം നടത്തി കൊള്ളലാഭം ഉണ്ടാക്കാനുള്ള അവസരങ്ങൾ മിക്കവാറും ഇല്ലാതായിക്കഴിഞ്ഞ അവസ്ഥയിൽ കേരളം പോലെയുള്ള വലിയ സാധ്യതാപ്രദേശങ്ങളിലേക്ക് വൻ മുതൽമുടക്കുമായി കടന്നുവരാൻ അവർ ഒരുങ്ങുകയാണ്. ഇവർക്ക് നമ്മുടെ നാടിന്റെ മണ്ണും, വെള്ളവും, കാടും, മലയും, പുഴയും, കായലും, കടൽതീരവും, ഊർജ്ജവും വിലപേശി വാങ്ങാനുള്ള അവസരമൊരുക്കുന്ന ദല്ലാൾ പണിക്കാണ് സംസ്ഥാനസർക്കാർ എമേർജിങ് കേരള എന്ന് പേരിട്ടിരിക്കുന്നത്. കേരളത്തിന്റെ അടിസ്ഥാനവികസനം നടക്കേണ്ട സുപ്രധാന മേഖല കൃഷിയാണ് എന്ന് നമുക്കറിയാം. എന്നാൽ ഉല്പാദനപരമല്ലാത്ത സേവന മേഖലകളിലേക്കാണ് എമേർജിങ് കേരള ഊന്നൽ കൊടുത്തിട്ടുള്ളത്. മൂലധനശക്തികൾക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ ഭൂമി നൽകുന്നതാകട്ടെ നമ്മുടെ നെൽവയലുകളും, നീർത്തടങ്ങളും, കൃഷിഭൂമികളും വൻതോതിൽ നികത്തിയും മലകൾ ഇടിച്ചുനിരത്തിയും കൊണ്ടാണ്. ആവശ്യത്തിലും എത്രയോ അധികം ഭൂമിയാണ് നിക്ഷേപകരുടെ ഡിമാന്റിലുള്ളത്. ഉദാഹരണത്തിന് വാതകഊർജ്ജ മേഖലയ്ക്കുവേണ്ടി 1600 ഏക്കറിൽ അധികം ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഡൽഹിയിൽ വെറും മുപ്പത് ഏക്കറിൽ ആണ് ഇത്തരത്തിലുള്ള ഒരു പദ്ധതി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. എമേർജിങ് കേരളയിൽ രജിസ്റ്റർ ചെയ്തവരിൽ ബഹുഭൂരിപക്ഷവും റിയൽ എസ്റ്റേറ്റ് മാഫിയ ആണെന്നകാര്യം വ്യവസായ വികസന കോർപ്പറേഷൻ രഹസ്യമാക്കി വെച്ചിരിക്കുകയാണെന്ന് അറിയുന്നു. വാഗമണ്ണിൽ ഗോൾഫ്കോഴ്സ് നിർമ്മിക്കാനുള്ള ഒരു പദ്ധതി കേരളത്തിലെ ഏക പുൽമേട് പ്രദേശത്തെ നശിപ്പിച്ചുകൊണ്ടല്ലാതെ നടപ്പാക്കാനാവില്ല. വയലുകളും തണ്ണീർത്തടങ്ങൾ നികത്തിയും, കാടുകൾ വെട്ടിവെളുപ്പിച്ചും തീരദേശങ്ങൾ ഖനനം ചെയ്തും കേരളത്തെ "ഉയിർത്തെഴുന്നേൽപ്പിക്കാനുള്ള" ചുമതല വിദേശ മൂലധനശക്തികൾക്ക് കാഴ്ചവയ്ക്കാനുള്ള ഒരുക്കത്തിലാണ് UDF സർക്കാർ ഇപ്പോൾ. അതിനുവേണ്ടി ചുങ്കപ്പാതകളും, ബുള്ളറ്റ് തീവണ്ടി പദ്ധതിയും, ആകാശനഗരവും, കൊച്ചിൻമെട്രോയും സ്വകാര്യ വിമാനത്താവളങ്ങളും ഒരുക്കാനുള്ള തിടുക്കത്തിലാണ് സർക്കാർ. ഇതിനെയാണ് ഇവർ വികസനം എന്ന് വിളിക്കുന്നത്. ഈ വികസനം ആർക്കുവേണ്ടിയാണ് എന്ന് ചിന്താശേഷിയുള്ള കേരളീയർ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുണ്ട്. എമേർജിങ് കേരളയുടെ നടത്തിപ്പിനുവേണ്ടി മൂലധനത്തിന് അനുകൂലമായി നിരവധി നിയമനിർമ്മാണങ്ങൾ നടന്നുകഴിഞ്ഞത് ശ്രദ്ധിക്കണം. തോട്ടം ഉടമകളെ സഹായിക്കുന്ന ഭൂപരിഷ്ക്കരണ നിയമത്തിലെ ഭേദഗതി അതിൽ സുപ്രധാനമാണ്. നെൽവയൽ നീർത്തട സംരക്ഷണത്തെ അട്ടിമറിച്ചതും, ആദിവാസി ഭൂനിയമവും തോട്ടം ഭൂമിയുടെ 5% മാറ്റിവെയ്ക്കണമെന്നുള്ള ഉത്തരവും വരാൻപോകുന്ന അധിനിവേശത്തിന് വഴിയൊരുക്കിക്കൊണ്ട് ഓടുന്ന പട്ടിക്ക് ഒരു മുഴം മുൻപേ എറിഞ്ഞ വടിയാണ്. കോടതിയേയും, പോലീസിനേയും ഉപയോഗിച്ചുകൊണ്ടുള്ള ജനവിരുദ്ധ നീക്കങ്ങളിലൂടെ കോർപ്പറേറ്റ് ശക്തികൾക്ക് അനുകൂലമായി കേന്ദ്രസംസ്ഥാന സർക്കാരുകൾ നിലംകൊള്ളുന്ന കാഴ്ചയാണ് ആഗോളവത്കരണകാലത്ത് നാം കാണുന്നത്. എൻഡോസൾഫാൻ മേഖലയിലും, പ്ലാച്ചിമടയിലും, കാതിക്കുടം, ഏലൂർമേഖലകളിലും ഒക്കെത്തന്നെ സർക്കാറിന്റെ നയം ജനവിരുദ്ധമാണ്.

ചെറുകിട വ്യാപാര മേഖല, ടൂറിസം, ഗതാഗത സൗകര്യം, ആരോഗ്യം, വിദ്യാഭ്യാസം, തുറമുഖം, ഊർജ്ജം തുടങ്ങി ഇരുപത്തിയാറ് മേഖലകളാണ് സ്വകാര്യ നിക്ഷേപകർക്കായി സർക്കാർ എമേർജിങ് കേരളയിലൂടെ തുറന്നുകൊടുക്കുന്നത്. അവർക്ക് സൗജന്യനിരക്കിൽ ഭൂമിയും, പ്രകൃതി വിഭവങ്ങളും കൈമാറും. ലക്ഷകണക്കിന് ജനങ്ങൾ അവരുടെ കിടപ്പാടങ്ങളിലും, കൃഷിഭൂമികളിലും ഉപജീവനമാർഗ്ഗങ്ങളിൽനിന്നും കുടിയിറക്കപ്പെടും. നമ്മുടെ സ്വാതന്ത്ര്യം, സ്വാശ്രയത്വം, സമത്വചിന്ത, ലിംഗനീതി, പാരിസ്ഥിതിക സൗഹൃദം ഇവയെല്ലാം അക്ഷരാർത്ഥത്തിൽ തകർക്കപ്പെടുന്ന ഒരു വ്യവസ്ഥയിലേക്ക് 2012 ൽ നാം എത്തിച്ചേരേണ്ടതുണ്ടോ എന്ന് ചിന്തിക്കുക. സ്ത്രീകൾ എന്ന നിലയിൽ ഈ സാമ്പത്തിക സാംസ്കാരിക അധിനിവേശങ്ങളെ ഒരിക്കലും അനുവദിക്കാൻ നമുക്ക് സാധ്യമല്ല. തലമുറകൾക്ക് അന്നം വിളയിച്ച് കൊടുക്കേണ്ട മണ്ണിൽ അനന്തമായ കാലം വിഭവചൂഷണം നടത്തി കൊള്ളയടിക്കാൻ ഒരു മൂലധനശക്തിയേയും, അതിന്റെ ദല്ലാളൻമാരായ നമ്മുടെ ഭരണാധികാരികളേയും അനുവദിക്കില്ലെന്ന് നമ്മുടെ കുട്ടികളുടെ പേരിൽ നാം ദൃഢപ്രതിജ്ഞ എടുക്കുക.■





# ടീന ശശീന്ദ്രനുമായി ഒരഭിമുഖം



ചാരുലത

നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പാതിവഴിയിൽ വെട്ടേറ്റുവീഴുന്നവർ; തുടങ്ങുന്നതിനുമുന്നേ നിർത്തേണ്ടിവരുന്ന യുദ്ധങ്ങൾ. അനീതിയുടേയും അഴിമതിയുടേയും മുന്നിൽ ഭരണകൂടവും രാഷ്ട്രീയ സമൂഹവും കേൾവിക്കാരും കാഴ്ചക്കാരും പങ്കാളികളുമാവുന്ന അവസ്ഥ. പോരാട്ടങ്ങളുടെ രാഷ്ട്രീയം കേരളത്തിനെന്നോ നഷ്ടമായി. അഴിമതിക്കെതിരെയുള്ള ഒറ്റയാൾസമരമായിരുന്നു ശശീന്ദ്രന്റേത്. മലബാർ സിമന്റ്സ് എന്ന പൊതുമേഖലാസ്ഥാപനത്തിന്റെ കമ്പനി സെക്രട്ടറിയായിരുന്ന വി. ശശീന്ദ്രനും അദ്ദേഹത്തിന്റെ രണ്ടുകുട്ടികളും- വിവേക്, വ്യാസ്- 2011 ജനുവരി 24ന് ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടു. മലബാർ സിമന്റ്സ് മറയാക്കി നടത്തിയ കോടികളുടെ അഴിമതിയുടെ ഏകസാക്ഷിയാണ് ശശീന്ദ്രന്റെ മരണത്തിലൂടെ ഇല്ലാതായത്. ഇതൊരു കൊലപാതകമാണെന്ന് ശശീന്ദ്രന്റെ ഭാര്യ ടീന ഉറച്ചുവിശ്വസിക്കുന്നു. സംഘടിതയ്ക്കുവേണ്ടി ടീനയുമായി ചാരുലത നടത്തിയ അഭിമുഖത്തിന്റെ പ്രസക്തഭാഗം:

**ചാരു:** ഒറ്റനിമിഷംകൊണ്ട് ജീവിതം തകർത്തെറിഞ്ഞ ദുരന്തം. തികച്ചും അപ്രതീക്ഷിതമായരീതിയിൽ നിങ്ങളുടെ ജീവിതം മാറിപ്പോയി.

**ടീന:** അതെ, സ്വർഗ്ഗംപോലെ ഒരു ജീവിതം. ഒരുദൂഷ്യവശങ്ങളുമില്ലാത്ത ഭർത്താവ്. എവിടെനിന്നും ഒരു പരാതിയും കേൾപ്പിക്കാത്ത മക്കൾ. നല്ല ചിട്ടയുള്ള ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. കുളി, പൂജ... പിന്നെ അടുക്കളയിൽ എന്നെ സഹായിക്കും.

ചാരു: വിവാഹം?

ടീന: പേപ്പറിൽ പരസ്യം കൊടുത്തു വന്ന ആലോചന ആയിരുന്നു. പരസ്യം വന്നതിന്റെ അടുത്തദിവസം രാവിലെതന്നെ എന്നെ കാണാൻ വന്നു. അപ്പോൾ എന്റെ തുടർപഠനത്തെക്കുറിച്ചായിരുന്നു കൂടുതലും സംസാരിച്ചത്.

ചാരു: അപ്പോൾ ടീനയ്ക്ക് ജോലിയുണ്ടായിരുന്നോ?

ടീന: ഇല്ല. സി.എസ്.ഒ. ചെയ്യാൻ പറഞ്ഞു. എന്നെ പഠിപ്പിക്കാൻ വലിയ ഉത്സാഹമായിരുന്നു. വിവാഹത്തിനുശേഷം എന്നെ പഠനത്തിൽ സഹായിക്കാറുണ്ട്. പഠിക്കുമ്പോൾ എനിക്കൊപ്പം ഇരിക്കും. വാളയാറുള്ള ബി-ടൈപ്പ് ക്വാർട്ടേഴ്സിൽ ആയിരുന്നു ഞങ്ങളുടെ താമസം. സൗകര്യങ്ങൾ കുറഞ്ഞ ഓടിട്ട ഒരു വീടായിരുന്നു അത്. കുരങ്ങന്മാർ ഒരുപാടുണ്ടായിരുന്ന സ്ഥലമായിരുന്നതിനാൽ അവ വീടിനുമുകളിൽകൂടി ചാടി ഓട് ഇളകിയും പൊട്ടിയുമായിരുന്നു. മഴ പെയ്താൽ മുഴുവനും അകത്തുവീഴും. മക്കൾ തീരെ ചെറുതുമായിരുന്നല്ലോ. എത്രയുംവേഗം അവിടെ നിന്ന് മാറിത്താമസിക്കണമെന്ന അദ്ദേഹത്തിന്റെ നിർബന്ധംകൊണ്ടാണ് ആ സ്ഥലം വാങ്ങിയത്. എന്നാൽ എനിക്കതൊന്നും ഒരു പ്രശ്നമായിരുന്നില്ല. എനിക്കൊരു വിഷമവും ഉണ്ടാകരുത് എന്നു കരുതിയാണ് അങ്ങനെയെല്ലാം ചെയ്തത്. എന്നെ ഒരു രാജകുമാരിയെപ്പോലെയാണ് അദ്ദേഹം നോക്കിയത്.

ചാരു: ഇത് ഒരു കൊലപാതകമാണെന്നുതന്നെ ടീന കരുതുന്നുണ്ടോ?

ടീന: അതെ അങ്ങനെതന്നെയാണ്. ഞാൻ പറഞ്ഞില്ലേ? എന്തെല്ലാം വിഷമങ്ങൾ പുറമെനിന്ന് ഉണ്ടായിട്ടുണ്ടെങ്കിലും സ്വർഗ്ഗംപോലെ ഒരു ജീവിതമായിരുന്നു ഞങ്ങളുടേത്. ഞാൻ ഒന്നിനെക്കുറിച്ചും ബോതേർഡ് ആയിരുന്നില്ല. എവിടെപ്പോയാലും ഒരുമിച്ചുപോകും. മുന്നിലെ കടയിൽ പോകണമെങ്കിൽകൂടി ഞങ്ങൾ എല്ലാവരും -കുട്ടികളേയുംകൂട്ടി- പോകും. ബോർഡ് മീറ്റിംഗ് ആയാലും ഞാൻകൂടി പോകും. ഒറ്റയ്ക്കു പോകേണ്ടിവരുന്ന സമയങ്ങളിൽ എത്രയും വേഗം വീട്ടിൽ എത്താൻ ആയിരുന്നു തിടുക്കം. മീറ്റിംഗ് കഴിഞ്ഞാൽ വലിയ ഹോട്ടലുകളിലെ ഭക്ഷണവും സത്ക്കാരവും ഒഴിവാക്കി, ഏറ്റവും അടുത്ത ട്രെയിനിൽ അദ്ദേഹം വീട്ടിലെത്തും. ഇനി അടുക്കളയിൽ ആയാലും ഞങ്ങൾ ഒരുമിച്ചായിരുന്നു. കുട്ടികളും ഉണ്ടാകും. മക്കൾ ഒരാൾ ചപ്പാത്തി ഉരുട്ടിത്തരും മറ്റേയാൾ പരത്തും. നല്ല ഓർമ്മയും ബുദ്ധിയുമായിരുന്നു



കുട്ടികൾക്ക്. ഞാൻ രാമായണം വായിച്ചുകൊടുക്കുമായിരുന്നു. വായിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ അടുത്തത് ഇതായിരിക്കും ഇതായിരിക്കുമെന്നുപറഞ്ഞ് ഉത്സാഹം കാണിക്കും. മൂത്തവൻ ഒരിക്കൽ എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. വിഷ്ണുസഹസ്രനാമം ഞാൻ ചൊല്ലിക്കൊടുക്കുകയായിരുന്നു. ഞാൻതന്നെ ചിലഭാഗങ്ങൾ ബുദ്ധിമുട്ടിയാണ് വായിച്ചുകൊണ്ടിരുന്നത്. വായിച്ചുകഴിഞ്ഞപ്പോൾ ഈ കുട്ടി ഇതെല്ലാം തിരിച്ച് എന്നെ ചൊല്ലിക്കേൾപ്പിച്ചു. സത്യത്തിൽ ഞാൻ പേടിച്ചുപോയി. അന്ന് അവന് ഒന്നര രണ്ടുവയസ്സു പ്രായം. അവർ എന്റെ കുട്ടികളായിരുന്നില്ല. ദൈവത്തിന്റെ കുട്ടികൾ ആയിരുന്നു. കുറച്ചുനാൾ എനിക്കു

യില്ലാതെ വല്ലാതെ വേദനിച്ചാണ് കഴിഞ്ഞിരുന്നത്. സുനിൽദാസ് എന്ന ഞങ്ങളുടെ ഒരു സുഹൃത്ത് രണ്ടാൾക്കും പുറത്തെവിടെയെങ്കിലും ജോലി ശരിയാക്കിത്തരാമെന്നു പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹത്തിന് അതിനോട് ഒട്ടും താത്പര്യം ഇല്ലായിരുന്നു.

ചാരു: അന്ന് ടീന വരാൻ വൈകിയിരുന്നു ഇല്ലേ?

ടീന: അത് ഒരു തിങ്കളാഴ്ച ആയിരുന്നു. ശനികഴിഞ്ഞു, ഞായർ കഴിഞ്ഞു....തിങ്കൾ... തലേദിവസം മെറ്റൽ ഇൻഡസ്ട്രീസിന്റെ ജി.എം. യുനൈറ്റഡ് ഇലക്ടിക്കൽ എന്നു പറയുന്ന ഒരു കമ്പനിയുടെ ഉദ്ഘാടനത്തിന് പാലക്കാട് പോകാനായി എന്നെ ഏൽപ്പിച്ചു.


സിൽനിന്ന് എല്ലാവരേയും കൂട്ടി ഞങ്ങളുടെതന്നെ വണ്ടിയിൽ അവിടേക്കു പോയി. ആ ഫങ്ഷന് എ.കെ. ബാലനും എളമരം കരീമും എല്ലാം വന്നിരുന്നു.

ചാരു: ശശീന്ദ്രനെ കൊന്നുകളയാൻമാത്രം എന്തായിരുന്നു ശത്രുത? ശശീന്ദ്രൻ ജീവിച്ചിരുന്നാൽ അവർക്ക് എന്തുകുഴപ്പമായിരുന്നു ഉണ്ടാവുക?

ടീന: അതു ഞാൻ പറയാം. അദ്ദേഹം ജീവിച്ചിരുന്നാൽ അവർക്ക് അവരുടെ പരിപാടിയുമായി മുന്നോട്ടുപോകാൻ കഴിയുമായിരുന്നില്ല. കോടികളും ലക്ഷങ്ങളും മറിയുന്ന കരാറുകളിൽ, അത്രതന്നെ പങ്കുവെക്കലും നടക്കുന്നുണ്ടായിരുന്നു. മലബാർ സിമന്റ്സിന്റെ മറയിൽ കോടികളാണ് ഓരോരുത്തരും സ്വന്തമാക്കിയത്. ഇങ്ങനെയുള്ള കരാറുകളിൽ അദ്ദേഹത്തിനു ശരി എന്നു തോന്നുന്ന തീരുമാനത്തിൽ ഉറച്ചുനിൽക്കുകയും അതു ഫയലിൽ എഴുതുകയും ചെയ്തു. കമ്പനി സെക്രട്ടറി എന്ന നിലയിലും ഇന്റേണൽ ഓഡിറ്റിംഗ് ചാർജ്ജ് ഉള്ള ആളെന്നരീതിയിലും അദ്ദേഹം എഴുതുന്ന കമന്റിന് പ്രാധാന്യമുണ്ടായിരുന്നു. ഫ്ളൈ ആഷ് കരാറിന് എതിരായി ഒന്നും എഴുതിയിട്ടില്ല. ഒരു റെയർ പ്രൊഡക്ട് ആയിരുന്നു അത്. എന്തു ചെലവായാലും അങ്ങനെ ഒരു പ്രൊഡക്ട് കമ്പനിക്കു വേണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു.

ചാരു: സപ്പോർട്ട് ചെയ്യാൻ ഓഫീസിൽ ആരും ഉണ്ടായിരുന്നില്ലേ?

ടീന: ഇല്ല. മോനിസാറിന്റേയും മുരളീധരൻസാറിന്റേയും കാലത്താണ് ചാക്കിന്റെ എല്ലാ കൊള്ളയും കൊടികുത്തി പാറിയത്. സത്യത്തിൽ അവർ രണ്ടുപേരും നല്ല ആൾക്കാരായിരുന്നു. പേടിച്ചിട്ട് പലതും ചെയ്യാൻ നിർബന്ധിതരാവുകയായിരുന്നു. മുരളിസാർ ആദ്യം പലതിനേയും എതിർത്തിരുന്നു, അവരുടെ വരുതിയിൽ നിൽക്കു



ശശീന്ദ്രൻ, ടീന, വ്യാസ്, വിവേക്

വളർത്താൻ തന്നു....

ചാരു: സംഭവം നടക്കുമ്പോൾ ടീന എവിടെയായിരുന്നു ജോലിചെയ്തുകൊണ്ടിരുന്നത്?

ടീന: മെറ്റൽ ഇൻഡസ്ട്രിയലിൽ... നാലുമാസമായിരുന്നു ജോലി കിട്ടിയിട്ട്. പുതിയ ഏതെങ്കിലും ജോലി വേണമെങ്കിൽ എക്സ്പീരിയൻസ് വേണമായിരുന്നു. അങ്ങനെയാണ് അവിടെ പോകാൻ തുടങ്ങിയത്. ആ ദിവസം വൈകീട്ട് 5 മണിക്ക് ഞാൻ അദ്ദേഹത്തെ വിളിച്ചിരുന്നു, വേറൊരു ജോലിക്കാര്യത്തെക്കുറിച്ച് സംസാരിച്ചു. 24ന് രാവിലെ അതിനുള്ള ഒരു അപേക്ഷ ഫിൽ ചെയ്തിരുന്നു. അതുമായാണ് അന്ന് ഞാൻ ഓഫീസിൽ പോയത്. മലബാർ സിമന്റ്സിൽനിന്നും രാജിവെച്ച ശേഷം 4 മാസം അദ്ദേഹം ജോലി

യുനൈറ്റഡ് ഇലക്ട്രിക്കൽസിന് പുനരുദ്ധാരണത്തിനും പ്ലാന്റ് നിർമ്മിക്കുന്നതിനും മറ്റുമായി മലബാർ സിമന്റ് 5 കോടിരൂപ കൊടുത്തിരുന്നു. ജി.എം. ന് പോകാൻ പറ്റില്ല. എന്നോട് ഓഫീസിലെ ആൾക്കാരെ വിളിച്ച് അങ്ങോട്ടു പോകാൻ പറയുകയായിരുന്നു.

ചാരു: ടീനയ്ക്കായിരുന്നോ ചാർജ്ജ്?

ടീന: അല്ല. ഞാൻ ഫിനാൻസ് മാനേജർ ആയിരുന്നു. സജിത് ആയിരുന്നു പ്ലാന്റ് മാനേജർ. സജിത് ഉണ്ടെങ്കിൽ സജിത്താണ് പോകേണ്ടിയിരുന്നത്. സജിത് ബാംഗ്ലൂർ പോയിരിക്കുകയായിരുന്നു. പിന്നെ പാലക്കാടായിരുന്നു ഉത്ഘാടനത്തിന് പോകേണ്ടത്. ഞാനും സജിത്തും പാലക്കാട്ടുകാരായിരുന്നു. ഞാൻ ഓഫീ

ന്നില്ല എന്നുകണ്ടപ്പോൾ അദ്ദേഹത്തെ അവർ വല്ലാതെ ദ്രോഹിച്ചു. സ്ഥലംമാറ്റി എവിടെയോ കൊണ്ടിട്ടു. സഹിക്കാൻവയ്യാതെ ആവാം പിന്നീട് ചാക്കിന്റെ വരുതിയിൽതന്നെ നിന്നു. ഒരിക്കൽ അങ്ങനെ ഒരു പെയിൻ കിട്ടിയാൽ നമ്മുടെ കുടുംബവും ജീവിതവും തകർത്തെറിയുന്ന ഒരവസ്ഥ വരുമ്പോൾ, എന്തുചെയ്യാൻ പറ്റും. പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ടാണ്. കമ്പനിയുടെ തലപ്പത്ത് ഐ.എ.എസ്. ഓഫീസേർസ് ആയാൽ കുഴപ്പമില്ല. എന്നാൽ റിട്ടയർ ചെയ്ത ആൾക്കാരെ ആണ് ആ സ്ഥാനത്തേക്ക് വെക്കുന്നത്. അപ്പോൾ വെക്കുന്നവരോട് കടപ്പാടും കൂറും വേണം, ജോലി കൊടുത്തവർ പറയുന്നത് അനുസരിച്ചുനിൽക്കാൻ അവർ നിർബന്ധിതരാവും. എല്ലാ അഴിമതിക്കും കൂട്ടുനിന്ന് സമാധാനമായി ജീവിക്കാം.

ചാരു: കാലങ്ങളായി നിലനിൽക്കുന്ന അഴിമതി, കൂട്ടു


ടീനയുടെ അച്ഛനും അമ്മയും

## മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് ജനകീയ ആക്ഷൻ കൗൺസിൽ കൊടുത്ത കത്തിന്റെ പ്രസക്തഭാഗങ്ങൾ

**പാലക്കാട്ടെ** വിവാദ വ്യവസായി വി.എം. രാധാകൃഷ്ണൻ, കെ.എം.എം.എൽ., ടി.സി.സി., ടി.ടി.പി., ട്രാവൻകൂർ സിമന്റ്സ് തുടങ്ങി ഒട്ടേറെ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ തലപ്പത്ത് തന്റെ ആജ്ഞാനുവർത്തികളായ ഉദ്യോഗസ്ഥരെ വെച്ചുകൊണ്ട് പൊതുമുതൽ ഊറ്റിയെടുക്കുകയായിരുന്നു. എൽ.ഡി.എഫ്. ഭരണത്തിൽ ആദ്യരണ്ടുവർഷം മലബാർ സിമന്റ്സിൽ നിന്ന് താത്ക്കാലികമായി ഒഴിച്ചുനിർത്തപ്പെട്ട ചാക്ക് രാധാകൃഷ്ണൻ, പിന്നീട് ഇവിടെ സർവ്വാധിപതിയായി മാറുകയാണുണ്ടായത്. ചെട്ടിനാടുസിമന്റ്സിൽനിന്ന് ഇയാൾ കൂട്ടിക്കൊണ്ടുവന്ന് എം.ഡി.യാക്കിയ സുന്ദരമൂർത്തിയും എം.ഡി.യുടെ പേഴ്സണൽ സെക്രട്ടറിയുമായിരുന്ന സൂര്യനാരായണനും കൂടി, ചാക്കുരാധാകൃഷ്ണനുവേണ്ടി മലബാർ സിമന്റ്സിനെ ആകെ കൊള്ളയടിക്കുവിനിയോഗിക്കുന്നതിന് വിലങ്ങുതടിയായി നിന്ന സെക്രട്ടറിയും ഇന്റേണൽ ഓഡിറ്ററുമായിരുന്ന വി. ശശീന്ദ്രനെ ആദ്യം പുകച്ചു പുറത്തുചാടിച്ചു. തുടർന്ന് ഇവർ പ്രതികളായ അഴിമതി കേസുകളിൽ നിർണായക സാക്ഷിയായി മാറും എന്നു കണ്ടപ്പോൾ ശശീന്ദ്രനേയും കുട്ടികളേയും നിർദ്ദാക്ഷിണ്യം ഉന്മൂലനം ചെയ്യാനും ഇവർ മടിച്ചില്ല.

ശശീന്ദ്രന്റേയും കുട്ടികളുടേയും വിവാദ അന്ത്യത്തോടെ ചാക്കുരാധാകൃഷ്ണന്റേയും കൂട്ടരുടേയും സാമൂഹ്യവിരുദ്ധ ചെയ്തികൾ സമൂഹത്തിനുമുമ്പിൽ തുറന്നുകാട്ടപ്പെട്ടു. എന്നിട്ടും അന്നത്തെ വ്യവസായമന്ത്രി ഇവരെ പരസ്യമായി സംരക്ഷിക്കുന്ന നിലപാടാണ് എടുത്തത്.

ശശീന്ദ്രന്റെ മരണത്തിലേക്കു നയിച്ച സാഹചര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്, മലബാർ സിമന്റ്സിലെ ക്രമക്കേടുകൾ സംബന്ധിച്ച് എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടന്ന വിജിലൻസ് അന്വേഷണമാണ്. ഡി.വൈ.എസ്.പി. സെയ്ഫുള്ള സെയ്ദ് നടത്തിയ അന്വേഷണത്തിലൂടെ, ലൈംസ്റ്റോൺ വാങ്ങിയതിലെ അഴിമതി സംബന്ധിച്ച് VC-3/2008/PKD, ഫ്ളൈ ആഷ് സപ്ലൈ ചെയ്തതിലെ അഴിമതി സംബന്ധിച്ച് VC-7/2008/PKD കേസ്, ഫ്ളൈ ആഷ് ട്രാൻസ്പോർട്ട് സംബന്ധിച്ച് VC-8/2008 കേസ്, ചേർത്തല യൂണിറ്റിലേക്ക് ലൈനർ വാങ്ങിയതു സംബന്ധിച്ച VC-1/2009/PKD കേസ് തുടങ്ങിയവ അന്വേഷണം പൂർത്തിയാക്കിയിട്ടും കുറ്റപത്രം നൽകാതെ, അന്നത്തെ ആഭ്യന്തരമന്ത്രിയും വ്യവസായമന്ത്രിയും ഇടപെട്ട് പൂഴ്ത്തിവെച്ചിരിക്കുകയായിരുന്നു. മാദ്ധ്യമങ്ങൾ ഇതു വിവാദമാക്കിയതോടെ കുറ്റപത്രം കോടതിയിൽ കൊടുക്കുവാൻ വിജിലൻസ് അന്വേഷണം പൂർത്തിയായെങ്കിലും കുറ്റപത്രം കോടതിയിൽ സമർപ്പിക്കാൻ അനുവദിക്കാതെ പൂഴ്ത്തിവെച്ചിരിക്കുകയാണ്.

ഈ കേസുകളിലെല്ലാം 'ചാക്ക്' രാധാകൃഷ്ണനും മകനും മുതൽ ദീർഘകാലം മലബാർ സിമന്റ്സിന്റെ ചെയർമാനായിരുന്ന ജോൺ മത്തായിയും മുൻ എം.ഡി.മാരും ജനറൽ മാനേജരും പ്രതികളായിരുന്നു. ***ഈ കേസുകളിൽ നിർണ്ണായക സാക്ഷിയായിരുന്നു എന്നതാണ് ശശീന്ദ്രന്റെ ജീവൻ അപകടത്തിലാക്കാൻ ഇടയാക്കിയത്.***

2011 ജനുവരി 24-ന് ഉണ്ടായ ശശീന്ദ്രന്റേയും കുട്ടികളുടേയും ദാരുണാന്ത്യത്തെക്കുറിച്ച് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ശശീന്ദ്രന്റെ ഭാര്യ ടീന, പിതാവ് കെ. വേലായുധൻമാസ്റ്റർ എന്നിവർ സമർപ്പിച്ച ഹർജിയിൽ ഹൈക്കോടതി സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടു. മലബാർ സിമന്റ്സ് എം.ഡി.സുന്ദരമൂർത്തി, പേഴ്സണൽ സെക്രട്ടറി സൂര്യനാരായണൻ, കോൺട്രാക്ടർ വി.എം. രാധാകൃഷ്ണൻ എന്നിവരെ പ്രതിചേർത്ത സി.ബി.ഐ. എഫ്.ഐ.ആർ. സമർപ്പിച്ചശേഷമുള്ള അന്വേഷണം നടന്നുവരികയാണ്.

ശശീന്ദ്രന്റേയും രണ്ടുകുട്ടികളുടേയും ദാരുണകൊലപാതകത്തിലേക്കു നയിച്ചത്, കമ്പനിയിൽ കഴിഞ്ഞ കുറേനാളായി നടന്നുവന്നിരുന്ന അഴിമതികൾക്ക് ശശീന്ദ്രൻ കൂട്ടുനിന്നില്ല എന്നതുമൂലമാണെന്നിരിക്കെ, അന്വേഷണം പൂർണവിജയം നേടണമെങ്കിൽ ഇവിടുത്തെ പിന്നിട്ടകാലത്തെ അഴിമതികൾകൂടി സി.ബി.ഐ. അന്വേഷണത്തിനു വിധേയമാക്കണമെന്നതിനാൽ ഈ ആവശ്യം ഉന്നയിച്ച് ശശീന്ദ്രന്റെ ഭാര്യയും അച്ഛനും സഹോദരനും ആക്ഷൻ കൗൺസിലും ചേർന്ന് പ്രധാനമന്ത്രിക്കും കേന്ദ്ര ആഭ്യന്തരമന്ത്രിക്കും അങ്ങേക്കും നിവേദനങ്ങൾ തന്നിട്ടുണ്ട്.

എന്നാൽ 1946-ലെ ഡി.എസ്.പി.ഇ. ആക്ട് 6- നമ്പർ പ്രകാരം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടാലല്ലാതെ ശശീന്ദ്രന്റെ കൊലപാതകത്തെക്കുറിച്ചുള്ള സി.ബി.ഐ. അന്വേഷണപരിധിയിൽ അഴിമതികൂടി ഉൾപ്പെടുത്താൻ കഴിയില്ലെന്ന് ശശീന്ദ്രന്റെ കുടുംബത്തിനും സംസ്ഥാന അഡീഷണൽ ചീഫ്സെക്രട്ടറിക്കും 2011 മാർച്ച് 1ന് അയച്ച കത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. ഈ ആവശ്യം സംബന്ധിച്ച് കേന്ദ്രസർക്കാരിന് ഉചിതമായ തീരുമാനമെടുക്കാൻ സംസ്ഥാന സർക്കാർ നിലപാട് അറിയിക്കണമെന്നും അഡീഷണൽ ചീഫ് സെക്രട്ടറിക്കയച്ച കത്തിൽ കേന്ദ്രസർക്കാർ വ്യക്തമാക്കിയിരുന്നു.

ഇതേത്തുടർന്ന് മലബാർസിമന്റ്സ് കമ്പനിയിൽ ഇതുവരെ നടന്നുവന്നിരുന്ന വമ്പിച്ച സാമ്പത്തിക അഴിമതിയെക്കുറിച്ച് സി.ബി.ഐ. അന്വേഷണത്തിന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെടണമെന്ന് അഭ്യർത്ഥിച്ച്, നിരവധി നിവേദനങ്ങളാണ് ശശീന്ദ്രന്റെ ബന്ധുക്കളും ജനകീയ ആക്ഷൻ കൗൺസിലും സ്റ്റേറ്റ് റൈറ്റ്സ് പ്രൊട്ടക്ഷൻ സെന്ററും മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുള്ളത്. മാത്രമല്ല, ഇതേ ആവശ്യം ഉന്നയിച്ച് മുഖ്യമന്ത്രിയുടെ സഹപ്രവർത്തകനും തലമുതിർന്ന രാഷ്ട്രീയ നേതാവുമായ വി.എം. സുധീരനും മൂന്നുകത്തുകൾ മുഖ്യമന്ത്രിക്കു കൊടുത്തു. നിയമസഭാ ചീഫ് വിപ്പ് പി.സി. ജോർജ്ജും ഈ ആവശ്യമുന്നയിച്ച് കത്തുകൾ കൊടുത്തിരുന്നു. മാത്രമല്ല, പാലക്കാട് കലക്ടറേറ്റ്പടിക്കലും തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് പടിക്കലും അനേകം ജനകീയസമരങ്ങളും നടന്നു. പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ, വി.എം. സുധീരൻ, സ്വാമി അഗ്നിവേശ്, ഗവ. ചീഫ് വിപ്പ് പി.സി. ജോർജ്ജ്, ബി.ആർ.പി. ഭാസ്കർ, പാലോട് രവി. എം.എൽ.എ., എം.ആർ മുരളി, സി.ആർ. നീലകണ്ഠൻ, ശോഭാ സുരേന്ദ്രൻ തുടങ്ങിയ പ്രമുഖർ നേതൃത്വം നൽകി ജനശ്രദ്ധ ആകർഷിച്ച സമരങ്ങളായിരുന്നു ഇവ. എന്നിട്ടും മുഖ്യമന്ത്രിയുടെ സഹപ്രവർത്തകനായ പി.കെ. കുഞ്ഞാലിക്കുട്ടിയുടെ ഇടപെടൽമൂലമാണെന്നറിയുന്നു നൽകിയ നിവേദനങ്ങൾക്കും കത്തുകൾക്കും നടന്ന സമരങ്ങൾക്കും മുഖ്യമന്ത്രി കടലാസിന്റെ വിലപോലും നൽകിയില്ല.

ഇതിലുള്ള പ്രതിഷേധംമൂലമാവാം ഭരണമാറ്റമുണ്ടായാലും ഏതുമുന്നണി ഭരിച്ചാലും സംസ്ഥാനത്ത് അഴിമതിക്കാർ സംരക്ഷിക്കപ്പെടുന്ന അവസ്ഥയാണെന്ന് കോൺഗ്രസ് നേതാവ് വി.എം. സുധീരൻ വീണ്ടും മുഖ്യമന്ത്രിക്കയച്ച കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷേ, ഇതിനൊന്നും ഒരു ഫലവുമുണ്ടായില്ല എന്നുമാത്രമല്ല, മുൻ സർക്കാരിന്റെ കാലത്ത് വ്യവസായമന്ത്രിയും ആഭ്യന്തരമന്ത്രിയും സംരക്ഷിക്കാൻ ശ്രമിച്ച 'ചാക്ക്' രാധാകൃഷ്ണന്റെ താത്പര്യങ്ങ

ളേയും ആവശ്യങ്ങളേയും എല്ലാനിലയിലും സംരക്ഷിക്കാനാണ് സർക്കാർ ശ്രമിച്ചത്. വിജിലൻസ് കുറ്റപത്രം നൽകിയ നിരവധി അഴിമതിക്കേസുകളിൽ പ്രതിയാണെന്നതും കണ്ടില്ലെന്നു നടിച്ച് രാധാകൃഷ്ണന്റെ ആവശ്യങ്ങളൊന്നൊന്നായി സർക്കാർ നിറവേറ്റിക്കൊടുത്തുകൊണ്ടിരിക്കയാണ്. മാത്രമല്ല, ശശീന്ദ്രന്റേയും മക്കളുടേയും കൊലപാതകക്കേസിൽ പ്രതിചേർത്ത് സി.ബി.ഐ. നൽകിയ എഫ്.ഐ.ആറിലും ഇപ്പോൾ അന്വേഷണം പൂർത്തീകരിച്ച നാല് അഴിമതിക്കേസുകളിലും പ്രതിയായ വി.എം. രാധാകൃഷ്ണനെ 'കേരളകൗമുദി' പത്രം ഏർപ്പെടുത്തിയ അവാർഡുനൽകി മന്ത്രി എ.പി. അനിൽകുമാർ ആദരിച്ചതും പാലക്കാടുവെച്ചുതന്നെയാണ്.

മലബാർ സിമന്റ്സിൽ 'ചാക്ക്' രാധാകൃഷ്ണനും ആജ്ഞാനുവർത്തികളായ ഉദ്യോഗസ്ഥർക്കുമെതിരെ ആദ്യകാലത്തുനടന്ന എല്ലാ വിജിലൻസ് അന്വേഷണങ്ങളും അട്ടിമറിച്ച് പ്രതികളെ രക്ഷപ്പെടുത്തിക്കൊടുത്ത അന്നത്തെ ഡി.വൈ.എസ്.പി. എം.പി. ദിനേശിനെ പാലക്കാട് ജില്ലാ സൂപ്രണ്ടായി നിയമിക്കുകയാണ് മുഖ്യമന്ത്രി ആദ്യം ചെയ്തത്! പിന്നീട് ചരിത്രത്തിലിന്നുവരെ ഒരു ഭരണകൂടവും ചെയ്തിട്ടില്ലാത്തതുപോലെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ച കേസിൽ പ്രതികളായവരെ പ്രത്യേക സർക്കാർ ഉത്തരവിറക്കി പ്രതിപ്പട്ടികയിൽനിന്ന് ഒഴിവാക്കിക്കൊടുത്തു!

14-07-2011ൽ ശ്രീ ജോൺ മത്തായി ഐ.എ.എസ്. തന്നെ പ്രതിപ്പട്ടികയിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിനുമേൽ അന്വേഷണ ഉദ്യോഗസ്ഥനായ എ. സതീശൻ (Dy. sp. VACB, Palakkad) ഇതിനെതിരെ മുഖ്യമന്ത്രിക്കു നൽകിയ റിപ്പോർട്ടിനെപ്പോലും അവഗണിച്ച് പ്രതിപ്പട്ടികയിൽനിന്ന് ജോൺമത്തായിയെ ഒഴിവാക്കി.

മലബാർസിമന്റ്സിലെ എല്ലാ അഴിമതിക്കും കൂട്ടുനിന്ന് പന്ത്രണ്ടുവർഷത്തോളം കമ്പനിയുടെ ചെയർമാനായിരുന്ന ജോൺമത്തായി ഐ.എ.എസ്. നേയും മറ്റു രണ്ടുപേരേയും പ്രതിപ്പട്ടികയിൽനിന്നും ഒഴിവാക്കിയതിലൂടെ ബാക്കി പ്രതികൾക്കുകൂടി രക്ഷപ്പെടുവാൻ മുഖ്യമന്ത്രി പഴുതൊരുക്കിക്കൊടുക്കുകയായിരുന്നു. ഒടുവിൽ ബാക്കികേസുകളുടെ അന്വേഷണം തുടരുകയായിരുന്ന സെയ്ഫുള്ള സെയ്ദ് എന്ന ഡി.വൈ.എസ്.പി. യെയും താങ്കളുടെ ആഭ്യന്തരവകുപ്പ് അന്വേഷണ ചുമതലയിൽനിന്നും മാറ്റി.

ക്രിമിനൽ നടപടിക്രമം 173-ാം വകുപ്പ് അനുസരിച്ച് അന്തിമ കുറ്റപത്രം സമർപ്പിച്ച കേസുകൾ ഇല്ലാതാക്കാൻ സർക്കാർ ഉത്തരവിറക്കിയ ഉമ്മൻചാണ്ടിസർക്കാറിന്റെ നീതിബോധം ചോദ്യംചെയ്യാതിരിക്കാൻ കഴിയില്ല.

കോടതിനടപടികൾ തുടങ്ങിക്കഴിഞ്ഞതിനുശേഷം കേസിൽ സർക്കാർ ഇടപെടുന്നത് ജുഡീഷ്യൽപ്രക്രിയയെ തടസ്സപ്പെടുത്തലാണ്. അത് കുറ്റമാണെന്നറിയാമായിരുന്നിട്ടും ജോൺമത്തായിയെയും മറ്റും സർക്കാർ നേരിട്ടു കുറ്റവിമുക്തരാക്കി. ജോൺമത്തായി അടക്കമുള്ള ഉദ്യോഗസ്ഥർ അറിയാതെ, അവരുടെ സമ്മതമില്ലാതെ കോടികളുടെ അഴിമതി കമ്പനിയിൽ തുടർച്ചയായി നടക്കുമെന്ന് സാമാന്യബുദ്ധിയുള്ളവർപോലും വിശ്വസിക്കാതിരിക്കുമ്പോൾ, അഴിമതി തടയാനും അഴിമതിക്കാർക്കെതിരെ നടപടിയെടുക്കാനും ബാദ്ധ്യതയുള്ള സർക്കാർതന്നെ അഴിമതിക്കേസുകളിലെ പ്രതികളെ രക്ഷപ്പെടുത്തുവാൻ സഹായിച്ചത് ഗുരുതരമായ തെറ്റുമാണ്. നാലുവിജിലൻസ്കേസുകളിലും പ്രതിയായ മുൻ ജനറൽ മാനേജർ മുരളീധരൻ നായർ കോർപ്പറേറ്റ് മാനേജർ ആയ കാലംമുതലാണ് അഴിമതി മൂർദ്ധന്യത്തിലെത്തിയത്. സംസ്ഥാനത്ത് രണ്ടുമുന്നണികളുടേയും ഭരണകാലത്ത് വ്യവസായവകുപ്പ് ഭരിച്ച ഉദ്യോഗസ്ഥരുടേയും ചില രാഷ്ട്രീയ നേതാക്കളുടേയും വിശ്വസ്തനായി മാറിയ മുരളീധരൻനായരെ 1996-97 കാലത്ത് ട്രാവൻകൂർ സിമന്റ്സിന്റേയും ട്രാവൻകൂർ ടിംബേഴ്സിന്റേയും എം.ഡിയാക്കിയത് ആ സ്വാധീനം മൂലമാണ്. ഇതുവഴിയാണ് അഴിമതി വർദ്ധിച്ചത് എന്നും ലഭ്യമായ രേഖകൾ തെളിയിക്കുന്നു. ഈ നിയമനങ്ങൾക്കുമുമ്പ് മലബാർ സിമന്റ്സിലെ ചുണ്ണാമ്പുകല്ല് ഖനിയിൽ മണ്ണൊലിപ്പുതടയാൻ തടയണകൾ നിർമ്മിച്ചതിലെ അഴിമതിയന്വേഷണത്തിനിടയിൽ നടത്തിയ റെയ്ഡിൽ മുരളീധരൻനായരുടെ കയ്യിൽനിന്ന് അനധികൃത നിക്ഷേപങ്ങളുടെ 21 ബാങ്ക് പാസ്ബുക്കുകൾ കണ്ടെടുത്തിരുന്നു. ആ അന്വേഷണം നടക്കുന്നതിനിടയിലായിരുന്നു ഡപ്യൂട്ടേഷൻവഴി ഉയർന്ന സ്ഥാനത്തേക്കുള്ള നിയമനങ്ങൾ, രാഷ്ട്രീയസ്വാധീനത്താൽ അന്വേഷണത്തെ അട്ടിമറിച്ച് ആ കേസിൽനിന്ന് തടിയൂരിയ മുരളീധരൻനായരെ ജനറൽമാനേജരാക്കി തിരികെ സിമന്റ്സിൽ കൊണ്ടുവരികയായിരുന്നു. കഴിഞ്ഞകാലങ്ങളിൽ ഒതുക്കിത്തീർത്ത ഇത്തരം കേസുകൾ പുനരന്വേഷണം നടത്തുകയാണ് യഥാർത്ഥത്തിൽ വേണ്ടിയിരുന്നത്.

1990-92 കാലത്ത് സ്ഥാപനത്തിൽ നന്നേ ചെറിയതോതിൽ കാലിച്ചാക്ക് മുദ്രണകരാർ ജോലിചെയ്തുതുടങ്ങിയ രാധാകൃഷ്ണൻ എന്ന മുൻ എൽ.പി. സ്കൂൾ അദ്ധ്യാപകൻ (ഇപ്പോഴത്തെ വിവാദ വ്യവസായി ചാക്ക് രാധാകൃഷ്ണൻ) പിന്നീട് എൻ. ആർ. സുബ്രഹ്മണ്യത്തിന്റേയും മുരളീധരൻനായരുടേയും നമ്മുടെ ചില രാഷ്ട്രീയ നേതാക്കളുടേയും ആശീർവാദത്തോടെ കമ്പനികളുടെ കുത്തക കരാറുകാരനായി മാറി. എൻ.ആർ. സുബ്രഹ്മണ്യം എം.ഡി. യായിരുന്നകാലത്ത് 'ഇറക്കുമതി ചെയ്ത കൽക്കരി' എന്ന പേരിൽ തമിഴ്നാട്ടിലെ ഖനികളിൽനിന്നും തള്ളിക്കളഞ്ഞ കൽക്കരി കൊണ്ടുവന്നായിരുന്നു അഴിമതിക്ക് വൻതോതിൽ തുടക്കമിട്ടിരുന്നത് എന്ന് രേഖകളിൽനിന്ന് വ്യക്തമാകും. 1998-2004 കാലത്ത് അസംസ്കൃതപദാർത്ഥങ്ങളായ ചുണ്ണാമ്പുകല്ല്, ഫ്ളൈ ആഷ് എന്നിവയുടെ ഇറക്കുമതിയും ഫ്ളൈ ആഷ് ട്രാൻസ്പോർട്ട് കരാറിലും ചേർത്തലയിലെ ക്ലിങ്കർ (ക്ലിങ്കർ പൊടിച്ചാലാണ് സിമന്റ് പൊടിരൂപത്തിലാവുക) യൂണിറ്റിലേക്കുള്ള ലൈനർപ്ലേറ്റുകളും കമ്പനിമില്ലിലേക്കും മൈൻസിലെ ഹെവി എഞ്ചിനീയറിങ്ങ് വാഹനങ്ങൾക്കും വേണ്ട സ്പെയർപാർട്സുകൾ വാങ്ങിയതിലും അനേകകോടിയുടെ അഴിമതിയും ക്രമക്കേടുകളും നടന്നു. ഇതൊന്നും അന്വേഷിക്കാനോ നടപടി സ്വീകരിക്കാനോ ആരുമുണ്ടായിരുന്നില്ല.

പാലക്കാട് മലബാർ സിമന്റ്സിൽ ചാക്ക് രാധാകൃഷ്ണൻ എന്ന ഇടനിലക്കാരൻ സ്വാധീനമുറപ്പിച്ചതും അവിഹിതസ്വത്ത് ഉണ്ടാക്കിത്തുടങ്ങിയതും എൻ.ആർ. സുബ്രഹ്മണ്യൻ എന്ന ഉദ്യോഗസ്ഥൻ 1995 മുതൽ 97 വരെ ഇവിടെ എക്സിക്യൂട്ടീവ് ഡയരക്ടറായും തുടർന്ന് 2002 വരെ മാനേജിംങ് ഡയരക്ടറായും പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിലാണ്. തുടർന്ന് ഇദ്ദേഹം എം.ഡി. യായി പ്രവർത്തിച്ച ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കോട്ടയം ട്രാവൻകൂർ സിമന്റ്സ്, കൊല്ലം കേരളാമിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളെല്ലാം ചാക്ക് രാധാകൃഷ്ണന്റെ അവിഹിത സ്വത്ത് സമ്പാദ്യ കേന്ദ്രങ്ങളായി മാറുകയായിരുന്നു.

2009നുമുമ്പ് റിട്ടയർമെന്റ്പ്രായം കഴിഞ്ഞ എൻ.ആർ. സുബ്രഹ്മണ്യനെ മുൻ വ്യവസായമന്ത്രി എളമരം കരീമും ഇപ്പോഴത്തെ വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയും സർവ്വീസ് നീട്ടിനീട്ടിക്കൊടുത്തത്, ചാക്ക് രാധാകൃഷ്ണന് ഇവരിലുള്ള സ്വാധീനവും ഇടപെടലും മൂലമാണ്. ഇപ്പോൾ ഇയാൾ ടി.സി.സി. യുടെ എം.ഡി. യാണ്, കെ.എം.എം.എല്ലിൽ മാനേജിങ്ങ് ഡയരക്ടറായി ഇരിക്കെതന്നെ 2010ൽ മന്ത്രി എളമരം, ഇദ്ദേഹത്തെ മലബാർ സിമന്റ്സിന്റെകൂടി ഡയരക്ടർബോർഡ് അംഗമായി നിയമിച്ചത് ചാക്ക് രാധാകൃഷ്ണന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. നേരത്തെ ഇദ്ദേഹം മലബാർസിമെന്റ്സ് എം.ഡി.യായിരുന്ന കാലത്ത് ഇവിടെ നടന്നിരുന്ന വഴിവിട്ട നിരവധി

നിൽക്കുന്ന ഉദ്യോഗസ്ഥർ - പെട്ടെന്ന് ഇങ്ങനെയൊരു സംഭവത്തിലേക്കെത്തിക്കാൻ എന്തെങ്കിലും കാരണമുണ്ടായിരുന്നോ?

ടീന: അങ്ങനെയൊരുകാര്യം എന്നു പറയാനാവില്ല, ഓരോ കരാർ എടുക്കുമ്പോഴും അതിലെല്ലാം അദ്ദേഹം എഴുതിയ കമെന്റ് ഉണ്ടാകും. (പരസ്യടെണ്ടർ കൊടുക്കാതെ കരാർ കൊടുക്കാനുള്ള അവരുടെ നീക്കത്തെ അദ്ദേഹം എതിർത്തിരുന്നു) പിന്നീടാണ് ശ്രീനിവാസൻസാർ വരുന്നതും വിജിലൻസിന് കേസ് റഫർ ചെയ്യുന്നതും. പത്തുപന്ത്രണ്ടുകേസുകൾ രജിസ്റ്റർ ചെയ്തു. സെയ്ഫുള്ള സെയ്ദ് എന്നഡി.വൈ.എസ്.പി. ആണ് ഈ കേസ് അന്വേഷിച്ചത്. അദ്ദേഹം അതിനുപിറകെതന്നെ നിന്നു. ഇന്റേണൽ ഓഡിറ്റിങ്ങിന്റെ റിപ്പോർട്ടുകൾ മുഴുവൻ സത്യസന്ധമായി അദ്ദേഹം എഴുതിവെച്ചു. വിജിലൻസുകാർ ചോദിച്ചതിന് കൃത്യമായും സത്യസന്ധമായും മറുപടി പറഞ്ഞു. പ്രധാനപ്പെട്ട പല രേഖകളും വിജിലൻസിനു കൈമാറിയിരുന്നു. അതെല്ലാം ചാക്കിനും കൂട്ടർക്കും എതിരായിരുന്നു. കേസ് കോടതിയിൽ എത്തിയാൽ അദ്ദേഹത്തിന്റെ മൊഴി വളരെ പ്രധാനപ്പെട്ടതാകും. ഇതെല്ലാം പറയുന്ന ഒരേയൊരുസാക്ഷി അദ്ദേഹം മാത്രമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം ഇല്ലാതാകേണ്ടത് അവരുടെ ആവശ്യമായിരുന്നു.

ഏതാണ്ട് 24 ഓളം മെമ്മോകൾ

ഇടപാടുകൾ ആരോപണവിധേയമാവുകയും ഏതാണ്ട് പതിനഞ്ചോളം അഴിമതി ഇടപാടുകളെക്കുറിച്ച് അന്വേഷണങ്ങൾ നടക്കുകയും ചെയ്തു. പത്തുകോടിയുടെ ജനറേറ്റർ ഇടപാട്, പന്ത്രണ്ടുകോടിയുടെ കൽക്കരി ഇടപാട്, ലക്ഷങ്ങളുടെ ചെക്ക് ഡാം കേസ്, പ്രമാദമായ കാന്റീൻ കൂപ്പൺ കേസ്, ബക്കറ്റ് എലിവേറ്റർ കേസ്, ലൈം സ്റ്റോൺ കേസ്, മസ്ദൂർ നിയമനം തുടങ്ങി എൻ.ആർ. സുബ്രഹ്മണ്യം പ്രതിയായിരുന്ന വിജിലൻസ് കേസുകളെല്ലാം അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥൻ എല്ലാ കേസുകളിലും പ്രതികളെ രക്ഷപ്പെടുത്തുന്നവിധം എഴുതിത്തള്ളുകയായിരുന്നു. പ്രത്യുപകാരമായി പാലക്കാട് സൗത്ത് പോലീസ് സ്റ്റേഷന് സമീപത്തുള്ള ചാക്ക് രാധാകൃഷ്ണന്റെ ഫ്ളാറ്റ് സമുച്ചയത്തിൽ ഒരു ഫ്ളാറ്റ് ഇയാൾക്ക് സൗജന്യമായി നൽകിയെന്ന് പത്രവാർത്തകൾ ഉണ്ടായിരുന്നു. സ്വന്തം പേരിലും കുടുംബാംഗങ്ങളുടെ പേരിലും വിവിധ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തായിരുന്നു 1998 മുതൽ വി.എം. രാധാകൃഷ്ണൻ കരാറുകൾ സ്വന്തമാക്കിയത്. അതിന് മുരളീധരൻനായരും പലകാലങ്ങളിലെ എം.ഡി.മാരും ചെയർമാൻമാരും ഒത്താശ ചെയ്യുകയും ചെയ്തു. അതിനു കഴിയുന്നവർമാത്രമാണ് അവിടെ ഉന്നതസ്ഥാനങ്ങൾ വഹിച്ചിട്ടുള്ളത്. വെറും 15 വർഷത്തിനകം രാധാകൃഷ്ണൻ 7 ബാർഹോട്ടലുകളടക്കം 25 വ്യവസായ കരാർസ്ഥാപനങ്ങളുടെ ഉടമയായി. അവയിൽ യു.എ.യിലെ ഒരു സ്ഥാപനവും ഉൾപ്പെടുന്നു. സംസ്ഥാനത്തിന്റെ വെളിയിൽ സ്വന്തം പേരിലും ബിനാമിപേരിലും അതിലേറെ സ്വത്തുവകകളുണ്ട്. ഇത്രയും പൊതുമുതലുകൾ കൊള്ളചെയ്യാൻ രാധാകൃഷ്ണനെ സഹായിച്ച ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും ഇതിലേറെ സമ്പാദിച്ചിട്ടുണ്ട്. രാധാകൃഷ്ണനിൽ ഉപരിയായി കോടീശ്വരന്മാരായ രാഷ്ട്രീയ നേതാക്കളേയും ഉദ്യോഗസ്ഥരേയും അഴിമതിക്കേസുകളിൽനിന്ന് രക്ഷിക്കേണ്ടത് സംസ്ഥാനത്തിന്റെ രാഷ്ട്രീയബാദ്ധ്യതയാണെന്ന തലത്തിലേക്കു മാറി. അതുകൊണ്ടാണ് എന്നും സംസ്ഥാനവ്യവസായവകുപ്പിന്റെ തലപ്പത്ത് ചോദ്യം ചെയ്യപ്പെടാത്ത ശക്തിയായി രാധാകൃഷ്ണന്മാർ വളർന്നത്. രാധാകൃഷ്ണൻ അല്ലെങ്കിൽ രാധാകൃഷ്ണൻ പറയുന്ന ആൾക്ക്, രാധാകൃഷ്ണൻ പറയുന്ന നിരക്കിൽ, കരാർ എന്നായി. ശശീന്ദ്രനെപ്പോലെ ചിലർ ഒഴിച്ച് കമ്പനിയിലെ മേലുദ്യോഗസ്ഥരിൽ മിക്കവരും ഈ അഴിമതികളിൽ പങ്കുകാരായി. അല്ലെങ്കിൽ പീഡനമോ ഉപദ്രവമോ സഹിക്കേണ്ടിവരുമെന്നായതോടെ പലരും മനംമടുത്ത് രാജിവെച്ചുപോയി.

ക്രമേണ കമ്പനിയിൽ മസ്ദൂർ മുതൽ എഞ്ചിനീയർവരെയുള്ള നിയമനാധികാരവും രാധാകൃഷ്ണനായി. മസ്ദൂർനിയമനത്തിന് ഒരു ലക്ഷം വരെയും എഞ്ചിനീയർനിയമനത്തിന് 15 ലക്ഷത്തിനു മുകളിലുമായിരുന്നു റേറ്റ്. രാധാകൃഷ്ണന്റെ ഓഫീസിൽ പോയി പണം കൊടുത്താലേ നിയമനം നടക്കൂ എന്നായി. കമ്പനിയുടെ ഡയറക്ടർബോർഡിലുള്ള രാഷ്ട്രീയ-ഉദ്യോഗസ്ഥപ്രതിനിധികൾക്ക് ഓരോ നിയമനങ്ങളിലും വിഹിതം ലഭിച്ചുപോന്നു. അതുകൊണ്ടുമാത്രമാണ് എ.ജി.യുടെ ഓരോ റിപ്പോർട്ടുകളിലും ചൂണ്ടിക്കാട്ടിയ ക്രമക്കേടുകൾ അഭംഗുരം തുടർന്നുവന്നത്. സർക്കാരിലും ഉദ്യോഗസ്ഥതലത്തിലുമുള്ളവരുടെ ആശീർവാദത്താൽ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു ഈ കൊള്ള.

എൻ.ആർ. സുബ്രഹ്മണ്യം എം.ഡി. ആയിരിക്കുമ്പോഴായിരുന്നു (1996–2000) കൽക്കരി ഇറക്കുമതിയിലെ അഴിമതി. അതിനുശേഷം എസ്.എസ്. മോനി, എം. സുന്ദരമൂർത്തി എന്നിവർ എം.ഡി.മാരായി. മോനിയും സുന്ദരമൂർത്തിയും രാധാകൃഷ്ണന്റെ നോമിനികളായിരുന്നു. മിക്കവാറും എല്ലാ മാദ്ധ്യമങ്ങളിലും മലബാർ സിമന്റ്സിലെ അഴിമതിക്കഥകൾ വന്നിട്ടും ഇതിൽ മുഖ്യപ്രതിയായിരുന്ന സുബ്രഹ്മണ്യത്തെ സർക്കാർ കൊച്ചിയിലെ ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസിന്റെയും ചവറ മിനറൽസ് ആന്റ് മെറ്റൽസിന്റേയും എം.ഡി. യാക്കി. സുബ്രഹ്മണ്യം ആ സ്ഥാപനത്തിൽ എത്തിയതോടെ രാധാകൃഷ്ണൻ അവിടെയും കരാറുകാരനായി. അവിടങ്ങളിലും ആരോപണങ്ങളുയർന്നിട്ടും രണ്ടുമുന്നണികളിലും സംരക്ഷകരുള്ള രാധാകൃഷ്ണനോ സുബ്രഹ്മണ്യനോ എതിരെ ഒരന്വേഷണവും നടന്നില്ല. എങ്ങനെയാണ് സംസ്ഥാനത്തിന്റെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ കൊള്ളയടിക്കുകയെന്ന് അവർ കാണിച്ചുതന്നു.

ഇതിനിടെ മലബാർ സിമന്റ്സിലെ 2003–2004 വർഷംവരെ നടന്ന 400 കോടി രൂപയുടെ അഴിമതിയെപ്പറ്റി അന്വേഷിക്കണമെന്ന ആവശ്യമുയർന്നു. വിജിലൻസ് അന്വേഷണം സർക്കാർ പ്രഖ്യാപിച്ച് കോടതി ഇടപെട്ടുള്ള അന്വേഷണം ഒഴിവാക്കാൻ ശ്രമിച്ചു. അങ്ങനെയാണ് ഡി.വൈ.എസ്.പി. സെയ്ഫുള്ള സെയ്ദ് അന്വേഷണം നടത്തിയത്. അന്വേഷണം ഗൗരവമായി നടക്കുന്നുവെന്നു വന്നതോടെ സെയ്ദിനെ അന്വേഷണച്ചുമതലയിൽനിന്നു മാറ്റിയ വിജിലൻസ് ഡയരക്ടറുടെ തീരുമാനത്തെ മുഖ്യമന്ത്രിയായിരുന്ന വി.എസ്. അച്യുതാനന്ദൻ ഇടപെട്ട് തിരുത്തിച്ചു. ഡി.വൈ.എസ്.പി. സെയ്ദിന്റെ അന്വേഷണത്തിലൂടെ നാലു കേസുകൾ അന്വേഷണം പൂർത്തിയായി കോടതിയിലെത്തിയെങ്കിലും സെയ്ദ് വിശദാന്വേഷണം ശുപാർശചെയ്ത് അനുമതി തേടിയ ഏഴ് അഴിമതി ഇടപാടിന്മേൽ വിജിലൻസ് ഡയരക്ടർ അനുമതി നൽകിയിട്ടില്ല. വിശദ അന്വേഷണത്തിനുള്ള ശുപാർശയ്ക്ക് ആധാരമായ വിവരങ്ങൾ ഡയരക്ടർക്കു നൽകിയ റിപ്പോർട്ടിലുണ്ട്. അവയിൽ അന്വേഷണം പൂർത്തിയായാൽ ജോൺമത്തായി അടക്കമുള്ളവർ കൂടുതൽ കേസുകളിൽ പ്രതികളാവും. ഈ ഇടപാടുകളും കോടികളുടേതാണ്. അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ഡി.വൈ.എസ്.പി.സെയ്ഫുള്ള സെയ്ദിനെ ഇപ്പോൾ മാറ്റുകയും ചെയ്തിരിക്കുന്നു.

അഞ്ചാമത്തെ എഫ്.ഐ.ആറിൽ വിശദാന്വേഷണം വേണമെന്ന ശുപാർശ കഴിഞ്ഞ മൂന്നുവർഷമായി വിജിലൻസ് ഡയരക്ടറേറ്റിൽ അനുമതികാത്തു കിടക്കുകയാണ്. അതിനുപുറമെ 2003–2004 കാലത്ത് ബിസിനസ് വർദ്ധിപ്പിക്കാനെന്ന പേരിൽ ഡീലർ കമ്മീഷൻ, വാഗൺ ഡിസ്കൗണ്ട്, വോള്യം കമ്മീഷൻ, കാഷ് ഡിസ്കൗണ്ട് തുടങ്ങിയ പേരുകളിൽ മൊത്തവ്യാപാരികൾക്ക് എം.ആർ.പി. റെറ്റിനേക്കാൾ 50 രൂപാ വരെ ചാക്കിന് വില കുറച്ചുനൽകി. ആയിനത്തിൽ മാത്രം 13 കോടി രൂപാ നഷ്ടമായതായി അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. 1995മുതൽ 2011 വരെ 2000 കോടി രൂപയുടെയെങ്കിലും അഴിമതിയും ക്രമക്കേടുകളും നടന്നതായി വിവിധകാലത്തെ എ.ജി. റിപ്പോർട്ടുകളിൽനിന്നുതന്നെ മനസ്സിലാക്കാം.

ഏറ്റവും ഒടുവിൽ ബാഗ് ഹൗസ് എന്ന പേരിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനത്തിനായി 14 കോടിരൂപ ചെലവിട്ടതിലും ഇന്ഡോനേഷ്യയിൽനിന്നും കുറഞ്ഞ റേറ്റിൽ കൽക്കരി ഇറക്കുമതി ചെയ്ത കമ്പനിക്ക് ദക്ഷിണാഫ്രിക്കയിൽനിന്നുള്ള കൽക്കരിയുടെ കൂടിയ നിരക്ക് നൽകിയതിലും അഴിമതി നടന്നിട്ടുണ്ട്. ഈ ഇടപാടുകളിലെല്ലാം വിവാദ വ്യവസായിയുടെ സ്ഥാപനങ്ങളോ ബിനാമികളോ ഉണ്ട്. വ്യവസായവകുപ്പിലെ പൊതുമേഖലാസ്ഥാപനങ്ങളിൽ നടക്കുന്ന ദല്ലാൾഭരണം അവസാനിപ്പിക്കാൻ ബഹു. മുഖ്യമന്ത്രിയും യു.ഡി.എഫ്. നേതൃത്വവും ഇടപെടണം. ചാക്കുരാധാകൃഷ്ണന്മാരും ചേളാരി ഷെറീഫുമാരും പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്ത് തങ്ങളുടെ കിമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാരെ വെച്ച് പൊതുമുതൽ കൊള്ളചെയ്യുകയാണ്. ഇടതുവലതു വ്യത്യാസമില്ലാതെ ചില യൂണിയൻ നേതാക്കളും ഇവർക്കു കൂട്ടുണ്ട്. മന്ത്രി കുഞ്ഞാലിക്കുട്ടിയും മുൻമന്ത്രി എളമരം കരീമും മുതൽ യു.ഡി.എഫ്. മുന്നണിയിലും പുറത്തും ചാക്ക് രാധാകൃഷ്ണന്റെ സംരക്ഷകരായി ഉന്നതന്മാർ ഉണ്ടായേക്കാം. പക്ഷേ, മുഖ്യമന്ത്രി ആത്യന്തികമായി നാടിന്റേയും ജനങ്ങളുടേയും താത്പര്യം സംരക്ഷിക്കുന്നതിനു മുൻഗണന നൽകണം.

ജോയ് കൈതാരത്ത്,
വൈസ് ചെയർമാൻ,
ആക്ഷൻ കൗൺസിൽ

കെ. വേലായുധൻ മാസ്റ്റർ,
മരിച്ച ശശീന്ദ്രന്റെ പിതാവ്

രണ്ടുമാസത്തിനുള്ളിൽ അദ്ദേഹത്തിനു കിട്ടിയിട്ടുണ്ട്. സഹിക്കാൻ കഴിയാത്ത പീഡനമായിരുന്നു. സൂര്യനാരായണൻ - കള്ളനാണയാൾ. ഒരുപാട് ദ്രോഹിച്ചിട്ടുണ്ടദ്ദേഹത്തെ. ചാക്കിന്റെ വലംകയ്യായിരുന്നു അയാൾ. ഈ ചാക്ക് ആരായിരുന്നു എന്നറിയാമോ? അയാളെങ്ങനെയാണ് മലബാർ സിമന്റ്സിൽ കയറിക്കൂടിയതെന്നറിയോ? മലബാർ സിമന്റ്സിൽ, ചാക്കിന്റെ വെറുമൊരു കരാർകാരനായി വർഷങ്ങൾക്കുമുൻപ് കയറിക്കൂടിയതാണ് ഈ എൽ.പി.സ്കൂൾ അദ്ധ്യാപകൻ.

ചാരു: പേടിയില്ലേ ടീനയ്ക്ക്?

ടീന: ഞാനൊരു സാധാരണ കുടുംബത്തിൽനിന്നും വന്നവളാണ്. ഞാനും അദ്ദേഹവും മക്കളും, അതായിരുന്നു എന്റെ ജീവിതം. അതു തീർന്നു. ഇനി അവർ എന്നെ എന്തുചെയ്യും, കൊല്ലുമായിരിക്കും. ഞാനിപ്പോൾ ജീവിക്കുന്നത് എന്തോ ചില കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട് എന്നു കരുതിയാണ്. പിന്നെ എന്റെ അച്ഛൻ, അമ്മ.... മരണത്തിൽ എനിക്കു ഭയമില്ല.

ചാരു: സി.ബി.ഐ. ആണോ ആദ്യംതന്നെ കേസന്വേഷണം തുട

*(ശേഷം 16–ാം പേജിൽ)*

# രാമായണം ഒരു സ്ത്രീപക്ഷ വായന



ഡോ. സുധാ വാര്യർ

**ധർമ്മം,** അർത്ഥം, കാമം, മോക്ഷം ഇവ എന്താണെന്ന് കഥകളിലൂടെ പറഞ്ഞുതരുന്ന ഒരു പഠനഗ്രന്ഥമാണ് രാമായണം. "ഗാർഹസ്ഥ്യ ജീവിതത്തിന്റെ വികാരഭരിതവും യഥാതഥവുമായ ചിത്രത്തിന്റെ ഇന്ത്യൻ പതിപ്പാണ് രാമായണം" എന്ന് മഹാകവി ടാഗൂർ പറയുന്നു. മറ്റ് ഇതിഹാസപുരാണങ്ങളെക്കാൾ മനുഷ്യമനസ്സിനെ തൊട്ടുണർത്തുന്ന മനുഷ്യകഥാനുഗായിയായതുകൊണ്ടാണ് രാമായണം ജാതിമതഭേദമെന്യേ ലോകമാസകലം പ്രചുരപ്രചാരമാർന്നത്.




ഏതാണ്ട് 500 വ്യത്യസ്ത രാമായണങ്ങൾ കണ്ടെടുത്തുകഴിഞ്ഞു. വൈജ്ഞാനികതലത്തിലുള്ള ഈ അന്വേഷണം തുടർന്നുകൊണ്ടേയിരിക്കുന്നു. കാലാനുസൃതമായ വ്യാഖ്യാനങ്ങൾക്ക് പ്രസക്തി നൽകാനുതകുന്ന തരത്തിൽ കഥയും സംഭാഷണവും ചരിത്രവും ഭൂമിശാസ്ത്രവും ഇതിലടങ്ങിയിട്ടുണ്ട് എന്നതാണ് ഇതിനു കാരണം. ഒപ്പം പ്രാണായാമത്തിനു തുല്യമായ ഒരു ശ്വാസക്രമീകരണ പ്രക്രിയയും ശ്രവണസുഖമരുളുന്ന സ്വരക്രമീകരണവും രാമായണവായനയിലൂടെ സ്വായത്തമാകുന്നു. ഇന്ന് ഏറെ പ്രചാരത്തിലായിക്കഴിഞ്ഞ സ്ത്രീപക്ഷവായനയുടെ അന്തഃസത്ത അടങ്ങിയതും മനഃശാസ്ത്രപരമായ വിശകലനങ്ങൾക്ക് വായനക്കാരെ പ്രേരിപ്പിക്കാനുതകുന്നതുമായ കഥാകഥനമാണ് രാമായണത്തിന്റെ സവിശേഷതയും പ്രസക്തിയും.

മനുഷ്യവംശത്തെ നിലനിർത്താനുള്ള ഏകവിദ്യയായ പ്രകൃതിസഹജമായ പ്രജനനത്തിന്റെ ലിംഗാധിഷ്ഠിതമായ ഇളംനിറങ്ങളും സ്വന്തം ജന്മം സാർത്ഥകമാക്കാൻവേണ്ടി മനുഷ്യനും പ്രകൃതിയും നടത്തുന്ന മഹായജ്ഞത്തിന്റെ കടുംനിറങ്ങളും ഇതിൽ കാണാം. അതു വെളിവാക്കുന്നതരത്തിലുള്ള ഒരു സ്ത്രീപക്ഷവായന സാദ്ധ്യമാണ് എന്നതാണ് ഇവിടെ നാം കണ്ടെത്തുന്നത്. വാല്മീകിരാമായണം തുടങ്ങുന്നതുതന്നെ ഇണപ്പക്ഷികളുടെ സ്നേഹവായ്പ്പിനെ കാണിക്കുന്ന ഒരു കഥയോടെയാണ്. ഒപ്പം പ്രകൃതിസംരക്ഷണത്തിന്റെ ആദ്യപാഠങ്ങളും വ്യക്തിതലത്തിലുള്ള ധർമ്മാധർമ്മ വിവേചനശക്തിയും ഒക്കെ പരാമർശിക്കപ്പെടുന്നു. എന്നാൽ കാലദേശാനുസരണമായി വ്യാഖ്യാനിക്കപ്പെടുന്ന നിരവധി രാമായണഗ്രന്ഥങ്ങളിലൂടെയാണ് സ്ത്രീപക്ഷവായനകൾ മുന്നേറുന്നത്. 'രാമായണങ്ങൾ പലതും കവിവരരാമോദമോടെ പറഞ്ഞുകേട്ടുണ്ടുഞാൻ' എന്നുപറയുന്ന അദ്ധ്യാത്മരാമായണത്തിലെ സീതയുടെ വാക്കുകൾ അന്വർത്ഥമാക്കുംവിധം സീതയുടെതന്നെ നിരവധി വ്യത്യസ്തരൂപങ്ങൾ കാലാകാലങ്ങളിൽ രാമായണകഥയിലൂടെ പുറത്തുവന്നിട്ടുണ്ട്. എന്നാൽ അവയെല്ലാം ഊന്നൽകൊടുക്കുന്നത് രാമനൊപ്പവും ഒരുപക്ഷേ, ഒരുപടി കൂടുതലും ചിന്താശക്തിയും ആത്മബലവുമുള്ള ഒരു നായികയെയാണ്. രാമന്റെ യാത്ര അല്ലെങ്കിൽ അയനം എന്നു പറയുന്നുണ്ടെങ്കിലും അത് സീതയും ഒത്തുള്ളതാണ് എന്നിടത്താണ് ഒരു സ്ത്രീപക്ഷവായന സാദ്ധ്യമാകുന്നത്. അതുകൊണ്ടുതന്നെ നായികയ്ക്കൊപ്പം നിൽക്കാൻ കഴിവുള്ള നിരവധി സ്ത്രീകഥാപാത്രങ്ങളെ രാമായണത്തിൽ കാണാം. അവ




രാമന്റെ യാത്ര അല്ലെങ്കിൽ അയനം എന്നു പറയുന്നുണ്ടെങ്കിലും അത് സീതയും ഒത്തുള്ളതാണ് എന്നിടത്താണ് ഒരു സ്ത്രീപക്ഷവായന സാദ്ധ്യമാകുന്നത്

യെല്ലാം സ്ത്രീശക്തിയുടെ വിവിധ മാതൃകകളാണുതാനും. 'ഭർതൃശുശ്രൂഷാബ്രഹ്മചര്യാദി ഗുണങ്ങൾ കണ്ട്' ഭാര്യയെ പൊറുപ്പിച്ചിരുന്ന ഗൗതമമുനിയുടെ പത്നിയെ ഭർത്താവിന്റെ വേഷംധരിച്ചുവന്ന ദേവേന്ദ്രൻ പ്രാപിച്ചതുകാരണം കല്ലായിപ്പോയ അഹല്യയാണ് രാമായണത്തിലെ സ്ത്രീപക്ഷ വായനയിൽ പ്രത്യക്ഷപ്പെടുന്ന ആദ്യകഥാപാത്രം. ദേവേന്ദ്രന്റെ പൗരുഷത്തിനും ഗൗതമമഹർഷിയുടെ നിസ്സംഗതയ്ക്കും ഇരയായി സ്ത്രീസഹജമായ വികാരവിചാരങ്ങൾ നഷ്ടപ്പെട്ടവളായിത്തീർന്ന ഒരു സ്ത്രീയായി അവരെ നമുക്കു ചിത്രീകരിക്കാവുന്നതേയുള്ളു. അതുപോലെതന്നെയാണ് തന്റെ വികാരവിചാരങ്ങളും ലൈംഗികമായ അഭിവാഞ്ഛകളും തുറന്നുപറയാനുള്ള ധൈര്യം കാണിച്ച ശൂർപ്പണഖയുടെ കഥയും. ഒരു പുരുഷനെ കണ്ട് മോഹിച്ചുപോയി എന്ന സത്യം തുറന്ന് അദ്ദേഹത്തോടു പറയാനുള്ള തന്റേടം കാണിച്ചതിന്റെ പേരിൽ ജ്യേഷ്ഠാനുജന്മാർ തട്ടിക്കളിച്ച് മൂക്കുംമുലയും മുറിച്ചുവിട്ടതാണ് പിന്നീട് രാമരാവണയുദ്ധത്തിനു കാരണമായി പറയുന്നത്.

ഇതേപോലെതന്നെ ജ്യേഷ്ഠാനുജന്മാരുടെ താളത്തിനൊത്ത് സ്വീകരിക്കുകയും തിരസ്കരിക്കുകയുംചെയ്ത് നശിപ്പിച്ച ഒരു സ്ത്രീജന്മമാണ് ബാലീസുഗ്രീവന്മാരുടെ ഭാര്യയായിത്തീർന്ന താര.

എന്നാൽ ഇതിനു ബദലായി സ്ത്രീശക്തിയുടെ നേർകാഴ്ചകളും നമുക്കു കാണിച്ചുതരുന്നു എന്നിടത്താണ് രാമായണത്തെ ഒരു ഇതിഹാസമായി വൈജ്ഞാനികർ കണ്ടത്. ഇതി–ഹ എന്നതിൽ അടങ്ങിയിരിക്കുന്നത് ഇങ്ങനെ പ്രസിദ്ധമായി എന്ന പ്രസ്താവം മാത്രമാണ്. അതിന് കാലാനുസൃതമായ മാനങ്ങൾ കണ്ടെത്തിയതിലൂടെയാണ് അവയ്ക്ക് ഭക്തിയുടേയും മതത്തിന്റേയുമൊക്കെ പരിവേഷം ലഭിച്ചത്. പുരുഷനൊപ്പം ധൈര്യവും ബുദ്ധിശക്തിയും പ്രത്യുത്പന്നമതിത്വവും കാണിച്ച കഥാപാത്രമാണ് കൈകേയി. മഹാഭാരതത്തിലെ ശ്രീകൃഷ്ണൻ, അർജുനന് സഹായിയായതുപോലെയാണ് കൈകേയി ദശരഥന് യുദ്ധരംഗത്ത് ഒപ്പം നിന്നത്. അവരെ ദശരഥമഹാരാജാവ് കൂട്ടിക്കൊണ്ടുപോയത് അദ്ദേഹത്തെ പരിചരിക്കാനോ ശുശ്രൂഷകൾകൊണ്ട് സുഖിപ്പിക്കാനോ ആയിരുന്നുമില്ല. മറിച്ച് യുദ്ധതന്ത്രങ്ങൾ മനസ്സിലാക്കാനുള്ള കഴിവും സമയോചിതമായി പ്രവർത്തിക്കാനുള്ള തന്റേടവും ഉള്ള ഒരു സഹായി എന്ന നിലയിലായിരുന്നു. അത് അവർ ഭംഗിയായി നിർവഹിക്കുകയും ചെയ്തു. അതിന് ഭർത്താവിൽനിന്ന് പാരിതോഷികമായി ലഭിച്ച രണ്ടു വരവും എങ്ങനെ എപ്പോൾ ഉപയോഗിക്കണമെന്ന് കൈകേയിക്കു പറഞ്ഞുകൊടുത്ത മന്ഥരയും രാമായണത്തിലെ ശക്തയായ ഒരു കഥാപാത്രമാണ്. ചെറുപ്പത്തിലേതന്നെ അയോദ്ധ്യയിലെ രാജപത്നിയായിത്തീർന്ന കൈകേയിയെ സംരക്ഷിക്കാനായി അച്ഛനായ കേകയരാജാവ് മകളുടെ ഒപ്പം അയച്ച സ്ത്രീയാണ് മന്ഥര. അംഗരക്ഷകയ്ക്കപ്പുറം രാജാവിനൊരു മന്ത്രിയെപ്പോലെ കൈകേയിക്ക് അവർ ഒരു നിപുണയായ ഉപദേശകയും ഉപകാരിയുമായി. രാഷ്ട്രീയ സാമൂഹികതലങ്ങളിൽ നല്ല അറിവുള്ളവരായിരുന്നു മന്ഥര. പിന്നീട് പുരുഷപക്ഷത്തുനിന്നുണ്ടായ വ്യാഖ്യാനങ്ങളാണ് കൈകേയിയേയും മന്ഥരയേയും ദുഷ്ടകഥാപാത്രങ്ങളായി മാറ്റിയത്. അതേസമയം രാമായണത്തിലെ സന്ദർഭങ്ങളെ പ്രമേയമാക്കി പിന്നീട് ഉണ്ടായ പല കാവ്യങ്ങളും സ്ത്രീപക്ഷത്തുനിന്നുള്ള ആഖ്യാനങ്ങളായിമാറി. അവയിൽ ഏറ്റവും പ്രകീർത്തിക്കപ്പെട്ടതാണ് കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത.' ഉത്തരരാമായണത്തിൽ മാതാവായ ഭൂമിദേവിയോടൊപ്പം മണ്ണറയുന്നതിനും എത്രയോ മുൻപുതന്നെ സീത ആ തീരുമാനമെടുത്തു എന്നാണ് 'ചിന്താവിഷ്ടയായ സീത'യിൽ കാണുന്നത്, "പ്രിയരാഘവ വന്ദനം ഭവാനു,യരുന്നൂ ഭുജശാഖ വിട്ടുഞാൻ" പുരുഷന്റെ കൈതാങ്ങായി ഉപയോഗിക്കേണ്ട ആവശ്യം തനിക്കില്ലെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയാണ് സീത ഇവിടെ. എന്നാൽ ഇത്തരം കഥാഭാഗങ്ങളും അവയുടെ ഇടയിലുള്ള വാചാലമൗനങ്ങളും പഠനവിധേയമാക്കി ഗൗരവമുള്ള ഒരു സ്ത്രീപക്ഷപഠനമോ സ്ത്രീയുടെ മാനസികവും ഭൗതികവുമായ സവിശേഷതകൾ രാമായണംപോലെ ജീവിതഗന്ധിയായ ഒരു ഇതിഹാസത്തിലൂന്നി യുക്തിയുക്തമായി ചിത്രീകരിക്കുന്ന ഒരു ബൃഹത്തായ നോവലോ ഇനിയും ഉണ്ടായിട്ടില്ല എന്നിടത്താണ് മലയാളത്തിലെ പെണ്ണെഴുത്ത് അറച്ചുനിൽക്കുന്നത്.■



# ലഹരിക്കെതിരെ കർക്കശമായ നയങ്ങൾതന്നെ വേണം



ഒ. ജെ. ചിന്നമ്മ
(സംസ്ഥാന പ്രസിഡണ്ട്,
കേരള മദ്യനിരോധന സമിതി
വനിതാവിഭാഗം)

മാറിമാറി ഭരിച്ചുകൊണ്ടിരിക്കുന്ന ഭരണാധികാരികൾ പ്രോത്സാഹനം നല്കി പരിശീലിപ്പിച്ച ഒരു ഭീകര ദുശ്ശീലമാണ് കേരളജനതയുടെ വർദ്ധിച്ച മദ്യപാന ശീലം. ജനങ്ങളുടെ ദൗർബ്ബല്യം ചൂഷണംചെയ്ത് നേടുന്ന കോടികളിൽ കണ്ണുടക്കിയ ഇടതുവലത് കക്ഷികൾക്ക് ജനങ്ങളുടെ ആരോഗ്യവും സമ്പത്തും സംസ്കാരവും കുടുംബഭദ്രതയും സ്ത്രീശക്തിയുമൊന്നും പ്രശ്നമല്ലാതായി. 'സ്ത്രീശാക്തീകരണ"മെന്ന് പല വട്ടം പുലമ്പാറുണ്ടെങ്കിലും കേരള സ്ത്രീകൾ മദ്യവിപത്തിലകപ്പെട്ട് അനുദിനം അതീവ ദുർബ്ബലരായിത്തീരുന്നു എന്നതാണ് യാഥാർത്ഥ്യം. ഒരുകാലത്ത് "അമ്മയാണീ പാരിടത്തിൽ എന്നുമെന്റെ ദൈവം" എന്നു പാടിപ്പഠിച്ച കുഞ്ഞുങ്ങൾ ഇന്നു വളർന്ന് വലുതായി. മദ്യോപാസകരായ അവരിന്ന് ഗർഭസ്ഥശിശുക്കളെ വഹിച്ച് തളർന്നിരിക്കുന്ന ഭാര്യയുടെ വയറിൽപോലും ആഞ്ഞുചവിട്ടുന്ന അസുരന്മാരായി മാറുന്നു.

എത്രമാത്രം ശ്രദ്ധയോടെയും സ്നേഹത്തോടെയുമാണ് ഒരമ്മ കുഞ്ഞിനെ ചുമന്ന് നടക്കുന്നത്? മാതാവിന്റെ രക്തവും മാംസവുമാണ് കുഞ്ഞിന്റെ ശരീരം. അമ്മയുടെ ഭാഗമായി അമ്മയെമാത്രം ആശ്രയിച്ച് ഗർഭപാത്രത്തിൽ സ്വസ്ഥമായി കുഞ്ഞുറങ്ങുന്നു. മാതാവിന്റെ മഹിതതപസ്സിന്റെ ഫലമായി ഒരു കുഞ്ഞുപിറക്കുന്നു. തുടർന്ന് ശൈശവം, ബാല്യം എന്നിവ കടന്ന് കൗമാരത്തിലേക്ക് പ്രവേശിക്കുംവരെയുള്ള മാതാവിന്റെ ക്ലേശപൂർണ്ണമായ നീണ്ട വർഷങ്ങൾ അവളെ അമ്മ എന്ന പദത്തിനർഹയാക്കുന്നു. ആ ത്യാഗമൂർത്തിയിൽനിന്നും വാത്സല്യവും പരിലാളനയും ഏറിയ അളവിൽ കുഞ്ഞ് അനുഭവിക്കുന്നു. പെറ്റമ്മ നല്കുന്ന മധുവൂറുന്ന മുലപ്പാലും ആ മാറിൽചേർന്നുകിടന്ന് കുഞ്ഞനുഭവിക്കുന്ന മാതൃപ്രേമത്തിന്റെ ദിവ്യശക്തിയും ലഭിക്കാതെ ഒരു കുഞ്ഞിനും വളരാനും വികസിക്കാനും സാദ്ധ്യമല്ല. സ്വന്തം കുഞ്ഞിനുവേണ്ടി ഒരമ്മ സസന്തോഷം അനുഷ്ഠിക്കുന്ന ഈ ത്യാഗവും സമർപ്പണവും ഒരമ്മയ്ക്കുമാത്രമേ മനസ്സിലാക്കാൻ കഴിയൂ. ഇത്തരം അമ്മമാർക്ക് മക്കളേല്പിക്കുന്ന കൊടിയ ആഘാതം മദ്യപിച്ച് കോടികൾ കൊയ്യുന്ന ഭരണാധികാരികളുടെ സംഭാവനയാണ്.

കുടുംബങ്ങളിൽ അമ്മമാരും പെൺകുഞ്ഞുങ്ങളും അനുഭവിക്കുന്ന മാനസികമായ പിരിമുറുക്കങ്ങളും അരക്ഷിതാവസ്ഥയും ആരോഗ്യപ്രശ്നങ്ങളും അഭിമാനപ്രശ്നങ്ങളും പരിഹാരം കാണാനാവാതെ തുടരുന്നു. പല കുടിയന്മാരും പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നു. അതിനാൽതന്നെ മാനസികരോഗികളുടെ എണ്ണം ഏറിവരുന്നു. യാത്രാവേളകളിൽ വഴിവക്കിലും ബസ്സിലും ട്രെയിനിലും ഏൽക്കേണ്ടിവരുന്ന ദുരിതങ്ങളും ദുഃഖങ്ങളും ആരുടേയും കണ്ണിൽപെടാതെ പോകുന്നു. വനിതാകമ്മീഷന്റെ മുമ്പിലും പോലീസ് സ്റ്റേഷനുകളിലും കോടതികളിലുമെത്തുന്ന നൂറുനൂറുകേസുകളുടെ പിന്നിൽ പ്രവർത്തിക്കുന്ന ദുഷ്ടശക്തി സർക്കാർ വിതരണം ചെയ്യുന്ന മദ്യംതന്നെ. കുടുംബബന്ധങ്ങളിലെ ശൈഥില്യം പണ്ടെങ്ങുമില്ലാത്തവിധം വർദ്ധിച്ചുവരുന്ന



തിന്റെ പിന്നിലെ വില്ലനും ലഹരി തന്നെ. വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നത് പലപ്പോഴും ഡ്രൈവറുടെ കുടിയുടെ തീവ്രതയാണെന്നറിയാത്തവരില്ല. വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ, രാഷ്ട്രീയ അക്രമങ്ങൾ, കടക്കെണിയിലകപ്പെട്ടു വലയുന്നവർ, വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ, മാനസികരോഗികളുടേയും കരൾരോഗികളുടേയും വർദ്ധന എന്നിവയെല്ലാം ലഹരി വരുത്തിവെക്കുന്ന വിനകൾ തന്നെ. കലാലയങ്ങളിലും വിദ്യാലയങ്ങളിലും ലഹരിക്കു പണം കണ്ടെത്താൻ റാഗിങ്ങിന്റെ പേരിൽ നടത്തുന്ന വിക്രിയകൾ മദ്യമെന്ന മാരകവിഷത്തിന്റെ സംഭാവനയാണെന്നറിഞ്ഞിട്ടും അധികാരികൾ മൗനം ഭജിക്കുകയാണ്.

മദ്യംമൂലം മേൽപറഞ്ഞ മുഴുവൻ കുറ്റകൃത്യങ്ങളുടേയും ഫലമായി അമ്മയും മക്കളുമനുഭവിക്കുന്ന പീഡനങ്ങളുടേയും കൊടിയ വേദനയുടേയും കണക്കുകൂട്ടാനാർക്കാവും. ഈ കഴിഞ്ഞ ദിവസം വാർദ്ധക്യം തളർത്തിയ ഒരമ്മ അരികിൽ വന്ന് മെല്ലെ മന്ത്രിച്ചു. പിന്നെ പൊട്ടിക്കരഞ്ഞു. സമാശ്വസിപ്പിക്കാനാവാതെ കുഴഞ്ഞ നിമിഷങ്ങൾ. ആറ്റുനോറ്റു വളർത്തിയ ഏകമകൻ മാത്രം അമ്മയോടൊപ്പം. പെൺകുട്ടികൾ രണ്ടുപേരും ഭർതൃഗൃഹത്തിൽ. മകന്റെ ഡോക്ടറായ ഭാര്യ മകനോടൊപ്പമില്ല. വൃദ്ധമാതാപിതാക്കൾക്ക് താങ്ങും തണലുമായിരിക്കേണ്ട മരുമകൾ രണ്ടു കുഞ്ഞുങ്ങളോടൊപ്പം അവളുടെ സ്വന്തം ഭവനത്തിൽ. കുഞ്ഞുങ്ങൾ അച്ഛന്റെ സ്നേഹവാത്സല്യം നുണയാനാവാതെ പുഞ്ചിരിപോലും നഷ്ടപ്പെട്ട് മാനസികാരോഗ്യം തകർന്ന് നിരാലംബരായി അഭിമാനക്ഷതമേറ്റ് കഠിനമായ വെയിലേറ്റു തളർന്ന തളിരുപോലെ ജീവിതം തള്ളിനീക്കുന്നു. മരുമകൾ സ്വന്തം വീട്ടിലേക്കു ചേക്കേറിയ കഥ ഇങ്ങനെ. നിത്യവും കുടിച്ചവശനായി അർദ്ധരാത്രിയോടടുക്കുമ്പോൾ വേച്ചുവേച്ച് പടികയറിവരുന്ന പ്രാണനാഥൻ. രാവിലെ മുതൽ വീട്ടിലും പുറത്തും പണിയെടുത്ത് തളർന്ന് കുഞ്ഞുങ്ങളെ വാരിപ്പുണർന്ന് ഒന്നു ചിരിക്കാനും ചിരിപ്പിക്കാനും കഴിയാതെ



മരുമകൾ. അവൾ അദ്ധ്വാനിച്ച് മക്കളേയും മാതാപിതാക്കളേയും ഭർത്താവിനേയും ആവുംപോലെ പരിപാലിക്കുന്നു. കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നു. എന്നിട്ടും ഒരുകാരണവുമില്ലാതെ അവന്റെ കാലുകൾ അവളുടെ വയറ്റത്തും മുതുകിലും പതിക്കുന്നു. ഒരിക്കൽ മാതാവും മൂത്തകുഞ്ഞും നോക്കിനിൽക്കെ ഗർഭിണിയായ ഭാര്യയുടെ വയറ്റത്ത് ആഞ്ഞു ചവുട്ടി ആസുരഭാവം പൂണ്ടുനിന്ന പിതാവിനോട് പ്രിയപുത്രൻ ഉറക്കെ കരഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു. ''അച്ഛാ ചവിട്ടല്ലേ അച്ഛാ. അമ്മയുടെ വയറ്റിൽ കുഞ്ഞുവാവ ഉണ്ടച്ഛാ! നോവില്ലേ അച്ഛാ!" ഈ കുഞ്ഞിന്റെ വിലാപത്തിന്റെ നിഷ്കളങ്കവും വേദനാജനകവുമായ അർത്ഥം മനസ്സിലാക്കിക്കാൻ നാമീ അച്ഛനെ ഏതു പള്ളിക്കൂടത്തിലയയ്ക്കണം? ഈ കുഞ്ഞിന്റെ വിവേകം ഭരണാധികാരികൾക്ക് എന്നാണ് ഉണ്ടാവുക? ആ മാതൃത്വത്തിന്റെ ദയനീയചിത്രം മാറ്റിയെടുക്കാൻ “സ്ത്രീശാക്തീകരണം, സ്ത്രീശാക്തീകരണം” എന്നൊക്കെ പലവട്ടം ഉദ്ഘോഷിക്കുന്നവരുടെ കർമ്മത്തിൽ എന്നു പ്രതിഫലിക്കും? മനുഷ്യന്റെ സുബോധത്തെ മുച്ചൂടും മുടിക്കുന്ന വിഷം അനുദിനം കുടിപ്പിച്ച് ഭ്രാന്തന്മാരാക്കി നേടുന്ന സമ്പത്ത് വലിച്ചെറിയാൻ നോട്ടും വോട്ടും നേടി അധികാരത്തിലേറുന്നവർക്ക് എന്നു സാധിക്കും? മദ്യത്തിൽനിന്നുള്ള വരുമാനം പാപത്തിന്റെ കൂലിയാണെന്നു പറഞ്ഞ ഗാന്ധിജിയുടെ വചനം ഇവരെന്നു പഠിക്കും? മാനുഷികമൂല്യങ്ങളുടേയും ബുദ്ധിയുടേയും ആരോഗ്യത്തിന്റേയും സമ്പത്തിന്റേയും കടയ്ക്കൽ കത്തിവെക്കാൻമാത്രം ഉപകരിക്കുന്ന ഈ വിഷത്തിൽനിന്നുള്ള വരുമാനം ഉപേക്ഷിക്കാൻ തയ്യാറായാൽ, കേരളം ഗുജറാത്തിനേക്കാൾ ഒരുപടികൂടി മുന്നിലേക്കുയരും. സ്ത്രീശാക്തീകരണം ഒരു മണിക്കൂർകൊണ്ട് സാധിതപ്രായമാക്കാം.

മറ്റൊരു സംഭവവുംകൂടി കുറിക്കട്ടെ. അദ്ധ്യാപകനായ ഒരച്ഛൻ പെൻഷൻ പറ്റിയപ്പോൾ കിട്ടിയ തുകകൊണ്ട് തന്റെ ഏകമകളെ ഗംഭീരമായി കല്യാണംകഴിച്ചയച്ചു. നല്ല വിദ്യാഭ്യാസം നല്കി കന്യാദാനം നടത്തി സമാശ്വസിച്ച് വാർദ്ധക്യം ആഘോഷിച്ചിരിക്കെ മാതാപിതാക്കൾ കണ്ടതോ? ഏകമകൾ പൊട്ടിക്കരഞ്ഞുകൊണ്ട് ഏകയായി ഒരുദിവസം പടികടന്നുവരുന്നു. മാതാവിന്റെ മടിയിൽവീണ് അവൾ ഏങ്ങിയേങ്ങിക്കരഞ്ഞു. ഭർത്താവിന്റെ കുടിയും വലിയും ധൂർത്തും ആർഭാടവും അഴിഞ്ഞാട്ടവും അക്രമവും കൊണ്ട് പൊറുതിമുട്ടിയ ഗർഭിണിയായ മകൾ. നിവൃത്തിയില്ലാതെ അവൾ സ്വന്തം മാതാപിതാക്കളിൽ അഭയം കണ്ടെത്തിയിരിക്കുന്നു. പിതാവ് വിവാഹസമ്മാനമായി കൊടുത്തയച്ച 101 പവനും പിന്നെ ലക്ഷങ്ങളും അയാൾ ഭേദ്യംചെയ്തെടുത്ത് മദ്യപിച്ചു. പകരം നല്കിയത് കൊടുംയാതനകൾ മാത്രം. ഏതുകോടതി അവൾക്ക് നീതികൊടുക്കും? ഏതച്ഛനമ്മമാർക്ക് അവളെ സാന്ത്വനിപ്പിക്കാനാവും? ജഗദീശ്വരൻ നമുക്ക് കനിഞ്ഞനുഗ്രഹിച്ചുനല്കിയ വിശേഷബുദ്ധി തകർക്കുന്ന കൊടിയ വിഷം പെണ്ണിനേയും കുഞ്ഞിനേയും കുടുംബത്തേയും നാടിനേയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന അനീതി കാണാനും എതിർക്കാനും ആരുണ്ട്? ഗർഭിണിയായിരുന്ന ആ പെൺകുട്ടി ഇന്ന് ഇരട്ടപ്പെൺകുട്ടികൾക്കു ജന്മംനൽകി വൃദ്ധമാതാപിതാക്കളുടെ തണലിൽ ഉരുകിയുരുകി ദിനരാത്രങ്ങൾ തള്ളിനീക്കുന്നു.

മഹാഭാരതത്തിൽ വിദുരർ ധൃതരാഷ്ട്രമഹാരാജാവിനോട് ഒരു സുബോധത്തിന്റെ സുവിശേഷം ഉരുവിടുന്നുണ്ട്.

ദ്രോഹാർജ്ജിതേന വിത്തേന
യത്കരോതി ശുഭം നരഃ
വിപരീതം ഭവേത് തത്തു

ഫലകാലേ നൃപോത്തമ!

(അല്ലയോ നൃപോത്തമ! മറ്റുള്ള വരെ ദ്രോഹിച്ചുനേടുന്ന സമ്പത്തു കൊണ്ട് ശുഭകാര്യം സിദ്ധിക്കില്ല. ഫലം പുറപ്പെടുവിക്കേണ്ട സന്ദർഭ ത്തിൽ അതിന്റെ ഫലം വിപരീതമാ യിരിക്കും.)

ലഹരി വിതച്ച് കോടികൾ കൊയ്തുകൂട്ടി ഭരിക്കുന്ന ഭരണാധി കാരികളോട് കേരളസ്ത്രീകൾക്കും ഇതുതന്നെയാണു പറയാനുള്ളത്. നിങ്ങൾ കൊയ്യുന്ന കോടികളുടെ 10 ഇരട്ടികൊണ്ടുപോലും ഇതിന്റെ കെടുതികൾ ഇല്ലായ്മചെയ്യാനാവി ല്ല. നിരന്തരം നാട്ടിൽ നാശം വിത റുകമാത്രമായിരിക്കും ഫലം.

നിരപരാധികൾ ഈ കൊടിയ പാപത്തിന്റെ ഫലമനുഭവിക്കുന്നു എന്നതാണ് ഇതിന്റെ ഏറ്റവും ഭീക രമായ വശം. സ്ത്രീകളും കുഞ്ഞു ങ്ങളും ഒരുതെറ്റും ചെയ്യാതെ അച്ഛ ന്റേയും സഹോദരന്റേയും ഭർത്താ വിന്റേയും നൊന്തുപെറ്റ മക്കളു ടേയും പീഡനമേറ്റു പിടയുന്നു. മിക്കപ്പോഴും ആത്മഹത്യകളിൽ അഭയം തേടുന്നു. മദ്യപാനം കൊണ്ട് കരൾരോഗംമുതൽ പല പല രോഗങ്ങളാൽ ആതുരാലയങ്ങ ളിൽ അഭയംതേടുമ്പോൾ പിടയു ന്നതും തളരുന്നതും അമ്മമാരും കുഞ്ഞുങ്ങളുമാണ്. കുടുംബത്തി ന്റെ താങ്ങുംതണലുമായി വർത്തി ക്കേണ്ട ഭർത്താവും അച്ഛനും സഹോദരനും മക്കളും മദ്യത്തിന്റെ മാസ്മരികവലയത്തിൽ അകപ്പെട്ട് അലയുമ്പോൾ തകരുന്ന ഹൃദയ ങ്ങളും തളരുന്ന കുഞ്ഞുങ്ങളും ബുദ്ധിജീവികൾക്കോ എഴുത്തു കാർക്കോ ഒരുപ്രശ്നമാകുന്നില്ല.

കേരളത്തിന്റെ നട്ടെല്ല് എന്നു നാമഭിമാനിച്ചിരുന്നത് കരുത്തും ആരോഗ്യവും കൈമുതലാക്കിയ ആണും പെണ്ണുമായിരുന്നു. ഇന്ന് ലഹരിയിൽ പതഞ്ഞുപാഴാവുന്ന യൗവനം നമ്മുടെ ശാപമായി. അശാന്തി നിറഞ്ഞ കുടുംബങ്ങൾ നാടിനു കൊടിയ വിനയായി മാറി. കലാലയങ്ങൾ കലാപഭൂമികളായി മാറിയിട്ട് കാലമേറെയായി. റാഗി ങ്ങിന്റെ പേരിൽ അവിടങ്ങളിൽ നിന്നുയരുന്ന കദനകഥകൾക്ക് കനിവിന്റെ സ്പർശമില്ല. അറിവും നെറിവും നാട്ടിലേക്കും വീട്ടി ലേക്കും പകർന്നുനൽകേണ്ട മക്ക ളിൽ നല്ലൊരുശതമാനവും കുടിച്ചുകൂത്താടി അലസന്മാരും ആഭാസന്മാ രുമായി അധഃപതിക്കുമ്പോൾ ഹൃദയം പിളർന്നു തോരാത്ത കണ്ണീരുമായി അമ്മമാർ പൊരിയുന്നു. കമ്പ്യൂട്ടറിനുപോലും കണക്കാക്കാനാവാത്ത സാമ്പത്തിക, സാംസ്കാരിക, മാനസിക, ആദ്ധ്യാത്മിക നഷ്ടം രാഷ്ട ത്തിന്റെ ശാപമായിട്ട് കാലമേറെയായി. എന്നാണു നാം ഉണരുക? എന്നാണു നാം ഉയരുക? എന്നു നാം പ്രതികരിക്കും? ഇനിയും അടങ്ങി യിരുന്നുകൂടാ. സ്ത്രീകളുണരണം. സ്ത്രീശക്തി ഉയരണം. നമ്മുടെ ഭർത്താവിന്റെ, അച്ഛന്റെ, സഹോദരന്റെ, മക്കളുടെയെല്ലാം ആരോഗ്യവും സമ്പത്തും സംസ്കാരവും നമുക്കുകൂടി അവകാശപ്പെട്ടതാണെന്ന ബോധം നമുക്കുണ്ടാവണം. എല്ലാം ലഹരിയിൽ മുക്കിക്കൊല്ലുമ്പോൾ അടങ്ങിയിരുന്നുകൂടാ ഇനിയും. സ്ത്രീശാക്തീകരണത്തിന് മദ്യനിരോധ നമല്ലാതെ മറ്റുമാർഗ്ഗമില്ല. സ്ത്രീശക്തി ഉണർന്നാൽ മാത്രമേ ഭരണകൂട ങ്ങളെ ഇത് ബോദ്ധ്യപ്പെടുത്താനാവൂ.

മദ്യരാജാക്കന്മാരിൽനിന്നു ലഭിക്കുന്ന കോടികളിൽ കണ്ണുടക്കിയവരെ അതിൽനിന്ന് പിൻതിരിപ്പിക്കുവാൻ അത്ര എളുപ്പമല്ല എന്നറിയാം. പക്ഷേ, അത് സാധിച്ചെടുത്തില്ലെങ്കിൽ നാളെ നമ്മുടെ കുഞ്ഞുങ്ങൾ അനാഥരാ വും. ഭാര്യമാർ വിധവകളാവും. ആരോഗ്യമുള്ളൊരു ജനത നമുക്കന്യമാ വും. സാക്ഷരകേരളം രാക്ഷസകേരളമാവും. വിവേകാനന്ദസ്വാമികൾ ഒരി ക്കൽ പറഞ്ഞ 'ഭ്രാന്താലയം' എന്ന പേർ അന്വർത്ഥമാവാതിരിക്കാൻ നാമു ണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

## സ്ത്രീകൾക്കും സ്ത്രീസംഘടനകൾക്കും ചെയ്യാവുന്നത്

1. എല്ലാ സ്ത്രീസംഘടനകളുടേയും മുഖ്യ മുദ്രാവാക്യം "സ്ത്രീശാക്തീ കരണത്തിന് മദ്യനിരോധനം" എന്നാവണം.
2. ബോധവത്ക്കരണവും നിരോധനവും ഒരുമിച്ചുകൊണ്ടുപോവാൻ പ്രേരിപ്പിക്കുന്ന ശക്തിയായി സ്ത്രീസംഘടനകൾ മാറണം.
3. തിരഞ്ഞെടുപ്പുവേളകളിൽ സ്ത്രീകൾ "മദ്യത്തിനെതിരെ ചിന്തിക്കു ന്നവർക്കും പ്രവർത്തിക്കുന്നവർക്കും തങ്ങളുടെ വോട്ട്" എന്ന് ഉറക്കെ പറയാൻ ധൈര്യം കാണിക്കണം.
4. മദ്യനയം തീരുമാനിക്കുമ്പോൾ സ്ത്രീകളുടെ അഭിപ്രായംകൂടി പരി ഗണിക്കുന്നു എന്ന് ഉറപ്പുവരുത്തണം.
5. "മദ്യവരുമാനം കുടുംബച്ഛിദ്രത്തിന്റേയും സ്ത്രീപീഡനത്തിന്റേയും കൂലി" സർക്കാർ അതുപേക്ഷിക്കാൻ തയ്യാറാവണമെന്ന മുദ്രാവാക്യം സർവ്വത്ര മുഴക്കണം (വിദ്യാലയങ്ങളിൽ, കലാലയങ്ങളിൽ, സ്ത്രീസം ഘടനകളിൽ, രാഷ്ട്രീയസംഘടനകളിൽ)
6. രാഷ്ട്രീയ പാർട്ടികൾ ലഹരിക്കെതിരെ പ്രതികരിക്കാൻ മുമ്പോട്ടുവര ണം. അവരുടെ മുഖ്യ അജണ്ടയായി മദ്യനിരോധനം മാറാത്തിടത്തോ ളംകാലം ഇതിനെതിരെയുള്ള മറ്റുസംഘടനകളുടെ പ്രവർത്തനങ്ങൾ വേണ്ടത്ര ശോഭിക്കില്ല.
7. മനുഷ്യന്റെ ആരോഗ്യവും ബുദ്ധിയും സമ്പത്തും നശിപ്പിക്കുന്ന വൻ വിപത്താണ് മദ്യമെന്ന തിരിച്ചറിവ് രാഷ്ട്രീയപ്പാർട്ടികളിൽ വളർത്തി യെടുക്കാൻ സ്ത്രീസംഘടനകൾ പ്രവർത്തനനിരതരാവണം.
8. പത്രമാദ്ധ്യമങ്ങളിലും ചാനലുകളിലും സ്ത്രീകളുടെ മുഖ്യശത്രുവായ ലഹരിക്കെതിരെ നിരന്തരം ചർച്ചകളും സെമിനാറുകളും ഉണ്ടാവണം. അതിൽ ഇരകളും മദ്യവിരുദ്ധ ചിന്താഗതിക്കാരുമായ സ്ത്രീകളുടേയും സംഘടനകളുടേയും പങ്കാളിത്തം ഉറപ്പുവരുത്തണം.
9. 'സംഘടിത'പോലെ സ്ത്രീകൾക്കു പ്രാധാന്യമുള്ള മാസികകളിൽ സ്ത്രീശാക്തീകരണത്തിന് അത്യന്താപേക്ഷിതമായ മദ്യനിരോധന ത്തിന് നിരന്തരം പേജുകൾ നീക്കിവെക്കുകയും സ്ത്രീശക്തി ഉണർത്തുകയും സമരസജ്ജരാക്കുകയും വേണം.
10. പാഠപുസ്തകങ്ങളിൽ ലഹരിക്കെതിരെയുള്ള പാഠഭാഗങ്ങൾ ചേർക്കാൻ വിദ്യാഭ്യാസമന്ത്രി മുൻകൈ എടുക്കണം.

11. പട്ടാളക്കാരുടെ വിധവകൾക്ക് മദ്യം കൊടുക്കുന്ന നീചമായ നടപടി അവസാനിപ്പിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. (ഒപ്പുശേഖരണം, നിവേദനം, ചർച്ചകൾ)
12. മദ്യത്തിനെതിരെ പോരാടുന്നവർക്കും പ്രവർത്തിക്കുന്നവർക്കും പ്രോത്സാഹനവും സുരക്ഷിതത്വവും നല്കണം. കാരണം വളരെ അപകടം പതിയിരിക്കുന്നതും എന്നാൽ ജീവകാരുണ്യപരവും ശ്രേയസ്കരവുമായ മേഖലയാണിത്.
13. പാൻമസാല നിരോധനം പോലെ ജനക്ഷേമകരമായ നടപടിയാണ് മദ്യനിരോധനവുമെന്ന ബോദ്ധ്യത്തോടെ സർക്കാർ മദ്യനിരോധനനിയമം കൊണ്ടുവരാൻ പ്രേരിപ്പിക്കണം.
14. സമ്പൂർണ്ണ മദ്യനിരോധനം 1961 മുതൽ നിലവിലുള്ള ഗുജറാത്തിലേക്ക് സ്ത്രീകളുടെ ഒരു പഠന സംഘം പോകണം. യാഥാർത്ഥ്യങ്ങൾ അന്വേഷിച്ച് വെളിപ്പെടുത്തണം.
15. വ്യാജമദ്യത്തിനും വിലക്കപ്പെട്ട ലഹരിവസ്തുക്കൾക്കുമെതിരെ വാർഡുതല സ്റ്റാട്യൂട്ടറി കമ്മറ്റികൾ രൂപീകരിക്കണം.
16. വ്യാജമദ്യനിർമ്മാണം, വിതരണം, വിലക്കപ്പെട്ട ലഹരിവസ്തുക്കളുടെ നാനാവിധ വിനിമയങ്ങൾ എന്നിവയിൽ ഏർപ്പെട്ടവരുടെ പേരുവിവരങ്ങൾ നല്കുന്നവർക്ക് മോശമല്ലാത്ത തുക പാരിതോഷികമായി നല്കണം. സാക്ഷികൾക്ക് കോടതിയിൽ ഹാജരാവുന്ന ദിവസത്തെ പൂർണ്ണവേതനം നല്കണം.
17. മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യണം.
18. സർക്കാർ കൊടുക്കുന്ന മദ്യത്തിന്റെ അളവും വാങ്ങുന്നതിന്റെ ആവർത്തനവും ഗണ്യമായി കുറയ്ക്കണം.
19. ബാറുകളുടെ പ്രവർത്തനസമയം വൈകിട്ട് 4 മണിക്കൂർ മാത്രമാക്കണം, എല്ലാഞായറാഴ്ചയും അടച്ചിടണം.
20. ഒരു പഞ്ചായത്തിൽ ഒരു കള്ളുഷോപ്പ്, അതും സർക്കാർ നിയന്ത്രണത്തിൽ മാത്രം. മെയിൻറോഡുകളുടെ വശങ്ങളിൽ പാടില്ല. ഞായറാഴ്ച അവധിയാക്കണം.
21. ടൂറിസം പ്രോത്സാഹനത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തണം. നീര പരീക്ഷിക്കണം.
22. 25 വയസ്സാവാത്തവർക്ക് മദ്യം നല്കരുത്.
23. പഞ്ചായത്തീരാജ് നഗരപാലികാനിയമങ്ങൾ 232, 447 വകുപ്പുകൾ പുനഃസ്ഥാപിക്കണം.
24. ജോലിസമയത്ത് മദ്യപിക്കുന്നവരെ പിരിച്ചുവിടണം.
25. മദ്യാസക്തരായ ഭർത്താക്കന്മാരുടെ പാതിശമ്പളം ഭാര്യയ്ക്കു നല്കാൻ വ്യവസ്ഥ.യുണ്ടാക്കണം.
26. കേരളത്തിനകത്തും പുറത്തും രാഷ്ട്രീയക്കാരുടേയും ബന്ധുക്കളുടേയും എത്രയെത്ര ഡിസ്റ്റിലറികളുണ്ടെന്ന് കണ്ടെത്തണം. രാഷ്ട്രീയപ്രസ്ഥാനങ്ങളിലെ യുവജനങ്ങൾ ഇതിനു സമയം കണ്ടെത്തണം. സമീപപ്രദേശങ്ങളിലെ ശുദ്ധജലം വിഷമയമാക്കുന്ന ഇവരുടെ കാട്ടാളത്തം ജനങ്ങൾക്കുമുൻപിൽ തുറന്നു കാട്ടാൻ ചങ്കൂറ്റം കാണിക്കണം.

സ്ത്രീകൾ തണ്ണീരിനായി മൈലുകൾതാണ്ടുമ്പോൾ ശുദ്ധജലം നിറത്തിലാക്കി വിഷംകലർത്തി കോടികൾ കൊയ്യുന്ന നരാധമന്മാരെ നിലയ്ക്കുനിർത്താൻ സ്ത്രീകൾ രംഗത്തിറങ്ങണം. മദ്യമച്ചമ്പിമാരും ഭരണപ്രതിപക്ഷങ്ങളും തമ്മിലുള്ള അവിശുദ്ധബന്ധം അവസാനിപ്പിക്കണം. ■

---

*(11-ാം പേജിൽ നിന്നും തുടർച്ച)*

ങ്ങിയത്?

ടീന: അല്ല ക്രൈംബ്രാഞ്ചിന്റെ അന്വേഷണമായിരുന്നു. ആദ്യം പാലക്കാട് കസബ സ്റ്റേഷനിലാണ് കേസ് ഫയൽ ചെയ്തത്. അവിടുത്തെ രണ്ടു പോലീസുകാർ അദ്ദേഹം തൂങ്ങിമരിച്ചു എന്നെഴുതിത്തരാൻ പറഞ്ഞിരുന്നു. "പറ്റില്ല. ഞാൻ കണ്ടിട്ടില്ല" എന്നു പറഞ്ഞു, നിർബന്ധിച്ചു; അങ്ങനെ എഴുതില്ലെന്നു പറഞ്ഞപ്പോൾ "നമുക്കു കാണാം" എന്ന ഭീഷണിയുടെ സ്വരവുമായി അവർ മടങ്ങി.

ചാരു: എന്തായിരിക്കും അന്നു സംഭവിച്ചത്?

ടീന: അറിയില്ല, എല്ലാം പറഞ്ഞുകേൾക്കുന്നു. പോലീസ് അന്വേഷിക്കട്ടെ. വണ്ണമുള്ള പുതിയ മൂന്നു പ്ലാസ്റ്റിക് കയറുകൾ, ഫോൾഡുചെയ്ത് റൂമിലിരിക്കുന്ന ഏണി. എന്റെ സംശയങ്ങൾ ഞാൻ പോലീസിനോടു പറഞ്ഞിട്ടുണ്ട്. ഞാൻ ജീവനോടെ ഉണ്ടാവില്ല എന്നു വിചാരിച്ചു. പക്ഷേ, ജീവിച്ചു. എങ്ങനെ, അറിയില്ല.

ചാരു: മലബാർ സിമന്റ്സിൽനിന്ന് ആരെങ്കിലും വന്നിരുന്നുവോ?

ടീന: ഇല്ല. ആരും വന്നില്ല. വരാൻ പറ്റില്ല. സങ്കടമില്ല, അവിടുത്തെ അവസ്ഥ അതാണ്.

ചാരു: വി.എസ്. വന്നിരുന്നുവോ?

ടീന: ഇല്ല. അന്നദ്ദേഹം ഇലക്ഷന്റെ തിരക്കിലായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ പ്രതിനിധികൾ ആരോ വന്നിരുന്നുവെന്നു തോന്നുന്നു.

ചാരു: ടീന വിചാരിക്കുന്നുണ്ടോ ഈ കേസ് സത്യസന്ധമായി നീങ്ങുമെന്ന്?

ടീന: ലോകം ഒരു ഭൂതത്താനാണ്. എനിക്കു പ്രതീക്ഷയുണ്ട്. ദൈവത്തോടു ഞാൻ പ്രാർത്ഥിക്കുന്നു. അതല്ലേ എനിക്കു ചെയ്യാൻ സാധിക്കൂ.

മക്കളെക്കുറിച്ച് ടീനയോട് കൂടുതൽ ചോദിക്കാൻ ഞങ്ങൾക്കു കഴിയുമായിരുന്നില്ല. പറയാൻ ടീനയ്ക്കും. ദൈവത്തിന്റെ മക്കൾ എന്നു ടീന തന്നെ പറഞ്ഞ പത്തും എട്ടും വയസ്സുള്ള വിവേകും വ്യാസും പാലക്കാട് ഹോളി ട്രിനിറ്റി സ്കൂളിൽ അഞ്ചാം ക്ലാസിലും മൂന്നാം ക്ലാസിലും ആണ് പഠിച്ചിരുന്നത്. ■

# കേരളത്തിലോ ഇത്തരം സംഭവങ്ങൾ

**കഴിഞ്ഞമാസം** കേരളത്തിൽ നടന്ന ചില സംഭവങ്ങളാണ് ഇത്തവണ 'പെൺപക്ഷ'ത്തിന് വിഷയം. ആൾദൈവമായ അമൃതാനന്ദമയിയുടെ മഠത്തിൽവെച്ച് സത്നാംസിംഗ് എന്ന യുവാവായ ബീഹാറി അവധൂതൻ കൊലചെയ്യപ്പെട്ടു. ഇന്ത്യയ്ക്ക് 'സാതന്ത്ര്യം കിട്ടി'യെന്ന് അവകാശപ്പെടുന്ന ആഗസ്റ്റ് 15 ന് കോതമംഗലം മാർബസേലിയസ് മിഷൻ ആശുപത്രിയിലെ ടെറസിന്മേൽ നഴ്സുമാരായ മൂന്ന് പെൺകുട്ടികൾ തങ്ങളുടെ ആവശ്യങ്ങൾ മാനേജ്മെന്റ് അംഗീകരിച്ചില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്ന് ഭീഷണി മുഴക്കി. എൻഡോസൾഫാൻ പീഡിതരായ കുഞ്ഞുങ്ങളുടെ അമ്മമാർ കാസർഗോഡ് കളക്ടറേറ്റിനുമുന്നിൽ 128 ദിവസങ്ങളായി നടത്തിവന്ന സമരം തിരുവോണം നാളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ വസതിക്കുമുമ്പിൽ പട്ടിണിസമരമാക്കുമെന്ന പ്രഖ്യാപനം നടത്തി.

സത്നാംസിംഗ് എന്ന ബീഹാറി അവധൂതൻ ആദ്ധ്യാത്മിക പഠനങ്ങൾക്കായി ഇന്ത്യ മുഴുവൻ ചുറ്റിക്കറങ്ങുന്നതിന്നിടയിലാണ് മഠത്തിലെത്തിയത്. അദ്ദേഹത്തിന് ശരിയല്ലെന്ന് തോന്നിയ പ്രാർത്ഥനയുടെ ഏതോ ഒരു ഭാഗത്തോട് ഉറക്കെ ഒന്ന് പ്രതിഷേധിച്ചുപോയി. അപ്പോഴതാ ഭ്രാന്തു പിടിച്ച ചെന്നായ്ക്കളെപ്പോലെ 'അമ്മ'യുടെ കിങ്കരന്മാർ ആ ചെറുപ്പക്കാരന്റെ മേൽ ചാടി വീണതിന്റെ അനന്തരഫലം ഞെട്ടലോടെയാണ് നമ്മൾ കണ്ടത്. ആ മനുഷ്യനെ പോലീസിൽ ഏല്പിക്കുന്നതിനുമുമ്പ് നടത്തിയ മെഡിക്കൽ പരിശോധനയിൽ ദേഹമാസകലം മുറിവുകളും ചതവുകളുമുണ്ടായിരുന്നുവെന്ന് ഹിന്ദു ദിനപത്രം മാത്രമേ റിപ്പോർട്ട് ചെയ്തുള്ളൂ! പക്ഷെ, ഇപ്പോൾ കേസ് പോകുന്ന രീതിയാണ് ഏറെ വിചിത്രം. പേരൂർക്കട മാനസികരോഗാശുപത്രിയിലെ ഡോക്ടർമാരേയും ജീവനക്കാരേയും മറ്റുമാണ് പ്രതികളാക്കിക്കൊണ്ടിരിക്കുന്നത്. മഠത്തിന്റെ ഈ കാട്ടാള നീതിക്കെതിരെ ഒറ്റപ്പെട്ട ശബ്ദങ്ങളേ പ്രതിഷേധിച്ചുള്ളൂ എന്നതാണ് ഏറെ ആപത്കരം. ഇവിടെ ഒരു പൊതുസമൂഹമുണ്ടോ എന്നു പോലും ആശങ്കപ്പെടേണ്ടിവരുന്നു. കാരുണ്യത്തിന്റേയും സ്നേഹത്തിന്റേയും മുഖംമൂടിയണിഞ്ഞ ആ 'ആൾദൈവ'പ്രസ്ഥാനത്തെ ചോദ്യം ചെയ്യാൻ നമ്മുടെ ജനാധിപത്യബോധം വളർന്നിട്ടില്ലെന്നുണ്ടോ?

പൊതുജനാരോഗ്യമേഖല സ്വകാര്യവത്കരിക്കപ്പെട്ടുതുടങ്ങിയ നാൾമുതൽ സ്വകാര്യ ആശുപത്രികൾ ഇന്നാട്ടിൽ തഴച്ചുവളരുകയാണ്. രോഗികളിൽനിന്ന് കഴുത്തറക്കുന്ന ചാർജ്ജുകൾ ഈടാക്കി മാനേജ്മെന്റുകൾ നടത്തുന്ന ചൂഷണം ഏറെക്കാലമായി തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ നഴ്സുമാരായ പെൺകുട്ടികളെക്കൊണ്ട് അടിമവേല ചെയ്യിക്കുകയും ലോകമെങ്ങും കേട്ടാൽ മൂക്കത്ത് വിരൽവെച്ചുപോകുന്ന തുച്ഛമായ വേതനം നൽകുകയും ചെയ്യുന്ന ഏർപ്പാടും ഇതോടൊപ്പം തുടങ്ങിയതാണ്. ഇന്ത്യ മുഴുവനും അടുത്ത കാലത്തായി ആഞ്ഞടിച്ച നഴ്സുമാരുടെ സമരം കുറച്ചുമാസങ്ങളായി കേരളത്തിലെ പ്രമുഖസ്വകാര്യ ആശുപത്രികളിലും ആഞ്ഞടിച്ചു. എന്നാൽ ഒന്ന് രണ്ട് മാസങ്ങളായി ഇതേപ്പററി ഒന്നും കേൾക്കാനുണ്ടായിരുന്നില്ല. ആഗസ്റ്റ് 15 ന് പക്ഷെ, നമ്മൾ കേട്ടത് നൂറിലധികം ദിവസങ്ങളായി തങ്ങളുടെ നിലനില്പിനുവേണ്ടിയുള്ള മിനിമം ആവശ്യങ്ങൾക്കുവേണ്ടി നൂറിലധികം ദിവസങ്ങളോളം സമരം ചെയ്തുകൊണ്ടിരുന്ന കോതമംഗലം മാർബസേലിയസിലെ നഴ്സുമാരുടെ ആത്മഹത്യഭീഷണിയാണ്. തങ്ങളുടെ വീടുകളൊക്കെ ബാങ്കുകൾ ജപ്തി ചെയ്യാൻ പോകുന്ന സാഹചര്യങ്ങളാണെന്നും മരണമല്ലാതെ മറ്റൊരു പോംവഴിയും തങ്ങളുടെ മുമ്പിലില്ലെന്നും അവർ ലോകത്തോട് പ്രഖ്യാപിച്ചു. മഴയും വെയിലും കൊണ്ട് ആ പെൺകുട്ടികൾ അന്നവിടെ പട്ടിണികിടന്നു. പൊതുസമൂഹം ഉണർത്തെഴുന്നേറ്റ് പ്രവർത്തിച്ചു. ജനങ്ങളുടെ ഈ വികാരം ഉൾകൊണ്ട് സഖാവ് വി.എസ്. അച്ചുതാനന്ദന്റെ മുൻകൈയിൽ തല്കാലം പ്രശ്നം ഒത്തുതീർന്നുവെങ്കിലും മാനേജ്മെന്റുകളുടെ ഇത്തരം കടുത്ത നിലപാടുകളോട് നീതിക്കുവേണ്ടി രാഷ്ട്രീയമായ ഇച്ഛാശക്തിയോടെ ഇടപെടാനോ, സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ച് ഒരു സമഗ്രനയം കൊണ്ടുവരാനോ സർക്കാർ ഇനിയും തയ്യാറായിട്ടില്ല. ഇവിടെ വേണ്ടത് ഈ നയം കൊണ്ടുവരാനുള്ള ദൃഢനിശ്ചയമാണ്. ഇല്ലെങ്കിൽ സാഹചര്യങ്ങൾ ഇനിയും വഷളായിക്കൊണ്ടിരിക്കുകതന്നെ ചെയ്യും.

എൻഡോസൾഫാൻ പീഡിതരുടെ അമ്മമാർ തിരുവോണം നാളിൽ മുഖ്യമന്ത്രിയുടെ വീട്ടുപടിക്കൽ പട്ടിണിസമരമിരിക്കുന്നതിനെ എങ്ങനെയും ഒഴിവാക്കാൻ ഇവരെ ചർച്ചയ്ക്കുവിളിച്ച മുഖ്യമന്ത്രി, അമ്മമാരെ അപമാനിച്ചുവിട്ട ചിത്രമാണ് അടുത്തത്. മാസങ്ങൾക്കുമുമ്പ് സർക്കാർതന്നെ തീരുമാനിച്ച കാര്യങ്ങൾ നടപ്പിലാക്കാൻ എന്തിനിത്ര വിമുഖത? എൻഡോസൾഫാൻ നിരോധനം ഇല്ലാതാക്കാനുള്ള കമ്പനികളുടെ ശ്രമത്തിന് കേന്ദ്രസർക്കാർ ചെയ്യുന്ന ഒത്താശ ഉമ്മൻചാണ്ടി സർക്കാരിന് പ്രചോദനമാകുന്നുണ്ടോ? സമരം ഇന്നും തുടരുകയാണ്. ഐതിഹാസികമായ ഈ സമരം വിജയിക്കേണ്ടത് കേരള മനസ്സാക്ഷിയുടെ യുട ആവശ്യമാണ്.....

കെ. അജിത

സമകാലികം

# ദൈവത്തിന്റെ സ്വന്തംനാടിനൊരു 'റസ്ക്യൂ പാക്കേജ്'



പി. ജഗതി

**പെരുമഴപോലെയാണല്ലോ** ഇപ്പോൾ പീഡനകഥകൾ പുറത്തുവരുന്നത്. പിഞ്ചുകുഞ്ഞുങ്ങൾമുതൽ പടുവൃദ്ധകൾവരെ കാമവെറിയന്മാരുടെ ക്രൂരതയ്ക്ക് ഇരയാവുന്ന വാർത്തകളാണ് നിത്യവും കേൾക്കുന്നത്. എട്ടുംപൊട്ടും തിരിയാത്ത പെൺകുട്ടികളെ പ്രണയത്തിന്റെയോ സീരിയൽ തുടങ്ങിയ പ്രലോഭനങ്ങളുടെയോ ചൂണ്ടയിൽ കുരുക്കിപ്പിടിച്ചശേഷം നാടുനീളെ കൊണ്ടുനടന്ന് വിറ്റുകാശാക്കുന്ന കഥകൾ സാധാരണമായിരിക്കുന്നു. സ്വാഭാവികമായ ഒരു സംശയം ഇവിടെ ഉണരുന്നു. ഈ പെൺകുട്ടികളെ കൈകാൽ ബന്ധിച്ച് ചാക്കിൽ കെട്ടിയല്ലല്ലോ കൊണ്ടുപോകുന്നത്. ഇവർക്ക് പ്രതിഷേധിച്ചുകൂടേ? ആരെയെങ്കിലും ഫോണിൽ വിളിച്ച് വിവരം പറഞ്ഞുകൂടായിരുന്നോ? ന്യായമായ സംശയമാണ്. പക്ഷേ, അതിനൊന്നും കഴിയില്ല എന്നതാണു യാഥാർത്ഥ്യം. ആരിൽനിന്നാണു സഹായം കിട്ടുക? അച്ഛൻ, മുത്തച്ഛൻ, സഹോദരൻ, ഭർത്താവ്, പോലീസ്, നിസ്സഹായയായ അമ്മ എല്ലാവരും പ്രതികളാണ്. ഇത്തരം അവസ്ഥയിൽ പെൺകുട്ടികൾക്ക് സഹായത്തിനായി വിളിക്കാവുന്ന നമ്പറുകൾ സർക്കാർതന്നെ നൽകിയിട്ടുണ്ടെന്ന് എത്രപേർക്കറിയാം.

1098 (കുട്ടികൾക്കും) 1091 (സ്ത്രീകൾക്കും) എന്നീ നമ്പറുകളാണ് പീഡനത്തിനിരയാവുന്നവർക്ക് സഹായത്തിനായി വിളിക്കാവുന്ന എമർജൻസി സർവ്വീസ് നമ്പറുകൾ. ഇതാർക്കും അറിയാത്തതിനാൽ വിളിക്കുന്നില്ലെന്നുമാത്രം. പലരും ഈ നമ്പരുകളെക്കുറിച്ച് കേട്ടിട്ടുപോലുമില്ല. പക്ഷേ, ഇവിടെ ഒരു കുഴപ്പമുണ്ട്. ഈ നമ്പരുകളിലേക്ക് ലാന്റ് ലൈൻ ടെലിഫോണിൽ നിന്നു മാത്രമേ വിളിക്കാനാവുകയുള്ളു. 1098 ബി.എസ്.എൻ.എൽ. മൊബൈലിൽനിന്നു വിളിക്കാനാവുന്നുണ്ട്, എന്നാൽ മറ്റു മൊബൈലുകളിൽനിന്ന് ഇതും സാധിക്കുന്നില്ല. ഭീതിയുടെ മുൾമുനയിൽ ഒരുസ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കു വിൽപ്പനച്ചരക്കായി കൊണ്ടുപോകപ്പെടുന്ന ഒരു പാവം പെൺകുട്ടിക്ക് ലാന്റ് ഫോൺ എപ്പോഴും കിട്ടിക്കൊള്ളണമെന്നില്ല. അതിനാൽ സർക്കാർ നൽകിയിട്ടുള്ള ഈ സേവനത്തിന്റെ പ്രയോജനം കിട്ടണമെങ്കിൽ എല്ലാ മൊബൈലിൽനിന്നും ഈ നമ്പറുകളിലേക്കു വിളിക്കാൻ സാധിക്കണം. 100 എന്ന എമർജൻസി നമ്പറിലേക്ക് ഏതു മൊബൈലിൽനിന്നും ലാന്റ് ലൈനിൽനിന്നും വിളിക്കാമല്ലോ, അതുപോലെ 1098, 1091 എന്നീ നമ്പറുകളിലേക്കും ഏതുഫോണിൽനിന്നും വിളിക്കാവുന്ന ജിയോഗ്രഫിക് റൂട്ടിംഗ് നൽകണം. ഇതിനുവേണ്ടി വരുന്ന ഐ.യു.സി. (ഇന്റർ കണക്ട് യൂസേജ് ചാർജ്ജ്) സർക്കാർ വഹിക്കുകയോ അതാതു ടെലിഫോൺ സേവനദാതാക്കളെക്കൊണ്ട് വഹിപ്പിക്കുകയോ ചെയ്യണം. ഇതു കൃത്യമായി നടന്നാൽ മാത്രമേ അത്യാവശ്യഘട്ടങ്ങളിൽ ഈ നമ്പറുകൾ പ്രയോജനപ്പെടുകയുള്ളു.

സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായി വളരെ അധികം നിയമങ്ങളുണ്ടെങ്കിലും കുറ്റകൃത്യങ്ങൾ പെരുകിത്തന്നെ വരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം '85വരെ ഓരോ പഞ്ചവത്സരപദ്ധതികളിലായി സ്ത്രീകളുടെ വളർച്ച മുൻനിർത്തി പല ഡിപ്പാർട്ടുമെന്റുകളുടെ കീഴിലായി 35 ഓളം സ്കീമുകൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടെന്ന് ഒരു ഗവ. റിപ്പോർട്ടിൽ കാണുന്നു. തുടർന്നും സ്കീമുകളും ഡിപ്പാർട്മെന്റുകളും എണ്ണത്തിലും വണ്ണത്തിലും അധികരിച്ചിട്ടുണ്ടാവും തീർച്ച. മാറിമാറി വരുന്ന സർക്കാരുകൾ ഈയിനത്തിൽ വളരെയധികം റവന്യൂ ചെലവിടുന്നുണ്ടെങ്കിലും എന്തുകാര്യം.



സ്ത്രീകളെ മനുഷ്യന്റെ ഗണത്തിൽ പെടുത്താൻ, അവർക്കീ നിയമങ്ങളും വകുപ്പുകളും സഹായിക്കുന്നില്ലെന്നത് ഖേദകരംതന്നെ.

ഇന്ന് സ്ത്രീകൾക്കെതിരെയുള്ള മിക്കവാറും കേസുകളിലും കുറ്റവാളികൾ രക്ഷപ്പെട്ടുപോവുകയാണ്. ആരെയും ശിക്ഷിക്കാത്തതുകൊണ്ടുതന്നെ കുറ്റകൃത്യങ്ങൾ പെരുകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. തെളിവുകളുടെ അഭാവമാണ് പ്രതികൾ രക്ഷപ്പെടാൻ കാരണം. എമർജൻസി നമ്പറുകളായ 1098, 1091 എന്നീ നമ്പറുകൾതന്നെ ഉപയോഗിച്ച് ശക്തമായ തെളിവുണ്ടാക്കാം. പ്രതികളെ ശിക്ഷിക്കാനും അതുവഴി കുറ്റകൃത്യങ്ങൾ കുറയ്ക്കാനും സാധിക്കും.

ഒരു 'ട്രാപ്പി'ൽ പെടുന്ന 'ഇര'യ്ക്ക് ഇന്നത്തെ ചുറ്റുപാടിൽ സഹായം കിട്ടുമെന്ന് ഉറപ്പുള്ള ഒരിടമില്ല. 1098, 1091 എന്നീ നമ്പറുകളുപയോഗിച്ച് വളരെ ലളിതമായിത്തന്നെ അപകടാവസ്ഥയിലുള്ള കുട്ടിക്ക് സഹായം കിട്ടുന്ന ഒരു സംവിധാനം ഉണ്ടാക്കാവുന്നതാണ്. രക്ഷപ്പെടാൻ ആഗ്രഹിക്കുന്ന 'ഇരയ്ക്ക്' എപ്പോഴെങ്കിലും പ്രതിയുടെ ഫോണിൽനിന്ന് 1098, 1091 എന്നീ നമ്പറുകളിലേതെങ്കിലും രഹസ്യമായി ഡയൽചെയ്യാൻ പറ്റിയാൽ ഹെൽപ്പ്ലൈൻ ഓഫീസിൽ 'കാൾ അറ്റൻഡു' ചെയ്യുന്ന സമയത്തുതന്നെ 'വോയ്സ്' (ഇരയുടെ ശബ്ദം), 'നമ്പർ' (പ്രതിയുടെ) 'സ്വിച്ചിംഗ് ടവർ' (സംഭവസ്ഥലം) എന്നിവ ഓട്ടോമാറ്റിക് ആയി റെക്കോർഡു ചെയ്യപ്പെടുന്നു. ഇത്രയും കാര്യങ്ങൾ തിരിച്ചറിയുന്നതിലൂടെ തെളിവുകൾക്കുവേണ്ടിയുള്ള കെട്ടുകാഴ്ചകൾ കുറയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്യാം. അതുകൊണ്ടുതന്നെ തുടർ പീഡനങ്ങളുടെ പേടി ഇരയിൽനിന്ന് ഒരു പരിധിവരെ ഒഴിവാക്കാം. പല സംഭവങ്ങളും കേസിലേക്ക് എത്താതിരിക്കുകയോ മൊഴിമാറ്റുകയോ ചെയ്യുന്നത് ഈ തുടർപീഡനങ്ങൾ മൂലമാണ്. എല്ലാംമറന്ന് ഒരു പുതിയ ജീവിതം ജീവിക്കാൻപോലും കേസുകൾ വിഘാതമാവാറുണ്ട്.

ഹെൽപ്പ്ലൈൻ നമ്പറുകൾ റെക്കോർഡുചെയ്യുന്നതുപോലെ പ്രധാനമാണ് ഹെൽപ്പ്ലൈൻ



ഓഫീസിൽ ഫോൺ എടുക്കുന്നയാൾ വിശ്വസിക്കാവുന്ന, വേണ്ടത്ര ട്രെയിനിങ്ങ് കിട്ടിയ, 'ഇരയെ' കേൾക്കാനും സാന്ത്വനത്തോടും ധൈര്യത്തോടും വേണ്ട നിർദ്ദേശം കൊടുക്കാനും പറ്റിയ ആളാണെന്ന് ഉറപ്പുവരുത്തുന്നത്. ഫോൺകാൾ വന്നയുടനെ പ്രതിയിൽനിന്ന് ഇരയെ എത്രയുംവേഗം വീണ്ടെടുക്കാനുള്ള നടപടികൾ എടുക്കുന്നതിലൂടെ പരിക്കുകൾ അത്രയും കുറയ്ക്കാൻ സാധിക്കും. അതായത് തുടർപ്രവർത്തനങ്ങൾക്ക് ഹെൽപ്പ്ലൈനിന്റെ വാക്കുകൾ അടിയന്തിരപ്രാധാന്യത്തോടെ ഏറ്റെടുക്കുന്ന ഒരു പോലീസ് സേനയും വേണം.

ഈ സംവിധാനം ശരിയായി നടക്കുന്നതിന് ചില കാര്യങ്ങൾകൂടി ചെയ്യേണ്ടതുണ്ട്. ഹെൽപ്പ്ലൈൻ നമ്പറുകൾ പൊതുജനങ്ങൾക്കറിയുന്നതിനും ഓർമ്മയിൽ നിൽക്കാനും വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നതിനുമായി വ്യാപകമായി പരസ്യം ചെയ്യണം. റെക്കോർഡിങ്ങ് കൂടുതൽ വിശ്വാസ്യതയോടെയാവാൻ രണ്ടുതലത്തിൽ കൊടുക്കാം – ഹെൽപ് ലൈൻ ഓഫീസിലും ടെലിഫോൺ എക്സ്ചേഞ്ചിലും. നിലവിലുള്ള നമ്പറുകൾ കൂടാതെ ഐ.വി.ആർ. എസ്സ്. സംവിധാനമുള്ള ഒരു നമ്പർ ഉദാ: '1800XX1091' കൂടി ഈ ആവശ്യത്തിലേക്ക് അനുവദിക്കണം. ഇവിടേയും റെക്കോർഡിംഗ് സംവിധാനം വേണം. അതായത് മറ്റു നമ്പറുകൾ ഏതെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിൽ – എടുക്കാനാളില്ലാതാവുകയോ ലൈൻ പ്രോബ്ലമോ എന്തായാലും സ്റ്റേറ്റടിസ്ഥാനത്തിൽ കേന്ദ്രീകൃതമായ ഒരു സ്ഥലത്ത് റെക്കോർഡിംഗ് ചെയ്യാൻ പറ്റുന്ന ഒരു സംവിധാനമാവണം ഈ ഐ.വി.ആർ.എസ്. നമ്പർ. ജിയോഗ്രാഫിക്കൽ റൂട്ടിങ്ങിന്റെ നൂലാമാലകൾ ഇല്ലാത്തതിനാൽ ലൈൻ പ്രോബ്ലം വിരളമായേ ഉണ്ടാവൂ. ഐ.വി.ആർ. എസ്സ്. നമ്പർ ഉടൻ സഹായത്തിനുപകാരപ്പെടില്ലെങ്കിലും അപകടവിവരം അറിയാനും തെളിവിനും ആയി ഉപയോഗിക്കാം.

വനിതാകമ്മീഷൻ ഒരുക്കിയ മെസ്സേജിംഗ് സംവിധാനം ഈ ആവശ്യത്തിന് ഉപയോഗിക്കാൻ പറ്റില്ല. കാരണം ലൈൻ തകരാറുണ്ടെങ്കിൽ മെസ്സേജ് 24 മണിക്കൂർവരെ 'മെസ്സേജ് സെർവർ' ഹോൾഡ് ചെയ്യുകയും ആ സമയത്തിനുള്ളിൽ ലൈൻ ക്ലിയർ ആയാൽ ഡെലിവറിയാവുകയും ചെയ്യും. അതായത് ഡെലിവറി റിപ്പോർട്ടു കിട്ടുന്നത് ഫോണിന്റെ ഉടമസ്ഥന്റെ കൈയിലാവാം. ഇത് കൂടുതൽ പ്രശ്നങ്ങൾക്കു വഴിവെക്കുകയും ചെയ്യും.

മുകളിൽ കൊടുത്തിരിക്കുന്ന

പ്രലോഭനങ്ങളിൽ വീഴാതിരിക്കൂ
പ്രഭചൊരിയട്ടെ പുഞ്ചിരിയെന്നും.




അത്യാവശ്യഘട്ടങ്ങളിൽ
സഹായത്തിന് HELP



1098 കുട്ടികൾക്ക്
1091 സ്ത്രീകൾക്ക്
1800XX1091

മാതൃകയിൽ ഈ നമ്പറുകളും ഒരു 'ലോഗോ'യും 'ക്യാപ്ഷനും' അടങ്ങിയ പരസ്യം എല്ലാ ദൃശ്യ/ശ്രവ്യ മാദ്ധ്യമങ്ങളിലും പത്രമാദ്ധ്യമങ്ങളിലും നിരത്തുകളിലും 'Trafic Signal Point' ലെ 'Elec. Display Board' കളിലും വേണ്ടത്ര പ്രാധാന്യത്തോടെ, ശ്രദ്ധിക്കപ്പെടുന്ന രീതിയിൽതന്നെ കൊടുക്കണം. കൂടാതെ വാടകയ്ക്ക് റൂമുകൾ കൊടുക്കുന്ന സ്ഥലങ്ങളിലെ 'Reception Counter' കളിലും ('ലിംഗപരിശോധന ഈ ആശുപത്രിയിൽ നടത്തുന്നതല്ല' എന്ന് എഴുതിവെക്കുന്നപോലെ) നിയമപരമായിത്തന്നെ ഈ പരസ്യം പ്രദർശിപ്പിക്കണം.

പരസ്യപ്രളയത്തിൽനിന്ന് വേർതിരിച്ചറിയാൻ ആകർഷണീയമായ ലോഗോ പിക്ചർ (ഉദാ: ഇന്ത്യൻ (ചിത്രം) പോസ്റ്റൽ) സഹായിക്കും. ക്യാപ്ഷൻ പ്രലോഭനങ്ങളിൽ പെട്ടുപോകുന്നവരെ (ഇരയെ) ഒരുനിമിഷം ചിന്തിപ്പിക്കാനും പുതിയ ഇരകൾ ഉണ്ടാവാതിരിക്കാനും നിഷ്കളങ്കതയുടെ പുഞ്ചിരി വാടാതിരിക്കാൻ ഞാൻ കാരണമാവാതിരിക്കട്ടെ എന്ന് കാരുണ്യത്തിന്റെ വറ്റാത്ത ഒരു കണമെങ്കിലും കുറ്റവാളിയിൽ അവശേഷിക്കുന്നുണ്ടെങ്കിൽ ഓർമ്മപ്പെടുത്താനും സഹായിക്കും. തുടക്കത്തിൽ സർക്കാരിന്റെ ചെലവിലോ ചാനലുകളുടെ സ്വന്തം ചെലവിൽ ഗവ. നിർദ്ദേശത്താലോ ഫുൾ സ്ക്രീൻ പരസ്യമായി വിവിധ സമയക്രമത്തിൽ എല്ലാ ചാനലുകളിലും

> ഒരു 'ട്രാപ്പി'ൽ പെടുന്ന 'ഇര'യ്ക്ക് ഇന്നത്തെ ചുറ്റുപാടിൽ സഹായം കിട്ടുമെന്ന് ഉറപ്പുള്ള ഒരിടമില്ല

പരസ്യം ചെയ്തശേഷം കുറച്ചുകാലത്തിനുശേഷം പരസ്യത്തിന്റെ സമയദൈർഘ്യവും വലിപ്പവും കുറയ്ക്കുകയും ആവാം.

ഇതോടൊപ്പം സ്കൂളുകളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിലും 'ആവലാതിപ്പെട്ടികൾ' സ്ഥാപിക്കുകയും പെട്ടിയിലെ പരാതികൾ പൊതുജനസമ്മതിയുള്ള ആളുകൾ, കൗൺസിലേഴ്സ്, പോലീസ് ഇവരുടെ സഹകരണത്തോടെ പരിഹരിക്കാൻ ശ്രമിക്കുകയും വേണം. സ്കൂൾകുട്ടികൾക്കും ഓട്ടോ/ടാക്സി/ബസ്സ് ജീവനക്കാർക്കും പ്രത്യേകം പ്രത്യേകമായി നിരന്തരമായ ക്ലാസ്സുകൾ കൊടുക്കണം. സിലബസ്സിന്റെ ഭാഗമായിത്തന്നെ ജെന്റർ സ്റ്റഡിയും ലൈംഗികവിദ്യാഭ്യാസവും ചെറിയ ക്ലാസ്സുമുതൽ കോളേജുവരെ പഠിപ്പിക്കണം.

കൂടാതെ അദ്ധ്യാപകർക്കും പേരന്റ്സിനും ഒരുമിച്ചുതന്നെ ക്ലാസ്സുകൊടുക്കേണ്ടതും നമ്മുടെ കുട്ടികൾ നല്ലവരായിരിക്കാൻ നമ്മൾ റോൾമോഡൽ ആവാനുള്ള ശ്രമം നടത്തണമെന്നവർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കേണ്ടതുമാണ്. പലരും ചെയ്യുന്നത് കുട്ടി ആവശ്യപ്പെടുന്നതെന്തും വാങ്ങിക്കൊടുത്തശേഷം നിർലോഭം ഉപദേശങ്ങൾ ചൊരിയുകയാണ്. കേൾവിയെക്കാളുപരി കാഴ്ചയിൽനിന്നും അനുഭവങ്ങളിൽനിന്നുമാണ് കുട്ടികൾ കാര്യങ്ങൾ ഗ്രഹിക്കുന്നതെന്ന് അവർ മറന്നുപോകുന്നു. തങ്ങളുടെ ആർഭാടം കുട്ടികളിൽ കോരിനിറയ്ക്കാതിരിക്കാനും ലളിതമായി ജീവിക്കാൻ പ്രേരിപ്പിക്കുന്നതും മൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നതുമാവണം ക്ലാസ്സുകൾ.

മുകളിൽ വിവരിച്ച കാര്യങ്ങൾ മുഴുവനും ഒരു പാക്കേജായി നടപ്പാക്കിയാലേ വിജയിക്കൂ. എത്രയും പെട്ടെന്ന്, കൈവിട്ട സ്ഥിതിയിലായ ഈ പ്രശ്നം പരമാവധി തീവ്രതയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ കാര്യങ്ങൾ ഇതിലും വഷളാവും. ലോകത്തിന്റെ മുമ്പിൽ ദൈവത്തിന്റെ സ്വന്തം നാടിന് പേരുമാറ്റി 'അപമാനത്തിന്റെ സ്വന്തം നാട്' എന്ന പേരിലേക്കു മാറാം. സാമൂഹ്യസുരക്ഷിതത്വത്തിനും ഭരണഘടന വാഗ്ദാനം ചെയ്യുന്ന സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും അടിയന്തിരപ്രാധാന്യത്തോടെ ഇത്രയെങ്കിലും ചെയ്തില്ലെങ്കിൽ ഈ കുഞ്ഞുങ്ങളുടേയും അമ്മമാരുടേയും കണ്ണീരുവീണ് ഈ ഭൂമി ഉരുകി ഇല്ലാതെയാവും. ■


## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽനിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ)

## സംഘടിത മാസിക

### വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |

**വിദേശത്തേക്ക്**

| | |
|---|---|
| ഒറ്റപ്രതി | : 100 രൂപ |
| വാർഷിക വരിസംഖ്യ | : 1000 രൂപ |

ഫീച്ചർ

# ജയിൽപക്ഷികൾ



റിമ്പിൾ മേഹ്ത്ത

(**Phd** ഗവേഷക, ജാദവ്പൂർ യൂണിവേഴ്സിറ്റി, കൊൽക്കത്ത, ബംഗാൾ)

*ജാദവ്പൂർ യൂണിവേഴ്സിറ്റിയിലെ ഗവേഷണവിദ്യാർത്ഥിനിയാണ് റിമ്പിൾമേഹ്ത്ത. നിയമാനുസൃതമല്ലാതെ ഇന്തോ-ബംഗ്ലാദേശ് അതിർത്തി ലംഘിച്ച് ഇന്ത്യയിൽ തടവുകാരികളാക്കപ്പെട്ട ബംഗ്ലാദേശ് സ്ത്രീകളെക്കുറിച്ചാണ് പഠനം നടത്തുന്നത്. ഈ സ്ത്രീകൾ അതിർത്തി ലംഘിക്കുന്നത്, അതിർത്തിയാണ് എന്നറിയാതെയും പലവിധ കൊച്ചുമോഹങ്ങളുമായാണ്. പലപ്പോഴും ഒറ്റനേരമെങ്കിലും ലഭിച്ചേക്കാവുന്ന ഭക്ഷണത്തിനുവേണ്ടിയാകും അത്. ഇവരിൽ ഒട്ടുമിക്കവരും ഭർത്താവോ കുഞ്ഞുങ്ങളോ കുടുംബമോ കൂടെയില്ലാതെ തനിയെയാണ് അതിർത്തി കടക്കുക. മേഹ്ത്തയുടെ അന്വേഷണം ഈ ബംഗളാസ്ത്രീകളുടെ ജീവിതത്തെക്കുറിച്ചാണ്. ക്രിമിനൽ നീതിന്യായവ്യവസ്ഥയുമായി ഇവരിടപെടുന്നതെങ്ങനെ, ഇവർ ഭരണകൂടത്തിനുണ്ടാക്കുന്ന വെല്ലുവിളികൾ, നീതിന്യായവ്യവസ്ഥയെക്കുറിച്ചുള്ള ഇവരുടെ അറിവും അറിവില്ലായ്മയും വ്യാഖ്യാനങ്ങളും ഇവയെല്ലാം പഠനവിഷയത്തിലുൾപ്പെടും. ഈ ബംഗ്ലാദേശ് സ്ത്രീകളെ സംബന്ധിച്ചിടത്തോളം പാതിവ്രത്യം എന്നത് അവരുടെ കുടുംബത്തിനും സമുദായത്തിനും ദേശത്തിനും എന്താണെന്നുകൂടി ഗവേഷക അന്വേഷിക്കുന്നു.*

**ചുട്ടുപൊള്ളുന്ന** ഒരു വേനൽക്കാലസായാഹ്നത്തിൽ കൊൽക്കത്തയിലെ തകിട്മേൽക്കൂരകളുള്ള സ്ത്രീകളുടെ ജയിലിലേക്ക് ഞാൻ നടന്നു. പെൺജയിലിന് 'തെറ്റുതിരുത്തുന്ന വീട്' എന്നാണു പേര്. 'ഐ. സി. ഡി. എസ്. മുറി' എന്നു പേരിട്ട ഇടത്തിൽ രാവിലെ കുട്ടികൾക്കായുള്ള സമഗ്രവികസനപദ്ധതിയിലെ ജോലിക്കാർ വന്ന് ഗർഭിണികളേയും കുഞ്ഞുങ്ങളേയും ശുശ്രൂഷക്കാരേയും പരിശോധിച്ചു പോകും. അവർ അന്നന്നത്തെ പണി തീർത്തുപോയാൽ ഞാൻ എന്റെ അക്കാദമികഗവേഷണത്തിന്റെ ഭാഗമായി ബംഗ്ലാദേശികളായ പെൺതടവുകാരെ ഇന്റർവ്യൂ ചെയ്യാൻ വരും. തടവുകാരെല്ലാംതന്നെ നിയമവിരുദ്ധമായി ഇന്തോ-ബംഗ്ലാദേശ് അതിർത്തികടന്ന് ഇന്ത്യയിലെത്തി പിടിക്കപ്പെട്ടവരാണ്. മുറിയിൽ ഡാൻസ്ക്ലാസോ മറ്റെന്തെങ്കിലും പ്രവൃത്തികളോ നടക്കുന്നുണ്ടെങ്കിൽ ഞങ്ങൾ ചിലപ്പോഴൊരുമൂലയിൽ ഇരിക്കും. അതൊഴിച്ചാൽ ആ മുറിയാകെ ഒരു ഒഴിഞ്ഞ ഇടമാണ്. അതിന്റെ അങ്ങേതലയ്ക്കൽ ഒരു സരസ്വതീവിഗ്രഹവും ഒരു മേശയും ബഞ്ചും രണ്ടു കസേരകളും ചില പെയിന്റിംഗുകളും തൂങ്ങുന്നുണ്ട്. ചിത്രങ്ങൾ അന്തേവാസികളിൽ ചിലർ വരച്ചതാണ്. കഴിഞ്ഞ ഡിസംബർ മുതൽ എല്ലാ ഒന്നരാടൻദിവസങ്ങളിലും ഞാനെന്റെ ഗവേഷണ പങ്കാളികളെ കാണാൻ വരാറുണ്ട്. ഇന്ന് എനിക്കു കാണേണ്ടിയിരുന്ന അഞ്ചുസ്ത്രീകളും വളരെ ഉത്സാഹത്തിലായിരുന്നു. അവരുടെ ഇടയിലെ ഒരു അന്തേവാസി അന്നൊരു പെൺകുട്ടിക്ക് ജന്മംനൽകിയ ദിവസമായിരുന്നു അത്.



ഞാൻ പെൺകുട്ടികളോടൊപ്പം കൂടി. അല്പംകഴിഞ്ഞ് അവർ ഓരോരുത്തരായി പുറത്തിറങ്ങാൻ തുടങ്ങി. ഹസീനയും സലേഹയും മാത്രം അവിടെ തങ്ങിനിന്നു. 24 വയസ്സുള്ള ഒരു വിധവയാണ് സലേഹ, അവളുടെ കേസ്സ് വാദം കേട്ടുകൊണ്ടിരിക്കുന്നു കോടതിയിൽ. അവൾ പൊതുവെ ഏറെ സംസാരിക്കാത്ത പ്രകൃതക്കാരി. എന്നാൽ, ഇന്നവൾക്ക് കോടതിയിൽ നടന്ന ഒരു സംഭവത്തെക്കുറിച്ച് എന്തോ പറയാനുണ്ട്. ''ഞാൻ കോടതിയിൽ പോകുമ്പോൾ എന്നെത്തന്നെ നോക്കിയിരിക്കുന്ന രണ്ടു പയ്യന്മാരുണ്ട്.'' അവൾ തുടങ്ങി, ''അവർക്കെപ്പോഴും അതേദിവസംതന്നെയാണ് വാദം. അതിനാൽ ഞങ്ങൾ ലോക്കപ്പിൽവെച്ച് കണ്ടുമുട്ടും. അവർ എന്റെ ശ്രദ്ധയാകർഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. എനിക്കിത്തരം കാര്യങ്ങളിൽ താത്പര്യമില്ലാത്തതിനാൽ ഞാൻ കാര്യമാക്കാറില്ല.''

കോടതിയിലെത്തുന്ന സ്ത്രീകളും പുരുഷന്മാരും ശൃംഗരിക്കുന്നതിനെക്കുറിച്ച് ഈ പെൺകുട്ടികൾ പലപ്പോഴും വർണ്ണിക്കാറുണ്ട്. എന്നാലത് പരസ്പരം കൈമാറുന്ന നോട്ടങ്ങളിലും പുഞ്ചിരികളിലും കവിഞ്ഞൊന്നുമാവാറില്ല. പക്ഷേ, ഇത്തവണ സലേഹയെ ഇഷ്ടപ്പെടുന്ന പുരുഷൻ അക്രമാസക്തനായി. പയ്യൻ അവന്റെ തല ലോക്കപ്പിന്റെ ചുമരിലിട്ടടിച്ചു. ചോര



ധാരയായി ഒഴുകാൻ തുടങ്ങി. കാവൽക്കാർ അവനെ ആശുപത്രിയിലേക്കു കൊണ്ടുപോയി. അയാൾ തലയിലെ മുറിവ് വെച്ചുകെട്ടി തിരിച്ചുവന്നപ്പോൾ ജയിൽജോലിക്കാർ അയാൾക്ക് കുറച്ചു ബിസ്കറ്റു നൽകി. അതയാൾ നിശ്ശബ്ദം സലേഹയുടെ മടിയിൽ വെച്ചുകൊടുത്തിട്ട് പുറത്തേക്കു പോയി. അയാളുടെ സുഹൃത്ത് അവളോടു ചോദിച്ചു, അയാൾ തല ചുമരിലിട്ടിടിച്ചതെന്തിനെന്നറിയാമോ എന്ന്. എന്നിട്ട് സുഹൃത്ത് പറഞ്ഞു, "അതയാൾ ചെയ്തത് നിനക്കുവേണ്ടിയാണ്, നിന്നെ എത്രമാത്രം അവൻ സ്നേഹിക്കുന്നുവെന്ന് അറിയിക്കാൻ."

''അക്കാണിച്ചത് വെറും വിഡ്ഢിത്തമാണെന്ന് ഞാൻ അയാളോടു പറഞ്ഞു" സലേഹ അറിയിച്ചു. ആ സംഭവം അവൾക്ക് വിവരണാതീതമായിത്തോന്നി. ഇപ്പോഴവൾക്കറിയേണ്ടിയിരുന്നത് അവൻ ചെയ്തത് ശരിയായിരുന്നോ എന്നാണ്. അയാളുടെ ഇഷ്ടത്തോട് താൻ അനുഭാവം കാണിക്കണമായിരുന്നുവോ എന്നവൾ സന്ദേഹിച്ചു.

ഞാനവളോടു പറഞ്ഞു, "ഈ ഭ്രമമെല്ലാം താത്ക്കാലികം മാത്രമാണ്. നിങ്ങളെല്ലാം ബംഗാളദേശത്തിലേക്കു തിരിച്ചുപോകേണ്ടിവരുമല്ലോ." അതേവരെ നിശ്ശബ്ദയായിരിക്കുകയായിരുന്ന ഹസീന പെട്ടെന്ന് ചോദിച്ചു, "ജയിലിനകത്തെ പ്രേമമെല്ലാം അവിടെ ത്തന്നെ അവസാനിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?"

എന്റെ ഗവേഷണത്തിന്റെ തുടക്കത്തിൽ അവ്യക്തമായ ഇക്കാര്യത്തിൽ ഞാൻ സംശയാലുവായിരുന്നു. 1946-ലെ വിദേശികൾക്കായുള്ള നിയമമനുസരിച്ച് ഈ ബംഗ്ലാദേശിപെൺകുട്ടികൾ ഇന്ത്യൻ നിയമവ്യവസ്ഥയോട് ഇടപെടുന്നതെങ്ങനെയെന്നും ഇന്ത്യൻ അതിർത്തി കടക്കുന്നതെങ്ങനെയെന്നും എന്താണവരുടെ ജീവിതകഥയെന്നും ഈ "തെറ്റുതിരുത്തുന്ന വീട്ടി"ലെ അവരുടെ അനുഭവങ്ങളെന്തൊക്കെയെന്നും അന്വേഷിക്കുകയായിരുന്നു ഞാൻ. ഏറെ വൈകാതെ തന്നെ എന്റെ സുനിശ്ചിതമായ പദ്ധതിക്കുള്ളിൽ നിന്നുകൊണ്ടല്ല അവർ സ്വന്തം ജീവിതത്തെക്കുറിച്ച് സംസാരിക്കുവാൻ ആഗ്രഹിക്കുന്നത് എന്നെനിക്കു വ്യക്തമായി. പ്രേമം അഥവാ പ്രണയം എന്ന വിഷയം തുടർച്ചയായി അവരുടെ സംസാരത്തിൽ വന്നുകൊണ്ടിരുന്നു. വിദേശരാജ്യത്തെ തടവുപുള്ളികളാകയാൽ, അവർ സംസാരിക്കുന്ന പ്രണയവും ജയിൽചുമരുകൾക്കുള്ളിൽ അവരുണ്ടാക്കുന്ന കാല്പനികബന്ധങ്ങളും തടവുജീവിതത്തെ സഹ്യമാക്കാനുള്ള ഉപാധികളായിരുന്നു. അവരുടെ വൈകാരികാവശ്യങ്ങളുടെ വെളിവാക്കലുകളും അവർ സ്വന്തം നാട്ടിൽ വിട്ടേച്ചുവന്ന സ്നേഹബന്ധങ്ങൾ അനുകരിക്കാനുള്ള ആഗ്രഹവുമായിരുന്നു. ഞാനതിനെ ഗൗരവമായെടുക്കാത്തതിൽ ഹസീന എന്നോട് ശുണ്ഠിയെടുക്കുംവരെ ജയിലിലെ പ്രേമം അവർക്കെത്രമാത്രം അർത്ഥവത്താണെന്ന് ഞാൻ ശ്രദ്ധിച്ചില്ല. വീണ്ടും അവർ പറഞ്ഞ കഥകളിലേക്ക് തിരിച്ചുപോയപ്പോഴാണ് ഞാനെന്താണ് അവഗണിച്ചുകൊണ്ടിരുന്നത് എന്ന് എനിക്കു മനസ്സിലായത്.

കഴിഞ്ഞ ചില വർഷങ്ങൾക്കിടയ്ക്ക് ഞാൻ നിരവധി ബംഗ്ലാദേശിസ്ത്രീകളോട് സംസാരിച്ചു. മിക്കവരും ചെറുപ്പത്തിലേ കല്യാണം കഴിഞ്ഞവരോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരോ കുടുംബം വിട്ടുപോന്നവരോ അല്പകാലംകഴിഞ്ഞ് കുടുംബത്തിലേക്ക് തിരിച്ചുപോകാൻ തീരുമാനിച്ചവരോ ആയിരുന്നു. കുറെക്കൂടി മെച്ചപ്പെട്ട ഒരു ജീവിതമാഗ്രഹിച്ചാണ് അവർ ഇന്ത്യയിലെത്തിയത്. പലരും വീട്ടുവേലയെടുക്കാൻ തയ്യാറായിരുന്നു. ഇന്ത്യനതിർത്തി കടക്കാനുള്ള ചെലവ് 3000 ധാക്ക, അഥവാ 1900 രൂപയാണ്. അതൊരു ദല്ലാളിനെ ഏൽപ്പിക്കണം. മതിയായ രേഖകൾ ഇല്ലാതെ ഇന്ത്യനതിർത്തി കടക്കുന്നത് നിയമവിരുദ്ധമാണെന്നോ അറസ്റ്റ് ചെയ്യപ്പെടുമെന്നോ ദല്ലാൾ സെക്സ്ട്രാഫിക്കിങ്ങിലെ കണ്ണിയിൽപെട്ട ആളാണെന്നോ തങ്ങളെ സെക്സ്വർക്കിനായി വിൽക്കുമെന്നോ അവർക്കറിയുമായിരുന്നില്ല. ഇന്ത്യൻമണ്ണിലെത്തുമ്പോഴാണ് അവർക്കിതെല്ലാം മനസ്സിലാവുന്നതുതന്നെ.

ഹസീനയ്ക്ക് സംഭവിച്ചതു നോക്കൂ; വെറും രണ്ടുവർഷംമുമ്പ് സന്തോഷരഹിതമായ ഒരു ദാമ്പത്യത്തിൽനിന്നു ഹസീന പുറത്തുവന്നു. ഒരു പരിചയക്കാരൻ അവൾക്ക് ഇന്ത്യയിൽനിന്ന് ബംഗ്ലാദേശിലേക്ക് തുണികൾ കടത്തുന്ന പണി തരപ്പെടുത്താമെന്നേറ്റു. അങ്ങനെ അവൾ വന്നു. ഇന്ത്യയിലെത്തിയപ്പോഴാണ് താൻ വിഡ്ഢിയാക്കപ്പെട്ടു എന്നവൾ അറിയുന്നത്. അവൾ കൊൽക്കത്തയിലെ ഒരു വേശ്യാലയത്തിലേക്ക് വില്ക്കപ്പെട്ടു. ഒന്നരമാസത്തിനുശേഷം അവിടെനിന്നുമവൾ അറസ്റ്റുചെയ്യപ്പെട്ടു. അന്നവൾക്ക് പ്രായം 21 വയസ്സുമാത്രം. ജയിലിൽ പൊരുത്തപ്പെടാൻ ആദ്യമൊക്കെ

അവൾ നന്നെ വിഷമിച്ചു. ക്രമേണ കാര്യങ്ങളുടെ കിടപ്പ് അവൾക്കു പിടികിട്ടിത്തുടങ്ങി. സ്വന്തം തന്റേടം അവൾ ഉപയോഗിച്ചുതുടങ്ങി. ജയിലിലെ ജോലിക്കാർ അവളെ ഇഷ്ടപ്പെട്ടു. സഹതടവുകാർ ബഹുമാനിച്ചു. കൊച്ചുകൊച്ചുകാര്യങ്ങളിലൂടെ അവൾ ജീവിക്കാനുള്ള ഊർജ്ജം കണ്ടെത്തിക്കൊണ്ടിരുന്നു. എപ്പോഴുമവൾ കൃത്യമായും വൃത്തിയായും വസ്ത്രം ധരിച്ചു; സൽവാർകമ്മീസിനു യോജിച്ച ദുപ്പട്ട തെരഞ്ഞെടുത്തു, ഇടയ്ക്കൊക്കെ പൊട്ടുതൊട്ടു. അപ്പോൾ അവളുടെ സഹതടവുകാരികൾ കോടതിയിൽ പോകുമ്പോഴോ ജയിലിൽനിന്നു വിടുതി കിട്ടുമ്പോഴോ ധരിക്കാനായി നല്ലവസ്ത്രങ്ങൾ കരുതിവെച്ച് കിട്ടുന്നതെന്തും ജയിലിൽവെച്ച് ധരിക്കുമായിരുന്നു. ഐസിഡിഎസ് മുറിയിലെ ഞങ്ങളുടെ പല സംഭാഷണവേളകളിലും ഹസീന അവരുടെ ഭൂതകാലം മറക്കാൻ ശ്രമിച്ചു. ആൺതടവുകാരെക്കുറിച്ച് പൊടിപ്പും തൊങ്ങലുംവെച്ച് ആവേശത്തോടെ സംസാരിച്ചു. അവളുടെ നിരവധി 'കാമുകന്മാരെ'ക്കുറിച്ച് പലപ്പോഴും തമാശ പറഞ്ഞു.

ഞാൻ ജയിലിൽ കണ്ടുസംസാരിച്ചുകൊണ്ടിരുന്ന നാല്പതോളം തടവുകാരികളിൽ, ഹസീനയുൾപ്പെടെ വിരലിലെണ്ണാവുന്നവരുമായി എനിക്ക് വിശ്വസ്തമായ സൗഹൃദമുണ്ടായിരുന്നു. അതവരുടെ ഗൗരവതരമായല്ലാതെ സംസാരിക്കുന്ന പ്രണയത്തെ കേൾക്കുന്നതിലൂടെ വളർന്നു. ഞങ്ങൾക്കിടയിൽ സംസാരം ആരംഭിക്കാനുള്ള ഉപാധിയായിരുന്നു പ്രണയം പലപ്പോഴും; പ്രത്യേകിച്ച് എന്നെക്കുറിച്ച് കൂടുതൽ അറിയാൻ അവർ താത്പര്യപ്പെട്ടപ്പോൾ. ഒരിക്കൽ നാലു പെൺകുട്ടികളും ജയിൽ വാർഡനും ഒരുമിച്ച് ഞാൻ സംഭാഷണത്തിനിരുന്നു. ജയിലിൽവെച്ച് പ്രണയത്തെക്കുറിച്ചവർക്കെങ്ങനെ ചിന്തിക്കാൻ കഴിയുന്നുവെന്ന് വാർഡൻ അത്ഭുതംകൂറി. ശ്വാസംമുട്ടിക്കുന്ന ജയിൽചുറ്റുപാടുകളിൽ പ്രണയത്തിലായിരിക്കുക എന്നത് ഒരുതരം സന്തോഷമാണ്, ചിലപ്പോൾ ഒരു സൗകര്യവും. "എത്രത്തോളം വേദനിക്കുന്നുണ്ടോ അത്രത്തോളം ചിരിയും ആവശ്യമാണ്. ചില്ലറ നേരമ്പോക്കുകൾ ഇല്ലെങ്കിൽ ഞങ്ങളപ്പാടെ തകർന്നുപോകും." ഹസീന പറഞ്ഞു.

> വിദേശരാജ്യത്തെ തടവുപുള്ളികളാകയാൽ, അവർ സംസാരിക്കുന്ന പ്രണയവും ജയിൽചുമരുകൾക്കുള്ളിൽ അവരുണ്ടാക്കുന്ന കാല്പനികബന്ധങ്ങളും തടവുജീവിതത്തെ സഹ്യമാക്കാനുള്ള ഉപാധികളായിരുന്നു

മറ്റൊരിക്കൽ 19 വയസ്സുള്ള മൗമിത അവളുടെ പ്രണയം ജയിലിലെ ദൈനംദിന നൈരന്തര്യങ്ങളെ ആവേശഭരിതമാക്കിയതിനെക്കുറിച്ച് പറഞ്ഞു. ഹിന്ദുവായ അവൾ ഭബൈ എന്ന മുസ്ലീം തടവുപുള്ളിയുമായി പ്രേമത്തിലായി. അവരുടെ വിചാരണദിനങ്ങൾ പലപ്പോഴും കൂട്ടിമുട്ടി. അയാളവൾക്ക് ആഹാരം വാഗ്ദാനം ചെയ്തു. പക്ഷേ, അവളത് നിരസിച്ചു. ഒരു മുസ്ലീമിന്റെ പക്കൽനിന്നും ആഹാരം വാങ്ങിത്തിന്നാൽ അവളുടെ കുടുംബം സഹിക്കില്ല. എന്നാലവൾ അത്തരം കണ്ടുമുട്ടലുകളെക്കുറിച്ച് ആവേശത്തോടെ സംസാരിച്ചു.

സ്ത്രീകൾ താമസിക്കുന്ന ഈ ജയിലിൽ അവർക്കും പുരുഷന്മാർക്കും പ്രത്യേക വാർഡുകൾ ഉണ്ട്. പ്രണയിതാക്കൾ പരസ്പരം തെരഞ്ഞെടുക്കുന്നത് നിശ്ശബ്ദമായാണ്.-വാക്കുകളില്ല, കടാക്ഷങ്ങളേ ഉള്ളൂ, കണ്ണടിക്കലും പുഞ്ചിരിയുമേ ഉള്ളു. രാവിലെതോറും ആൺതടവുകാരെ പൂന്തോട്ടം വൃത്തിയാക്കുവാൻ വിടും. പുല്ലിനിടയിൽ പ്ലാവുണ്ടാക്കുന്ന ഒരു ഉരത്ത ഒഴിവ്, ഒരു മൈലാഞ്ചിച്ചെടി, പൊട്ടിയ ഊഞ്ഞാൽ, ഉരസിയിറങ്ങാനുള്ള പലക ഇവയിൽ ചിലത് അലക്കിയ തുണികൾ ആറയിടാനുള്ള ഇടമായി മാറും. സ്ത്രീകൾക്കീ പ്രഭാതങ്ങൾ പ്രതീക്ഷാനിർഭരമാണ്. ചിലർ സെല്ലിൽനിന്ന് പൂന്തോട്ടത്തിലേക്ക് നോക്കിയിരിക്കും, ആൺതടവുകാരുമായി കൺകോർക്കും, കടാക്ഷങ്ങൾ കൈമാറും. ഒരു ആൺതടവുകാരന് ഏതെങ്കിലും സ്ത്രീയെ ഇഷ്ടമായാൽ അയാൾ പെൺതടവുകാരുടെ സെല്ലുകൾ വൃത്തിയാക്കാനോ ഭക്ഷണമെത്തിക്കാനോ വരുന്ന തടവുകാരൻ മുഖാന്തിരം അതറിയിക്കും. അടുപ്പമുള്ള ജയിൽപോലീസുവഴിയും ചിലപ്പോൾ ദൂത് പോകും; കത്ത് കൈമാറും. കത്തുകൈമാറാനുള്ള മറ്റൊരു വഴി പൂന്തോട്ടത്തിൽ വെക്കുകയാണ്, ഇത് പൂന്തോട്ടപ്പണിക്കാർക്കുമാത്രമേ കഴിയൂ. പുരുഷന്മാർ പണിനിർത്തിപ്പോയാൽ സ്ത്രീകൾക്ക് പൂന്തോട്ടത്തിൽ പോകാൻ അനുമതിയുണ്ട്. അവരും ഇതേ ശൃംഖല വഴി കത്തു കൈമാറും.

സന്ദർശകരുള്ള ദിവസമാണെങ്കിൽ അവരാ സന്ദർഭമുപയോഗിച്ച് 'ഇന്റർവ്യൂമുറി'യിലേക്കു നടക്കും. ഡ്യൂട്ടിയിലുള്ളതോ ചുറ്റിക്കറങ്ങിനടക്കുന്നതോ ആയ ആൺതടവുകാരോട് സംസാരിക്കാനായാണീ നടത്തം. ജയിലിലെ ആഘോഷവേളകളിലും എന്തെങ്കിലും കളികൾ നടക്കുമ്പോഴും ആൺ-പെൺ ഭേദമെന്യേ തടവുകാർക്ക് സംസാരിക്കാം. ചില സ്ത്രീ-പുരുഷന്മാർ പരസ്പരം സംസാരിച്ചിട്ടേ ഉണ്ടാവില്ല. എന്നിരുന്നാലും ഓരോ പെൺകുട്ടിയും അവളുടെ 'ലൗസ്റ്റോറി' യെക്കുറിച്ച് വാചാലയാകും, വാദിക്കും. ആരെങ്കിലും പരിഹസിച്ചാൽ അവൾക്ക് സങ്കടം വരും. ജയിൽജീവനക്കാർക്കിതൊക്കെ അറിയാമെന്നു തോന്നുമെങ്കിലും പെൺകുട്ടികൾ ആൺതടവുകാരുമായി രഹസ്യമായാണ് സംവദിക്കുക. ഇടയ്ക്കിടെ അവർ കത്തുകളെല്ലാം കീറിക്കളഞ്ഞ് നശിപ്പിക്കും. ജയിലധികൃതർ വാർഡുകളിൽ അപ്രതീക്ഷിത തിരച്ചിലുകൾ നടത്തുമ്പോൾ പിടിക്കപ്പെടാതിരിക്കാനാണീ മുൻകരുതൽ. ചിലപ്പോൾ കത്തോടെ പിടിക്കപ്പെട്ടാൽ നടക്കുന്ന ചോദ്യംചെയ്യൽ വലിയ നാണക്കേടാണുണ്ടാക്കുക. ആ ചോദ്യംചെയ്യൽ ആൺതടവുകാരിലേക്കുകൂടി നീളും.

ജയിലിലെ ഒരു മെഡിക്കൽ ഓഫീസർ സ്ത്രീകളെങ്ങനെയാണ്

ആൺതടവുകാരുമായി സംസാരിക്കാൻ അവസരമുണ്ടാക്കുകയെന്ന് നിരീക്ഷിക്കുന്നതിങ്ങനെ, "20-22 വയസ്സു പ്രായംവരുന്ന പെൺകുട്ടികളെ ജയിലിലടച്ചാൽ നിങ്ങൾ പിന്നെ എന്താണു പ്രതീക്ഷിക്കുക? പുരുഷന്മാർ കെട്ടിടത്തിന്റെ മുകളിൽകയറി വാർഡുകളിലേക്ക് ഒളിഞ്ഞുനോക്കാൻ ശ്രമിക്കും. ചിലപ്പോൾ സ്ത്രീകൾ മേലുവേദനയോ മറ്റെന്തെങ്കിലും രോഗങ്ങളോ ഉണ്ടെന്നു നടിക്കും. ആശുപത്രിയിലെത്തിയാൽ നിരവധി പുരുഷന്മാരെ കാണാനാവുമെന്ന് അവർക്കറിയാം."

ഇങ്ങനെയുള്ള ജയിലിൽവെച്ചാണ് കൊലപാതകം നടത്തി ജീവപര്യന്തക്കാരനായി എത്തിയ "എം" നെ ഹസീന കണ്ടുമുട്ടിയത്. അയാൾക്ക് ജയിലിലെ റെക്കോർഡുകൾ സൂക്ഷിക്കുന്ന ഗുമസ്തന്റെ ചുമതലയുണ്ടായിരുന്നു. അവൾ ഒരിക്കലും അയാളുടെ പേരു പറഞ്ഞില്ല, എന്നാലയാളുടെ പേരിന്റെ ആദ്യാക്ഷരം തന്റേതിനോടു ചെർത്ത് അവൾ കൈത്തണ്ടയിൽ അവിദഗ്ദ്ധമായി പച്ചകുത്തിയിട്ടുണ്ട്; "എച്ച്+ എം." അയാൾക്ക് ജയിലിലെ ഔദ്യോഗികകാര്യങ്ങൾ ചെയ്യേണ്ടിയിരുന്നതുകൊണ്ട് അവളെപ്പോഴാണ് "ഇന്റർവ്യൂമുറി"യിൽ വരുന്നത് എന്നറിയാം. അവളെ കാണാൻവരുന്ന ഏക സന്ദർശക വേശ്യാലയത്തിൽ അവൾ കണ്ടുമുട്ടിയ ഒരു ചങ്ങാതിയും അവരുടെ ഭർത്താവുമാണ്. ഈ മുറിക്ക് പുറത്തുവെച്ച് 'എം' ഹസീനയെ കാണും. ജയിൽജോലിക്കാരുടെ മുമ്പിൽവെച്ചുതന്നെ അയാളോടു സംസാരിക്കുന്നുണ്ടെന്ന് അവൾ പറയുന്നു. ''ഞാനൊരിക്കലും ഒന്നും രഹസ്യമായി ചെയ്യാറില്ല."

ജൂൺമാസമായപ്പോൾ 'തെറ്റുതിരുത്തുന്ന വീട്ടിൽ' നിന്നും ബംഗ്ലാദേശികളായ സ്ത്രീകൾ എല്ലാവരേയും പെൺജയിലിലേക്കു മാറ്റി. അന്നുമുതൽ 'എം'നെക്കുറിച്ചൊന്നുംതന്നെ ഹസീനയ്ക്ക് അറിയില്ല. എന്നാൽ മറ്റു പെൺതടവുകാർക്ക് രണ്ടാഴ്ചതോറുമുള്ള കോടതിയാത്രയിൽ അവരുടെ പുരുഷന്മാരെ കാണാൻ അവസരമുണ്ടായി. കോടതിയിലെ ലോക്കപ്പ്മുറി മിക്കപ്പോഴും ഇടിഞ്ഞുപൊളിഞ്ഞതും ആണുങ്ങളുടേതുമായ ഒരിടമായിരിക്കും. അതിനുപുറത്തുള്ള ഇത്തിരിവട്ടത്തിൽ പെൺതടവുകാർ ബെഞ്ചിലും കസേരയിലുമായി ഇരിക്കും. പുരുഷന്മാർക്ക് സ്ത്രീകളെ കാണാൻകഴിയാത്തവിധമാണ് സാധാരണ ഇരിപ്പിടം ഒരുക്കുക. എന്നാൽ സ്ത്രീകൾ എണീറ്റ് സെല്ലിനഭിമുഖമായി നടക്കും, രഹസ്യമായി അവിടേക്കു നോക്കും. അത്തരം ദിവസങ്ങളിൽ പുരുഷതടവുകാർ അവരുടെ സുഹൃത്തുക്കളും ബന്ധുക്കളും മുഖാന്തിരം സംഘടിപ്പിച്ച സമ്മാനങ്ങൾ- പലഹാരങ്ങൾ, പണം, പഴങ്ങൾ എന്നിങ്ങനെ- കൊണ്ടുവരും.

ജയിലിലടയ്ക്കപ്പെട്ടതിന്റെ
കടുത്ത നിരാശയിൽപെട്ട്
കൈകാര്യം ചെയ്യാൻ
ബുദ്ധിമുട്ടുള്ള പലരുടേയും
വൈകാരികസംഘർഷം
കുറയ്ക്കാൻ
സ്വവർഗ്ഗബന്ധങ്ങൾ
സഹായിക്കുന്നുവത്രെ

പെൺജയിലിലെ ക്ഷേമഓഫീസർ ഒരേസമയം ഒരു മാർഗ്ഗനിർദ്ദേശകയും ഇടനിലക്കാരിയുമാണ്. അവർ ജയിലിലെ ബന്ധങ്ങളുടെ മറ്റൊരു വശംകൂടി കണ്ടിട്ടുണ്ട്. സ്ത്രീകൾക്കിടയിലുണ്ടാകുന്ന സൗഹൃദങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കും. ശക്തമായ സൗഹൃദങ്ങൾ ഉടലെടുക്കുന്ന വേഗതയിൽതന്നെ തകരുകയും ചെയ്യും. സ്വവർഗ്ഗരതിബന്ധങ്ങൾ, അവ കാല്പനികമായാലും യാഥാർത്ഥ്യമായാലും ജയിലധികൃതരെ ഭരണപരമായി സഹായിക്കുന്നുവെന്ന് ക്ഷേമഓഫീസർ പറഞ്ഞു. ജയിലിലടയ്ക്കപ്പെട്ടതിന്റെ കടുത്ത നിരാശയിൽപെട്ട് കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുള്ള പലരുടേയും വൈകാരികസംഘർഷം കുറയ്ക്കാൻ സ്വവർഗ്ഗബന്ധങ്ങൾ സഹായിക്കുന്നുവത്രെ.

പല സ്വവർഗ്ഗബന്ധങ്ങളും ഉടലെടുക്കുന്നത് ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കിടയിലാണ്. അവർ കൂട്ടുകാരിയെ 'ഏറ്റവും നല്ല ചങ്ങാതി' എന്നു വിശേഷിപ്പിക്കും. ഇനിയുള്ളകാലം അവളോടൊപ്പം ജീവിക്കുമെന്നും ഒരു പുരുഷന്റെ ആവശ്യമില്ലെന്നും പറയും. ഇത്തരം ജോഡികൾ അവരുടെ കൈത്തണ്ടയിൽ ഇണയുടെ പേരിന്റെ ആദ്യാക്ഷരം പച്ചകുത്തുന്നത് സാധാരണമാണ്. സ്വയം പച്ചകുത്താനായി അവർ ഉപയോഗിക്കുന്നത് ഒരു സൂചിയും മൈലാഞ്ചിയും പിന്നെ പാലോ ഇല്ലെങ്കിൽ മഷിയോ ചേർന്ന മിശ്രിതമാണ്. പച്ചകുത്തുമ്പോഴുള്ള വേദന കൊതുകുകടിക്കുമ്പോലെയാണ് എന്നവർ പറഞ്ഞു.

ഈ പെൺതടവുകാർക്കോരോരുത്തർക്കും പ്രണയം എന്ന അവകാശവാദം പലതുമാണ്. ജയിലിലെ പ്രണയബന്ധങ്ങൾ താൽക്കാലികവും തുടർച്ചയില്ലാത്തതുമായിരിക്കുമെന്ന് പലർക്കുമറിയാം. ജയിൽവിമോചിതരായാൽ ഇത്തരം ബന്ധങ്ങൾ അവരെ സംബന്ധിച്ച് പ്രസക്തിയില്ലാത്തതാവും. എങ്കിലും, അവർ തങ്ങളുടെ ഊർജ്ജം വ്യത്യസ്തരൂപങ്ങളിലുള്ള പ്രണയബന്ധം കണ്ടെത്താൻ ചെലവഴിക്കുന്നതുവഴി ജയിൽജീവിതകാലയളവിൽ വൈകാരികമായി പിടിച്ചുനിൽക്കുന്നു. ഇതിൽനിന്നും വിഭിന്നമായ ഒരു ബംഗ്ലാദേശിസ്ത്രീയുടെ പ്രണയത്തെക്കുറിച്ച് ഹസീന ഓർത്തു. അവർ ജയിലിൽവെച്ച് ഹിന്ദുവായ ഒരു ജീവപര്യന്തക്കാരനെ കണ്ടുമുട്ടി. "ഹിന്ദുക്കൾക്കിടയ്ക്ക് പുരുഷൻ സ്ത്രീയുടെ നിറുകയിൽ സിന്ദൂരം ചാർത്തിയാൽ അവർ പരസ്പരം കല്യാണംകഴിച്ചതായി കണക്കാക്കും." ഹസീന പറഞ്ഞു. "ഒരുനാൾ ഇന്റർവ്യൂമുറിക്കു പുറത്തുവെച്ച് ആ ഹിന്ദുപുരുഷൻ ബംഗ്ലാദേശിസ്ത്രീയുടെ നെറുകയിൽ സിന്ദൂരം ചാർത്തി." അവർ പിന്നീട് ജയിൽവിമോചിതയായി ബംഗ്ലാദേശിലേക്കു തിരിച്ചയയ്ക്കപ്പെട്ടെങ്കിലും ഇന്ത്യയിലേക്കുതന്നെ പോന്നു. "അവർ അയാളുടെ കുടുംബത്തോടൊപ്പം ഇപ്പോൾ കൊൽക്കത്തയിൽ താമസിക്കുന്നു. അയാൾ ജയിലിലും. അവർ അയാളെ കാണാൻ ഇടയ്ക്കിടെ ജയിലിൽ വരാറുണ്ടെന്നാണ് ഞാൻ കേട്ടത്." ഹസീന പറഞ്ഞുനിർത്തി.

*(ശേഷം 32-ാം പേജിൽ)*


APCO
TRUCKS & BUSES FROM
TATA MOTORS
റംസാൻ
ഓണം
മാസത്തിൽ APCO TATA
നിങ്ങൾക്കായി അവതരിപ്പിക്കുന്നു
MAGIC
IRIS
New
GENERATION AUTO
സ്പോട്ട്
ഫിനാൻസ്
BOOKING
9349150111
magic IRIS
ഫ്രീ
ഇൻഷ്വൂറൻസ്
APCO AUTOMOBILES PVT LTD
Meenchanda Bye Pass Jn. Calicut, PH: 0495 3010026 , 3010035,

# പെണ്ണരുവി

ശോഭാ ജോഷി

എപ്പോഴും ഒരു നദി
എന്റെ ഹൃദയത്തിലുണ്ട്
അണകൾ എത്ര കെട്ടിയാലും
അതു പ്രകമ്പനം കൊള്ളുന്നില്ല
ചകിതമായ കാൽവെപ്പുകളോടെ
നീ തൊടുമ്പോൾ
അതു നിറഞ്ഞുകവിയുന്നു
വിദൂരമായ ഒരോർമ്മയിൽ നീ മായുമ്പോൾ
ഓളങ്ങളെ അത് അണച്ചുപിടിക്കുന്നു.
കാറ്റായ് നീ മൂളുമ്പോൾ
കവിതയായ് അതു പാടുന്നു.
പറവയായ് നീ പാറുമ്പോൾ
ആരവമായതുപൊങ്ങുന്നു
നിന്റെ നിശ്ശബ്ദതയെ
ആഴങ്ങളായി അതുൾക്കൊള്ളുന്നു
നിന്റെ വാചാലതയെ
നിഗൂഢമാനന്ദമാക്കുന്നു
കവിതയെന്നുവിളിച്ചാലോ
നർത്തനമായത് ഉണരുന്നു
മതിയെന്നാണാജ്ഞയെങ്കിൽ
നിശ്ചലമായതു തുടരുന്നു.
വേനലായ് നീ പടരുമ്പോൾ
മേഘമായതു പൊങ്ങുന്നു
മകളായ് നീ മാറുമ്പോൾ
അമ്മയായതു വളരുന്നു....





# കുറ്റം

വെൽഗെ

എന്തുപറഞ്ഞാലും കുറ്റം
എന്തു ചെയ്താലും കുറ്റം
കുറ്റങ്ങൾ കുന്നുകൂടുന്നു
കറിക്ക് ഉപ്പുകൂടിയാൽ
ശരീരത്തിന് ഹാനികരമെന്ന കുറ്റം
ഉപ്പ് കുറഞ്ഞാൽ
കറിക്ക് രുചിയില്ലെന്ന കുറ്റം
വൃത്തിയേറിയാൽ
ഭയങ്കര വൃത്തിക്കാരിയാണെന്ന കുറ്റം
വൃത്തിയില്ലെങ്കിൽ
വൃത്തിപോരെന്ന കുറ്റം
എല്ലാം ഒറ്റയ്ക്ക് ചെയ്താൽ
തന്റേടിയാണെന്ന കുറ്റം
മറ്റൊരാളെ ആശ്രയിച്ചാൽ
ഒന്നും സ്വന്തമായി ചെയ്യാൻ പറ്റില്ലെന്ന കുറ്റം
കുറ്റങ്ങൾ അങ്ങനെ നിരവധിയായ്
താരതമ്യക്കുറിപ്പുകൾ സുഹൃത്തുക്കളായ്
കാരണം തേടി യാത്രയായി
ചിന്തകൾ ഓരോന്നായ് വന്നുടക്കി
കുരുക്കഴിഞ്ഞപ്പോൾ ഉത്തരം കിട്ടി
'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം'
തിരിഞ്ഞുനോക്കുമ്പോൾ തെറ്റൊന്നും ചെയ്തില്ല
തളരാതെ മനസ്സിൽ ഉരുവിട്ടു മന്ത്രം
'മനസാ വാചാ കർമ്മണാ'

# ചുവരുകൾ

പി. ലിസ

ഓറഞ്ചുപൂക്കൾ
വാരിവിതറിയ
ജാലകവിരിയുടെ
താഴെ
ഉദിച്ചുപൊങ്ങിയ
നക്ഷത്രങ്ങളെ
സാക്ഷിനിറുത്തി
നീയെന്നിൽ
വേലിയേറ്റമുണർത്തി.
നീ
നിലാവും
ഞാൻ
പുൽക്കൊടിയുമായി
നീയാകുന്ന കാറ്റ്
എന്നെ
പിടിച്ചുലയ്ക്കുന്നു.
കറുത്ത മേഘക്കൂടുകൾ-
ക്കുള്ളിൽ നിന്നും
പുറത്തേക്കുതെറിക്കുന്ന
മിന്നൽക്കൊടിയേറ്റ്
ഞാൻ വിറച്ചു.

കാമനകളുടെ
ഇടിമുഴക്കങ്ങളിൽ
ഞെട്ടിത്തരിച്ചു.
തളിർക്കുകയും
പൂക്കുകയും
ചെയ്തുകൊണ്ടിരുന്ന
എന്നിൽ
സൂര്യചന്ദ്രന്മാർ
ഒന്നിച്ചുദിച്ചു.
നിലയ്ക്കാതെ
പെയ്യുന്ന പേമാരിയിൽ
ദിശയറിയാതെ
ഒഴുകി നീങ്ങുന്ന
ഒരു തോണിയായ്....
ആർത്തലച്ചുവരുന്ന
തിരമാലകൾക്കു
കാതോർത്തുകൊണ്ട്
നിർവൃതിയുടെ
പെയ്ത്തിനായ്
ദാഹിച്ചു.
ഒടുവിൽ
വന്ധ്യമേഘങ്ങളുടെ
മരുഭൂമിയിൽ
പിടഞ്ഞുപിടഞ്ഞ്
അലക്ഷ്യമായ്
അങ്ങനെ.....

# മർജാന, കുതിർന്ന മരബഞ്ചിന്റെ ഓർമ



ഹമീദ

പൊട്ടിയൊലിക്കുന്ന മേൽക്കൂര,
മഴയിൽകുതിർന്ന മരബഞ്ച്
തണുത്തുമരവിച്ച ഇളംമേനി
മൂത്രം നിറഞ്ഞ നാഭി
മണ്ണും കടലാസ്സും ചപ്പും നിറഞ്ഞ നിലം
ചിന്തകളിൽ മയങ്ങുന്ന വെള്ളക്കൂമൻ,
ചുമരിലെ കറുത്ത ബോർഡിനുമുന്നിലെ
മേശയിൽ കിടന്നുറങ്ങുന്ന അദ്ധ്യാപിക,
ശബ്ദമുഖരിതം
ഇത് ക്ലാസ്മുറി
ശബ്ദമുഖരിതം
മേൽക്കൂരയിൽനിന്നടർന്നുവീണ
ഓട്കഷ്ണങ്ങൾ
കുപ്പിവളച്ചില്ലുകൾ,
എഴുത്തുകടലാസുചണ്ടികൾ,
ദുർഗന്ധം വമിക്കുന്ന മൂത്രപ്പുരകൾ,
തീട്ടം കവിഞ്ഞൊഴുകുന്ന കക്കൂസുകൾ
ചുവരിൽ ലവ് ചിഹ്നത്തിനുള്ളിൽ
കോറിയിട്ട നാമങ്ങൾ
കാലും കാലും ഉരസി
സ്റ്റാഫ്റൂമിൽ ഏതുനേരവും
രമിച്ചിരിക്കുന്ന ഫാത്തിമടീച്ചറും
മുഹമ്മദുമാഷും.പിന്നെ,
പരിമളടീച്ചറും മോഹൻദാസ് മാഷും....
പേടിപ്പിക്കുന്ന അസ്ഥികൂടമുള്ള ശാസ്ത്രമുറി,
ഇന്ത്യമാപ്പ്, ഗ്ലോബ്,
കുറച്ചു ചില്ലുപാത്രങ്ങൾ

ഇല്ലായ്മയുടെ പട്ടിക നിരത്തി
വിദ്യാർത്ഥിസമരങ്ങൾ കല്ലേറ്,
ചങ്ങലയടി ചിതറിച്ചീറ്റുന്ന ചൂടുചോര
പോലീസ്, ചുവന്ന കൊടികൾ, പ്രസംഗങ്ങൾ
അവസാനം കിട്ടി
നീണ്ട വരിക്കൊടുവിൽ
കല്ലും പുഴുവും നിറഞ്ഞ രുചിനിറഞ്ഞ
ചൂടാർന്ന ചോറും പയറും
കുടിവെള്ളമില്ലെങ്കിലും കഞ്ഞിവെള്ളം
കളയേണ്ടിവന്നില്ല
അസംബ്ലിയിലും ക്ലാസിലും
തലകറങ്ങിവീഴുന്നവരുടെ എണ്ണം കുറഞ്ഞു....

പക്ഷേ, വൃക്കയിൽ കല്ലേറിയാണ് എന്റെ
കൂട്ടുകാരി മർജാന മരിച്ചത്
കുട്ടികൾ ഇടയ്ക്കിടെ മരിച്ചിരുന്നു
പലതരം അസുഖങ്ങൾ
മുന്നിലെ ചെകുത്താന്റെ കുളത്തിൽ
പൊങ്ങിയും...
വരിയായി കൊണ്ടുപോയിരുന്നു അവസാന
നോക്കു കാണുവാൻ

മർജാന, ദിവസവും കഞ്ഞികുടിക്കാൻ
ഓടിയെത്തുന്ന, കീറിയ യൂണിഫോം പുതച്ച,
കട്ടികൂടിയ പുരികത്തിനിടയിലുള്ള കണ്ണിലെ
വിഷാദം
വാക്കായി പറയാത്തവൾ,
അഞ്ചാംക്ലാസിൽവെച്ച് അസുഖംകൂടി
പെട്ടെന്നു തടിച്ചവൾ,
വായിക്കാനറിയാത്തതിനാൽ
ബാലൻമാഷ് കായപ്പസാർ
മേശയ്ക്കടുത്തിരുത്തി മാറിലെ
തട്ടത്തിനുള്ളിലൂടെ
മുളയ്ക്കുംമുലകൾ ഞെക്കിപ്പിഴിയുമ്പോൾ
വേദനകൊണ്ട് പിടഞ്ഞവൾ
എത്ര സഹിച്ചു നീ
മൂത്രക്കുഴിയിലേക്ക് ചൂരൽവടിയിട്ടു കുത്തുന്ന
അയാളെ പുറത്താക്കാൻ അന്നെനിക്ക്
വുമൺസ്റ്റഡീസ് പഠിക്കേണ്ടിവന്നില്ല....
ട്രാൻസ്ഫർ
മറ്റെവിടെയോ മറ്റുകുട്ടികളെ.....

# മനസ്സ്

റംഷീന



ജീവിതതാളം ഒരുകൊച്ചു മർമ്മരം
മനസ്സെന്ന കുടിലിൽ ഏകയായ് കഴിയുന്നു ഞാൻ
മനസ്സിലെ മുറിവുകൾ മായ്ക്കാനാണ്
എനിക്ക് ഏറെ ഇഷ്ടം
ഒരുനാൾ ഞാനെന്റെ അമ്മയോടു പറഞ്ഞു
എനിക്കുമനസ്സിലൊരു ഭയമുണ്ടമ്മേ
എന്റെജീവിതം എവിടെയോ താളംതെറ്റുമെന്ന്
അമ്മയെന്നോടോതി ഇല്ലമകളേ
നീ പറഞ്ഞതെല്ലാം വെറും മനസ്സിന്റെ തോന്നൽമാത്രം
അമ്മ നിന്റെ കൂട്ടുകാരിയും സഹോദരിയും
എല്ലാമെല്ലാമാണ്
മനസ്സിന്റെ നോവുകൾ നീയീ അമ്മയോടു പറയൂ.



പുനർവായന

# വിരലിൽ പറ്റിനിന്ന ചായങ്ങൾ


**കഥ: ചിത്രകാരി., പുസ്തകം: അനന്തപത്മനാഭന്റെ മരക്കുതിരകൾ**



ഡോ. മിനിപ്രസാദ്

**ഒരു** കലാകാരിയോ ചിത്രകാരിയോ അവളെന്തുമാത്രം പ്രശസ്തയായാലും പ്രതിഭാസമ്പന്നയായാലും വിവാഹത്തിനുശേഷം അവൾക്ക് കലാആവിഷ്കാരത്തിനുമേൽ വിലങ്ങുവീഴും. വീട്, കുടുംബം, ഭർത്താവ്, കുട്ടികൾ ഇങ്ങനെ ഒരുപാട് കടമകൾ ചെയ്തുതീർക്കുന്നതിനിടെ അതിനൊന്നും സമയം കിട്ടുന്നില്ല എന്നതൊരു പൊതുപറച്ചിൽ അതിനുള്ള സാഹചര്യം ലഭിക്കുന്നില്ല എന്ന പരോക്ഷമായ സമ്മതമാണ്. ഇത്തരം സാഹചര്യങ്ങളുടെ അലഭ്യത എന്നും വിശ്വസാഹിത്യത്തിലെ എഴുത്തുകാരികളുടെ പ്രമേയമായിരുന്നു. എഴുതുവാൻ സ്വന്തമായൊരു മുറി സ്വപ്നം കണ്ട വിർജീനിയ വൂൾഫ് ഇതേ അവസരനിഷേധങ്ങളോടാണ് കലമ്പുന്നത്. 'ചിത്രകാരി' എന്ന കഥയിലൂടെ ഷാഹിന ഇ.കെ. കലാകാരിയായ ഒരു സ്ത്രീയും അവളുടെ കുടുംബവും എന്ന ദ്വന്ദ്വം അവതരിപ്പിക്കുന്നു.

ഇന്റർസോണിന് ചിത്രരചനയിൽ സമ്മാനം നേടുകയും എല്ലാവരുടെയും പ്രശംസയ്ക്ക് പാത്രമായിത്തീരുകയും ചെയ്തവളാണ് ഫിസാ. ആ പേരിന്റെ അർത്ഥം പറഞ്ഞ് അവളോട് സംസാരിക്കുന്നയിടം മുതൽ താനിന്നേവരെ കണ്ടതോ പരിചയപ്പെട്ടതോ ആയ പെൺകുട്ടികളെപ്പോലെയല്ല ഇവൾ എന്ന അപകർഷബോധം പ്രതിശ്രുതവരനെ ഭരിച്ചുതുടങ്ങിയിരുന്നു. വിവാഹാലോചനയുടെ സമയത്തുതന്നെ അവളുടെ ഉപ്പ ചിത്രംവര, എഴുത്ത് തുടങ്ങിയ ദോഷങ്ങളെപ്പറ്റി വിവരിച്ചുപറയുന്നുണ്ട്. അവളുവരച്ചോട്ടെ അവളുടെ കൈകൊണ്ടല്ലേ അതിനു നമുക്കെന്താ മുതലായ പ്രതികരണങ്ങളാണ് അപ്പോളുണ്ടാവുന്നത്. ഇതേ ആൾക്കാർ തന്നെ അവളുടെ മൗനം, ഇടയ്ക്കിടയ്ക്കുള്ള വരേംകുറീം എന്നൊക്കെ പിന്നീട് അസഹിഷ്ണുത പുലർത്തുന്നതും കാണാം. ആദ്യം മുതലേ ഇതൊന്നും മനസ്സിലാവാതെയിരുന്ന അവളുടെ ഭർത്താവ് ഹാഫീസാവട്ടെ വല്യാളുകളി എന്ന് ഇതിനെ മുഴുവനായി വിലയിരുത്തുന്നു. അവളുടെ മൗനം തന്നോടുള്ള അവഗണനയായി കണക്കാക്കുന്നതോടെ അയാൾക്ക് വല്ലാത്ത ദേഷ്യം വരുന്നു. കലപില സംസാരിക്കുന്ന ഫാഷൻഭ്രമമുള്ള ഒളിഞ്ഞുനോട്ടങ്ങൾ സമ്മാനിച്ചിരുന്ന പെൺകൂട്ടങ്ങളിൽനിന്നും അവൾ വ്യത്യസ്തയായിരുന്നു. ആ വ്യത്യസ്തതയായിരുന്നു അവളുടെ ബൗദ്ധികതലവും പ്രതിഭാസമ്പന്നതയും. അതുൾക്കൊള്ളാൻ കച്ചവടത്തിലെ കയറ്റിറക്കങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിക്കുന്ന അയാൾക്കു കഴിയുന്നില്ല.



കൂട്ടത്തിൽകൂടാൻ അവൾക്കെന്താ പ്രയാസം എന്ന് ആദ്യം ചോദിക്കുന്നത് ഹാഫീസിന്റെ ഉമ്മയാണ്. അവളുടെ എഴുത്തോ വരയോ എന്താണെന്ന് ഇന്നേവരെ അറിയുകയോ അറിയാൻ ശ്രമിക്കുകയോ ചെയ്യാതിരുന്ന ഹാഫീസിനോടാണ് ഉമ്മ ആദ്യം പ്രതിഷേധമറിയിക്കുന്നത്. ഈയൊരു ചോദ്യത്തിൽ, കലമ്പലിൽ പിതൃആധിപത്യനീതിയുടെ ശാഠ്യങ്ങളത്രയും അടങ്ങിയിട്ടുണ്ട്. ആളുകളെക്കൊണ്ട് പറയിക്കാനേ അവളുടെ വരേംകുറീം ഉപകരിക്കൂ എന്ന വാദത്തിലൂടെ അവളെ നിലയ്ക്കുനിർത്തുക എന്ന ഉപദേശം ഉമ്മ മകനു നൽകുന്നു. എന്നിട്ടും അവരുടെ ആഗ്രഹം പോലെ കാര്യങ്ങൾ നീങ്ങാതെയാവുമ്പോൾ

തനിയെ ആ കുഴപ്പക്കാരിയെ നേരിടാൻ അവർ തീരുമാനിക്കുന്നു. അതിനെടുക്കുന്ന സമീപനവും രീതിയും പക്ഷേ, വളരെ വിചിത്രമാണ്. 'അടുപ്പത്തെ' പണി പഠിക്കാണ്ട് പറ്റൂല ഫിസേ...." വെള്ളത്തിൽ കുതിർന്ന ബ്രഷ് പതിയെ കുടഞ്ഞ് അവളപ്പോൾ പറഞ്ഞു

''ഞാൻ പണിയൊക്കെ തീർത്തിട്ടാ ഉമ്മാ.....

അതുപോരാ

ഉമ്മ അവൾക്കുമുന്നിൽ വന്നുനിന്നു.

''അനക്ക് കലത്തപ്പം ചുടാനറിയോ''

"ഇല്ല...."

"ചുക്കപ്പം ചുടോ യ്യ്?"

"ഇല്ല."

"ബിരിയാണി വെയ്ക്കോ?

.......

അവളുടെ നിശ്ശബ്ദതയിൽനിന്നൂർജ്ജമെടുത്ത് ഒരു തോൽപ്പിക്കലിന്റെ ഭാവത്തോടെ ഉമ്മ പറഞ്ഞു.

"അട്പത്തെ പണി ഒരു കടലാഫിസേ.... അതങ്ങട് തീർന്നൂന്ന് പറയാമ്പറ്റ്വങ്ങനെ?.... അന്റെ പെയിന്റടി പോലല്ലാത്....

എന്നല്ല ദൊന്നും പെണ്ണുങ്ങക്ക് പറ്റ്യേ പണിയല്ല.... കുടുംബത്തെ ആണുങ്ങൾക്ക് വായ്ക്ക് രുചിയായി വല്ലതും വെച്ചുണ്ടാക്കുക.... കുട്ട്യോൾടേം മക്കൾടേം കാര്യം നോക്കുക അത്രതന്നെ പെണ്ണുങ്ങക്ക് പറഞ്ഞ പണി.... അല്ലെങ്കി നാളെമൊതല് നമ്മക്കെല്ലാവർക്കും ബടെയിരുന്ന് ചിത്രം വരക്കാ....... ആരും ഒന്നും തിന്നേം കുടിക്കേം വേണ്ട...."

ഈ വിചാരണയ്ക്ക് ഒരു കോടതിവിചാരണയുടെ എല്ലാ ഭാവങ്ങളും ഉണ്ട്. ഫിസാ എന്ന മരുമകൾ ആകെ ചെയ്ത കുറ്റം അവൾ തന്റെ ഒഴിവുസമയം എന്ന് സ്വയം ബോധ്യമായ സന്ദർഭങ്ങളിൽ ചിത്രം വരച്ചതാണ്. അമ്മായിഅമ്മയുടെ വിചാരണയിൽ രണ്ടുശാഠ്യങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാമത്തേത് സ്ത്രീക്ക് ഒരിക്കലും അടുക്കളയിൽനിന്ന് മോചനമില്ല. രണ്ടാമത്തേതാവട്ടെ ചിത്രംവര മുതലായ കലാപ്രവർത്തനങ്ങളിൽ സ്ത്രീകൾ

ഒരാളിലെ കലാഭിരുചികൾ ഏത്
അടിച്ചമർത്തലുകൾകൊണ്ടും
ഇല്ലായ്മചെയ്യാനാവില്ല
എന്നതിന്റെ
തെളിവായിട്ടുവേണം
അവളുടെ രണ്ടാമത്തെ
വരവിനെ കാണേണ്ടത്

ഏർപ്പെട്ടാൽ കുടുംബം നശിക്കും. ഇതുരണ്ടും പിതൃ ആധിപത്യനീതിയുടെ ശാഠ്യങ്ങളാണ്. ഉമ്മയുടെ ക്രൂരമായ വിചാരണ കഴിഞ്ഞുപോവുമ്പോൾ അവൾ ഒരു പിൻതാങ്ങിനോ ആശ്വാസവാക്കിനോ ഭർത്താവിനെ നോക്കുന്നുണ്ട്. പക്ഷേ, അയാൾ അവളെ തീർത്തും അവഗണിക്കുന്നു. അത്തരം ഒരു അവഗണനയാൽ പിന്നെ കുറേക്കാലത്തേക്ക് വരയുടെ ലോകത്തുനിന്നും അവളെ മാറ്റിനിർത്താൻ ഭർത്താവിനും വീട്ടുകാർക്കും കഴിയുന്നുണ്ട്.

ഒരാളിലെ കലാഭിരുചികൾ ഏത് അടിച്ചമർത്തലുകൾകൊണ്ടും ഇല്ലായ്മചെയ്യാനാവില്ല എന്നതിന്റെ തെളിവായിട്ടുവേണം അവളുടെ രണ്ടാമത്തെ വരവിനെ കാണേണ്ടത്. ''വരയ്ക്കാതെ വരയ്ക്കാതെ അവൾ എല്ലാം മറന്നുപോയിട്ടുണ്ടാവും'' എന്ന അവരുടെ ധാരണകളാകെ തകിടംമറിയുന്നു. പച്ചയുടേയും മഞ്ഞയുടേയും കുറേ വരകൾ എന്നതിലപ്പുറം അവർക്കാർക്കും ആ ചിത്രം മനസ്സിലാവുന്നില്ല. ഓരോതവണ ബ്രഷ് ചലിപ്പിക്കുമ്പോഴും പുതിയ അനുഭവങ്ങൾ തെളിഞ്ഞുവരുന്നതൊന്നും അതു നോക്കിനിന്നിട്ടും ഹാഫീസിന് മനസ്സിലാവുന്നില്ല. ഫിസയാവട്ടെ അയാളുടെ സാന്നിദ്ധ്യത്തെ പാടെ അവഗണിക്കുന്നു. തനിക്ക് പത്തുമണിക്ക് ഒരിടത്തു പോവാനുണ്ട്. മോനെവിടെ. ചായവേണം എന്ന പല മുന്നറിയിപ്പുകളോ ചോദ്യങ്ങളോ ഒന്നും അവളെ ബാധിക്കുന്നില്ല. അതൊരുപക്ഷേ, ബോധപൂർവ്വമായിരിക്കുകയില്ല. താൻ ചെയ്യുന്ന പ്രവൃത്തിയോട് അവൾ പുലർത്തുന്ന ഏകാഗ്രതയാലും ആത്മാർത്ഥതയാലുമാവാം. ഫിസ അയാൾക്കാവശ്യമുള്ള ഇഷ്ടപ്പെട്ട ഭക്ഷണം ഉണ്ടാക്കിവെക്കുകയും ചെയ്തിരുന്നു.

ഫിസ തന്നെ അവഗണിക്കയാണെന്ന തോന്നൽപോലെതന്നെ അവൾ തന്റെ ചിത്രംവരയിൽ കാണിക്കുന്ന ആത്മാർത്ഥതയും അയാളെ ചൊടിപ്പിക്കുന്നു. അതേ അവസരത്തിൽതന്നെ വിവാഹത്തിനുമുമ്പ് അവളെപ്പറ്റി ഒരു സുഹൃത്ത് പറഞ്ഞ അഭിപ്രായം അയാളിലേക്ക് കടന്നുവരികയും ചെയ്യുന്നു. ദൈവംതൊട്ട വിരലുകൾ എന്ന് പ്രശംസനേടിയ വിരലുകളാണ് അവളുടേതെന്ന് വിവരംനല്കിയതു കൂടാതെ ആ കലാകാരി ഈ കച്ചവടക്കാരന്റെ മൂക്കുകയറിലായല്ലോ എന്ന് അവൻ സഹതപിക്കുകയും ചെയ്യുന്നു. ആ പ്രശംസയും സഹതാപവും ഒരേപോലെ അയാളെ കോപാന്ധനാക്കിയിരുന്നു. അന്നൊന്നും ആ വിരലുകൾ അയാൾ അത്ര ശ്രദ്ധിച്ചിരുന്നില്ല. പക്ഷേ, ഇപ്പോൾ അത്തരം ഓർമ്മകൾ അയാളിലേക്ക് തള്ളിക്കയറിവരുന്നു. ഈ തള്ളിക്കയറ്റം സമ്മാനിക്കുന്ന അപകർഷബോധം എന്നത്തേക്കാളും കൂടുതലാണ്. അവളുടെ അവഗണനയും മൗനവും അതിനെ വർദ്ധമാനമാക്കുകയും ചെയ്യുന്നു. ആ വികാരങ്ങളത്രയും ചേർന്നാണ് അവളുടെ കയ്യിലെ ബ്രഷ് തട്ടിത്തെറിപ്പിക്കാനയാളെ പ്രേരിപ്പിക്കുന്നത്. അതോടെ ചിത്രം വികൃതമാവുന്നു. ഒരുപക്ഷേ, ഇനിയൊരു തിരിച്ചുവരവ് സാദ്ധ്യമല്ലാത്തതിൻവിധം ഫിസാ കൈകൾ കഴുകി വിരലിൽ പറ്റിനിന്ന ചായം കളയുന്നതോടെ കഥ അവസാനിക്കുന്നു.

ഈ ചായം കഴുകിക്കളയൽ എന്നേക്കുമാണ്. ഇനിയൊരിക്കലും അവൾക്ക് ബ്രഷുതന്നെ കയ്യിലെടുക്കാനാവാത്തതിൻവണ്ണം മനസ്സ് മടുത്തുപോയിട്ടുണ്ടാവും. ഇങ്ങനെയാണ് ഏതുകലാകാരികളെയും ഇല്ലായ്മ ചെയ്യുന്നത്. അവരെ ഗൃഹാന്തർഭാഗത്തേക്ക് ഒതുക്കുന്നതും. ■

കഥ

# ചിത്രകാരി

## (അനന്തപത്മനാഭന്റെ മരക്കുതിരകൾ)

ഷാഹിന ഇ.കെ.

**ഉറക്കമുണർന്ന്** അയാളെത്തുമ്പോഴേക്കും ഫിസ, അവളുടെ കാൻവാസിൽ മഞ്ഞനിറങ്ങളുടെ ഒരു വിസ്മയം സൃഷ്ടിച്ചിരുന്നു. പല ദിശകളിലേക്കു മാറിമാറിച്ചലിച്ചുകൊണ്ടിരുന്ന ബ്രഷിനൊപ്പം മഞ്ഞയുടെ പേരിട്ടുവിളിക്കാനാവാത്ത ചിലയനുഭവങ്ങൾ പച്ചകളുമായിടകലർന്നു.

വരയ്ക്കുമ്പോഴൊക്കെ ഹാഫിസ് പുറകിൽനിന്ന് തുറിച്ചുനോക്കുന്നതും അഭിപ്രായങ്ങൾ പറയുന്നതും അവൾക്ക് ഒട്ടുമിഷ്ടമായിരുന്നില്ല.

"......നീയെന്താ വരച്ചുകൂട്ടണേ?"

അവളുടെ അനിഷ്ടങ്ങളറിയാമായിരുന്നിട്ടും അയാൾ ചോദിച്ചിരുന്നു.

"നാലഞ്ചു വരേം കുറീം...... ദൊക്കെ ആർക്കാ പറ്റാത്തെ".....?

അങ്ങനെയൊക്കെയുള്ള അഭിപ്രായപ്രകടനങ്ങൾക്കൊടുവിൽ അവളുടെ നിശ്ശബ്ദത, എല്ലായ്പ്പോഴുമയാളെ തോൽപ്പിച്ചുകളയും....

അതൊക്കെ പക്ഷേ, വർഷങ്ങൾക്കും മുൻപാണ്. കല്യാണം കഴിഞ്ഞ് ഇവിടെയെത്തിയിടെ ഉണ്ടായിരുന്ന ചില ജാഡകൾ....

ഹാഫിസ് ഓർത്തു.

എല്ലാവരും കൂടുമ്പോഴും രണ്ടു വർത്തമാനം പറഞ്ഞിരിക്കുമ്പോഴുമാവും അവളുടെ പെട്ടെന്നുള്ള പോക്ക്.

അല്ലെങ്കിൽ ശ്രദ്ധ കാട്ടായ്മ.

എന്നിട്ട് ഒരു നോട്ട്ബുക്ക് തുറന്ന് ചിലത് കുറിച്ചിടും....

പിന്നെ തിരികെവന്നാൽ വലിയ സന്തോഷമാണ്.

കുറിക്കുന്നതോ പോറിയിടുന്നതോ എന്തെന്ന് അയാളൊരിക്കലും ചോദിക്കാൻ പോയിട്ടില്ല. അവൾ കാണിച്ചിട്ടുമില്ല.

"കൂട്ടത്തിൽകൂടാൻ എന്താടാ ഓൾക്കൊരിത്....?" ഒരിക്കൽ ഉമ്മ ചോദിച്ചു.

...."മറ്റുള്ളോരെക്കൊണ്ട് പറേപ്പിക്കാൻ ആളുകൂടുമ്പോ ഓൾടെ വരേം കുറീം"....

ആയിടയ്ക്കൊരിക്കൽ ഉമ്മയതങ്ങ് നേരിട്ടു പറയുകയും ചെയ്തു.

"അടുപ്പത്തെ പണി പഠിക്കാണ്ട് പറ്റൂല ഫിസേ...."

വെള്ളത്തിൽ കുതിർത്ത ബ്രഷ് പതിയെ കുടഞ്ഞ് അവളപ്പോൾ പറഞ്ഞു:

.....ഞാൻ പണിയൊക്കെ തീർത്തിട്ടാ ഉമ്മാ"....

...."അതുപോര"....

ഉമ്മ അവൾക്കു മുൻപിൽ വന്നു നിന്നു.

"അനക്ക് കലത്തപ്പം ചുടാനറിയോ?"

"ഇല്ല".......

"ചുക്കപ്പം ചുട്ടോ യ്യ്?"

"ഇല്ല..."

"ബിരിയാണി വയ്ക്കോ?"

....

അവളുടെ നിശ്ശബ്ദതയിൽനിന്നൂർജ്ജമെടുത്ത് ഒരു തോൽപ്പിക്കലിന്റെ ഭാവത്തോടെ ഉമ്മ പറഞ്ഞു:

"അട്പ്പത്തെ പണി ഒരു കടലാ ഫിസേ.... അതങ്ങട്ട് തീർന്നൂന്ന് പറയാമ്പറ്റ്യങ്ങനെ?...

അന്റെ പെയിന്റടി പോലല്ലാത്....

എന്നല്ല, ദൊന്നും പെണ്ണുങ്ങക്ക് പറ്റ്യേ പണ്യല്ല.... കുടുംബത്തെ ആണുങ്ങക്ക് വായ്ക്ക് രുചിയായി വല്ലതും വച്ചുണ്ടാക്ക്.....



കുട്ട്യേൾടേം മക്കൾടേം കാര്യം നോക്ക്വാ, അത്രന്നെ പെണ്ണുങ്ങക്ക് പറഞ്ഞ പണി.... അല്ലെങ്കി, നാളെമൊതല് നമ്മക്കെല്ലാർക്കും ബടെയിര്ന്ന് ചിത്രം വരക്ക്വാ.... ആരും ഒന്നും തിന്നൂം കുടിക്കേം വേണ്ട...."

കൈകൾ ആയത്തിൽ വീശി, അവളുടെ വരകളിലേക്ക് പുച്ഛംപുരണ്ട ഒരു നോട്ടമെറിഞ്ഞ്, ഉമ്മ കടന്നുപോകേ, രണ്ടുകണ്ണുകളുടെ നനഞ്ഞ നോട്ടം തന്നിലേക്കു പടരുന്നത് തീർത്തുമവഗണിച്ച്, അയാൾ നഖങ്ങൾക്കുള്ളിലെ ചെളിയടർത്തിക്കൊണ്ടിരുന്നു.

പിന്നെ കണ്ടിരുന്നേയില്ല, കുറെക്കാലം, പല കോലങ്ങളിലുള്ള അവളുടെ ബ്രഷുകളും ചായങ്ങളും മിണ്ടാതിരുന്നുള്ള വരയും എഴുത്തും... എന്നിട്ടിപ്പോൾ, വരയ്ക്കാതെ വരയ്ക്കാതെ അവളൊക്കെയും മറന്നുപോയിരിക്കുമെന്ന ഹാഫിസിന്റെ കണ്ടെത്തലിനെ തീർത്തും തെറ്റിച്ച്, വീണ്ടുമതേ താളത്തിൽ, കൃത്യതയോടെ ബ്രഷ് ചലിപ്പിച്ച്....

..."പത്തുമണിക്ക് നിക്ക് ഒരിടത്ത് പോവാൻണ്ട്...." അസഹ്യതയോടെ ഹാഫിസ് ഒന്ന് മുരടനക്കി. ഫിസ ഒന്നും പറഞ്ഞില്ല.

അസഹ്യതയോടെ പിന്നെ, അതുമിതും തിരയുകയാണെന്നപോലെ മുറിയിലങ്ങോട്ടുമിങ്ങോട്ടും രണ്ടുചാൽ നടന്ന്, ജനലൊന്നു തുറന്നടച്ച്, അലമാരയിൽ ചിലതു പരതി, അയാൾ അവളുടെ മുഖത്തേക്ക് ഒളികണ്ണിട്ടു.... പിന്നെ, കൈവിരലുകൾ ഒരേ വേഗത്തിൽ ചലിപ്പിച്ച് അവൾ തീർക്കുന്ന പുതിയ ചിത്രത്തിലേക്കും....

പച്ചയുടേയും മഞ്ഞയുടേയും കുറെയേറെ വരകൾ. അയാൾക്ക് ഒന്നും പിടികിട്ടിയതേയില്ല....

ഓരോ തവണ അവൾ ബ്രഷ് ചലിപ്പിക്കുമ്പോഴും തെളിഞ്ഞുവരുന്ന പുതിയ അനുഭവങ്ങൾ... അതല്ലാതെ....

ഫിസ അയാളെ നോക്കിയതേയില്ല.

അവളുടെ വീടുനിറയെ ചിത്രങ്ങളായിരുന്നു. പലതരത്തിലുള്ളവ, വലിപ്പത്തിലുള്ളവ, നിറങ്ങളിലുള്ളവ....

---

ഫ്ളാസ്ക് തുറന്ന് ചായപകരേ, തുള്ളികൾ വീണ് അവളുടെ കയ്യിലെ മഞ്ഞച്ചായം ഇളകിക്കൊണ്ടിരുന്നു

---

തറവാട്‌വീടിന്റെ കോലായച്ചുമരിലും ഇരിപ്പുമുറിയിലുംകൂടി കണ്ടിരുന്നു, ചിലതൊക്കെ...

..."ഓള്, നന്നായി വരയ്ക്കും.... പിന്നെ കൊറച്ച് എഴുത്തും വായനേം" അവളുടെ ഉപ്പ പറഞ്ഞു.

"കല്യാണം ഒറപ്പിക്കാമ്പോ വ്വാന്നു പറേമ്പഴും അവള് പറയേ വര നിർത്തൂലാന്ന്...."

...."അയ്നിപ്പൊ എന്താ....ഓള് വരച്ചോട്ടെ, ഓളെ കൈയ്യോണ്ടല്ലേ?"

ഹാഫിസിന്റെ ഉപ്പ അലക്ഷ്യം പറഞ്ഞു.

".... നമ്മക്കെന്താ അതിന് പണി.... ഓള് വരച്ചാ...."

"ഫിസാന്നു വച്ചാ എന്താ അർത്ഥം?"

ഇടയ്ക്കു കിട്ടിയ ഒരു നുറുങ്ങു നേരത്ത്, ഹാഫിസ് ചോദിച്ചു.

ഭംഗിയുള്ള ഒരു പെയിന്റിംഗ് അയാൾക്ക് മുൻപിലേക്കു നീക്കിവെച്ച് അവൾ പറഞ്ഞു: "നോക്കൂ....."

മൂടൽമഞ്ഞു പടർന്ന പ്രകൃതി. ഇടയ്ക്ക് മായുന്ന മഞ്ഞിലൂടെ കടന്നുവരുന്ന തെളിവെയിലിൽ നരച്ച പച്ചയുടെ, മഞ്ഞയുടെ, ഇടയ്ക്ക് പൊട്ടിവിടർന്നൊരു ചെമപ്പുപൂവ്.

".....മൂടൽ മഞ്ഞ്...."

അവൾ പറഞ്ഞു: "അതാണ് ഫിസാ...."

അയാൾക്കാകെ വിസ്മയം തോന്നി. ഒത്തിരി അപകർഷവും.

ഇങ്ങനെയൊരു പെൺകുട്ടിയെ അയാളൊരിക്കലും പരിചയപ്പെട്ടിരുന്നില്ല.

വെറുതെ കലപില പറഞ്ഞുപോകുന്ന പെൺകൂട്ടങ്ങൾ, അവരുടെ ഉടുപ്പുകൾ, വളകിലുക്കങ്ങൾ, ഒളിനോട്ടങ്ങൾ..... ഫാഷനെയും സിനിമകളെയും കുറിച്ചുള്ള വർത്തമാനങ്ങൾ.... ആൺകുട്ടികളെക്കുറിച്ച്.... ഇതിലപ്പുറം....

"മൂടൽമഞ്ഞ്...."

റബ്ബറിന്റേയും സ്വർണ്ണത്തിന്റേയും വിലകയറ്റിറക്കങ്ങൾ, നല്ല ഭക്ഷണം, ചിരിക്കാൻ വകതരുന്ന സിനിമ-അതൊക്കെ അയാൾക്ക് താത്പര്യമുള്ള വിഷയങ്ങളാണ്. പക്ഷേ, ചിത്രങ്ങളും കവിതകളും....

"ഞാൻ കണ്ടിട്ടുണ്ട്, നിന്റെ പെണ്ണിനെ, കണ്ണൂരുവച്ച്, ഇന്റർസോണിന്..." സുഹൃത്ത് പറഞ്ഞു.

".....നന്നായി വരയ്ക്കുമായിരുന്നു. അവൾക്കുതന്നെയായിരുന്നു അന്ന് ഒന്നാം സ്ഥാനം.... ചിത്രപ്രതിഭയുമായി.... ഒരുപാടുപേരവളെ അഭിനന്ദിക്കുന്നത് കണ്ടിട്ടുണ്ട്."

കുസൃതിയോടെ ഹാഫിസിന്റെ മുഖത്തേക്ക് പാളിനോക്കി അവൻ പറഞ്ഞു:

"....അവൾടെ കൈവിരലുകൾ കണ്ടിട്ടുണ്ടോ നീ?"

ഇവനിതെന്താണ് പറയാൻപോകുന്നതെന്ന് ആശങ്കപ്പെട്ടും അസഹിഷ്ണുതയോടെയും ഹാഫിസ് പറഞ്ഞു: "ഇല്ല...."

"....ദൈവം തൊട്ട കൈവിരലുകൾ.... അഭിപ്രായം എന്റേതല്ല ഹാഫി.... അന്ന്, ഞങ്ങടെയൊക്കെ ചിത്രങ്ങൾ കാണാൻ ആർട്ടിസ്റ്റ് മാധവൻസാർ വന്നിരുന്നു. അദ്ദേഹത്തിന്റെ....മാത്രമല്ലാ, അത്യാവശ്യം വാക്കുംണ്ടെന്നു തോന്നുന്നു കക്ഷീടെ കയ്യില്.... പക്ഷേ, ഭയങ്കര സൈലന്റ് ആയിരുന്നു എപ്പോഴും. എക്സ്ട്രീമ്‌ലി സൈലന്റ്.... എന്നിട്ടോ, ദൈവമേ ആ കലാകാരിയാണ് ഈ കച്ചോടക്കാരന്റെ മൂക്കുകയറിൽ...."

കുസൃതിയോടെ, ആകുലതഭാവിച്ച് അവൻ നെഞ്ചോട് കൈചേർത്തു.

ഒക്കെയും തമാശയായിക്കരുതാൻ ശ്രമിച്ചെങ്കിലും ഹാഫിസിന് പെരുവിരൽതൊട്ട്, ഒരു ചൂട് ഇരച്ചുകയറുന്നതായിത്തോന്നി. അത് മൂർദ്ധാവിൽ തൊട്ടുനിൽക്കുംവരെ വല്ലാത്തൊരു പുകച്ചിൽ.

ഫിസയുടെ ബ്രഷിപ്പോൾ ഒരു

കാട് തീർക്കുകയാണ്, കാൻവാസിൽ. മഞ്ഞപ്പച്ചകളുടെ മാത്രം കാട്. ഇടയ്ക്ക്, അവ്യക്തമായൊരു വഴി. കാടങ്ങനെ പടർന്നുപടർന്ന്....

"മോനെവിടെ...?"

അവനുണരാൻ നേരമായില്ലെന്നറിഞ്ഞുകൊണ്ടുതന്നെ അയാൾ ചോദിച്ചു.

ചോദ്യത്തിന്റെ ലക്ഷ്യം ശരിക്കറിഞ്ഞെന്നപോലെ, ഫിസ ചോദ്യം കേട്ടതായി ഭാവിച്ചില്ല. ബ്രഷിന്റെ ഗതിവേഗങ്ങളിലേക്കുമാത്രം സാകൂതം നോക്കി തുടർന്നു.

ഹാഫിസ് പൊടുന്നനെ അവളുടെ കൈവിരലുകളിലേക്ക് നോക്കിപ്പോയി.

മെലിഞ്ഞു നീണ്ടുനേർത്ത കൈവിരലുകൾ....ദൈവം തൊട്ടവ....

പൊടുന്നനെ ഒരസ്വാസ്ഥ്യം എന്തിനെന്നില്ലാതെ അയാളെ മൂടാൻ തുടങ്ങി.

അസഹ്യതയോടെ വരാന്തയിലേക്കിറങ്ങി, അന്നത്തെ പത്രമെടുത്ത് നിവർത്തുമ്പോഴും അയാളുടെ ചിന്ത അവളുടെ കാൻവാസിനെക്കുറിച്ചായിരുന്നു.

എന്തിനെന്നില്ലാതെ, അയാളെ വല്ലാതെ അലോസരപ്പെടുത്തിയിരുന്ന, അപകർഷപ്പെടുത്തിയിരുന്ന അവളുടെ വര....

ഇടയ്ക്കൊരിക്കൽ അവളുടെ ചിത്രങ്ങൾ കാണാനും എന്തൊക്കെയോ വിവരങ്ങൾ തിരക്കാനുമായി ആരൊക്കെയോ ചിലർ വന്നുപോയി.

"....ഒരെക്സിബിഷൻ നല്ലൊരു വഴി തുറന്നുതന്നേക്കും...." അവർ പറഞ്ഞു.

ഫിസ, നല്ല ഉത്സാഹത്തിലായിരുന്നു. ഒരു താക്കീതുപോലെ അവനെ നോക്കി ഉപ്പ കടന്നുപോകേ, ഹാഫിസ് അവസാനമെന്നോണം അവളോടു പറഞ്ഞു: "ഒരു പണ്ടാരോം വേണ്ട...."

അവൾ പ്രതികരിച്ചില്ല.

ഇപ്പോഴെന്നപോലെ നിശ്ശബ്ദമായി, അങ്ങനെയങ്ങ് പൊയ്ക്കളഞ്ഞു.

ഈ മിണ്ടാതിരിക്കലാണ് വെറുപ്പിക്കണത്. ഹാഫിസ് മനസ്സിൽ പറഞ്ഞു.

"....ചിത്രം വരയുന്നോരു മിണ്ടാറില്ലേ? മിണ്ട്യാ വര തെറ്റ്വോ?"

അയാൾ അവളോടു ചോദിച്ചു. "ഇതിന് അഹങ്കാരംന്നാ പറയ്ാ.... വല്ല്യാളുകളി....

"....

ഒരു ചായവേണം നിയ്ക്ക്...."

"ഒരു ചായ...."

അയാൾ വീണ്ടും പറഞ്ഞു.

പിന്നെ അവളുടെ കയ്യിലെ ബ്രഷ് ഒരൊറ്റ ആട്ടിന് തെറിപ്പിച്ചുകളഞ്ഞു.

കാടിന്റെ പച്ചയിൽ അങ്ങിങ്ങ് ചില നിറങ്ങൾ പടർന്നു. ഒരു ചേർച്ചയുമില്ലാത്തവ.

നിർന്നിമേഷമായി, കുറച്ചിട അത് നോക്കിനിന്ന അവൾ പിന്നെ പതിയെ മുറിവിട്ടിറങ്ങി. ഡൈനിംഗ്ടേബിളിനരുകിലേക്ക് നീങ്ങി. അവൾക്കു പിറകെ കിതച്ചെത്തിയ അയാൾക്കു മുന്നിലേക്ക് നീക്കിവച്ച് അടച്ചുവെച്ച പാത്രങ്ങൾ തുറന്നു.

മേശപ്പുറത്ത്, അയാൾക്കേറെയിഷ്ടമായിരുന്ന പത്തിരിയും തേങ്ങാപ്പാലും നേരത്തെയൊരുക്കി, ചൂടാറാതെയടച്ചുവെച്ചിരുന്നു.

ഫ്ളാസ്ക് തുറന്ന് ചായപകരേ, തുള്ളികൾ വീണ് അവളുടെ കയ്യിലെ മഞ്ഞച്ചായം ഇളകിക്കൊണ്ടിരുന്നു.

അയാൾ അവളുടെ കൈവിരലുകളിലേക്കാണ്ടുനോക്കി. ദൈവം തൊട്ട കൈവിരലിൽ അപൂർണ്ണമായൊരു ചിത്രത്തിന്റെ മഞ്ഞപ്പച്ചച്ചായങ്ങൾ അപ്പോഴും പറ്റിനിന്നിരുന്നു. നിശ്ശബ്ദമായൊരു കരച്ചിലോടെ, അവൾ കൈകഴുകാൻ തുടങ്ങി.■

(2010)

---

*(24-ാം പേജിൽ നിന്നും തുടർച്ച)*

ഇതിൽനിന്നും വ്യത്യസ്തമായി ഏറെപ്പേരും ജയിൽമോചിതരായാൽ എത്രയുംവേഗം ഇന്ത്യവിട്ടുപോകാൻ ആഗ്രഹിക്കുന്നവരാണ്: അനധികൃതമായി ഇന്ത്യയിലെത്തിയവരെ നാട്ടിലേക്കു തിരിച്ചയയ്ക്കുന്ന പദ്ധതി ഇഴഞ്ഞുനീങ്ങുന്ന ഏർപ്പാടാണ്. അതു നീണ്ടുപോകുന്തോറും അവർ ഉത്കണ്ഠാകുലരാകും. വീട്ടിലെന്താണവരെ കാത്തിരിക്കുന്നുണ്ടാവുക, ഭർത്താവ് കല്യാണംകഴിച്ചിട്ടുണ്ടാകുമോ, കുടുംബം അവരെ തിരികെ സ്വീകരിക്കുമോ എന്നെല്ലാം ഓർത്ത് അവർ വ്യാകുലരാവും.

ഇക്കഴിഞ്ഞ നവമ്പറിൽ ഞാൻ ഹസീനയെ കാണുമ്പോൾ തിരിച്ചുപോക്ക് നീളുന്നതിനെച്ചൊല്ലി അവൾ നിരാശിതയും രോഷാകുലയുമായിരുന്നു. ജൂണിൽ തടവുകാലാവധി അവസാനിച്ചനാൾമുതൽ അവൾ കാത്തിരിക്കുകയാണ്. ഞാനവളോട് 'എം'നെക്കുറിച്ചും അയാളെ കാണാൻ ആഗ്രഹമുണ്ടോ എന്നും അന്വേഷിച്ചു. അവൾക്കു സംശയമായിരുന്നു, കാണാൻ കഴിയുമോ എന്ന കാര്യത്തിൽ. "ഒരുപക്ഷേ, ഞാൻ തിരികെവന്നാൽ കാണാൻ കഴിയുമായിരിക്കും" അവൾ പറഞ്ഞു. എന്നാലിപ്പോൾ അയാൾ അവളുടെ മനസ്സിൽനിന്നും ദൂരെയായിരുന്നു. ബംഗ്ലാദേശിൽനിന്നും പോന്നശേഷം തന്റെ കുടുംബത്തെക്കുറിച്ചവൾക്ക് ഒരു വിവരവുമുണ്ടായിരുന്നില്ല. അവൾ ഇന്ത്യയിലേക്കാണ് പോകുന്നതെന്ന് അവരെ അറിയിച്ചിട്ടേ ഉണ്ടായിരുന്നില്ല. ഇപ്പോൾ അവളാകെ ആലോചിക്കുന്നത് കൂടപ്പിറപ്പുകളെക്കുറിച്ചും അച്ഛനമ്മമാരെക്കുറിച്ചുമാണ്. പിന്നെ, അവർ അവളെ തിരികെ സ്വീകരിക്കുമോ എന്ന അനിശ്ചിതമായ വേവലാതിയും. "ഇപ്പോ എന്റെ ഒരേയൊരു വിഷമം തിരിച്ചുനാട്ടിലെത്തുന്നതിനെക്കുറിച്ചാണ്. ജയിലിൽനിന്നും എനിക്കു പോയേതീരൂ." ഹസീന പറഞ്ഞുനിർത്തി. ■

വിവർത്തനം : ഗിരിജ. കെ.പി.

കടപ്പാട്: ഡൽഹിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'മദർലാന്റ്' മാഗസിനിൽ നിന്നും

# ചില കഥയില്ലായ്മകൾ



കെ. ആർ ഇന്ദിര

**നളിനീജമീല** 'വെറുമൊരു തെരുവുപെണ്ണ്'ല്ല. അവർ ബുദ്ധിമതിയും പ്രഗത്ഭയുമാണ്. അതുകൊണ്ട് അവരുടെ ആത്മകഥയ്ക്ക് അതിനൊത്ത പരിഗണന നൽകേണ്ടതുണ്ട്. അവരുടെ ആത്മകഥയിലെ വീക്ഷണങ്ങളോടും നിലപാടുകളോടും പൊതുവെ യോജിച്ചുകൊണ്ട് ചില വിയോജിപ്പുകൾ രേഖപ്പെടുത്തട്ടെ.

51–ാം വയസ്സിൽ ആത്മകഥ പറഞ്ഞുതുടങ്ങിയപ്പോൾ നളിനീജമീല ഇപ്രകാരം പറഞ്ഞു.

'രാത്രികാലങ്ങളിൽ, ചിലപ്പോൾ പകലും കേരളത്തിലെ തെരുവുകളിൽ അൽപ്പമെങ്കിലും സുരക്ഷിതമായി നടക്കാൻ ആർക്കാണു കഴിയുക? ഒരൽപ്പം കൗശലംകൂടി കയ്യിലുണ്ടെങ്കിൽ എവിടെയും ഏതുനേരത്തും ഞാൻ സുരക്ഷിതയാണ്. സാധാരണസ്ത്രീകളാണെങ്കിൽ അപകടപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുമായിരുന്ന എത്രയോ സന്ദർഭങ്ങളെ അതിവിദഗ്ദ്ധമായി ഞാൻ മറികടന്നിരിക്കുന്നു."

മറ്റുസ്ത്രീകളെക്കാൾ മികവുണ്ട് തങ്ങൾക്ക് എന്നു സ്ഥാപിക്കയാണവർ. രാത്രിയും പകലും കേരളത്തിലെ തെരുവുകളിൽ സ്ത്രീകൾക്ക് വഴിനടക്കാൻ പറ്റാതാവുന്നത് രണ്ടുകാരണങ്ങൾകൊണ്ടാണ്. ഒന്ന് സ്വർണ്ണാഭരണം, മറ്റേത് സ്വന്തം ശരീരം. താരതമ്യേന ദുർബലരായ സ്ത്രീകൾ സ്വർണ്ണാഭരണമണിഞ്ഞ് ക്രിമിനലുകളെ ആകർഷിക്കുന്നു. സ്വർണ്ണാഭരണമുപേക്ഷിച്ചാൽ ഈ പ്രശ്നത്തിനു പരിഹാരമായി. പക്ഷേ, ശരീരം ഉപേക്ഷിക്കാൻ ആവില്ലല്ലോ. നളമഹാരാജാവിന്റെ തിരസ്കരണിമന്ത്രമുപയോഗിച്ച് അദൃശ്യരായി സഞ്ചരിക്കാൻ സാധിച്ചിരുന്നുവെങ്കിൽ യുവതികൾ ജീവനോടെ വീട്ടിലെത്തുമായിരുന്നു. വാക്കുകൊണ്ടും നോക്കുകൊണ്ടും പ്രവൃത്തികൊണ്ടും ബലാൽക്കാരമായി സ്ത്രീയിൽനിന്ന് രതിസുഖം പിടിച്ചെടുക്കാൻ പുരുഷൻ ശ്രമിക്കുന്നത് അവൾക്കേറ്റവും അസഹ്യതയും അസ്വസ്ഥതയും ഭയവും ഉണ്ടാക്കുന്നു. ഈ 'സുഖം പിടിച്ചെടുക്കൽ' 'കുലസ്ത്രീ'യിൽനിന്നോ 'വേശ്യ'യിൽനിന്നോ ആകാവുന്നതാണ്. ഇവിടെ രണ്ടുസ്ത്രീകൾക്കും തെരുവിലൂടെ നടക്കേണ്ടതുണ്ട്. അവിടെ വേശ്യ പ്രതിഫലം വാങ്ങി ലൈംഗികസുഖം വിൽക്കുന്നു എന്നതും കുലസ്ത്രീ അതിനു തയ്യാറാവുന്നില്ല എന്നതും ആണ് അവർ തമ്മിലുള്ള ഒരേയൊരു വ്യത്യാസം. ഈ വ്യത്യാസത്തെ ആസ്പദിച്ച് ഇരുവരും നേരിടുന്ന അപകടത്തിന്റെ അളവിനും വ്യത്യാസം വരുന്നു. എന്നിട്ടുപോലും നളിനീജമീല അതിക്രൂരമാംവിധം നിരവധിതവണ ചൂഷണം ചെയ്യപ്പെട്ടതായി തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.



ഒരല്പം കൗശലമുണ്ടെങ്കിൽ എവിടെയും ഏതുനേരത്തും തങ്ങൾക്ക് സുരക്ഷിതത്വമുണ്ടെന്ന് അവർ തുടർന്നു പറയുന്നു. ഒന്നിനുപിറകെ ഒന്നായി പതിനേഴു പുരുഷന്മാർ മതിൽചാടി വന്നപ്പോൾ പറമ്പിലെ മണൽകൊണ്ട് ശരീരംമൂടി ശ്വാസമടക്കിപ്പിടിച്ചുകിടന്ന് താൻ ജീവൻ രക്ഷിച്ചതിനെക്കുറിച്ച് അവർതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും അത് കൗശലവും വിപദി ധൈര്യവുംതന്നെ. ചാരവൃത്തിയിലും യുദ്ധതന്ത്രങ്ങളിലും കുറ്റാന്വേഷണത്തിലും ഏർപ്പെടുന്ന വീരവനിതകൾ അനുവർത്തിക്കുന്ന ഇത്തരം ജീവരക്ഷോപായങ്ങൾ നളിനീജമീലയ്ക്ക് രതിത്തൊഴിലിൽ പ്രയോഗിക്കേണ്ടിവരുന്നു എന്നതും അത് ഈ തൊഴിലിനെതിരെ നിലപാടെടുക്കുന്ന സാമൂഹികശക്തികൾക്കെതിരായിട്ടു മാത്രമല്ല വേണ്ടിവരുന്നത്. മറിച്ച് സ്വന്തം ഉപഭോക്താക്കൾക്കെതിരെ കൂടിയാണ് എന്നതും അനുതാപാർഹമാണ്.

മറ്റൊരിടത്ത് നളിനീജമീല ഇപ്രകാരം അവകാശപ്പെടുന്നു. "സെക്സ് വർക്കേഴ്സ് ഒരിക്കലും മറ്റുസ്ത്രീകൾക്ക് ശത്രുക്കളായി വരുന്നില്ല. ഒരു കുട്ടി ജനിച്ചാൽതന്നെ അതിന്റെ പിതൃത്വം അന്വേഷിക്കാനോ അവകാശം സ്ഥാപിക്കാനോ ഞങ്ങൾ പോകുന്നില്ല. ചോറും കറിയും പാചകം ചെയ്ത് തുണിയലക്കി ഭർത്താവിനെ കാത്തിരിക്കേണ്ട ഗതികേടില്ല ഞങ്ങൾക്ക്. കുഞ്ഞിന്റെ അച്ഛനെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. സാധാരണ വീട്ടമ്മമാരെക്കാൾ ലൈംഗിക സ്വാതന്ത്ര്യവുമുണ്ട്."

തങ്ങൾ ഒരിക്കലും മറ്റുസ്ത്രീകൾക്ക് ശത്രുവായി വരുന്നില്ലെന്ന വാദം പരിശോധിക്കാം. മറ്റുസ്ത്രീകൾ ഏതൊക്കെയോ പുരുഷന്മാരുടെ ഭാര്യ, അമ്മ, സഹോദരി, മകൾ എന്നിവരാണ്. ഈ പുരുഷന്മാർ വേശ്യാഗൃഹത്തിലും മദ്യശാലയിലും ചൂതുകളികേന്ദ്രത്തിലും 'പാഴാക്കുന്ന' ധനത്തെയും സമയത്തെയും ആരോഗ്യത്തെയും പറ്റി നെഞ്ചത്തടിച്ചു വിലപിക്കുന്നവരാണവർ. അവരുടെ മുന്നിൽനിന്ന് നെഞ്ചിൽ കൈവെച്ച് ഈ വാദമുന്നയിക്കാനാവുമോ ഒരു ലൈംഗികത്തൊഴിലാളിക്ക്? ഒരു കുട്ടി ജനിച്ചാൽതന്നെ അതിന്റെ പിതൃത്വം അന്വേഷിക്കാനോ അവകാശം സ്ഥാപിക്കാനോ തങ്ങൾ പോകുന്നില്ല എന്നതാണ് ശത്രുവാകുന്നില്ല എന്നതുകൊണ്ട് അവരുദ്ദേശിക്കുന്നത് എന്നു തോന്നുന്നു. ഒരു തൊഴിലായി ലൈംഗികവൃത്തിയെ അംഗീകരിക്കുമ്പോൾ ആ തൊഴിലിന്റെ ഉപഉൽപ്പന്നമായി സന്താനത്തെ കാണേണ്ടിവരും. അതിന്റെ അധികാരിയും ഉത്തരവാദിയും തൊഴിലാളിമാത്രമാവേണ്ടിയുംവരും. ഹോട്ടൽ കച്ചവടം നടത്തുമ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ ഹോട്ടലുടമയുടെ മാത്രം ബാദ്ധ്യതയാവുന്നതുപോലെയാണത്. നമ്മുടെ രാജ്യത്ത് പണം വാങ്ങിയിട്ടുള്ള ലൈംഗികബന്ധം നിരോധിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് ഇത്തരം പ്രശ്നങ്ങളൊന്നും പരിഗണനാർഹമാവുന്നില്ല. ജനിക്കുന്ന കുഞ്ഞിന് ചെലവിനുകിട്ടാൻ ബീജദാതാവിനെതിരെ നിയമനടപടി എടുക്കുകതന്നെ ചെയ്യാം ലൈംഗികതൊഴിലാളിക്ക്. പക്ഷേ, സാമൂഹ്യവ്യവസ്ഥ അവളെ അതിനനുവദിക്കുന്നില്ല എന്നതാണു സത്യം.



ചോറും കറിയും പാകംചെയ്ത് തുണിയലക്കി ഭർത്താവിനെ കാത്തിരിക്കുന്നത് ഗതികേടുതന്നെ. ഭർത്താവില്ലാത്തതുകൊണ്ട് ഈ ജോലികളൊന്നും ബാധകമല്ല തങ്ങൾക്ക് എന്നാണോ ഭർത്താവുണ്ടെങ്കിലും ലൈംഗികത്തൊഴിലാളിക്ക് ഈ ജോലിയൊന്നും ചെയ്യേണ്ടിവരുന്നില്ല എന്നാണോ നളിനീജമീല ഉദ്ദേശിച്ചത് എന്നു വ്യക്തമല്ല. മൂന്നുഘട്ടങ്ങളിലായി പതിനേഴുവർഷം ഭാര്യയായിരുന്നപ്പോൾ മേൽപ്പറഞ്ഞ ജോലികൾ അവർ ചെയ്തിരുന്നോ എന്നും വ്യക്തമല്ല. സമ്പന്നയും സ്വയംപര്യാപ്തയുമായ ഭാര്യയ്ക്ക് ഭർത്താവിനെ സേവിക്കുകയോ കാത്തിരിക്കുകയോ ചെയ്യേണ്ടതില്ല എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

സ്വന്തം കുഞ്ഞിന്റെ പിതാവിനെ തെരഞ്ഞെടുക്കാനുള്ള അവകാശം ലൈംഗികതൊഴിലാളിക്കുണ്ട് എന്നതാണ് അടുത്ത മെച്ചം! എങ്ങനെയാണ് സ്വന്തം കുഞ്ഞിന്റെ പിതാവിനെ തിരഞ്ഞെടുക്കുന്നത്? നിരവധി ആർത്തവചക്രങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന അണ്ഡങ്ങളിൽ ഒന്നിനുമാത്രം ലഭ്യമാകുന്ന അവസരമാണ് ഭ്രൂണമായി വളരൽ. ആ അവസരം എപ്പോൾ ഏത് അണ്ഡത്തിനു ലഭിക്കും എന്ന് ഗർഭപാത്രത്തിന്റെ ഉടമയ്ക്കു നിശ്ചയിക്കാൻ കഴിയില്ല. ഗർഭിണിയാവുന്നതുവരെ ഇഷ്ടപുരുഷനുമായി മാത്രം ഇണചേരുക എന്നതാണ് പ്രകൃത്യാനുസൃതമായ മാർഗ്ഗം. അതാകട്ടെ ഫലത്തിൽ ലൈംഗികത്തൊഴിൽതന്നെ ഇല്ലാതാക്കുന്നു. കുഞ്ഞിനെ സ്വേച്ഛയനുസരിച്ച് വളർത്താം എന്നതാണ് മറ്റൊരു മെച്ചമായി പറയപ്പെടുന്നത്. വാസ്തവത്തിൽ സ്രഷ്ടാക്കളിരുവർക്കും അതിൽ തുല്യപങ്കാളിത്തമുണ്ടാവുകയാണല്ലോ വേണ്ടത്.

തങ്ങൾ കൂടുതൽ ലൈംഗിക സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട് എന്ന വാദം ശരിതന്നെ. പക്ഷേ, ലൈംഗികസുഖം അനുഭവിക്കുന്നുണ്ട് എന്നു പറയാനാവില്ല എന്ന് നളിനീജമീലതന്നെ സ്വാനുഭവത്തിലൂടെ വ്യക്തമാക്കുന്നുണ്ടല്ലൊ- മാത്രമല്ല ലൈംഗികത്തൊഴിലാളികൾ തങ്ങളുടെ കുടുംബാംഗങ്ങളിൽനിന്ന് തൊഴിൽ മറച്ചുവെച്ചുകൊണ്ടാണ് പ്രവൃത്തിയെടുക്കുന്നതും.

ഭാര്യമാരിൽ പലരും 'ഉച്ഛ്വാസവായുവിൽ പോലും ലൈംഗികതയ്ക്കുള്ള ദാഹവുംപേറി ജീവിക്കുന്നു എന്ന് ചെറുപ്പക്കാരികളും കുടുംബിനികളുമായ ക്ലയന്റ്സിനെപ്പറ്റി കുടുംബക്കോടതിയിലെ ചെറുപ്പക്കാരനായ വക്കീൽ തന്നോടു സംസാരിച്ചതോർക്കുന്നു നളിനീജമീല. ലൈംഗികബന്ധം പീഡനമാകുമ്പോൾ അത് മരവിപ്പിനു കാരണമാകുന്നു എന്ന് ലേഖിക അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. അങ്ങനെ മരവിപ്പും അതൃപ്തിയും പൂണ്ടിരിക്കുന്ന സ്ത്രീയോട് ഒരു യുവാവ് നന്നായി പെരുമാറുമ്പോൾ അയാളോട് ആ സ്ത്രീക്ക് ആകർഷണമുണ്ടാവുക സ്വാഭാവികമാണ്. യുവാവായ വക്കീൽസുഹൃത്തും ലൈംഗികാതൃപ്തിയുള്ള വനിതാ ക്ലയന്റും തമ്മിൽ നടന്നുപോന്ന സംഭാഷണം ഏതുതരത്തിലുള്ളതായിരുന്നിരിക്കും എന്നും അവളുടെ ഉച്ഛ്വാസവായുവിൽപോലും നിറഞ്ഞുനിന്ന ലൈംഗികദാഹം

എങ്ങനെ രൂപപ്പെട്ടു എന്നും ഊഹിക്കാൻ വലിയ കൗശലമൊന്നും വേണ്ടതില്ല. പരിചയസമ്പന്നയായ നളിനീജമീല ആ യുവഅഭിഭാഷകന്റെ പ്രസ്താവനകൾ തൊണ്ട തൊടാതെ വിഴുങ്ങിയതെന്തിന് എന്നു മനസ്സിലാവുന്നില്ല.

പുരുഷന്റെ ലൈംഗികകാപട്യവും സ്വാർത്ഥതയും കണ്ടുകണ്ട് മനംമടുത്തു വളർന്നുവന്ന നളിനി യുവതിയായപ്പോൾ ചെയ്തത് ഒരേ സമയം നിരവധി പുരുഷന്മാരെ പ്രലോഭിപ്പിക്കുകയും ആകർഷിക്കുകയും മറ്റുമായിരുന്നു. ഒരു നീതിബോധത്തിനും നിരക്കാത്ത കൃത്യങ്ങളാണവ. സ്വന്തം വീട്ടിൽ ഏകാധിപതിയും അധർമ്മിഷ്ഠനുമായിരുന്ന അടക്കിവാണ അച്ഛനെതിരെ അഞ്ചുമക്കളും അമ്മയും ഒന്നിച്ചു നിന്ന് മുന്നണിതീർക്കാൻ ശ്രമിക്കേണ്ടിയിരുന്നതിനുപകരം അനവസരത്തിൽ അനാവശ്യമായി കുടുംബഭാരം തലയിലേറ്റുകയും 'ഇത്രയും പ്രായമായിട്ടും അച്ഛനിൽനിന്ന് തല്ലു കിട്ടി' എന്നത് ഒരുനിമിഷത്തിൽ അപമാനമായി നിശ്ചയിക്കുകയും ചെയ്ത് അറിയപ്പെടുന്ന ഗുണ്ടയായ സുബ്രഹ്മണ്യന്റെകൂടെ ഇറങ്ങിത്തിരിക്കുകയും ചെയ്തവളാണ് നളിനി. അപക്വമായ പ്രായത്തിൽ അപക്വമായ തീരുമാനമെടുക്കുന്നത് അസാധാരണമല്ല. പക്ഷേ, 51-ാം വയസ്സിൽ, പരിണതപ്രജ്ഞയും വിശ്വപ്രസിദ്ധയുമായിക്കഴിഞ്ഞശേഷം ആ തീരുമാനങ്ങളെ സാധൂകരിക്കുന്നത് അസാധാരണമാണ്.

ശൂരയും ദൃഢനിശ്ചയവ്രതയുമായ നളിനി അധമനായ ആ മനുഷ്യനോടൊത്ത് മൂന്നരവർഷം ജീവിക്കുകയും രണ്ടുകുഞ്ഞുങ്ങളെ പ്രസവിക്കുകയും ചെയ്തു! ഭക്ഷണം ലഭിച്ചിരുന്നു എന്നതും അന്യപുരുഷന്മാരുടെ കൈയേറ്റത്തിൽനിന്ന് രക്ഷ ലഭിച്ചിരുന്നു എന്നതും മാത്രമാണ് ആ ദാമ്പത്യത്തിൽനിന്ന് ലഭിച്ച ഗുണങ്ങൾ. ഇതുരണ്ടും സ്വന്തം വീട്ടിലും നളിനിക്ക് ലഭിച്ചിരുന്നു എന്നോർക്കണം. സ്വന്തമായിട്ട് പിറന്ന വീടും നളിനിക്കുണ്ടായിരുന്നു. നിഷ്ഠൂരനായ അച്ഛനെ തളർത്തിയൊതുക്കി അടക്കംചെയ്യാനും സമാധാനമായി ആ വീട്ടിൽ കഴിയാനും ആ അമ്മയ്ക്കും മകൾക്കും കഴിയുമായിരുന്നു. ഒരു

> ചില തൊഴിലുകൾ
> ചെയ്യാൻ വേണ്ടത്ര
> തൊഴിലാളികളില്ലാതിരുന്നാൽ
> ഉള്ളവർക്ക് വലിയ വേതനം
> നൽകേണ്ടിവരുന്നു
> തുടങ്ങിയ ലളിതമായ
> സാമ്പത്തിക സാമൂഹിക
> നയങ്ങളിലധിഷ്ഠിതമാണ്
> തൊഴിലുകളുടെ മാന്യത

ലോകത്തോടുമുഴുവൻ വെളിയിലിറങ്ങി പൊരുതുന്നതിനെക്കാൾ എത്രയോ ലളിതമായിരുന്നേനെ അത്. സ്വേച്ഛയനുസരിച്ച് മറ്റേതൊരു പുരുഷനേയുംപോലെ വേല ചെയ്ത് സമ്പാദിക്കാനും തനിക്കിഷ്ടമുള്ള പുരുഷനോട് അടുപ്പം പുലർത്താനും അവർക്കവിടെ സാധിക്കുമായിരുന്നു.

ഭർത്താവു മരിച്ചപ്പോൾ അയാളുടെ സ്വത്തിൽ അവകാശമുന്നയിക്കാമായിരുന്നിട്ടും വെറും വാശിയുടേയും അഭിമാനത്തിന്റേയും പേരിൽ ഉപജീവനത്തിനും മെച്ചപ്പെട്ട വേതനത്തിനും വേണ്ടി ലൈംഗികത്തൊഴിൽ തെരഞ്ഞെടുത്തവളാണ് നളിനി. ആ തെരഞ്ഞെടുപ്പിൽ ഒരിക്കലുമവർ ഖേദിച്ചിട്ടുമില്ല. അവരുടെ ഒരേയൊരാവശ്യം ഈ തൊഴിലുമായി ബന്ധപ്പെട്ടിട്ടുള്ള ദുരിതങ്ങളും ചൂഷണങ്ങളും ഇല്ലാതാവണം എന്നും മറ്റേതൊരു തൊഴിലിനെയുംപോലെ ലൈംഗികത്തൊഴിലിനേയും മറ്റുള്ളവർ മാന്യമായി കണക്കാക്കണം എന്നും മാത്രമാണ്. തങ്ങൾ സ്വയം അങ്ങനെ കണക്കാക്കുന്നവരാണ് എന്ന് അവർ ശക്തിയുക്തം പ്രസ്താവിക്കുന്നുണ്ട്.

എല്ലാ തൊഴിലുകൾക്കും ഒരേ അന്തസ്സ് ലഭിക്കുന്നുണ്ടോ എന്നത് ആലോചിക്കേണ്ട വിഷയമാണ്. കൂടുതൽ അധികാരം നിക്ഷിപ്തമാവുന്ന തൊഴിലുകൾ കൂടുതൽ ആദരവു നേടുന്നു, ചില തൊഴിലുകൾ ചെയ്യാൻ വേണ്ടത്ര തൊഴിലാളികളില്ലാതിരുന്നാൽ ഉള്ളവർക്ക് വലിയ വേതനം നൽകേണ്ടിവരുന്നു തുടങ്ങിയ ലളിതമായ സാമ്പത്തിക സാമൂഹിക നയങ്ങളിലധിഷ്ഠിതമാണ് തൊഴിലുകളുടെ മാന്യത. സ്ത്രീകളെല്ലാവരും സ്വതന്ത്രലൈംഗികതക്കാരികളായിരുന്നുവെങ്കിൽ ലൈംഗികത്തൊഴിൽ എന്നൊന്ന് ആവശ്യമുണ്ടാവില്ലായിരുന്നു. ലൈംഗികബന്ധത്തിന് പ്രതിഫലവും ലഭിക്കില്ലായിരുന്നു.

ദാമ്പത്യത്തിലെ അസ്വതന്ത്രത നിമിത്തം ഭാര്യയ്ക്ക് ലൈംഗികസുഖം നിഷേധിക്കപ്പെടുന്നു എന്നും ഭർത്താവിന് ഇതരലൈംഗികസാദ്ധ്യതകൾ അപ്രാപ്യമാവുന്നു എന്നുമാണല്ലോ മറ്റൊരു വാദം. പക്ഷേ, തന്റെ സ്വതന്ത്രലൈംഗികജീവിതത്തിലെ ലൈംഗിക സുഖത്തെപ്പറ്റി അവർ വലിയവലിയ അവകാശവാദമൊന്നും ഉന്നയിച്ചതായി ക്കാണുന്നില്ല. സ്നേഹത്തോടെയും കരുണയോടെയും പെരുമാറിയ ചില പുരുഷന്മാരെയാണ് അവർ ഓർമ്മയിൽ സൂക്ഷിച്ചിട്ടുള്ളതും. ക്ലയന്റ്സിന്റെ പെരുമാറ്റത്തെക്കുറിച്ച് അവർ പറയുന്നു.

'മുമ്പൊക്കെ ഒരാൾ വിളിച്ച് ഏതെങ്കിലും പാടത്തേക്കും പറമ്പിലേക്കും കൊണ്ടുപോയാൽ ഒരുപാടുപേർ വേറെയും എത്തിയിരുന്നു. പലപ്പോഴും ഭീകരമായി പീഡിപ്പിക്കപ്പെടാറുണ്ട്. പലരും അഞ്ചുപൈസപോലും കൊടുക്കാതെ പറഞ്ഞുവിടാറുണ്ട്. കത്തുന്ന സിഗററ്റുകൊണ്ട് കുത്തുക, അടിക്കുക എന്നിവയൊക്കെ പതിവായിരുന്നു. ചിലർ ഉടുതുണിപോലും തിരിച്ചുകൊടുക്കില്ല.' സമാനമായ നിരവധി സംഭവങ്ങൾ അവർ വേറെയും വിവരിക്കുന്നുണ്ട്!! മൂന്നുതവണയായി പതിനേഴുവർഷം നളിനി ഭാര്യയായി ജീവിച്ചപ്പോൾ അന്യപുരുഷന്മാരുമായി ബന്ധപ്പെട്ടില്ലത്രേ. സ്ത്രീകൾ ഇങ്ങനെ തുടങ്ങിയാൽ പുരുഷന്മാരുടെ ലൈംഗികദാരിദ്ര്യം എങ്ങനെ തീരും? മികച്ച വരുമാനമുള്ള തൊഴിലായി ലൈംഗികത്തൊഴിൽ തെരഞ്ഞെടുത്തിട്ടും അതിനിടയ്ക്ക് ഉത്തമപത്നിയായി ജീവിച്ചിട്ടും സ്വന്തമായി ഒരു പാർപ്പിടം സമ്പാദിക്കാൻ അവർക്കു കഴിയാതെപോയതെന്തുകൊണ്ട്? പലപ്പോഴും വേണ്ടത്ര വസ്ത്രങ്ങൾപോലുമില്ലാതെ അവർക്കു സ്ഥലം വിടേണ്ടിവന്നിട്ടുണ്ടത്രേ. ഭാര്യയായിരുന്നപ്പോഴും ദാരിദ്ര്യവും പീഡയും

ലഭ്യം. ലൈംഗികത്തൊഴിലാളിയായപ്പോഴും തഥൈവ. അതുരണ്ടുമല്ലാത്ത പുത്തൻ മേഖലകളിൽ, അതായത് സംഘടനാപ്രവർത്തനത്തിലേക്കും സിനിമാനിർമ്മാണത്തിലേക്കും പ്രവേശിച്ചപ്പോഴാണ് അവർക്ക് ഗുണപരമായ ലാഭങ്ങളുണ്ടായത്. പ്രസിദ്ധി, അന്തസ്സ്, അംഗീകാരം തുടങ്ങിയവ. ബഹുമാന്യം എന്നു കരുതപ്പെടുന്ന മേഖലകളിലേക്ക് അവർ പ്രവേശിക്കുകയായിരുന്നു. അതുവരെയുണ്ടായിരുന്ന അവരുടെ ലോകം അധോലോകമായിരുന്നു. കഞ്ചാവ്, ഓട, മദ്യം, തെറിവിളി എന്നിങ്ങനെയുള്ള ചേരുവകളോടുകൂടിയ അധോലോകം. പകൽമാന്യന്മാർ രാത്രിയിൽ ഈ അധോലോകത്തിൽ പ്രവേശിച്ച് അതിന്റെ സുഖമനുഭവിക്കുകയും പകൽനേരത്ത് അവരുടെ പ്രഖ്യാപിതമാന്യപദവികളിലേക്കു തിരിച്ചുപോവുകയും ചെയ്യുന്നതായി അവർ കുറ്റപ്പെടുത്തുന്നു.

നളിനീജമീല അധികാരവും സ്ഥാനമാനങ്ങളുമുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥയായിരുന്നു എന്നിരിക്കട്ടെ, തന്റെ പകൽമാന്യത നിലനിർത്തിക്കൊണ്ട് രാത്രിയിൽ ലൈംഗികസുഖത്തിനുവേണ്ടി ഈ അധോലോകത്തേക്ക് ഇറങ്ങിച്ചെല്ലുമായിരുന്നുവോ?

ലൈംഗികത്തൊഴിലാളികളുടെ പുനരധിവാസത്തെക്കുറിച്ച് സംസാരിക്കുന്നവരെ അവർ ഓർമ്മിപ്പിക്കുന്നു:

'ഇന്ന് തെരുവിൽ നിൽക്കുന്ന മുഴുവൻ ലൈംഗികത്തൊഴിലാളികളെയും പുനരധിവസിപ്പിച്ചാലും അതിനെക്കാൾ കൂടുതൽ പേർ ഈ തെരുവിലെത്താൻ വളരെ കുറച്ചു ദിവസം മാത്രം മതി. തെരുവിൽ നിൽക്കുന്നവരെയല്ലാതെ ഉയർന്ന തലത്തിൽ ആയിരങ്ങൾ പ്രതിഫലം വാങ്ങി സമൂഹത്തിനുമുന്നിൽ അദൃശ്യരായി ലൈംഗികത്തൊഴിൽ ചെയ്യുന്നവർ അവരുടെ അജണ്ടയിൽ ഇല്ല.'

ഇതിൽനിന്ന് മനസ്സിലാക്കാനുള്ളത് പുനരധിവാസം തെരുവിൽനിന്നാണ്; ലൈംഗികത്തൊഴിലിൽനിന്നല്ല എന്നാണ്. സെക്സ് വർക്കേഴ്സിന് അന്തിയുറങ്ങാൻ ഇടമില്ല എന്നതാണ് അവർ അഭിമുഖീകരിക്കുന്ന പ്രശ്നം എന്ന് നളിനീജമീല ചൂണ്ടിക്കാണിക്കുന്നുണ്ട്. വള്ളുവനാട്ടിലെ കമ്പനി വീടുകളിൽ ജീവിതം സ്വസ്ഥമായിരുന്നതുപോലെ നഗരങ്ങളിൽ കൂട്ടുചേർന്ന് താമസിക്കാനിടം ലഭിക്കുക എന്നത് അവരെ സംബന്ധിച്ച് ഒരാവശ്യംതന്നെ. സെക്സ് വർക്കേഴ്സ് തെരുവിലായിപ്പോവുന്നതെങ്ങനെ? തെരുവിൽ ജനിച്ചവരാണോ അവർ? അല്ല. അവർക്ക് പിറന്ന വീടുണ്ട്. പക്ഷേ, അവർ തൊഴിൽ ചെയ്യുന്നത് ദൂരെ നഗരങ്ങളിലാണ്. അവിടെ അവരുടെ ക്ലയന്റുകൾ പലരും ചുരുങ്ങിയ ചെലവിലും ഒളിവിലും ലൈംഗികസുഖം തേടാൻ ഇച്ഛിക്കുന്നവരായതുകൊണ്ട് അവർ ഹോട്ടൽമുറിയോ വീടോ ഈ സ്ത്രീകൾക്കുവേണ്ടി ഒരുക്കാറില്ല. അങ്ങനെ ഈ സ്ത്രീകൾ തെരുവിലെത്തുന്നു. ലൈംഗികത്തൊഴിലാളി സ്ത്രീകൾ ഇത്തരം അരക്ഷിതപ്രദേശങ്ങളിലേക്കു കടന്നുചെന്ന് സ്വന്തം സുരക്ഷിതത്വവും തൊഴിലിന്റെ മൂല്യവും അപകടപ്പെടുത്തുന്നതവസാനിപ്പിച്ച് സ്വന്തം വീട്ടിൽ സർവ്വ അധികാരങ്ങളോടെയും അവകാശങ്ങളോടെയും തങ്ങളുടെ ഉപഭോക്താക്കളെ സ്വീകരിക്കുകയാണെങ്കിൽ സ്ത്രീകളുടെ പാർപ്പിടപ്രശ്നത്തിനും സുരക്ഷിതത്വപ്രശ്നത്തിനും പരിഹാരമുണ്ടാവുകയായി.

ലൈംഗികത്തൊഴിലാളി സ്ത്രീകളുടെ മക്കൾ ഏതുജീവിതമാർഗ്ഗം തെരഞ്ഞെടുക്കും എന്നതിനെക്കുറിച്ച് നളിനീജമീല ചിന്തിക്കുന്നുണ്ട്. തന്റെ ദുരിതങ്ങൾക്കു സാക്ഷിയായതുകൊണ്ട് തന്റെ മകൾ ലൈംഗികത്തൊഴിലിൽ ഏർപ്പെടാനാഗ്രഹിച്ചില്ല എന്ന് അവർ പറയുന്നു. പകരം അടങ്ങിയൊതുങ്ങിയുള്ള ജീവിതമാണത്രെ അവൾ ആഗ്രഹിച്ചത്. ഈ പ്രസ്താവനയിൽ പ്രകടമായ ഒരു പൊരുത്തക്കേടുണ്ട്. വലിയ ദുരിതം നൽകുന്ന ഒരു തൊഴിലിനുപകരം കൂടുതൽ സൗകര്യപ്രദമായ ഒരു തൊഴിലാണ് തെരഞ്ഞെടുക്കേണ്ടത്. തൊഴിലിനുപകരം നിൽക്കാനുള്ളതല്ല വിവാഹജീവിതം. വിവാഹജീവിതത്തിനെതിർനിൽക്കാനുള്ളത് അവിവാഹിതയായി തുടരലാണ്. ലൈംഗികസുഖം തേടിവരുന്ന പുരുഷന്മാർ വിവാഹജീവിതം ത്യജിച്ചിട്ടല്ലോ വരുന്നത്. ലൈംഗികത്തൊഴിലാളികളുടെ പെണ്മക്കളെ ആരും വിവാഹം ചെയ്യാതിരുന്നാൽ അവരും ലൈംഗികത്തൊഴിലിൽ പ്രവേശിക്കേണ്ടിവരും എന്ന ഉത്ക്കണ്ഠ നളിനീജമീല പ്രകടിപ്പിക്കുന്നത് കൗതുകകരമായിരിക്കുന്നു. ലൈംഗികത്തൊഴിലാളിയുടെ മകൾ ഡോക്ടറോ മുൻസീഫോ ആയിക്കൂടാ എന്നില്ലല്ലോ!



തനിക്കു നേരിടേണ്ടിവന്ന തരത്തിലുള്ള ക്ലേശകരമായ ജീവിതയാത്രകൾ ഇനിയും മറ്റൊരാൾക്ക് ഉണ്ടാവാതിരിക്കട്ടെ എന്ന ആശിസ്സോടുകൂടിയാണ് അവർ കഥനം അവസാനിപ്പിക്കുന്നത്. അവരുടെ ആശിസ്സ് സഫലമാകട്ടെ. എന്നാൽ സ്വന്തം അവിവേകം നിമിത്തമാണ് സ്വജീവിതം ക്ലേശകരമായത് എന്ന വസ്തുത അവർ മനസ്സിലാക്കേണ്ടതുണ്ട്. ■

# പൊതു ഇടങ്ങളുടെ അവകാശികൾ ആര്



ജി. രജിത
സഖി, വിമെൻസ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം

“വീട്ടുജോലിക്കു പോകുന്നയാളാണു ഞാൻ. വെളുപ്പിനെ കൈതമുക്കിലെ മുടുക്കിൽ കൂടി ജോലിസ്ഥലത്തേക്കു പോകുമ്പോൾ ഒരുത്തൻ തുണി പൊക്കി കാണിച്ചു. പിന്നീട് സ്ഥിരമായി ഞാൻ പോകുന്ന നേരത്ത് അയാളും അവിടെ കാണും. എനിക്കു പേടിയും നാണക്കേടുമൊക്കെ തോന്നിയിട്ട് അങ്ങോട്ടു നോക്കാതെ നടക്കുകയോ, അയാളു പോകുന്നതുവരെ മറഞ്ഞു നിൽക്കുകയോ ഒക്കെ ചെയ്യും. അപ്പോൾ പക്ഷേ ജോലിക്കെത്താൻ താമസിക്കും. ഇതാണ് കാരണമെന്ന് ആരോടെങ്കിലും പറയാൻ പറ്റുമോ, നാണക്കേടല്ലേ! ചിലപ്പോൾ വളഞ്ഞ വഴിക്കൂടെ പോകുകയോ ഇല്ലാത്ത കാശും കൊടുത്ത് ഓട്ടോ വിളിച്ചു പോകുകയോ ചെയ്യാറുണ്ട്. എന്തായാലും പെണ്ണുങ്ങക്ക് വഴി നടക്കണമെങ്കിൽ ചില്ലറ പാടൊന്നുമല്ല പെടേണ്ടിവരുന്നത്.” തിരുവനന്തപുരം നഗരത്തിൽ, പൊതു ഇടങ്ങളിലെ സ്ത്രീകളുടെ സുരക്ഷയെക്കുറിച്ചു നടത്തിയ പഠനത്തിന്റെ ഭാഗമായി വീട്ടു ജോലിക്കായി പോകുന്ന സ്ത്രീകളുമായി നടത്തിയ ചർച്ചയിൽ കേട്ട ഒരനുഭവമാണിത്.

പൊതു ഇടം എന്നാൽ, പ്രായം, മതം, വർഗ്ഗം, ലിംഗവ്യത്യാസം, ഏതുനാട്ടിൽ നിന്നെന്നത് തുടങ്ങിയവക്കൊക്കെ അതീതമായി എല്ലാ പൗരർക്കും പ്രാപ്യമായ സ്ഥലം/ പ്രദേശം എന്നാണർത്ഥം. എന്നാൽ ഈ നിർവ്വചനത്തിന് കേരളത്തിലെ പൊതു ഇടങ്ങൾ അർഹമാണോ എന്ന ചോദ്യം മുൻപത്തേതിലും കൂടുതലായി കഴിഞ്ഞ കുറച്ചു നാളുകളായി ചർച്ച ചെയ്യപ്പെടുന്നു. കോഴിക്കോട് ഹോട്ടലിന്റെ കക്കൂസിൽ നിന്നും മൊബൈൽ ക്യാമറ പിടിച്ചതും എറണാകുളത്ത് സെയ്ൽസ് ഗേൾ, തന്നെ ശല്യപ്പെടുത്തിയവന്റെ കോളറിൽ പിടിച്ച് പ്രതികരിച്ചതും പിന്നീട് ഷൊർണൂർ സൗമ്യയെ കൊന്നതും തുടങ്ങി ധാരാളം സംഭവങ്ങൾ കഴിഞ്ഞ രണ്ടു വർഷങ്ങളായി നാം കേൾക്കുന്നു. ട്രെയിനുകളിലെയും ബസുകളിലെയും ലൈംഗിക പീഡനങ്ങൾ നിത്യേനയെന്നോണം മാധ്യമങ്ങളിൽ കൂടി അറിയുന്നു. കൃത്യമായി പറഞ്ഞാൽ, സ്ത്രീ എന്ന ലിംഗവിഭാഗത്തിൽപ്പെട്ടതുകൊണ്ടു മാത്രം പൊതുഇടങ്ങളിൽ ലൈംഗിക പീഡനം നേരിടേണ്ടി വന്ന അനുഭവങ്ങളായിരുന്നു അവയെല്ലാം.

ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2011 ൽ ഈവ് ടീസിങ്ങിന് (ഐ.പി.സി 509)– സെക്ഷ്വൽ ഹരാസ്മെന്റിന്, കേരള പോലീസ് ഉപയോഗിക്കുന്ന വാക്ക്! – സംസ്ഥാനത്താകെ 573 പരാതികളാണ് ലഭിച്ചിരിക്കുന്നത്. സ്ത്രീകളെ ശല്യം ചെയ്തതിന് (ഐ.പി.സി 354) 3756 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2009 ൽ ഇത് 2540 ആയിരുന്നു.

2009 നവംബർ മുതൽ കേരളത്തിലെ നാലു പ്രധാന നഗരങ്ങളിൽ സഖി നടത്തിയ പഠനങ്ങളുടെ കണ്ടെത്തലുകൾ പക്ഷേ, പ്രശ്നം ഇത്ര ലളിതമല്ല എന്നാണ് സൂചിപ്പിക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി, തൃശൂർ നഗരങ്ങളിലാണ് യു എൻ വിമന്റെ സാമ്പത്തിക സഹായത്തോടെ പഠനങ്ങൾ നടത്തിയത്. ജാഗോരി – ഡൽഹി, അന്വേഷി – കോഴിക്കോട്, മായ – തൃശൂർ, സി.ജി.ഡി.എ – എറണാകുളം എന്നീ സംഘടനകളുടെ സഹകരണത്തോടെ നടത്തിയ പഠനത്തിൽ പ്രതികരിച്ച സ്ത്രീകൾ എല്ലാവരും തന്നെ അവരുടെ നഗരങ്ങൾ സുരക്ഷിതമല്ല എന്നാണ് അഭിപ്രായപ്പെട്ടത്. 98% സ്ത്രീകളും ലൈംഗികാതിക്രമങ്ങൾ ഭയന്നാണ് പൊതു ഇടങ്ങളിൽ സഞ്ചരിക്കുന്നത്. വാക്കുകൾകൊണ്ട്,



നോട്ടം കൊണ്ട്, ശാരീരികമായി, പിൻതുടരുന്നത്, ലൈംഗികാവയവം കാണിക്കുന്നത് തുടങ്ങിയ ലൈംഗികാതിക്രമങ്ങളാണ് സ്ത്രീകൾ സഹിക്കേണ്ടി വരുന്നത്. തിരുവനന്തപുരത്തും കോഴിക്കോട്ടും നടത്തിയ സർവ്വേയിൽ പങ്കെടുത്ത മൂന്നിൽ രണ്ടു സ്ത്രീകളും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ രണ്ടു മുതൽ അഞ്ചു തവണ വരെ നഗരത്തിലെ പൊതു സ്ഥലങ്ങളിൽ വച്ച് ലൈംഗിക പീഡനങ്ങൾക്കിരയായിട്ടുണ്ട്. സ്ത്രീകളുടെ യാത്ര ചെയ്യാനും ജോലി ചെയ്യാനും ഉള്ള സ്വാതന്ത്ര്യത്തെ, പൊതു ഇടങ്ങൾ ഉപയോഗിക്കാനുള്ള അവകാശത്തെ, സമൂഹ നിർമ്മിതിയിൽ പങ്കാളിയാകാനുള്ള സാധ്യതകളെ ഒക്കെയാണ് ഇത് പരിമിതപ്പെടുത്തുന്നത്.

കേരളത്തിൽ ഏറ്റവും കൂടുതൽ ലൈംഗികപീഡനം നടക്കുന്ന പൊതു ഇടം ബസുകളാണ് എന്നാണ് പഠനം കാണിക്കുന്നത്. ബസുകൾ മാത്രമല്ല ചന്തകളും, ഉത്സവസ്ഥലങ്ങളും, (വിജനമായ) റോഡുകളും, പൊതുകക്കൂസുകളും (എണ്ണത്തിലും വൃത്തിയിലും പരിതാപകരമായ അവസ്ഥയിലാണവ എന്നു സൂചിപ്പിക്കാതെ വയ്യ!) തുടങ്ങി മിക്ക പൊതു ഇടങ്ങളും സ്ത്രീകൾക്ക് അപ്രാപ്യമാണ്. ഇതിന് ഒരു കാരണം മുൻപ് സൂചിപ്പിച്ച ഭയമാണ്. ആക്രമിക്കപ്പെടുമോ എന്ന ഭയം. എല്ലാ നഗരങ്ങളിലെയും സ്ത്രീകൾ ഒരേ പോലെ പറഞ്ഞ ഒരു കാര്യമാണ്, ബസ് സ്റ്റോപ്പുകളിൽ അഞ്ചു മിനിറ്റിൽ കൂടുതൽ കാത്തു നിന്നാൽ ഉടനെ അടുത്തു വന്ന് വരുന്നോ എന്നു ചോദിക്കുന്ന പുരുഷ കേസരികളുടെ സാന്നിദ്ധ്യം! സഖിയുടെ ആദ്യഘട്ടപഠനത്തിനു ശേഷം വിവിധ ചാനലുകൾ ഈ വിഷയത്തിൽ നടത്തിയ അന്വേഷണങ്ങൾ കാണിക്കുന്നതും ഇത്തരം സാഹചര്യങ്ങൾ സാധാരണമാണെന്നാണ്.

മുൻ കാലങ്ങളിലേതും അധികമായി സ്ത്രീകൾ ഇന്ന് വീടിനു പുറത്തിറങ്ങി സഞ്ചരിക്കുന്നുണ്ട്. പക്ഷേ, ഇപ്പോഴും, അവർ പൊതു ഇടങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിന് കൃത്യമായ കാരണങ്ങൾ സമൂഹം ആവശ്യപ്പെടുന്നു! ജോലിക്കു പോകാൻ, ചന്തയിൽ പോകാൻ, കുട്ടിയെ/കളെ സ്കൂളിൽ വിടാൻ, ആശുപത്രിയിൽ പോകാൻ ഒക്കെ മാത്രമാണ് അവർക്ക് പൊതുഇടങ്ങൾ ഉപയോഗിക്കാൻ സാധിക്കുന്നത്, അതും പകൽ സമയത്ത് മാത്രം. അതിനപ്പുറമുള്ള ഇടങ്ങളും സമയങ്ങളും സ്ത്രീക്ക് അപ്രാപ്യമാണ്. പഠനത്തിന്റെ ഭാഗമായി രാത്രി 7 മണിക്കു ശേഷം സ്ത്രീകളുടെ ഇന്റർവ്യൂ എടുക്കാൻ ശ്രമിച്ച ഞങ്ങൾക്ക് ഏറെ പണിപ്പെട്ട് 8–8.30 മണിക്ക് ജോലിസ്ഥലത്തുനിന്നും വീട്ടിലേക്ക് ഓടുന്ന ഏതാനും ചിലരെ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. പൊതുവേ സുരക്ഷിതത്വ പ്രശ്നങ്ങളുടെയൊക്കെ ഉത്തരവാദിത്വം സ്ത്രീക്കു മാത്രമാണെന്നു സമൂഹം സ്ഥാപിച്ചിട്ടുണ്ട്. പണ്ട് പി.ഇ ഉഷക്ക് രാത്രിയിൽ ഒരു മീറ്റിങ്ങിൽ പങ്കെടുത്തു തിരിച്ചു വരുമ്പോൾ രാത്രി 8 മണിയോടടുത്ത് ബസിൽ ലൈംഗിക പീഡനം നേരിട്ടപ്പോൾ പ്രബുദ്ധ കേരളത്തിന്റെ ചോദ്യം അവരെന്തിനു രാത്രിയിൽ മീറ്റിങ്ങിനു പോയി എന്നതായിരുന്നല്ലോ ! കേരള സമൂഹത്തിന്റെ കപട സദാചാരവും, അടിച്ചമർത്തപ്പെട്ട ലൈംഗികതയും, ഏറ്റവും അടിസ്ഥാനമായി ലിംഗരാഷ്ട്രീയവും എല്ലാം ചേർന്ന് സ്ത്രീയെ ഞെരുക്കുന്ന കാഴ്ചയാണിന്നുള്ളത്. പൊതു ഇടങ്ങളിലെ സ്ത്രീയുടെ സുരക്ഷിതത്വവും അടിയറവു പറയുന്നത് ഇവയുടെ മുൻപിലാണ്.

നമ്മുടെ റോഡുകളിലും ബസുകളിലും തീയേറ്ററുകളിലും പാർക്കുകളിലും എല്ലാം സ്ത്രീകൾക്ക് സുരക്ഷിതത്വ ബോധത്തോടെ, ഭയമില്ലാതെ, സന്തോഷമായി, സമാധാനമായി ഏതു സമയത്തും നടക്കാൻ എങ്ങനെ സാധിക്കും? ആരാണ് അതിനായി പ്രവർത്തിക്കേണ്ടത്?

പൊതുവേ സ്ത്രീയുടെ സുരക്ഷയുടെ ഉത്തരവാദിത്വം സ്ത്രീക്കു മാത്രമാണ് സമൂഹം നൽകിയിരിക്കുന്നത്. സ്വയം സൂക്ഷിക്കണം , പുരുഷന്മാരെ പ്രകോപിപ്പിക്കുന്ന തരത്തിൽ വസ്ത്രം ധരിക്കരുത് , രാത്രിയിൽ തനിയെ പുറത്തു പോകരുത് തുടങ്ങിയ നിയമങ്ങൾ സ്ത്രീകൾക്കായി നിർമ്മിച്ചിട്ടുണ്ട്. ഇവ പാലിക്കാത്തവർക്കാണ് പീഡനങ്ങൾ ഉണ്ടാകുന്നത് എന്നു സ്ത്രീയെ പറഞ്ഞു വിശ്വസിപ്പിക്കാൻ സമൂഹത്തിനു കഴിഞ്ഞിട്ടുണ്ട്. പഠനത്തിന്റെ ഭാഗമായി ഞങ്ങൾ സംസാരിച്ച പല സ്ത്രീകളും എനിക്ക് പീഡനങ്ങളൊന്നും ഉണ്ടായിട്ടേയില്ല എന്ന് ആദ്യം പറയുകയും പിന്നീട് സംസാരിച്ചു വരുമ്പോൾ മിക്കപ്പോഴും ശല്യങ്ങളുണ്ടാകുന്നു എന്ന് അനുഭവങ്ങൾ പങ്കുവക്കുകയും ചെയ്തത് പീഡനങ്ങൾ ഉണ്ടാകുന്നത് സ്ത്രീകളുടെ കുറ്റം കൊണ്ടാണെന്ന (തെറ്റായ) വിശ്വാസം മൂലമാണ്. പക്ഷേ, യഥാർത്ഥത്തിൽ, സമൂഹത്തിന്റെ എഴുതപ്പെടാത്ത ഇത്തരം നിയമങ്ങളൊക്കെ അനുസരിച്ചു നടക്കുന്ന സ്ത്രീകൾക്കും അതിക്രമം നേരിടേണ്ടി വരുന്നുണ്ട്.

സ്ത്രീകളുടെ സുരക്ഷയുടെ ഉത്തരവാദിത്വം – പ്രത്യേകിച്ചും പൊതു ഇടങ്ങളിലെ സുരക്ഷ– രണ്ടാമതായി പോലീസിനും സ്ത്രീ സംഘടനകൾക്കുമാണെന്നും സമൂഹം വിശ്വസിക്കുന്നു. . പക്ഷേ ഇവരുൾപ്പെടുന്ന പൊതു സമൂഹത്തിന്റെ ഒന്നിച്ചുള്ള ശക്തമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ കേരളത്തിലെ പൊതു ഇടങ്ങൾക്ക് അതിന്റ യഥാർത്ഥ നിർവ്വചനത്തിലെത്താനാകൂ. വീട്ടിലും വിദ്യാലയത്തിലും ലിംഗ വ്യത്യാസത്തിന് പ്രാധാന്യം കൊടുക്കുന്ന സംസാരങ്ങളും പാഠങ്ങളും ഒഴിവാക്കണം. ഓരോ പ്രായത്തിലും മനസ്സിലാകുന്ന തരത്തിലുള്ള അറിവുകൾ ശാസ്ത്രീയമായി വിവരിച്ചു കൊടുക്കണം. ആൺകുട്ടിയേയും പെൺകുട്ടിയേയും ഒരേപോലെ ആത്മവിശ്വാസം ഉള്ളവരായി വളരാൻ സഹായിക്കണം.

ഏറ്റവും പ്രധാനമായി പീഡനങ്ങൾക്കു സാക്ഷിയാകുന്നവർ ഇത് എന്നെ ബാധിക്കുന്ന പ്രശ്നമല്ല എന്നു കരുതി ഒഴിഞ്ഞു മാറാതെ, എനിക്കോ എന്റെ വേണ്ടപ്പെട്ടവർക്കോ ഇതുപോലെ സംഭവിക്കാം എന്ന തിരിച്ചറിവിൽ പീഡനത്തിനു വിധേയരാകുന്നവരെ സഹായിക്കാൻ, മറ്റുള്ളവരുടെ സഹായം അവർക്കു ലഭ്യമാക്കാൻ, സന്നദ്ധരാകണം. ഒപ്പം സമൂഹ

*(ശേഷം 44–ാം പേജിൽ)*



അമ്മയനുഭവം



# എന്റെ അമ്മ

ഡോ. ഗീതാദേവി.എം.ആർ

**ഓർമ്മവെച്ച** കാലം മുതൽ അമ്മയോടൊപ്പം കഴിയുവാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. എന്റെ ചെറുബാല്യം വാഴമുട്ടത്തുള്ള അമ്മയുടെ കുടുംബ വീട്ടിലായിരുന്നു. ജന്മിവ്യവസ്ഥ നിലനിന്നിരുന്ന ഒരു കൂട്ടുകുടുംബം. എന്റെ അമ്മയുടെ അമ്മ അകാലത്തിൽ മരിച്ചുപോയതിനാൽ കുടുംബത്തിലെ ഉത്തരവാദിത്വങ്ങളിൽ പലതും അമ്മ ഏറ്റെടുക്കേണ്ടിവന്നു. അവിടെ അമ്മയുടെ സഹനത്തിന്റേയും അതിജീവനത്തിന്റേയും അനുഭവമാണ്. അച്ഛൻ ശാന്ത എന്ന കവിതയിലൂടെ ആവിഷ്കരിച്ചത്. ഏത് ദുർവിധിയുടെ മരുഭൂമിയിലും നീരുറവ പോലെ അച്ഛനെ കാത്തിരിക്കുന്ന അമ്മ. അത്യദ്ധ്വാനത്തിന്റെയും വ്യാകുലതയുടേയും തിരക്കിലാണെങ്കിലും അമ്മയോടൊത്ത് സ്വസ്ഥമായി ഒരു നിമിഷം അച്ഛനാഗ്രഹിച്ചു. അത് പലപ്പോഴും സാധിക്കാതെ വന്നതിലുള്ള അസഹിഷ്ണുതയാണ്

"ഇല്ല നമുക്കായ് ഒരു സന്ധ്യ, രാപ്പാതിയല്ലാതെ

മറ്റൊന്നും ഇന്നെന്നിരിക്കിലും വിസ്മയം പോലെ

ലഭിക്കും നിമിഷത്തിനർത്ഥം കൊടുത്തു

പൊലിപ്പിച്ചെടുക്ക നാം" എന്ന് അച്ഛനെക്കൊണ്ട് പാടിപ്പിച്ചത്

'കോഴി' എന്ന കവിതയിൽ പ്രതിരൂപാത്മകമായി കണ്ടിരുന്നത് കുട്ടികളെ ചെറുപ്രായത്തിൽ സൂക്ഷിച്ചു വളർത്തിക്കൊണ്ടുവരുന്ന ഒരമ്മയുടെ ഉത്തരവാദിത്വവും ജാഗ്രതയുമാണ്. പരോക്ഷമായിട്ടെങ്കിലും അതിന്റെ കേന്ദ്ര കഥാപാത്രം അമ്മ തന്നെയാണ്.

ഈ അമ്മ മക്കളുടെ കാര്യത്തിൽ മാത്രമല്ല കൊച്ചുമക്കളുടെ കാര്യത്തിലും നിരന്തരം ശ്രദ്ധിക്കുന്നു. എന്റെ മകൾ മംഗലേശ്വരി പതിനൊന്നാം ക്ലാസ്സു മുതൽ എം.ബി.ബി.എസ്സിനു ചേർത്തപ്പോൾ വരെ കൂടെ താമസിപ്പിച്ചു പഠിപ്പിച്ചതും ഈ അമ്മ തന്നെയാണ്.

ഞങ്ങൾ 1975 ൽ വള്ളിക്കോട് എന്ന സ്ഥലത്ത് വീട് വാങ്ങി താമസമായി. ഒരു കൂട്ടുകുടുംബ വ്യവസ്ഥിതിയിൽനിന്നും അണുകുടുംബ വ്യവസ്ഥിതിയിലേക്കുള്ള പ്രയാണം. സത്യത്തിൽ അണുകുടുംബമായി ഒതുങ്ങിക്കൂടാൻ അച്ഛൻ തയ്യാറായില്ല. വള്ളി



കവി കടമ്മനിട്ടയും ഗീതയും അമ്മയും കുടുംബാംഗങ്ങളോടൊപ്പം

> അച്ഛന്റെ
> ഭൗതികശരീരം
> ഈ മണ്ണിൽ
> അലിഞ്ഞുചേർന്നെങ്കിലും
> അദ്ദേഹത്തിന്റെ
> സ്മരണകൾ
> കത്തുന്ന
> പന്തങ്ങളായി
> അമ്മയുടെ മനസ്സിൽ
> ജ്വലിച്ചുകൊണ്ടേയിരിക്കുന്നു

ക്കോട്ടെ വീട്ടിൽ താമസമായത് മുതൽ അച്ഛൻ അറിയപ്പെടുന്ന കവിയായിരുന്നു. സുഹൃദ്ബന്ധങ്ങൾക്കും കുടുംബബന്ധങ്ങൾക്കും കൂടുതൽ പ്രാധാന്യം കൊടുത്തുള്ള ജീവിതം. അച്ഛന്റെ നിലപാടുകൾക്കനുസരിച്ച് ഗൃഹാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അച്ഛന്റെ വളർച്ചയിൽ അമ്മയുടെ ശക്തിയേറിയ പിൻബലം എന്നെന്നും ഉണ്ടായിരുന്നു.

1996 ൽ ആറന്മുളയിൽനിന്ന് അച്ഛൻ നിയമസഭയിലേക്ക് ജയിച്ചപ്പോൾ പൊതുപ്രവർത്തകരെപോലെ ഇലക്ഷൻ പ്രചരണത്തിനിറങ്ങിയ അമ്മ ഏവരാലും ശ്രദ്ധിക്കപ്പെട്ടു. അമ്മയാണ് വീട്ടുകാര്യങ്ങൾക്കൊപ്പം ഞങ്ങളെയും നോക്കിയിരുന്നത്. മാസങ്ങളോളം അച്ഛൻ വീട്ടിൽ വരാതെ യാത്രകൾ പോയിട്ടുണ്ട്. അന്നൊന്നും ഫോൺ സൗകര്യങ്ങൾ സാധാരണമല്ല. അച്ഛന്റെ എഴുത്തുകൾ പോലും കിട്ടാതെ ഞങ്ങൾ വിഷമിച്ചിരിക്കുന്ന ഒരു ദിവസം അമ്മയ്ക്ക് അസുഖവും പിടിച്ചു. വീടിനടുത്ത് ഒരു കാർ നിർത്തിയ ശബ്ധം ഞങ്ങൾ കേട്ടു. എരുമേലിയിൽ പേട്ട തുള്ളലിൽ പങ്കെടുത്തശേഷം കാക്കനാടൻ സാറും അച്ഛനുമെല്ലാം സംഘമായി വന്നിറങ്ങിയതാണ്. എല്ലാവരുടെയും കയ്യിൽ കുറെ മാങ്ങയുണ്ട്. ശരണം വിളികളോടെയാണ് വരവ്. വീട്ടിൽ പൊട്ടിത്തെറി ഉറപ്പാണെന്നച്ഛനറിയാം. കാക്കനാടൻ സാറിനെ മുന്നിൽനിർത്തി അച്ഛൻ പിന്നോട്ട് മാറി. അമ്മയുടെ മുന്നിൽ ഒരു മാങ്ങ കാഴ്ചവെച്ചു. മൂടിനിന്ന കാർമേഘം കാറ്റടിച്ചുപോയതുപോലെ അന്തരീക്ഷം തെളിഞ്ഞു. അസുഖമായി കിടന്ന അമ്മ ചാടിയെണീറ്റ് എല്ലാവർക്കും ഭക്ഷണമുണ്ടാക്കി കൊടുത്തു. വീട്ടിൽ ആരുവന്നാലും ഭക്ഷണം കൊടുത്ത് സത്കരിക്കുക എന്നത് അമ്മ ചെറുപ്പം മുതൽ ആർജ്ജിച്ചുപോന്ന കർമ്മവിധിയാണ്. പതിനാറു ദാനങ്ങളിൽ ഏറ്റം ശ്രേഷ്ടം അന്നദാനമാണെന്നാണ് അമ്മ വിശ്വസിക്കുന്നത്.

ഒരു സാധാരണ ദാമ്പത്യത്തിനുപരി അഗാധമായ ഒരാത്മബന്ധം അച്ഛനും അമ്മയും തമ്മിലുണ്ടായിരുന്നു. അച്ഛന്റെ ഭൗതികശരീരം ഈ മണ്ണിൽ അലിഞ്ഞുചേർന്നെങ്കിലും അദ്ദേഹത്തിന്റെ സ്മരണകൾ കത്തുന്ന പന്തങ്ങളായി അമ്മയുടെ മനസ്സിൽ ജ്വലിച്ചുകൊണ്ടേയിരിക്കുന്നു. ഒരാത്മബന്ധത്തിന്റെ താമരനൂലിഴകൾകൊണ്ട് അമ്മ സ്വപ്നങ്ങൾ നെയ്യുകയാണ്. ആ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള കർമ്മപദ്ധതികളിൽ നിരന്തരം ഏർപ്പെടുകയാണ്. കലയെയും സാഹിത്യത്തെയും പ്രോത്സാഹിപ്പിക്കുവാൻ 'കടമ്മനിട്ട രാമകൃഷ്ണൻ ഫൗണ്ടേഷൻ' എന്ന ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിച്ചു. ഇതിന്റെ പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കുന്നത് അമ്മയാണ്. ട്രസ്റ്റിനുവേണ്ടി അച്ഛന്റെ ഭൗതികശരീരം അടക്കം ചെയ്തതിനുചുററുമുള്ള 25 സെന്റ് സ്ഥലം നല്കി അതിൽ ഒരു സ്മൃതിമണ്ഡപം പണിതീർത്തു. എം.പി. ഫണ്ടിൽനിന്നും ഇതിലേക്കുള്ള റോഡിന്റെ കോൺക്രീറ്റ് പണി പൂർത്തിയാക്കി. ഇതിനോടനുബന്ധിച്ച് ഒരു സാംസ്കാരികനിലയവും ഗ്രന്ഥശാലയും പണിയുവാനുള്ള ഒരുക്കങ്ങൾക്കും അമ്മ പിന്നണിയിൽ പ്രവർത്തിക്കുന്നുണ്ട്. ഡോക്ടർ ഇക്ബാൽ വർക്കിങ്ങ് പ്രസിഡണ്ടായുള്ള ട്രസ്റ്റിന്റെ പ്രവർത്തനത്തിൽ ഒ.എൻ.വി സാറിന്റെയും അടൂർ ഗോപാലകൃഷ്ണൻ സാറിന്റെയും വിലപ്പെട്ട ഉപദേശങ്ങൾ വേണ്ട സമയത്ത് അമ്മ സ്വീകരിക്കാറുണ്ട്.

മനുഷ്യന്റെ ഭാഗധേയം മനുഷ്യനിൽതന്നെ കുടികൊള്ളുന്നതുകൊണ്ട് നാം പ്രയത്നിക്കുന്നു. പ്രയത്നത്തിന്റെ സാഫല്യം പ്രകാശമാനമായിത്തീരാൻ എല്ലാവർക്കും ആഗ്രഹമുണ്ട്. എന്ന് പറഞ്ഞാൽ കൂടുതൽ നല്ല മനുഷ്യനാകാൻ എല്ലാവർക്കും ആഗ്രഹമുണ്ട്. കവിതയും പ്രവർത്തനമാണ്. നല്ല മനുഷ്യനാവാനുള്ള പ്രവർത്തനം. ഇതാണ് അച്ഛന്റെ സങ്കല്പവും സന്ദേശവും. ഇതിന്റെ സാക്ഷാത്കാരത്തിനായിരിക്കാം അമ്മ ശേഷിക്കുന്ന കാലം പ്രയോജനപ്പെടുത്തുക. ■

---

*(42-ാം പേജിൽ നിന്നും തുടർച്ച)*

ത്തിന്റെ ഇത്തരം പ്രവർത്തനങ്ങളെ പിൻതാങ്ങാൻ ഇവിടുത്തെ സർക്കാരും, സാമൂഹ്യ സംഘടനകളും, വിവിധ അസോസിയേഷനുകളും തയ്യാറാകണം. എങ്കിൽ മാത്രമേ നമ്മുടെ പൊതു ഇടങ്ങൾ, പ്രായം, മതം, വർഗ്ഗം, ലിംഗവ്യത്യാസം, ഏതുനാട്ടിൽ നിന്നെന്നത് തുടങ്ങിയവക്കൊക്കെ അതീതമായി എല്ലാ പൗരർക്കും ഒരുപോലെ, സുരക്ഷിതത്വ ബോധത്തോടെ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ■

# കേരളത്തിലെ മധ്യവർഗ്ഗരൂപീകരണത്തിന്റെ രണ്ടാം ഘട്ടം
# സമൂഹം, ചരിത്രം, സിനിമ

ഡോ. ഷീബ എം കുര്യൻ


**സങ്കീർണ്ണങ്ങളായ** ചരിത്രവിഭവങ്ങളാണ് കലാരൂപങ്ങൾ. ഒരു സമൂഹത്തിന്റെ ചരിത്രപരവും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ഘടനകളെക്കുറിച്ചും അവയ്ക്ക് വ്യക്തികളുമായുള്ള ബന്ധമെന്താണെന്നും അറിവുപകരാൻ ഇത്തരം സാംസ്കാരികരൂപങ്ങൾക്ക് കഴിയുമെന്ന് സംസ്കാരപഠനത്തിന്റെ സമകാലികപരിസരം തെളിയിച്ചിട്ടുണ്ട്. വിവിധജാതിമതസ്ഥരും സാംസ്കാരികധാരകളും ഉൾക്കൊള്ളുന്ന ജനതയുടെയും ആവാസയോഗ്യമായി മാറിയ കുന്നും കാടും ചതുപ്പുനിലവും അടങ്ങിയ ഭൂമിയുടെയും മാറിക്കൊണ്ടിരിക്കുന്ന ഉൽപ്പാദനപ്രക്രിയയിലൂടെ രൂപം കൊണ്ട സാമൂഹികവ്യവസ്ഥയുടെയും സാംസ്കാരികപ്രതിഫലനം എന്ന നിലയിൽ സിനിമ, കേരളത്തിന്റെ സ്വത്വബോധത്തിലേക്കും വ്യക്തിത്വത്തിലേക്കും വെളിച്ചം വീശാൻ കഴിയുന്നതാകണം.

ഒരു സാംസ്കാരികോൽപ്പന്നമായി സിനിമയെ നോക്കിക്കാണുമ്പോൾ കേരളീയസംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു ചരിത്രപരത കൂടി അവയ്ക്കുണ്ട് എന്ന് തിരിച്ചറിയാൻ കഴിയും. സാമൂഹികജീവിതം, ആഗ്രഹങ്ങൾ, ഭാഷണം, ബൗദ്ധികജീവിതം തുടങ്ങിയ അറിവുകൾ അത് വിനിമയം ചെയ്യുന്നു. സിനിമയുടെ പരിസരം ചരിത്രപരമാണ്. ദേശത്തിന്റെ വളർച്ചയുടെ ചരിത്രം പ്രതിപാദിക്കാൻ അവയ്ക്ക് കഴിയും. രാഷ്ട്രത്തിന്റെ നിരന്തരമായ രൂപമാറ്റങ്ങളാണ് സിനിമയ്ക്ക് രൂപം നൽകുന്നത്. സമൂഹത്തെ പ്രതിഫലിപ്പിക്കുകയും നിർവചിക്കുകയും ചെയ്യുന്ന ഒരു ഘടന മറ്റേതൊരു സാംസ്കാരികരൂപവും പോലെ സിനിമയ്ക്കുമുണ്ട്. സമൂഹത്തെ നിർവചിക്കുകയും പ്രതിഫലിപ്പിക്കുകയുമാണ് സിനിമ ചെയ്യുന്നത്. സമൂഹത്തിൽ നിന്ന് അസംസ്കൃതവസ്തുക്കൾ സ്വീകരിച്ച് സമൂഹത്തിൽ തന്നെ വിറ്റഴിച്ച് സമൂഹത്തിന്റെ തന്നെ പരിവർത്തനത്തിന് കാരണമാകുന്ന സാംസ്കാരികരൂപം. അതായത് കേരളത്തിന്റെ സമൂഹവും ജീവിതവും പ്രതിഫലിപ്പിക്കുന്ന മലയാളസിനിമയുടെ ചരിത്രപരവും സാംസ്കാരികവുമായ പഠനം തീർച്ചയായും കേരളത്തിന്റെ സാംസ്കാരികചരിത്രം തന്നെയാണ്.

**സിനിമ എന്ന ജനപ്രിയരൂപം**

സിനിമ എന്ന ജനപ്രിയരൂപം മറ്റ് വരമൊഴി സാംസ്കാരികരൂപങ്ങളിൽ നിന്ന് ഭിന്നമാണ്. അതിന്റെ ദൃശ്യരൂപവും വിതരണക്രമവുമാണ് ഈ പ്രത്യേകതയ്ക്ക് കാരണം. ബാൽക്കണിയിലും തറയിലുമായി ജാതിമതസാമ്പത്തികഭേദമെന്യേ മുഴുവൻ ജനങ്ങളെയുമാണ് അത് ലക്ഷ്യം വയ്ക്കുന്നത്. അക്ഷരാഭ്യാസം, ഒഴിവുസമയം, പ്രായവ്യത്യാസം തുടങ്ങിയ വേർതിരിവുകളൊന്നും സിനിമയ്ക്ക് ബാധകമല്ല. പറഞ്ഞും കേട്ടും നഗരഗ്രാമങ്ങളിൽ റിലീസ്ചെയ്ത്/ ടെലിവിഷൻ സംപ്രേഷണത്തിലൂടെ മാസങ്ങൾക്കുള്ളിൽ തന്നെ നല്ലൊരു പ്രേക്ഷകസമൂഹം സിനിമയ്ക്കുണ്ടാകുന്നു. സിനിമ വിനിമയം ചെയ്യുന്ന സാംസ്കാരികചിഹ്നങ്ങൾ ഭൂരിപക്ഷസമൂഹത്തിലേക്ക് പ്രേക്ഷണം ചെയ്യാനും ഇതുവഴി വളരെ എളുപ്പം സാധ്യമാകുന്നു. അങ്ങനെ കലയെന്ന സാധ്യതയിൽ നിന്നും വളരെ അകന്ന് സംസ്കാരവ്യവസായത്തിന്റെയും ചരക്കുവൽക്കരണത്തിന്റെയും എല്ലാ സാധ്യതയും ഉപയോഗപ്പെടുത്താൻ സിനിമ നിർബന്ധിതമാകുന്നു.

1982 മുതൽ മലയാളിപ്രേക്ഷകർ



ഏറ്റവും കൂടുതൽ കണ്ട സിനിമകളിൽ ഒരു വിഭാഗം സത്യൻ അന്തിക്കാടിന്റേതാണ്. ജനപ്രിയസിനിമ എന്ന നിലയിൽ കുടുംബപ്രേക്ഷകർക്ക് വേണ്ടി കേരളീയസദാചാര വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് സംവിധാനം ചെയ്തു എന്നതാണ് സത്യൻ അന്തിക്കാടിന്റെ വിജയത്തിനു പിന്നിലുള്ള അടിസ്ഥാനകാരണം. കേരളീയപൊതുസമൂഹത്തിന്റെ ഒന്നിലധികം പ്രശ്നങ്ങളെ അവതരിപ്പിച്ച് അതിലൊന്ന് വൈയക്തികമായി ചിത്രീകരിക്കുകയുമാണ് അന്തിക്കാട് സിനിമകളുടെ പൊതുഘടന. സാമൂഹികജീവിത വ്യാഖ്യാനങ്ങളിലൂടെയും ഹാസ്യരംഗങ്ങളിലൂടെയും പ്രേക്ഷകരുടെ ഇഷ്ടം പിടിച്ചുപറ്റുന്ന ഈ സിനിമകൾ കേരളത്തിന്റെ വർത്തമാനകാലചരിത്രത്തെ രേഖപ്പെടുത്തുകയും വെളിപ്പെടുത്തുകയും ചെയ്യുന്നതെങ്ങനെ എന്നുള്ള അന്വേഷണമാണിത്. ബഹുസാംസ്കാരികമായ കേരളിയപരിസരത്തിൽ സിനിമ അവശേഷിക്കുന്ന അടയാളങ്ങളെയും തിരിച്ചറിയേണ്ടതുണ്ട്. 1982 മുതൽ ഈ സിനിമകൾ മുന്നോട്ട് വയ്ക്കുന്ന നിരവധി സാംസ്കാരിക അടയാളങ്ങളുണ്ട്. അവയിൽ നിന്ന് എഴുപതുകളിൽ കേരളത്തിൽ രൂപംകൊണ്ട പുതുമധ്യവർഗ്ഗം അഥവാ ഇന്ത്യൻ മധ്യവർഗ്ഗരൂപീകരണത്തിന്റെ രണ്ടാം ഘട്ടത്തെ തിരിച്ചറിയുകയും പ്രശ്നവൽക്കരിക്കുകയും അതിന്റെ സ്വഭാവസവിശേഷതകളെ വേർതിരിച്ചെടുക്കുകയുമാണ് ഈ പ്രബന്ധം ചെയ്യുന്നത്.

**കേരളീയസമൂഹം**

സമ്പൂർണ്ണസാക്ഷരത, ഭൂപരിഷ്കരണം, അധഃസ്ഥിതരുടെ ഉയർത്തെഴുന്നേല്പ്, ഉയർന്ന സ്ത്രീസാക്ഷരത, ഗവൺമെന്റിന്റെ നയപരമായ ഇടപെടലുകൾ തുടങ്ങി ചെറുതും വലുതുമായ പല കാരണങ്ങൾ കൊണ്ട് സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയരംഗത്തെ ബഹുമുഖമായ പരിവർത്തനങ്ങളാൽ അന്താരാഷ്ട്രശ്രദ്ധ നേടിയ ഇടമാണ് കേരളം. ഈ കേരളീയസമൂഹത്തിന്റെ ചിത്രം ചില ചട്ടക്കൂടുകൾക്കുള്ളിൽ സത്യൻ അന്തിക്കാടിന്റെ സിനിമകളിൽ കടന്നു വരുന്നുണ്ട്. കേരളീയസമൂഹത്തിന്റെ ഒരു ശകലമാണ് ഈ സമൂഹം. കേരളത്തിലെ സമ്പന്നമായ സാമൂഹികസാംസ്കാരികജീവിതത്തിന് ഒരു കാരണം വിവിധമതാനുയായികൾ ഒരു സമൂഹത്തിന്റെ ഭാഗമായി സാമൂഹികസാംസ്കാരിക രാഷ്ട്രീയ ജീവിതത്തിലിഴചേർന്നു ജീവിക്കുന്നതാണ്. ജാതി, മതം, ദേശം തുടങ്ങിയവയ്ക്ക് രണ്ടാം സ്ഥാനമേ മലയാളികൾ കൽപ്പിക്കാറുള്ളു. ഈ മൂല്യബോധത്തിന് കോട്ടം തട്ടാത്തവിധത്തിൽ ഹൈന്ദവ/മുസ്ലീം/ക്രിസ്ത്യൻ കഥാപാത്രങ്ങൾ സിനിമയിൽ കടന്നുവരുന്നതും സാംസ്കാരികചിഹ്നങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നതുമായ ജാതിമതസാമ്പത്തിക പ്രത്യയശാസ്ത്രങ്ങൾ ഇതിനകം പറഞ്ഞ് പഴകിയ കാര്യമാണ്. മനുഷ്യൻ സമൂഹത്തിൽ എങ്ങനെ തന്റെ വേഷം ആടണം എന്ന് തീരുമാനിക്കുന്നത് പ്രത്യയശാസ്ത്രമാണ്. കലാരൂപത്തിലൂടെ വിനിമയം ചെയ്യുന്ന സാമൂഹികബന്ധങ്ങൾ, ജീവിതലക്ഷ്യങ്ങൾ, തിരഞ്ഞെടുക്കുന്ന ആശയങ്ങൾ, ഇമേജുകൾ, മൂല്യങ്ങൾ എന്നിവയ്ക്ക് പിന്നിൽ പ്രത്യയശാസ്ത്രത്തിന്റെ പ്രവർത്തനമുണ്ട്. ഓരോ കഥാപാത്രത്തിന്റെയും വാക്കിന്റെയും സീനിന്റെയും ഇമേജിന്റെയും പുറകിൽ ഒരു തിരഞ്ഞെടുപ്പ് ഉണ്ട്. ഈ തിരഞ്ഞെടുപ്പ് കലാകാരന്റെ ഭൗതിക സാഹചര്യം അഥവാ സമൂഹത്തിലെ പ്രബലസംസ്കാരം നിർമ്മിക്കുന്ന അനുഭവത്തിൽ നിന്നാണ്. അർത്ഥങ്ങളുടെയും മൂല്യങ്ങളുടെയും സാമൂഹികഘടനയാണത്. ജനജീവിതപരിസരത്തിന്റെയും സാമൂഹികബന്ധത്തിന്റെയും ചരിത്രപരമായ അടയാളങ്ങളാണവ. ഉചിതമായ കഥാപാത്രങ്ങളിലൂടെ, സീനുകളിലൂടെ പരസ്പരവിനിമയം നടത്തുന്ന സിനിമയുടെ ആഖ്യാനഘടന ഈ തിരഞ്ഞെടുപ്പ് നടത്തുന്നത് ഒരു കലാരൂപം എന്നതിനോടൊപ്പം അതിന്റെ വിപണിമൂല്യം കൂടി കണക്കിലെടുത്തുകൊണ്ടാണ്. നിരന്തരം സാമ്പത്തികമായി പരാജയപ്പെടുന്ന ഒരു സംവിധായകന് സിനിമാലോകത്തിൽ നിലനിൽപ്പില്ല. പ്രേക്ഷകസമൂഹത്തെ തൃപ്തിപ്പെടുത്തുക എന്ന ലക്ഷ്യം കൂടി സിനിമാസംവിധായകന്റെ ഓരോ തിരഞ്ഞെടുപ്പിനു പിന്നിലും പ്രവർത്തിക്കുന്നുണ്ട്.



സാമ്പത്തികമായും സാസ്കാരികമായും പ്രബലനായ ഒരു പ്രമാണിയും ഇടത്തരം സാമ്പത്തികാവസ്ഥയുള്ള കുറച്ചുപേരുമാണ്-ഇവരാണ് പ്രമേയം നിയന്ത്രിക്കുന്നത്-സത്യൻ അന്തിക്കാട്സിനിമ

യ്ക്കുള്ളിലെ പ്രധാനികൾ. ഇവരെ അനുസരിക്കുകയോ സഹകരിക്കുകയോ ചെയ്യുന്ന ഒരു കൂട്ടം ആളുകൾ പൊതുസമൂഹത്തെ പ്രതിനിധീകരിച്ച് സിനിമയിൽ കടന്നുവരുന്നു. ഈ സമൂഹത്തിനകത്തു നിന്ന് പുറത്തേക്കോ പുറത്ത് നിന്ന് അകത്തേക്കോ വരുന്ന വ്യക്തി(മിക്കപ്പോഴും പുരുഷൻ) സൃഷ്ടിക്കുന്ന സംഘർഷങ്ങളാണ് സിനിമയുടെ കേന്ദ്രം. പരമ്പരാഗതമോ അല്ലാത്തതോ ആയ ഉപജീവനമാർഗ്ഗങ്ങൾ ഈ സമൂഹത്തിന്റെ സാമ്പത്തികഘടനയെ നിർണ്ണയിക്കുന്നു. കച്ചവടക്കാർ, സ്കൂൾഅധ്യാപകർ, ഓട്ടോറിക്ഷ ഡ്രൈവർ, ഓഫീസ്ഗുമസ്തർ, വക്കീൽ, കൺസ്ട്രക്ഷൻ സൂപ്പർവൈസർ, വർക്ക്ഷോപ്പ് ഉടമ, എഞ്ചിനീയർ, ട്രാൻസ്പോർട്ട് ഉടമ, കൃഷിക്കാരൻ, ഓഫീസ് വർക്ക്, കോൺട്രാക്ടർ, കേബിൾ ടി. വി. ഓപ്പറേറ്റർ, പട്ടാളക്കാരൻ, എഴുത്തുകാരൻ, ..തുടങ്ങി ഈ മധ്യവർഗ്ഗവ്യക്തിത്വത്തിന്റെ വരുമാന മാർഗ്ഗങ്ങൾ നിരവധിയാണ്. അദ്ധ്വാനിക്കുന്ന ആളുകളും ഉൽപ്പാദനപ്രക്രിയയും ഉപഭോക്താക്കളും എല്ലാം സിനിമയിൽ കടന്നു വരുന്നുണ്ട്. കാർഷികസമ്പദ്ഘടനയിൽ നിന്നും മാറി ആധുനികീകരണം സംഭവിച്ച സാമ്പത്തികഘടനയെക്കൂടി ഇത് കാണിച്ചുതരുന്നുണ്ട്. കേരളത്തിലെ മധ്യവർഗ്ഗത്തെ രൂപീകരിച്ചത് ഇത്തരം മാറ്റങ്ങളാണ്. ഈ മധ്യവർഗ്ഗത്തിന്റെ വർഗ്ഗസംഘർഷങ്ങളും അവരോടുള്ള സഹാനുഭൂതിയുമാണ് അന്തിക്കാട് സിനിമയിലെ പൊതു ആശയലോകം.

**തൊഴിലും തൊഴിലില്ലായ്മയും**

വികസനത്തിന്റെ കേരളമാതൃക(Kerala Model Development) യുടെ പ്രധാന സവിശേഷതകളിലൊന്ന് സമ്പൂർണ്ണസാക്ഷരതയും സമ്പൂർണ്ണ സ്കൂൾപ്രവേശനവും കൂടാതെ ഏറ്റവും കൂടുതൽ കുട്ടികൾ ഉന്നതവിദ്യാലയങ്ങളിൽ പോകുന്നതുമാണ്. ഈ കേരളമാതൃക പ്രതിസന്ധിയെ നേരിട്ടതിന്റെ സൂചനകൾ എൺപതുകളിലെ സത്യൻ അന്തിക്കാട് സിനിമകളിൽ തന്നെയുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലെ പരാജയം(കേരളപഠനം, പു. 14). ഗാന്ധിനഗർ സെക്കന്റ് സ്ട്രീറ്റി(1986)ൽ സേതു സ്വന്തം പട്ടിണി മാറ്റാനായി കെട്ടാത്ത വേഷങ്ങളില്ല. ടി പി ബാലഗോപാലൻ എം എ(1986)യിലും നാടോടിക്കാറ്റി(1987)ലും ബിരുദധാരികളുടെ തൊഴിലില്ലായ്മ പ്രധാനപ്രമേയമാണ്. ഗ്രാമത്തിൽനിന്ന് നഗരത്തിലേക്ക് തൊഴിൽ തേടി പോകുന്ന പ്രക്രിയയാണ് ഇവിടെയുള്ളത് ( കഥ ഇതുവരെ, പു 25). പ്രൈവറ്റ് കമ്പനികളും(ഫാൽക്കൺ പ്രൊഡക്റ്റ്സ്) അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുമാണ് ഇത്തരക്കർക്ക് തൊഴിൽ നൽകുന്നത്. അർത്ഥ(1989)ത്തിൽ ജനാർദ്ദനൻ പണം കെട്ടിവച്ചിട്ടാണ് ബ്ലേഡ്കമ്പനിയിൽ ജോലി നേടുന്നത്. 1987–88 ൽ1,879,000 പേരാണ് കേരളത്തിൽ തൊഴിലില്ലാത്തവരുണ്ടായിരുന്നത്. ഇവർ മിക്കവരും ബിരുദവും ബിരുദാനന്തരബിരുദവും ഉള്ളവരാണ്. തൊണ്ണൂറുകളിലെ സിനിമയിൽ തൂവൽകൊട്ടാര(1996)മാണ് ഒരു വീടിന്റെ മുഴുവൻ കാര്യങ്ങളും ഒറ്റയ്ക്ക് ചുമരിലേറ്റുന്ന ജൂനിയർ വക്കീലിന്റെ കഥപറയുന്നത്. ഇക്കഴിഞ്ഞ ദശകത്തിലെ അന്തിക്കാടിന്റെ കഥാപാത്രങ്ങൾ മിക്കവരും സ്വന്തമായി കണ്ടെത്തിയ പണിയിൽ ജീവിതം നയിക്കുന്നവരോ മികച്ച തൊഴിൽസാധ്യതയുള്ള പ്രൊഫഷണൽ ബിരുദധാരികളോ ആയിരുന്നു. തൊഴിലില്ലായ്മ ഒരു പ്രശ്നമായി അതിൽ കടന്നു വരുന്നില്ല. കാർഷികരംഗത്തെ പോക്ക് കീഴ്പോട്ടായിരുന്നു.വ്യാവസായിക രംഗവും മുരടിപ്പിൽ. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ വളർച്ച മിക്കവാറും സേവനരംഗങ്ങളിലൊതുങ്ങി. തൊഴിൽരംഗം താറുമാറായി. ബിരുദധാരികൾ പെരുകിയതനുസരിച്ച് അവർക്ക് പറ്റിയ ജോലികൾ ഉണ്ടായില്ല. യോഗ്യതയ്ക്ക് ചേരാത്ത തൊഴിലെടുക്കേണ്ട ഗതികേടും(Underemployment) വളർന്നു. വിദ്യാഭ്യാസത്തിന്റെ വൈകല്യം കൊണ്ടാവാം, കായികാധ്വാനത്തോടുള്ള വിരക്തി അഭ്യസ്തവിദ്യരുടെ മുഖമുദ്രയായി(കേരളപഠനം, പു. 15). തെങ്ങുകയറ്റത്തൊഴിലാളികൾ, കർഷകതൊഴിലാളികൾ, കെട്ടിടനിർമ്മാണതൊഴിലാളികൾ തുടങ്ങിയ തൊഴിലാളിക്ഷാമവും കേരളത്തിലുണ്ടായി. കായികാധ്വാനം വേണ്ട തൊഴിലു



കൾ മാന്യതയില്ലാത്തവയായി കേരളീയസമൂഹം പരിഗണിച്ചുപോരുന്നു. കാർഷിക–കൺസ്ട്രക്ഷൻ മേഖലയിൽ ശരിക്കുള്ള കുറവുണ്ട്. അടുത്തകാലത്തായി ഏകദേശം പത്തുലക്ഷത്തോളം തൊഴിലാളികളാണ് തമിഴ്നാട്ടിലും ആന്ധ്രയിലും നിന്ന് കേരളത്തിലെത്തിയിട്ടുള്ളത്.

പരമ്പരാഗതമായി തുടരുന്ന വയും കൃഷി കായികസംബന്ധിയുമായ തൊഴിലുകൾ മതിയായ വരുമാനം ലഭിക്കാത്തവയാണെന്ന മട്ടിലാണ് കേരളീയമധ്യവർഗ്ഗം പരിഗണിക്കുന്നത്. എഞ്ചിനീയറിംഗ് കഴിഞ്ഞിട്ടും കൃഷി ജീവിതമാർഗ്ഗമാക്കിയ ഭൂജന്മിയുടെ ചിത്രം സമൂഹത്തിലുള്ളത് ഫ്യൂഡലിസത്തിന്റെ ചിഹ്നസമൃദ്ധി ഉപയോഗിച്ചാണ്. കർഷകതൊഴിലാളികളുടെ കായികശക്തിയാണ് അവിടെ ജന്മിക്ക് മൂലധനമുണ്ടാക്കുന്നത്. എന്നാൽ, തൊഴിലാളികളുടെ കായികശക്തിയെ വിലയ്ക്കു വാങ്ങാൻ കഴിവില്ലാത്ത മധ്യവർഗ്ഗം കാർഷികേതര/കായികേതര വരുമാനമാർഗ്ഗങ്ങളിലേക്കാണ് നോക്കിയത്; തങ്ങളുടേത് കായികാധ്വാനമാണെന്ന് അവരംഗീകരിക്കുകയുമില്ല. ഭാഗ്യദേവതയിൽ കേബിൾ കെട്ടാൻ പോസ്റ്റിൽ കയറുന്നത് സമ്മതിക്കാൻ ബെന്നിക്ക് കഴിയുന്നില്ല. ബോട്ടുകച്ചവടത്തിലൂടെയും സ്ത്രീധനവിപണിയിലൂടെയും എളുപ്പവഴിക്ക് പണംസമ്പാദിക്കാനാണ് ശരാശരിമലയാളി ശ്രമിക്കുന്നത്. വാണിജ്യതൽപ്പരരായ ഒരു മധ്യവർഗ്ഗമാണ് ഇവിടെ കാണുന്നത്. പെട്ടെന്ന് പണക്കാരനായ ബോട്ട് മുതലാളിയാണ് ബെന്നിക്ക് മാതൃക. ഡെയ്സിക്ക് തുണയാകുന്നതും സമത്വത്തിന്റെ നൂതനസോഷ്യലിസ്റ്റ് മാതൃകയായ ഭാഗ്യക്കുറിയാണ്.

**മധ്യവർഗ്ഗാഭിമാനം**

കേരളീയമധ്യവർഗ്ഗം മാറിയ സമൂഹികസാഹചര്യത്തിനനുസരിച്ച് പുതിയ തൊഴിലുകൾ കണ്ടെത്തി ജീവിതസാഹചര്യം മെച്ചപ്പെടുത്തുകയോ നിലനിർത്തുകയോ ചെയ്തു. എങ്കിലും മധ്യവർഗ്ഗത്തിന്റെ പ്രതാപം തൊഴിലിന്റെ ഈ വ്യതിരിക്തതകളിൽ അസംതൃപ്തരാണ്. പല ഉപജീവനമാർഗ്ഗങ്ങളും ഗതികേടുകൊണ്ട് സ്വീകരിച്ചു പോയതാണ്. ഭാഗ്യദേവതയിലെ ബെന്നിയും അച്ചുവിന്റെ അമ്മ(2005)യിലെ ഇജോ വക്കീലും തങ്ങളുടെ വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ച തൊഴിലല്ല ചെയ്യുന്നതെന്ന് സൂചിപ്പിച്ച് മധ്യവർഗ്ഗാഭിമാനം സംരക്ഷിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയവർ കായികശേഷിയുള്ള തൊഴിലെടുക്കുന്നത് മാന്യതയല്ല എന്ന പൊതുധാരണയാണ് ഈ നിഷേധത്തിന്റെ പ്രധാന കാരണം. സാമൂഹികാംഗീകാരമുള്ള ജീവിതമാർഗ്ഗമാണ് മധ്യവർഗ്ഗം ആഗ്രഹിക്കുന്നത്. അതുവഴിയുള്ള സാംസ്കാരികാധീശത്വമാണവർ ലക്ഷ്യമാക്കുന്നത്. സാമൂഹികാംഗീകാരത്തിന്റെ തലം കാലഘട്ടത്തിനനുസരിച്ച് വ്യത്യസ്തവുമാണ്. 1984 ലിറങ്ങിയ അപ്പുണ്ണിയിൽ നാട്ടുകാരുടെ കാര്യങ്ങളെല്ലാം തീരുമാനിക്കാൻ കഴിവും അധികാരവുമുള്ള സ്ഥലത്തെ പ്രമാണിയായ




അധികാരി ഉന്നത ഉപരിവർഗ്ഗത്തിൽ പെടുന്ന ആളാണ്. പഴയ നായർപ്രമാണിമാർ എന്നഭിമാനം കൊള്ളുന്ന അയ്യപ്പൻനായരും മേനോൻമാഷും മധ്യവർഗ്ഗത്തിന്റെ പ്രതിനിധികളും. അവരാകട്ടെ കർഷകകുടുംബത്തിന്റെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നവരും ചായക്കട നടത്തുന്നതും സ്കൂളധ്യാപനവും മാന്യത കുറഞ്ഞ പണിയായി കരുതുന്നവരുമാണ്. കാർഷികമേഖലയാണ് അവരുടെ അന്തസ്സ്. എന്നാൽ ഈ സാമൂഹികവിഭാഗങ്ങൾ പരമ്പരാഗതതൊഴിലിൽ നിന്ന് വ്യത്യസ്തമായി പുതിയ ഉപജീവനമാർഗ്ഗങ്ങൾ തേടേണ്ടിവന്നതിന്റെ അടയാളം കൂടിയാണ് ഈ സിനിമ. മേനോൻമാഷിന്റെ കുടുംബം കാർഷികസമ്പദ്‌വ്യവസ്ഥയിൽ അന്നും സമ്പന്നമാണ്. എങ്കിലും മറുനാട്ടിൽ പോയി അധ്യാപന ജോലി സ്വീകരിക്കുന്നത് സമ്പദ്ഘടനയുടെ പരിണാമത്തെയാണ് സൂചിപ്പിക്കുന്നത്.

പാരമ്പര്യസമൂഹത്തിലെ സമ്പന്നവരേണ്യവർഗ്ഗം ആധുനികമായ സ്ഥിരവരുമാനമാർഗ്ഗങ്ങൾ ചിന്തിച്ചുതുടങ്ങി എന്നതാണ് ഇത് വ്യക്തമാക്കുന്നത്. ഉപജീവനമാർഗ്ഗം അഥവാ പ്രാഥമികാവശ്യങ്ങളുടെ പൂർത്തികരണം എന്നതിൽ നിന്ന് ഭൗതികസൗകര്യങ്ങൾ നിലനിർത്താനും വർദ്ധിപ്പിക്കാനുമുള്ള ഒന്നായി വരുമാനമാർഗ്ഗങ്ങളെ മധ്യവർഗ്ഗം കണ്ടുതുടങ്ങി. സ്വന്തമായി വരുമാനമുണ്ടാക്കുക എന്ന അന്തസ്സാണ് മേനോൻമാഷിനെ തൊഴിലെടുക്കാൻ പ്രേരിപ്പിച്ചത്. തറവാട്ടുമഹിമ മാത്രമല്ല, സർക്കാർശമ്പളവും കൂടിയാണ് മേനോൻമാഷിന്റെ മേന്മയെന്ന് അയ്യപ്പൻനായർ തിരിച്ചറിയുന്നുണ്ട്. ഉന്നതവിദ്യാഭ്യാസയോഗ്യത ഉയർന്ന ഇടത്തരക്കാരെ സർക്കാർസർവ്വീസിലെത്തിക്കുകയും സാമ്പത്തികാവസ്ഥ നിലനിർത്താനുതകുകയും ചെയ്തു. ഗാന്ധിനഗർസെക്കന്റ് സ്ട്രീറ്റി(1986)ലെ നിവാസികളെല്ലാം ഇത്തരം ഉയർന്ന മധ്യവർഗ്ഗവിഭാഗമാണ്. സർക്കാർജോലികൂടാതെ കോളേജ് അധ്യാപകനും ഗൾഫ്കാരും പൈങ്കിളിസാഹിത്യകാരനും ബിസിനസ്സുകാരുമെല്ലാം ഒന്നിച്ചു താമസിക്കുന്ന മധ്യവർഗ്ഗകോളനിയാണത്. വിദ്യാഭ്യാസം നേടിയ ഉപരിവർഗ്ഗത്തിന് സ്വയംവരുമാനമാർഗ്ഗങ്ങൾ കണ്ടെത്താനും കഴിയുമെന്നതിന് ഉദാഹരണമാണ് അംഗൻവാടിടീച്ചറുടെ കഥാപാത്രം. കോളനിയിൽ ഗൂർഖയായെത്തിയ നായകകഥാപാത്രം സേതുവാകട്ടെ ഗൾഫിൽപോയി മധ്യവർഗ്ഗത്തിലെത്തിപ്പെടാനുള്ള തത്രപ്പാടി

ലാണ് താനും. കുടുംബത്തിന്റെ മധ്യവർഗ്ഗസ്വഭാവം നഷ്ടപ്പെടാതിരിക്കാനുള്ള ശ്രമമാണ് സന്മനസ്സുള്ളവർക്ക് സമാധാന(1987)ത്തിലെ ഗോപാലകൃഷ്ണനും ചെയ്യുന്നത്. ഉയർന്ന മധ്യവർഗ്ഗത്തിന്റെ ആഢ്യത്വം നിലനിർത്താനായി സഹോദരിമാരെ ധാരാളം പണം ചിലവഴിച്ച് വിവാഹം ചെയ്തയച്ചതാണ് ഗോപാലകൃഷ്ണനെ കടക്കാരനാക്കി മാറ്റിയത്.(കേരളത്തിലെ കുടുംബങ്ങളുടെ കടബാധ്യത പ്രധാനമായും വിവാഹത്തിന്റെ ചിലവാണെന്ന് ശാസ്ത്രസാഹിത്യപരിഷത്തിന്റെ പഠനം തെളിയിക്കുന്നു(കേരളപഠനം പു.58). ഭാഗ്യദേവത (2009) പോലുള്ള സമകാലീനസിനിമകളിലും വിവാഹച്ചിലവിനു വേണ്ടിയുള്ള മധ്യവർഗ്ഗത്തിന്റെ നെട്ടോട്ടം ദൃശ്യവൽക്കരിക്കുന്നുണ്ട്). ഭൂമിയിൽ നിന്നും കൃഷിയിൽനിന്നും മാത്രമുള്ള കുടുംബവരുമാനം പരമ്പരാഗത മധ്യവർഗ്ഗത്തിന്റെ പ്രതാപത്തിനുതകിയില്ല. കടം വീട്ടി ബാക്കി വന്ന പണം കൊണ്ട് നഗരത്തിലൊരു ബിസിനസ്സ് തുടങ്ങാനാണ് ഗോപാലകൃഷ്ണൻ ആഗ്രഹിക്കുന്നത്. ശ്രീധരന്റെ ഒന്നാംതിരുമുറിവി(1987)ൽ ശ്രീധരന് വർക്ക്ഷോപ്പാണ്. തലയണമന്ത്ര(1990)ത്തിൽ കച്ചവടവും കൺസ്ട്രഷൻ സൂപ്പർവൈസിംഗും ഉപജീവനമാർഗ്ഗമായി ചിത്രീകരിക്കുന്നു. ഗോളാന്തരവാർത്ത(1993)യിലും നായകന്റെ തൊഴിൽ കച്ചവടമാണ്. ഇങ്ങനെ കൃഷിയിൽ നിന്ന് മാറി വരുന്ന കേരളീയമധ്യവർഗ്ഗസമ്പദ്ഘടനയുടെ ദൃശ്യങ്ങൾ ധാരാളം എൺപതുകൾക്ക് ശേഷമുള്ള മലയാളസിനിമയിൽ കണ്ടെത്താം. മെച്ചപ്പെട്ട ഉന്നതവിദ്യാഭ്യാസത്തിലൂടെയും തൊഴിൽമേഖലകളിലൂടെയും സാമ്പത്തികഭദ്രതനേടിയ മധ്യവർഗ്ഗം വിവിധ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി തങ്ങളുടെ സാസ്കാരികരാഷ്ട്രീയ മേൽകോയ്മ നിലനിർത്താനാണ് പിന്നീട് ശ്രമിച്ചത്. ഇത് ഇന്ത്യൻ മധ്യവർഗ്ഗരൂപീകരണത്തിന്റെ രണ്ടാം ഘട്ടത്തെയാണ് പ്രതിനിധീകരിക്കുന്നത്.

**മധ്യവർഗ്ഗത്തെക്കുറിച്ച്...**

ഇംഗ്ലീഷ് വിദ്യാഭ്യാസവും അതുവഴി നേടിയ പാശ്ചാത്യസംസ്കാരപരിചയവും സാംസ്കാരിക സാമ്പത്തികമൂലധനവും ദേശീയതയുടെ കാലത്ത് ഒരു പുതിയ തദ്ദേശീയ ഇന്ത്യൻമധ്യവർഗ്ഗനിർമ്മിതിക്ക് കാരണമായത് നിരവധി ചിന്തകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മെക്കാളെ പ്രഭുവിന്റെ ആഗ്രഹപ്രകാരം പാശ്ചാത്യസംസ്കാരത്തിനും ഭാരതീയസംസ്കാരത്തിനുമിടയിൽ പാലമായി വർത്തിച്ച ഇവർ സുഘടിതവും പരിവർത്തനവിധേയവുമായ യൂറോപ്യൻ സംസ്കാരവുമായി സ്വദേശി/പ്രാദേശികസംസ്കാരത്തെ താരതമ്യപ്പെടുത്തി (പണിക്കർ കെ എൻ., ഡോ., സംസ്കാരവും ദേശീയതയും, പു. 127 ). നവസാക്ഷരതനെ യൂറോപ്യൻസംസ്കാരത്തിന്റെ ദല്ലാളാക്കി(അതിൽത്തന്നെ പു 128) പുതുക്കി നിർവ്വചിക്കാൻ കൊളോണിയലിസത്തിന്റെ പ്രത്യയശാസ്ത്രത്തിന് കഴിഞ്ഞു. ജവഹർലാൽ നെഹ്റുവിനെ പോലുള്ള പൗരസ്ത്യപാശ്ചാത്യ സങ്കലനവ്യക്തിത്വമാണ് ഇന്ത്യൻ മധ്യവർഗ്ഗത്തിന്റെ നായകനായി സാമൂഹിക സാംസ്കാരികരാഷ്ട്രീയാധീശത്വം നേടിയത്. ദേശീയതയുടെ കാലത്തെ ഈ മധ്യവർഗ്ഗവൽക്കരണത്തിനുശേഷം ഒരു രണ്ടാം മധ്യവർഗ്ഗരൂപീകരണം എന്നു പറയാൻ കഴിയുന്ന പ്രക്രിയ നടക്കുന്നത് എഴുപതുകളിൽ നടന്ന മറുനാടൻ കുടിയേറ്റമാണ് എന്നതാണ് ഈ പ്രബന്ധം മുന്നോട്ട് വെയ്ക്കുന്നത്. സത്യൻ അന്തിക്കാടിന്റെ സിനിമകൾ അടയാളപ്പെടുത്തുന്ന ഈ പുതുമധ്യവർഗ്ഗത്തിന്റെ സ്വഭാവസവിശേഷതകളെന്തെന്നാണ് ഇവിടെ അന്വേഷിക്കുന്നത്. സ്വന്തം നാട്ടിൽ



ലഭ്യമല്ലാത്ത മെച്ചപ്പെട്ട തൊഴിലവസരങ്ങളും ജീവിതസൗകര്യങ്ങളും സാമ്പത്തികസുരക്ഷിതത്വവും തേടിയതാണ് മറുനാടൻ കുടിയേറ്റത്തിന്റെ പശ്ചാത്തലം. കേരളത്തിൽ എഴുപതുകളിൽ ശക്തമായ ഈ കുടിയേറ്റത്തിന്റെ സാംസ്കാരികസാമ്പത്തികാടയാളങ്ങൾ സിനിമയടക്കമുള്ള സാംസ്കാരികരൂപങ്ങൾ അടയാളപ്പെടുത്തിയിട്ടുണ്ട്. ദേശീയതയുടെ കാലത്തെ തദ്ദേശീയ മധ്യവർഗ്ഗനിർമ്മിതിയിൽ നിന്നും വ്യത്യസ്തമായ ജീവിതാനുഭവങ്ങളും സാംസ്കാരികപ്രതിഫലനങ്ങളുമാണവർക്കുള്ളത്.

**യാത്ര, പ്രവാസം, സാമൂഹികചലനാത്മകത**

സാക്ഷരത, സാമൂഹികസംഘാടനം, ആരോഗ്യസംരക്ഷണം, ജനസംഖ്യനിയന്ത്രണം തുടങ്ങി എല്ലാ കാര്യങ്ങളിലും അമേരിക്കപോലുള്ള വികസിതരാജ്യങ്ങളോടൊപ്പം നിൽക്കുന്ന കേരളം ലോകശ്രദ്ധ നേടിയതിനു പ്രധാന കാരണം കേരളീയരുടെ വൻതോതിലുള്ള മറുനാടൻ കുടിയേറ്റമാണ്. കേരളത്തിലെ 15.8% കുടുംബങ്ങളിൽ ഒരാളെങ്കിലും പുറത്ത് പണിയെടുത്ത് വീട്ടിലേക്ക് പണമയക്കുന്നുണ്ട് (കേരളപഠനം പു.50). കേരളത്തിന്റെ സാമ്പത്തിക സാമൂഹികരംഗങ്ങളിൽ വളരെ പ്രകടമായ മാറ്റം സൃഷ്ടിക്കാൻ വർദ്ധിച്ചതോതിലുണ്ടായ ഈ കുടിയേറ്റത്തിന് കഴിഞ്ഞു. പുറംനാടുകളിൽ നിന്നയക്കുന്ന പണം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനമായി കണക്കാക്കാറില്ല. കണക്കുകളുദ്ധ

രിച്ചാൽ, 1974–75 മുതൽ 1985–86 വരെയുള്ള കാലയളവിൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവളർച്ചാനിരക്ക് 1.76 ശതമാനം മാത്രമാണ്(കഥ ഇതുവരെ, പു. 24). എങ്കിലും വികസിതരാഷ്ട്രങ്ങളുമായി ബന്ധപ്പെടുത്തി പറയാറുള്ള ജനസംഖ്യാശാസ്ത്രപരമായ സൂചകങ്ങളെല്ലാം, വളരെ കുറഞ്ഞ ചിലവിൽ കേരളത്തിലുണ്ട് ( ഇന്ത്യ:അർദ്ധരാത്രി മുതൽ അരനൂറ്റാണ്ട്, പു.94). എഴുപതുകളുടെ മധ്യം മുതൽ ഗൾഫ് നാടുകളിലും മറ്റ് രാജ്യങ്ങളിലേക്കും വേലതേടിപ്പോയ മലയാളികൾ അയച്ച വിദേശനാണയമായിരുന്നു സേവനമേഖലയുടെ പ്രധാനസ്രോതസ്സ് എന്നു നിസ്സംശയം പറയാം. ആദ്യദശകങ്ങളിൽ 5000 കോടി രൂപാ എന്ന കണക്കിൽ എത്തിയ വിദേശപണം അടുത്തകാലത്തായി 20,000 കോടി വരെ എത്തിയിരിക്കുന്നു. 1975 കേരളീയ സമ്പത് വ്യവസ്ഥയുടെ നിർണ്ണായകവർഷമായി സാമ്പത്തികവിദഗ്ധർ (കെ. പി. കണ്ണൻ, ടി. എൻ. കൃഷ്ണൻ, തുടങ്ങിയവർ..) കണക്കാക്കുന്നത് ധാരാളം വിദേശനിക്ഷേപം എത്തിച്ചേർന്നതിനാലാണ് (കഥ ഇതുവരെ, പു. 26).


പുഴ കടന്നാൽ അയിത്തമാകും എന്നും മറ്റുമുള്ള പഴയ വിശ്വാസത്തിൽ നിന്ന് കേരളത്തിനകത്തും പുറത്തും മലയാളി നടത്തിയ യാത്രകളാണ് മറ്റ് ഇന്ത്യൻസംസ്ഥാനങ്ങളിൽ നിന്ന് പല കാര്യങ്ങളിലും മുന്നിലെത്താൻ കേരളത്തെ സഹായിച്ചത്. ഭൗതികവികസനത്തിന്റെ നേട്ടങ്ങൾ ഗ്രാമ–നഗരഭേദമെന്യേ കൈവരിക്കാൻ കഴിഞ്ഞു എന്നതാണ് കേരളത്തിന്റെ ഏറ്റവും വലിയ സവിശേഷത (ഇന്ത്യൻ വികസനം, പു.189). എഴുപതുകളുടെ മധ്യത്തിനു ശേഷം എല്ലാ ഗ്രാമങ്ങളിലും ഗതാഗതസൗകര്യമുള്ള റോഡുകളുണ്ടായത് ഗ്രാമീണർക്ക് നഗരങ്ങളിലും കേരളത്തിനു പുറത്തും ജോലി ചെയ്യാനുള്ള സൗകര്യമുണ്ടാക്കി. സത്യൻ അന്തിക്കാടിന്റെ ആദ്യകാല സിനിമയായ കിന്നാരം(1983)ത്തിലെ ഉണ്ണി, രാധ തുടങ്ങിയവർ ജോലി തേടി മദ്രാസിലെത്തിയവരാണ്. ചാർലിയുടേതടക്കം നിരവധി മലയാളിജീവിതങ്ങൾ കിന്നാരത്തിൽ കടന്നുവരുന്നുമുണ്ട്. അപ്പുണ്ണി(1984)യിലെ മേനോൻമാഷ് ഉദ്യോഗം ലഭിച്ച് മറുനാട്ടിലെത്തിയതാണ്. കളിയിൽ അല്പം കാര്യം (1984)ത്തിലെ വിനയൻ നഗരത്തിൽ നിന്ന് ഗ്രാമസേവകനായി മണിക്കുളങ്ങരഗ്രാമത്തിലെത്തിയതാണ്. നാടോടിക്കാറ്റിലെ(1987) ദാസനും വിജയനും രാധയും ഗാന്ധിനഗർ സെക്കന്റ് സ്ട്രീറ്റിലെ(1986) സേതുവും മാധവനും ടി. പി. ബാലഗോപാലനും(1986) അനിതയും ജീവിതോപാധി തേടി മറുനാട്ടിലെത്തിയവരാണ്. നിരന്തരമുള്ള ഈ യാത്രകളാണ് കേരളത്തിന്റെ സാമ്പത്തികഘടനയെ നിർണ്ണയിച്ചത് എന്നും പറയാം.

ശ്രീധരന്റെ ഒന്നാം തിരുമുറിവി(1987)ലെ അശ്വതി അമേരിക്കയിൽ നിന്നാണെത്തിയത്. മോഹൻലാലിന്റെ താരപദവി വിറ്റഴിക്കാൻ ശ്രമിച്ച ലാൽ അമേരിക്കയിൽ(1989), അമേരിക്കയിലേക്ക് മലയാളികളുടെ ജീവിതം പറിച്ചു നടു



ന്നതിനെ സൂചിപ്പിക്കുന്നുണ്ട്. വിവാഹക്കമ്പോളത്തിൽ വിലയേറിയ ഗൾഫ്കാരനെ പൊൻമുട്ടയിടുന്ന താറാവ്(1989) കാണിക്കുന്നു. ഒപ്പം, ഗൾഫിൽ ജയിലിലടയ്ക്കപ്പെടുന്ന അവസ്ഥയും ഗൾഫ് ജോലിയേക്കാൾ ഭേദം നാട്ടിൽ വണ്ടിയോടിക്കുന്നതാണെന്ന തിരിച്ചറിവും പൊൻമുട്ടയിടുന്ന താറാവ് ചിത്രീകരിക്കുന്നുണ്ട്. ഏഴു വർഷത്തെ കഠിനാധ്വാനത്തിനുശേഷം ഗൾഫിൽ നിന്ന് തിരിച്ചുവന്ന മുരളീധരന് ജന്മനാട് നൽകിയ അനുഭവങ്ങളാണ് വരവേൽപ്പ് (1989). സ്നേഹവീടി(2011)ലെ അജയൻ നാട്ടിൽ മാന്യമായി ജീവിക്കാനുള്ള പണമുണ്ടാക്കിയതും ഗൾഫിൽ നിന്നാണ്. തലയണമന്ത്ര(1990)ത്തിൽ സുകുവും കാഞ്ചനയും നഗരത്തിലേക്ക് താമസം മാറ്റുന്നതാണ് പ്രമേയത്തിന്റെ പ്രധാന തന്തുവായി നിലനിൽക്കുന്നത്. കൊച്ചു കൊച്ചു സന്തോഷങ്ങ(2000)ളിൽ ഗോപൻ ഗോവയിലാണ് എത്തിയത്. അച്ചുവിന്റെ അമ്മ (2005), രസതന്ത്രം(2006), വിനോദയാത്ര(2007), കഥ തുടരുന്നു(2010) എന്നിവയിലും ജീവിതോപാധി തേടി ഗൾഫിലേക്ക് തന്നെയാണ് മലയാളി എത്തിനോക്കുന്നത്. ഒരു എം. ബി. ബി. എസ് ബിരുദധാരിക്ക് ഗൾഫിൽ ജോലിസാധ്യതകൾ ധാരാളമുണ്ട്. ഇവയിലെല്ലാം യാത്ര, പ്രവാസം, തൊഴിൽ എന്നിവ തന്നെയാണ് പ്രമേയത്തെ നിർണ്ണയിക്കുന്ന പ്രധാന ഘടകം. അതായത് ഒട്ടുമിക്ക അന്തിക്കാട്സിനിമയിലെയും സാമ്പത്തികസ്രോതസ്സ് പ്രവാസികളുടെ പണമാണ് എന്ന് പറയാം. അഥവാ പ്രവാസം രൂപപ്പെടുത്തിയ കേരളീയമധ്യവർഗ്ഗത്തെയാണ് അന്തിക്കാട്സിനിമകൾ അവതരിപ്പിച്ചത്.

സിനിമക്കാരടക്കം ധാരാളം മലയാളികളുടെ ജീവിതത്തെ നിർണ്ണയിച്ച തമിഴ്നാട്ടിലേക്കുള്ള യാത്ര അന്തിക്കാട്സിനിമയിൽ പല തവണ കടന്നുവരുന്നുണ്ട്. മദ്രാസ്സും പഴനിയും മറ്റും പല സിനിമയിലും കടന്നു വരുന്നു. ഗഫൂർക്ക പറ്റിച്ച ദാസനും വിജയനും എത്തിയത് മദ്രാസ്സിലാണ്. മദ്രാസ്സ് അവരെ സംരംക്ഷിക്കുകയും ജീവിതമാർഗ്ഗം നൽകുകയും ചെയ്തു. സ്നേഹസാഗര(1992)ത്തിലെ ജോസും മഴവിൽക്കാവടി(1989)യിലെ വേലായുധൻകുട്ടിയും എത്തിചേരുന്നതും പഴനിയിലാണ്. പ്രണയിച്ചതിന്റെ പേരിൽ വീട്ടുകാർ പുറത്താക്കിയ നരേന്ദ്രനും കുടുബത്തിനും അത്താണിയാകുന്നതും തമിഴ്നാട്ടിലെ കാഞ്ചീപുരമാണ് (നരേന്ദ്രൻ മകൻ ജയകാന്തൻ വക, 2001). യാത്രക്കാരുടെശ്രദ്ധയ്ക്ക് (2002) എന്നതിലെ രാമു മദ്രാസ്സിൽ എഞ്ചിനീയരാണ്. തുല്യമായ



വിദ്യാഭ്യാസവും ജോലിയും തന്നെയാണ് നായികയ്ക്കുമുള്ളത്. സന്ദേശത്തിലെ അച്ഛൻ റെയിൽവെ സിഗ്നൽമാനായി വിരമിക്കുന്നതു പഴനിയിൽവെച്ചാണ്. യഥാർത്ഥത്തിൽ കേരളത്തിനു പുറത്ത് തൊഴിൽ ചെയ്ത് കേരളത്തിലെത്തുന്ന സമ്പത്താണ് ലോകമെങ്ങും അറിയപ്പെടുന്ന കേരളമോഡൽ വികസനത്തിന്റെ മുഖമുദ്രയായി കണക്കാക്കപ്പെടുന്നത്. സാമ്പത്തികവികസനമില്ലാതെ കേരളം നേടിയെടുത്ത ഉയർന്ന ജീവിതനിലവാരവും സാമൂഹികവികസനവും സാധ്യമായതിനുപിന്നിൽ ഈ സമ്പത്ത് കാണാതിരിക്കാനാവില്ല.

ആത്മാഭിമാനമുള്ള ആർക്കും അവിടെ പണിയെടുക്കാൻ പറ്റില്ലളിയാ

(വിനോദയാത്രയിലെ വിനോദ്)

കേരളത്തിനകത്തും പുറത്തുമായി നിരന്തരം നടന്ന ഈ യാത്രയുടെ ചരിത്രം അന്തിക്കാട് സിനിമകളിലൂടെ പരിശോധിക്കുമ്പോൾ സാമൂഹികമാറ്റത്തിന്റെ, സാമൂഹികചലനാത്മകത(social mobility)യുടെ ദിശാസൂചകങ്ങൾ കണ്ടെത്താൻ കഴിയും. ബോംബെയും കൽക്കത്തയും ഡൽഹിയും കടന്നുള്ള ഗൾഫ് യാത്രയാണ് യഥാർത്ഥത്തിൽ മലയാളിയുടെ ജീവിതത്തെ മാറ്റിമറിച്ചത്. അറേബ്യൻ ഗൾഫ് രാജ്യങ്ങളിൽ എണ്ണ കണ്ടെത്തിയതിനെ തുടർന്നുണ്ടായ വർദ്ധിച്ച തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തിയത് മലയാളികളായിരുന്നു. ബഹറിനിൽ 1980കളിലെ നിശ്ചിതകാലയളവിൽ ആ നാട്ടുകാരെക്കാൾ കൂടുതൽ മലയാളികളുണ്ടായിരുന്നു(ഇന്ത്യ:അർദ്ധരാത്രി മുതൽ അരനൂറ്റാണ്ട്, പു.97). എണ്ണയുടെ സമൃദ്ധിയിൽ നിർമ്മാണപ്രവർത്തനങ്ങളുടെ ഗൾഫ്കാലമായിരുന്നു അത്. നാട്ടിൽ ജീവിക്കാൻ വേണ്ടി ചെയ്ത പണികളെല്ലാം പരാജയപ്പെട്ടപ്പോളാണ് ദാസനും വിജയനും ഗൾഫ് ഒരു പ്രതീക്ഷയായത്. ശാരീരികശേഷിയുള്ള ഏതൊരാൾക്കും ഗൾഫിൽ പോകാമായിരുന്നു. കടത്തിൽ മുങ്ങിനിന്ന കുടുംബം രക്ഷിക്കാൻ ഗൾഫിലെത്തിയ വരവേൽപ്പിലെ മുരളീധരൻ ആദ്യത്തെ മൂന്നു വർഷം പൊരിവെയിലത്ത് കല്ല് ചുമന്നാണ് കുടുബത്തെ കരകയറ്റിയത്. കഠിനാധ്വാനം, അച്ചടക്കം, ആത്മസമർപ്പണം, മിതവ്യയം എന്നീ സ്വഭാവസവിശേഷതകൾ കാരണം മലയാളികൾ സാമ്പത്തികവിജയം കൈവരിച്ചു. അമേരിക്കൻ ഐക്യനാടുകളിൽ പലേടത്തും നഷ്ടത്തിൽ നടന്നുകൊണ്ടിരുന്ന മോട്ടലുകൾ ഏറ്റെടുക്കാനും ന്യൂയോർക്ക് നഗരത്തിലെ ന്യൂസ് സ്റ്റാന്റുകളും ലണ്ടനിൽ രാത്രി പ്രവർത്തിക്കുന്ന പലവ്യഞ്ജനകടകളും ഭംഗിയായി നടത്തി കൊണ്ട് പോകാൻ ഇന്ത്യക്കാർ കാണിക്കുന്ന സാമർത്ഥ്യവും ശശിതരൂർ രസകരമായി വിവരിച്ചിട്ടുണ്ട് ( ഇന്ത്യ:അർദ്ധരാത്രി മുതൽ അരനൂറ്റാണ്ട്, പു.179). (ഇന്ത്യൻ മധ്യവർഗ്ഗത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ശ്രീ. തരൂർ). കുറെ വർഷങ്ങൾക്ക് ശേഷം ബാങ്കിൽ നല്ലൊരു സമ്പാദ്യവുമായി സ്വന്തം നാട്ടിൽ തിരിച്ചെത്തി, എന്തെങ്കിലും ചെറിയ ജോലി, ഭാര്യ, കുട്ടികൾ, അവരുടെ വിദ്യാഭ്യാസം എന്നിങ്ങനെ ജീവിതത്തിൽ വിജയിച്ചവരുടെ പട്ടികയിൽ പെടാനാണ് അവരുടെ ശ്രമം. പലരും താഴ്ന്ന ജോലി ചെയ്തും തൊഴിലുടമയുടെ ചൂഷണത്തിന് വിധേയരായും ഈ വിജയത്തിനായി കഠിനാധ്വാനം ചെയ്യുന്നു. വിദ്യാസമ്പന്നമായ മനുഷ്യവിഭവശേഷിയുടെ സുലഭത മലയാളികളെ ഏതു നാട്ടിലും എന്തു ജോലിയും ചെയ്യാൻ പ്രേരിപ്പിച്ചു. കേരളമോഡൽ എന്നഭിമാനിക്കുമ്പോഴും സാമൂഹികസാമ്പത്തിക വികസനത്തെ പരാമർശിക്കുമ്പോഴും പതിറ്റാണ്ടുകളായി ഇന്ത്യയിലും വിദേശത്തും ചൂഷണത്തിനിരയായി അദ്ധ്വാനിക്കുന്ന തൊഴിലാളികൾ നാട്ടിലേക്കയക്കുന്ന പണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.സാമൂഹികവും ശാരീരികവും ലൈംഗികവുമായ ഈ ചൂഷണം കേരളത്തിലെ മറുനാടൻ തൊഴിലാളികളും അനുഭവിക്കുന്നുവെന്നത് നാം സൗകര്യപൂർവ്വം മറക്കുന്നു. പണവും സംസ്കാരവും(!) വർദ്ധിച്ച മധ്യവർഗ്ഗമലയാളിക്ക് തമിഴനോടുള്ള മനോഭാവം ആത്മവിമർശനത്തിന്റെ രൂപത്തിൽ നരേന്ദ്രൻ മകൻ ജയകാന്തൻ വകയിൽ അവതരിപ്പിക്കുന്നുണ്ട്. രസതന്ത്രത്തിൽ കേരളത്തിലെ മധ്യവർഗ്ഗ കുടുംബത്തിൽ തൊഴിൽ തേടിയെത്തിയ തമിഴ്പെൺകുട്ടി നേരിടുന്ന വർഗ്ഗ ലിംഗ അടിച്ചമർത്തലുകൾ ചിത്രീകരിക്കുന്നത് കേരളീയസംസ്കാരത്തിന്റെ സാംസ്കാരിക യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്ന വസ്തുതയാണ്. (ഇരിട്ടിയിലെ ബംഗാളിപെൺകുട്ടിയെ മുഖ്യധാരാമാധ്യമങ്ങൾ ഇത്രവേഗം മറന്നത് മലയാളിപ്രേക്ഷകരുടെ മധ്യവർഗ്ഗപക്ഷപാതങ്ങൾ ശരിക്കും മനസ്സിലാക്കി തന്നെയാണ്.) നാട്ടിലും ബന്ധുക്കൾക്കിടയിലും സ്വന്തമായൊരു വ്യക്തിത്വവും അഭിമാനാർഹമായ മേൽവിലാസവുമാണ് മധ്യവർഗ്ഗത്തിന്റെ ഏറ്റവും വലിയ ആഗ്രഹം. കഠിനാധ്വാനത്തിലൂടെ ജീവിതവിജയം നേടി ജെന്റിൽമാനായി നാട്ടിൽ തിരിച്ചെത്തുന്ന കഥാപാത്രം ഏതുവിധേനയും തന്റെ വേരുകൾ കണ്ടെത്തുന്നതും വേദനിപ്പിച്ചവരോട് പ്രതികാരം ചെയ്യുന്നതും ജന

പ്രിയസിനിമയുടെ കേന്ദ്രപ്രമേയമാണ് (പിൻഗാമി).

### ഉപഭോഗസംസ്കാരം

ഉൽപാദനത്തിലും തൊഴിൽസൃഷ്ടിയിലും പ്രതിസന്ധിയുണ്ടായെങ്കിലും ഉപഭോക്തൃചിലവിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം ഗണ്യമായി ഉയർന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു(ഇന്ത്യൻ വികസനം പു. 199). പുറംനാടുകളിൽ നിന്നയക്കുന്ന പണം ഉപഭോഗത്തിനായി ചിലവഴിക്കുന്ന വരുമാനത്തെ കാര്യമായി സ്വാധീനിക്കുന്നു. എൺപതുകളുടെ മധ്യത്തിൽ അഞ്ചു ലക്ഷത്തോളം വരുന്ന ഗൾഫ് മലയാളികൾ നിരവധി ഇലക്ട്രോണിക്സ് ഉപകരണങ്ങൾ കേരളത്തിലെത്തിച്ചു. പൊൻമുട്ടയിടുന്ന താറാവിലും വരവേൽപ്പിലും ഗൾഫ്കാരന്റെ പെട്ടി തുറക്കാൻ ആകാംക്ഷപ്പെടുന്ന ബന്ധുക്കളുടെ ചിത്രം കാണാം. ഗൾഫ്കാരന് കല്ല്യാണമാർക്കറ്റിൽ മൂല്യം വർദ്ധിച്ചതും ഇക്കാലത്താണ്. തലയണമന്ത്രത്തിൽ സഹോദരിയുടെ വിവാഹത്തിനെത്താൻ കഴിയാതിരുന്ന ഗൾഫുകാരൻ ആയിടയ്ക്ക് നാട്ടിൽ വരുന്ന സുഹൃത്തിന്റെ കൈവശം കൊടുത്തയക്കുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങളാണ് കാഞ്ചനയുടെയും സുകുവിന്റെയും ജീവിതത്തിൽ വഴിത്തിരിവായത്. നഗരത്തിലേക്ക് താമസംമാറ്റിയ സുകുവും കാഞ്ചനയും ലോണെടുത്തും അല്ലാതെയും മധ്യവർഗ്ഗാഭിമാനം സംരക്ഷിക്കാൻ പുത്തൻ ഉപകരണങ്ങൾ വാങ്ങിക്കൂട്ടി. കേരളത്തിലെ നഗരങ്ങളിൽ ആളോഹരി കുടുംബ ഉപഭോക്തൃ ചിലവ് 1970-71ൽ അഖിലേന്ത്യാശരാശരിയെക്കാൾ 13.8 ശതമാനം കുറവായിരുന്നു. 1987-88ൽ അത് 0.7 ശതമാനം ഉയർന്നു. 1992ലത് 4.4 ശതമാനമായി മാറി (ഇന്ത്യൻ വികസനം 200-201). കേരളത്തിന്റെ സാംസ്കാരിക അടയാളമായി മാറിയ ഉപഭോഗസംസ്കാരത്തിന് പിന്നിലും പുതിയ മധ്യവർഗ്ഗത്തിന്റെ ജീവിതവിജയം ആഘോഷിക്കാനുള്ള പ്രവണതയാണ് കുടിയിരിക്കുന്നത്. സാമ്പത്തികനിലയിൽ താൻ കേമനാണെന്ന് കാണിക്കാൻ മറുനാടൻ മലയാളികൾ- നോട്ട് കത്തിച്ച് ചായ തിളപ്പിക്കുന്നത് വരെ- പല വേലകളും ചെയ്യും. സമൂഹത്തിൽ സാംസ്കാരിക മൂലധനത്തിനു വേണ്ടിയുള്ള പുത്തൻ മധ്യവർഗ്ഗത്തിന്റെ തത്രപ്പാടുകളിലൊന്നാണിത്.

ഗൾഫിലെത്തിയവന്റെ ബന്ധുക്കളും സുഹൃത്തുക്കളും നാട്ടുകാരുമെല്ലാം കടം വാങ്ങിയും അല്ലാതെയും ഗൾഫിലെത്തിയത് നാട്ടിലെ ജീവിതം മെച്ചപ്പെടുത്തി, ജാതി/വർഗ്ഗ ബന്ധ(ന)ങ്ങളെ മറികടന്നു. സമ്പത്തിന്റെ അടിസ്ഥാനത്തിൽ മധ്യവർഗ്ഗസ്വഭാവത്തിലേക്കുള്ള കേരളീയസമൂഹത്തിന്റെ കടന്നുവരവാണത്. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള അദ്ധ്വാനത്തിൽ നിന്ന് കൂടുതൽ ഭൗതികനേട്ടങ്ങൾ കൈവരിക്കാനുള്ള അധ്വാനമായി പിന്നീട്. മക്കൾക്ക് നല്ല വിദ്യാഭ്യാസവും സമൂഹത്തിൽ ഉന്നതസ്ഥാനവും അവരും ബന്ധുക്കളും ഉറപ്പിക്കുന്നു. വിദ്യാഭ്യാസ ആരോഗ്യപ്രവർത്തനങ്ങൾ വിപുലമായും വിജയകരമായും നടപ്പിലാക്കിയത് കേരളീയവികസനത്തിൽ വലിയപങ്ക് വഹിച്ചിട്ടുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മക്കളെ പഠിപ്പിക്കുക മധ്യവർഗ്ഗത്തിന്റെ ജീവിതാഭിലാഷമാണ്. ടി പി ബാലഗോപാലന്റെ സാമ്പത്തികപരാധീനതകൾക്കിടയിലും, ചേച്ചി മക്കളെ ഇംഗ്ലീഷ് മീഡിയത്തിൽ ചേർക്കാനെന്ന പേരിലാണ് നഗരത്തിൽ താമസിക്കുന്നത്. ശ്രീധരന്റെ ഒന്നാം തിരുമുറിവിൽ പത്താം ക്ലാസ്സ് വിദ്യാഭ്യാസമുള്ള ശ്രീധരൻ വിവാഹം ചെയ്യാനാഗ്രഹിക്കുന്നത് ഒരു ഗ്രാജ്വേറ്റിനെയാണ്. മക്കൾ കിളിപോലെ ഇംഗ്ലീഷ് പറയാൻ അതാവശ്യമാണെന്ന് അയാൾ കരുതുന്നു. കഥതുടരുന്നുവിൽ ഏത് സാമ്പത്തിക പ്രതിസന്ധിയിലും മകളുടെ വിദ്യാഭ്യാസത്തിന് കോട്ടം തട്ടാൻ സമ്മതിക്കുന്നില്ല. വിദ്യാഭ്യാസത്തിന്റെ പ്രസക്തിയും സാമൂഹികപ്രാധാന്യവും തിരിച്ചറിഞ്ഞ് ഉന്നത വിദ്യാഭ്യാസം നേടിയ മധ്യവർഗ്ഗം ക്രമേണ, മികച്ച ജോലിയും അധികാരബന്ധങ്ങളും കൈപ്പിടിയിലാക്കി.




### വില്ലൻമാർ/ ഉന്നതവർഗ്ഗം/രാഷ്ട്രീയക്കാർ

ബ്യൂറോക്രസിയോടുള്ള ചായ്വ് പല സത്യൻ അന്തിക്കാട് ചിത്രങ്ങളിലും വളരെ പ്രകടമാണ്. കനൽക്കാറ്റ്(1991), പിൻഗാമി(1994), ഒരാൾമാത്രം(1997) എന്നീ ചിത്രങ്ങൾ പ്രഗത്ഭരും സത്യസന്ധരുമായ ഉദ്യോഗസ്ഥരുടെ കൊലപാതകം പ്രമേയമാകുന്നവയാണ്. അഴിമതിയും കള്ളപ്പണവും സാമൂഹികദ്രോഹവും ചെയ്യുന്ന രാഷ്ട്രീയക്കാരടങ്ങുന്ന ഒരു ഉന്നതവർഗ്ഗമാണ് അന്തിക്കാട് സിനിമകളിലെ വില്ലന്മാർ. അനിശ്ചിതത്വവും അരക്ഷിതത്വവും നിലനിൽക്കുന്ന സമൂഹത്തിൽ സർക്കാർഉദ്യോഗത്തെ ജീവിതസുരക്ഷയ്ക്കുള്ള ഉപാധിയായി കണ്ട് അതിനു വേണ്ട വിദ്യാഭ്യാസം നേടി സുരക്ഷിതത്വമുള്ള ജീവിതസാഹചര്യമാണ് മധ്യവർഗ്ഗം ആഗ്രഹിക്കുന്നത്. സുരക്ഷിതമായ ആ ഘടനയ്ക്ക് വിഘാതം നിൽക്കുന്നവരാണ് സമൂഹത്തിലെ വില്ലന്മാർ. അറുപതിനായിരം രൂപാ വില കിട്ടേണ്ട ബാലഗോപാലന്റെ സ്ഥലം പതിനായിരം രൂപയ്ക്കും പലിശയ്ക്കും ബ്ലേഡുകാർ കൊണ്ടുപോകുന്നത് കേരളത്തിന്റെ യാഥാർത്ഥ്യമാണ്. ഇത്തരം കൊള്ള പലിശക്കാരും കള്ളക്കടത്തുകാരുമാണ് കേരളത്തിന്റെ ഉന്നതവർഗ്ഗമായും വില്ലന്മാരായും അന്തിക്കാട് സിനിമയിൽ കടന്നുവ

രുന്നത്. പൊതുവെ ഇടതുപക്ഷ സോഷ്യലിസ്റ്റ് മാനസ്സികാവസ്ഥയുള്ള കേരളീയരുടെ പൊതുശത്രു എല്ലായ്പ്പോഴും മുതലാളിതന്നെ. നവോത്ഥാനകാലത്തെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ നൽകിയ ധാർമികബോധവും മൂല്യങ്ങളുമാണ് ഈ പ്രതിനായകസൃഷ്ടിക്കു പിന്നിലുള്ളത്.

മുമ്പ് സൂചിപ്പിച്ച സാമൂഹിക ദ്രോഹികളായ ഉന്നതവർഗ്ഗം മാത്രമല്ല ഇക്കൂട്ടത്തിലുള്ളത്. ദീർഘകാലം പുറംനാട്ടിൽ ജോലിചെയ്ത് ഇനി അല്പം കൃഷിപ്പണിയൊക്കെ ചെയ്ത് വിശ്രമമാകാം എന്ന് കരുതി വീട്ടിലെത്തിയ സന്ദേശത്തിലെ അച്ഛന് ശത്രുക്കളായത് രാഷ്ട്രീയക്കാരായ മക്കളാണ്. ശ്രീധരന്റെ ഒന്നാം തിരുമുറിവിൽ അശ്വതിയുടെ കാമുകനായ വിനയന്റെ കാലൊടിക്കുന്നത് ഫാക്ടറിയിലെ തൊഴിലാളിസമരം തീർക്കാനായി പോലീസിന്റെ സഹായം തേടിയതിന് തൊഴിലാളികൾ നൽകിയ സമ്മാനമാണ്. വരവേൽപ്പിൽ ഗൾഫ് ജീവിതം മതിയാക്കി ബസ്സ് വാങ്ങി സ്വസ്ഥമായി ജീവിക്കാം എന്ന മധ്യവർഗ്ഗസ്വപ്നം തകർക്കുന്നതും രാഷ്ട്രീയസംഘടനകൾ തന്നെ. ഗൾഫിൽ നിന്ന് തിരിച്ചുവന്ന വിനോദിന്റെ വാഴകൃഷി തകർക്കുന്നതും രാഷ്ട്രീയക്കാരാണ് (വിനോദയാത്ര). കേരളീയസമൂഹത്തിന്റെ ആഖ്യാനം നടത്തുന്ന അന്തിക്കാടിന്റെ സിനിമകൾക്ക് രാഷ്ട്രീയം ഒഴിവാക്കാനാവാത്ത വിഷയമാണ്. എങ്കിലും അവയിൽ കടന്നു വരുന്ന ദുസ്സൂചനകൾ(?) കേരളീയമധ്യവർഗ്ഗത്തിന്റെ സ്വഭാവത്തിലേക്കാണ് വെളിച്ചം വീശുന്നത്. വിദ്യാഭ്യാസം സമൂഹത്തിനു വേണ്ടിയായിരിക്കണം. കേരളത്തിനാവശ്യമായ സേവനങ്ങൾ നൽകാൻ ഉപയുക്തമാകേണ്ട വിദ്യാഭ്യാസപ്രക്രിയ ഇവിടെ വ്യക്തിപരമായ രക്ഷാമാർഗ്ഗമായി മാറുകയാണ്. മക്കളെ കോളജിലയക്കുന്നത് നല്ല ഉദ്യോഗം/പണം ലഭിക്കാൻ എന്ന മനോഭാവം മധ്യവർഗ്ഗ സംസ്കൃതിയുടെ ഭാഗമാണ്(ഡോ. ആർ വി ജി മേനോൻ, ഉന്നതവിദ്യാഭ്യാസരംഗം : എണ്ണത്തിലെ വളർച്ചയും ഗുണമേന്മയിലെ തളർച്ചയും, കനകകേരളം, പു. 169).

> കേരളത്തിന്റെ സാംസ്കാരിക അടയാളമായി മാറിയ ഉപഭോഗസംസ്കാരത്തിന് പിന്നിലും പുതിയ മധ്യവർഗ്ഗത്തിന്റെ ജീവിതവിജയം ആഘോഷിക്കാനുള്ള പ്രവണതയാണ് കുടിയിരിക്കുന്നത്

വിദ്യാഭ്യാസം സാമൂഹികപരിവർത്തനത്തിനുള്ള ഉപാധിയാകേണ്ടതിനു പകരം മധ്യവർഗ്ഗത്തിന്റെ പൂർവ്വസ്ഥിതി ഉറപ്പിക്കാനുള്ള ഉപകരണമായി വളർത്തിയെടുത്തിരിക്കുന്നു. ഉന്നതവിദ്യാഭ്യാസം നൽകി സാമ്പത്തികസാംസ്കാരിക സുരക്ഷിതത്വം ഉറപ്പിക്കുന്ന മധ്യവർഗ്ഗത്തിന് മക്കളുടെ രാഷ്ട്രീയ പ്രവർത്തനം കുടുംബദ്രോഹമായി മാറുന്നു (സന്ദേശം). ഒടുവിൽ സ്വയം തിരിച്ചറിഞ്ഞ് (?) ജോലിക്കുപോകുമ്പോൾ ശുഭകരമായി അവസാനിപ്പിക്കാൻ തക്കവിധം മധ്യവർഗ്ഗപക്ഷപാതം ഉൾക്കൊള്ളുന്നതാണ് അന്തിക്കാട് സിനിമകളുടെ പൊതുഭാവം. മനസ്സിനക്കരെ (2003)യിൽ രാഷ്ട്രീയബോധത്തിൽ ജനിച്ചു വളർന്ന സഖാക്കളും ജാഥയ്ക്ക് പോകുന്നത് കൊടുങ്ങല്ലൂരമ്മയെ കാണാനും നഗരത്തിൽ നിന്നുള്ള കുടുംബാവശ്യങ്ങൾ നിർവ്വഹിക്കാനുമാണ്. കഥ തുടരുന്നു (2010) വിലെത്തുമ്പോഴേക്കും അത് ഒരു വരുമാനമാർഗ്ഗമായി മാറിക്കഴിഞ്ഞു . ചേരിനിവാസികൾ ദിവസ്സക്കൂലിക്ക് ഏത് ജാഥയും വിളിച്ച്, നയിച്ച് വിജയിപ്പിച്ചു കൊടുക്കും. ഒരു മധ്യവർഗ്ഗ സൃഷ്ടി എന്ന നിലയിൽ സിനിമ എന്ന കലാരൂപം പല നിലകളിൽ തോൽപിച്ച് നിഷ്പ്രഭമാക്കിയ രാഷ്ട്രീയത്തിന്റെ പ്രായോഗികതലത്തെ യാഥാർത്ഥ്യമെന്ന നിലയിൽ പരിഹസിക്കുകയാണിവിടെ. അല്ലെങ്കിൽ സിനിമ മധ്യവർഗ്ഗപ്രത്യയശാസ്ത്രഉപകരണമായി നിലകൊള്ളുന്നു എന്ന് സാരം. സാമൂഹിക വിവേചനത്തിനെതിരെയും വ്യവസ്ഥയ്ക്കെതിരെയും നിരന്തരം സമരം ചെയ്ത് നേടിയ സാമൂഹികപരിസരമാണ് നമ്മുടേത്. രാഷ്ട്രീയത്തിനെതിരെ ഒറ്റയാൾപോരാട്ടങ്ങളുടെ വിജയങ്ങളാണ് അന്തിക്കാട്സിനിമ ആഘോഷിക്കുന്നത്. പിൻഗാമി(1994), ഒരാൾമാത്രം(1997) തുടങ്ങിയ സിനിമകൾ പൊതുസമൂഹത്തിന് രാഷ്ട്രീയം ആവശ്യമില്ല എന്ന ധാരണയാണുളവാക്കുന്നത്. പിൻഗാമിയിൽ ക്യാപ്റ്റൻ വിജയകുമാർ മേനോന്റെ തന്ത്രവും കായബലവുമാണ് വിജയിക്കുന്നത്. ഒരാൾമാത്രം എന്ന സിനിമയിൽ ആൺതുണയില്ലാതെ ഒറ്റപ്പെട്ടുപോയ കുടുംബത്തിലേക്ക് എത്തിനോക്കുന്ന പൊതുസമൂഹം ചിത്രീകരിക്കപ്പെടുന്നത് നോക്കുക. മധ്യവർഗ്ഗം സാമൂഹികമായ അസ്തിത്വത്തെ പരിഗണിക്കുന്നതേയില്ല. സാമ്പത്തിക/ജാതിമതപരാധീനതകളോ ഇല്ലാത്ത മധ്യവർഗ്ഗത്തിന് രാഷ്ട്രീയമായ ഇടപെടലിന്റെ ആവശ്യമില്ല. എല്ലാത്തിനോടും മുഖം തിരിഞ്ഞ് സ്വന്തം കാര്യം നോക്കി ജീവിക്കുന്ന അരാഷ്ട്രീയത്തോടാണ് കേരളീയമധ്യവർഗ്ഗത്തിന്റെ പക്ഷപാതം. മുതലാളിത്തത്തിന്റെ സമ്പത്ഘടനയിലുള്ള ജനാധിപത്യ വ്യവസ്ഥയിൽ ഇത്തരം മധ്യവർഗ്ഗത്തിനാണ് മുൻതൂക്കം. തൊട്ടയൽപക്കത്തെ കാര്യങ്ങളന്വേഷിക്കാത്ത, അസൂയയോടും അവിശ്വാസത്തോടും കൂടി ഇടപെടുന്ന ഒന്നായി കേരളീയമധ്യവർഗ്ഗം മാറിക്കഴിഞ്ഞു. സഹജീവിയോടുള്ള ഉത്തരവാദിത്വം മറന്ന കേരളം ഇന്നനുഭവിക്കുന്ന സാമൂഹികമായ അരക്ഷിതത്വത്തിന് കാരണമന്വേഷിച്ച് മറ്റെങ്ങും പോകേണ്ടതുമില്ല. ഈ സാമ്പത്തികഘടനയിൽ തികച്ചും അപ്രസക്തരും അരക്ഷിതരുമാകുന്ന ഒരു കീഴാളവർഗ്ഗം കൂടി കേരളീയസമൂഹത്തിലുണ്ട് എന്നത് ഒട്ടുമിക്ക സാംസ്കാരികരൂപങ്ങളും സൗകര്യപൂർവ്വം മറക്കുന്നു.

### സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം

സ്ത്രീസാക്ഷരതയാണ് കേരളീയസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും രാഷ്ട്രീയ സാമ്പത്തിക പരിവർത്തനവുമായി ബന്ധപ്പെട്ട

നേട്ടങ്ങൾ സാധ്യമാക്കിയത് എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട് (ഇന്ത്യൻ വികസനം പു. 234-256). കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരവും തൊഴിൽ പങ്കാളിത്തവും സംബന്ധിച്ച നിരീക്ഷണങ്ങൾ കേരളപഠനത്തിലും വിവരിക്കുന്നുണ്ട് (പു.113-127). 2001 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഏറ്റവും കുറഞ്ഞ സ്ത്രീ തൊഴിൽ പങ്കാളിത്തനിരക്ക് കേരളത്തിലാണ്, 15.4 % (കേരളപഠനം പു.115). മിസോറാമിലാണ് ഏറ്റവും കൂടുതൽ, 47.5%. വികസിതരാജ്യങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ അന്തരം വളരെ ഉയരുന്നു. 15-64 പ്രായപരിധിയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ ശതമാനം ഏറ്റവും കൂടിയ ഡെന്മാർക്ക് (72%), ഏറ്റവും കുറഞ്ഞ ഇറ്റലി (45%) എന്നിങ്ങനെ ഉയർന്ന തരത്തിലാണെങ്കിൽ കേരളത്തിൽ 18% മാത്രമാണ് (കേരളപഠനം പു.115). കേരളപഠനത്തിൽ സാമ്പത്തിക ഗ്രൂപ്പ് അനുസരിച്ച് നടന്ന പഠനത്തിൽ 18-60 പ്രായപരിധിയിലുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഏറ്റവും ഉയർന്ന സാമ്പത്തികമുള്ളവരിലും(26.5%) ഏറ്റവും താഴ്ന്ന സാമ്പത്തികമുള്ളവരിലും(28%) ഉയർന്ന നിരക്കിലാണ് എന്നതാണ് കണ്ടെത്തിയിരിക്കുന്നത്. വിദ്യാഭ്യാസയോഗ്യതയും തൊഴിലില്ലായ്മയും തമ്മിൽ വലിയബന്ധമൊന്നുമില്ല എന്നും പഠനം തെളിയിച്ചിട്ടുണ്ട്. സത്യൻ അന്തിക്കാടിന്റെ കിന്നാരം, ടി പി ബാലഗോപാലൻ എം എ, സന്മനസ്സുള്ളവർക്ക് സമാധാനം, നാടോടിക്കാറ്റ്, അർത്ഥം, പട്ടണപ്രവേശം, സമൂഹം, ഗോളാന്തരവാർത്ത, തുടങ്ങി നിരവധി ആദ്യകാലസിനിമകളിൽ തൊഴിലെടുത്ത് വീട് പുലർത്തുന്ന സ്ത്രീകഥാപാത്രങ്ങളുണ്ട്. അച്ഛന്റെയോ ഭർത്താവിന്റെയൊ മരണ/അഭാവമാണ് അവരിൽ പലരെയും തൊഴിലെടുക്കാൻ നിർബന്ധിതരാക്കിയത്. ഓഫീസുകളിൽ ക്ലർക്കോ സ്കൂൾ അധ്യാപകരോ ആണ് ഇവർ. സന്മനസ്സുള്ളവർക്ക് സമാധാനത്തിലെ അനിതയും നാടോടിക്കാറ്റിലെ അനിതയും വിവിധ

> പ്രത്യുൽപ്പാദനത്തിന്റേയും ദേശീയോൽപാദനത്തിന്റേയും ഇരട്ടച്ചുമതലകൾ വഹിക്കുന്ന സ്ത്രീ സഹിക്കുന്ന ഇരട്ടചൂഷണത്തിന്റെ ചിത്രം ഗോളാന്തരവാർത്തയിലെ ലേഖയിലല്ലാതെ സത്യൻഅന്തിക്കാട് സിനിമയിൽ കാണാനാവില്ല

ഓഫിസുകളിലാണ് ജോലിചെയ്യുന്നത്. ടി പി ബാലഗോപാലൻ എം എ, ഗോളാന്തരവാർത്ത, തലയണമന്ത്രം തുടങ്ങിയവയിൽ നായികാ(സമാന)കഥാപാത്രങ്ങൾ അധ്യാപകരാണ്. കേരളത്തിൽ സ്ത്രീകൾ കൂടുതലുള്ള ഒരേയൊരു മേഖല സ്കൂൾഅധ്യാപകരുടെ തൊഴിലാണ് (കേരളപഠനം പു.117). ഇത്തരത്തിൽ ചെറിയൊരു വിഭാഗം സ്ത്രീകഥാപാത്രങ്ങളുണ്ടെങ്കിലും സിനിമ മുന്നോട്ടു വെയ്ക്കുന്ന സ്ത്രീബിംബം വീട്ടമ്മമാരുടേതാണ്. നിശബ്ദരായ നിരവധി സ്ത്രീകഥാപാത്രങ്ങൾ സിനിമാപാഠത്തിൽ കണ്ടെത്താം. മധ്യവർഗ്ഗ കോളനിയുടെ കഥ പറയുന്ന ഗാന്ധി നഗർസെക്കന്റ് സ്ട്രീറ്റി (1986)ൽ ഇത്തരം കഥാപാത്രങ്ങൾ നിരവധിയുണ്ട്. പോലീസുദ്യോഗസ്ഥന്റേയും ബിസിനസ്സുകാരന്റേയും പൈങ്കിളിസാഹിത്യകാരന്റേയും ഭാര്യമാർ വീട്ടമ്മമാരാണ്. സ്ത്രീയുടെ സാമ്പത്തികദാരിദ്ര്യം കേരളീയമധ്യവർഗ്ഗത്തിന്റെ സ്വാഭാവികതയായി സിനിമ ചിത്രീകരിക്കുന്നു. ശ്രീധരന്റെ ഒന്നാം തിരുമുറിവ്, കുടുംബപുരാണം, വരവേൽപ്പ്, മഴവിൽക്കാവടി, സ്നേഹസാഗരം, തൂവൽകൊട്ടാരം, ഒരാൾമാത്രം തുടങ്ങിയവലൊന്നും സ്ത്രീയുടെ തൊഴിൽ പങ്കാളിത്തത്തെക്കുറിച്ച് ആലോചിക്കുന്നതേയില്ല. 2007ലിറങ്ങിയ വിനോദയാത്രയിൽ വാട്ടർ അതോറിറ്റി എൻജിനീയരുടെ ഭാര്യ വിമലയും വെറും വീട്ടമ്മയാണ്. കാർഷികസമ്പദ്‌വ്യവസ്ഥയുടെ കാലത്ത് അകംജോലികളെടുക്കുന്ന വീട്ടമ്മമാർ ആ വ്യവസ്ഥയുടെ ഭാഗമായിരുന്നു. പരിഗണിക്കപ്പെട്ടില്ലെങ്കിൽ പോലും കൃഷിയിലും ഉൽപ്പാദനപ്രക്രിയിലും അവർ ഭാഗമായിരുന്നു. അമ്മയുടെയും ഭാര്യയുടെയും റോളുകൾ മാത്രമല്ല അവർ വഹിച്ചിരുന്നത്. ഭർത്താവിന്റേയും മക്കളുടേയും ഭർത്താവിന്റെ മാതാപിതാക്കളുടേയും ആരോഗ്യപരിരക്ഷയാണ് അവരുടെ ഉത്തരവാദിത്തം. കുടുംബപുരാണം അത് ഭംഗിയായി അവതരിപ്പിക്കുന്നുണ്ട്. ഉയർന്ന മധ്യവർഗ്ഗത്തിലും താഴ്ന്ന മധ്യവർഗ്ഗത്തിലുമാണ് ഈ വീട്ടമ്മമാർ എണ്ണത്തിൽ കൂടുലുള്ളത് എന്ന് കേരളപഠനം കണ്ടെത്തുന്നുണ്ട് (പു.120). മുതലാളിത്തസമ്പദ്ഘടനയിലാണ് വീട്ടമ്മ വെറും വീട്ടമ്മയായത് എന്ന നിരീക്ഷണവും അവിടെ കാണാം. മധ്യവർഗ്ഗം രൂപപ്പെടുത്തിയ സാംസ്കാരികതലമാണിത്. സ്ത്രീ പുരുഷന്റെയും അവന്റെ തലമുറയുടെയും സംരക്ഷണം എന്ന അകം ചുമതലകളിലേക്ക് ഒതുങ്ങിയിരിക്കുന്നു. കേരളപഠനത്തിന്റെ കണക്കനുസരിച്ച് 18-35 പ്രായപരിധിയിലുള്ള സ്ത്രീകളിൽ 37.8% വീട്ടമ്മമാരാണ്. സാമാന്യവിദ്യാഭ്യാസം തൊട്ട് ഉന്നതവിദ്യാഭ്യാസം വരെ നേടിയ ഇവർ തൊഴിൽവിമുഖത കാണിക്കുന്നത് മധ്യവർഗ്ഗത്തിന്റെ സാംസ്കാരികനിലപാടുകളോട് ചേർന്ന് നിന്നാണ്. വിവാഹം, വിവാഹപ്രായം, മാതൃത്വം തുടങ്ങിയ കാരണങ്ങളും സമൂഹത്തിന് പ്രയോജനപ്പെടാത്ത കഴിവിന്റെ നിരുപയോഗത്തിന് പിന്നിലുണ്ട്. കേരളത്തിൽ വൻതോതിൽ നടക്കുന്ന വീട്ടമ്മവൽക്കരണത്തിന് പിന്നിൽ മധ്യവർഗ്ഗസമൂഹത്തിന്റെ ഈ നിലപാടുകളുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസം തനിക്കും കുട്ടികൾക്കും നല്ല പരിചരണം, വ്യക്തിപരമായും വീട്ടിലും ശുചിത്വം, ഏറ്റവും നല്ല ഗൃഹഭരണം, ഏറ്റവും നല്ല കുടുംബാസൂത്രണം തുടങ്ങി ആധുനികശീലങ്ങളോടൊപ്പം പാരമ്പര്യഭാര്യാസങ്കൽപ്പം ഒപ്പം ചേർക്കുമ്പോൾ മധ്യവർഗ്ഗം വിഭാവനം ചെയ്യുന്ന ഈ ഭാര്യപദവി നിർവ്വചിക്കാനാവും. പ്രത്യുൽപ്പാദനം എന്ന സാമൂഹികചുമതല മാത്രമാണ് ഇവിടെ സ്ത്രീക്ക് നൽകിയിരിക്കുന്നത്. സ്കൂളിലും കോളേജിലും ഉന്നതനിലവാരം പുലർത്തിയിരുന്ന

പെൺകുട്ടികളുടെ അധ്വാനശേഷി കുടുംബവ്യവസ്ഥയുടെ മറവിൽ പുരുഷന്റെ സാംസ്കാരികോന്നമനത്തിനു വേണ്ടി അടിമപ്പെടുത്തുന്നു. പൗര/വ്യക്തി എന്ന നിലയിൽ ദേശ/സമൂഹത്തോടുള്ള കടമ കുടുംബവ്യവസ്ഥയുടെ മധ്യവർഗ്ഗപ്രത്യയശാസ്ത്രത്തിനുള്ളിൽ സ്ത്രീകൾ ഓർമിക്കുന്നതേയില്ല. അഥവാ ദേശീയോൽപാദനത്തിൽ കേരളീയസ്ത്രീയുടെ പങ്കാളിത്തം തുലോം കുറവാണ്. അതേസമയം, പ്രത്യുൽപ്പാദനത്തിന്റേയും ദേശീയോൽപാദനത്തിന്റേയും ഇരട്ടച്ചുമതലകൾ വഹിക്കുന്ന സ്ത്രീ സഹിക്കുന്ന ഇരട്ടചൂഷണത്തിന്റെ ചിത്രം ഗോളാന്തരവാർത്തയിലെ ലേഖയിലല്ലാതെ സത്യൻഅന്തിക്കാട് സിനിമയിൽ കാണാനാവില്ല. മധ്യവർഗ്ഗപ്രത്യയശാസ്ത്രം അധികാരത്തിലിരിക്കുന്ന കേരളത്തിൽ അതേ ആശയങ്ങൾ വഹിക്കുന്ന ജനപ്രിയസിനിമയ്ക്ക് ഇതേ ചെയ്യാനാവൂ. പൊതുസമൂഹത്തിനു വേണ്ടി ഇത്തരം ഒഴിവുസമയവിനോദത്തിനുള്ള മാർഗ്ഗങ്ങൾ നിർമ്മിക്കുക എന്നത് അധികാരവർഗ്ഗത്തിന്റെ ജന്മാവകാശമാണ്.

കൂടെ ജീവിച്ചു തുടങ്ങുമ്പോൾ വിനോദിന് ഞാനൊരു ബാധ്യതയാവാൻ പാടില്ല

(വിനോദയാത്രയിലെ അനുപമ)

2000 ലെ കൊച്ചു കൊച്ചു സന്തോഷങ്ങൾ വീട്ടമ്മയിൽ നിന്ന് മാറി തന്റെ ജീവിതാഭിനിവേശമായ നൃത്തത്തിലേക്ക് ഒന്നു ചുവടുമാറിയതിന് സ്ത്രീ അനുഭവിച്ച ഒറ്റപ്പെടലിനെ/സ്നേഹനിരാസത്തെ കാണിക്കുന്നുണ്ട്. എന്നാൽ യാത്രക്കാരുടെ ശ്രദ്ധയ്ക്ക്, ഇന്നത്തെചിന്താവിഷയം, ഭാഗ്യദേവത, സ്നേഹവീട് തുടങ്ങിയ ഈ നൂറ്റാണ്ടിലെ അന്തിക്കാട് സിനിമകളിൽ ദേശീയോൽപാദനത്തിൽ പങ്കാളിയാകുന്ന സ്ത്രീസ്വത്വങ്ങൾ കടന്നുവരുന്നുണ്ട്. അധ്വാനശേഷി കുടുംബവ്യവസ്ഥയ്ക്ക് പണയപ്പെടുത്തുമ്പോൾ സ്ത്രീ അനുഭവിക്കുന്ന അന്യവൽക്കരണത്തിന്റെ ദൃശ്യങ്ങൾ ഇവയിൽ തിരിച്ചറിയാൻ



കഴിയും. പഠിച്ച കാര്യങ്ങൾ ഭംഗിയായി പ്രാവർത്തികമാക്കാൻ/ വേണമെങ്കിൽ തനിച്ച് ജീവിക്കാൻ കഴിയുമെന്നവർ വെളിപ്പെടുത്തുന്നു. സമൂഹ(1993)ത്തിലും നരേന്ദ്രൻ മകൻ ജയകാന്തൻ വക (2001)യിലും രാഷ്ട്രീയരംഗത്തേക്ക് ആകസ്മികമായി കടന്നുവന്ന സ്ത്രീകൾ ചുമതലകൾ നിർഭയമായി നിറവേറ്റുന്നത് ചിത്രീകരിക്കുന്നുണ്ട്. രാഷ്ട്രീയ തൊഴിലെ(?)ടുക്കുന്ന പുരുഷന്മാർക്ക് ലഭിക്കാത്ത സാമൂഹികാംഗീകാരം ഇവർ നേടിയെടുക്കുന്നുമുണ്ട്. സ്ത്രീസ്വത്വത്തെയും വ്യക്തിസത്തയെയും സമൂഹം അംഗീകരിച്ചുതുടങ്ങിയതിന്റെ ദൃഷ്ടാന്തമാണിത്. എൺപതുകളിൽ കടന്നുവന്ന ഫെമിനിസം പോലുള്ള വിമോചിതാശയങ്ങൾ വളരെ മെല്ലെയെങ്കിലും സമൂഹത്തിൽ പ്രവർത്തിച്ചുവെന്നതിന്റെ തെളിവാണിത്.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളത്തിലെ സാമൂഹികപരിവർത്തനത്തെ സാരമായി ബാധിച്ച ഘടകമാണ് മധ്യവർഗ്ഗത്തിന്റെ വളർച്ച. ഭരണകൂടത്തിന്റെ നയരൂപീകരണത്തെപോലും നിർണ്ണായകമായി സ്വാധീനിക്കാൻ കഴിവുള്ള സാമൂഹികവിഭാഗമാണത്. പശ്ചാത്യരാജ്യങ്ങൾ പിന്തുടർന്ന മുതലാളിത്തപാതയുടെ ആരാധകന്മാരും പരിചാരകരുമാണവർ. ആഗോളവൽക്കരണത്തെ സ്വാഗതം ചെയ്യുകയും മുന്നോട്ടു നയിക്കുകയും ചെയ്യുന്നത് മധ്യവർഗ്ഗം തന്നെ. വിദ്യാഭ്യാസത്തിന്റെ ഘടനയും സ്വഭാവവും നിയന്ത്രിക്കുന്നത് അവരാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതും അവർക്കുതന്നെ. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിൽ നിന്ന് താഴേക്കിടയിലുള്ളവരെ ഒഴിവാക്കുന്നതു കൊണ്ട് വരേണ്യവർഗ്ഗത്തിന്റെ കൈകളിൽ അധികാരം ഉറപ്പു വരുത്തുകയാണ് ചെയ്യുന്നത് (കഥ ഇതുവരെ). ഉന്നതവിദ്യാഭ്യാസത്തെ സാമൂഹികസാമ്പത്തികപരാധീനതകളെ മറികടക്കാനുള്ള ഉപകരണമാക്കി അവർ മാറ്റി. മുതലാളിത്തം വിഭാവനം ചെയ്യുന്ന സമ്പന്നജീവിതാവസരം തേടിയുള്ള മധ്യവർഗ്ഗത്തിന്റെ ഈ പരക്കംപാച്ചിൽ ഇന്ത്യൻ മധ്യവർഗ്ഗത്തിന്റെ രണ്ടാംഘട്ടത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

ഇന്ന് ഗൾഫിലും മറ്റ് വികസിതരാജ്യങ്ങളിലും വിദഗ്ദ്ധതൊഴിലാളികളെയാണ് ആവശ്യം. ഗ്ലോബലൈസേഷന്റെ വർത്തമാനകാല ഘട്ടത്തിൽ തൊഴിലാളികളുടെ ആവശ്യകതയും ഇത്തരത്തിലാണ്. സാങ്കേതിക വിദ്യാഭ്യാസം നേടിയവരും ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചവരും കോച്ചിംഗ് ക്ലാസ്സുകളിൽ പോയി പഠിച്ചവരും വിവിധ ടെസ്ററുകൾ പാസ്സാകുന്നവരും മാത്രമാണ് ഇന്ന് പുറം രാജ്യങ്ങളിൽ തൊഴിൽ നേടുന്നത്. ഇംഗ്ലീഷ് പരിജ്ഞാനവും വിവിധ പരീക്ഷകളും സാധാരണക്കാരുടെ അവസരങ്ങളെ ഇല്ലാതാക്കുകയാണ്. ഈ വൈദഗ്ദ്ധ്യത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലാണ് മധ്യവർഗ്ഗത്തിന്റേത്. എന്നാൽ ഇത് സൃഷ്ടിക്കുന്ന സാമൂഹികാസമത്വങ്ങളെ കാണാതിരിക്കാനാവില്ല. എഴുപതുകളിൽ കുടിയേറ്റം രക്ഷയായതുപോലെ കേരളീയസമൂഹത്തിൽ ഇനിയുമൊരത്ഭുതം സംഭവിക്കേണ്ടിയിരിക്കുന്നു. കാരണം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരും മത്സ്യതൊഴിലാളികളും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരും തമിഴ്കുടിയേറ്റതൊഴിലാളികളുമടക്കം നിരവധി സാമൂഹികവിഭാഗങ്ങൾ ഭൂരിപക്ഷമധ്യവർഗ്ഗത്തോടൊപ്പമെത്താൻ കഴിയാതെ ബഹുദൂരം പിന്നിലാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ദേശത്തുനടന്ന സംഘടിതപ്രക്ഷോഭങ്ങളും സാമൂഹികസാമ്പത്തിക പരിവർത്തനങ്ങളും ഇവർക്കിടയിലെത്തിയിട്ടില്ല. സാമൂഹികപരിവർത്തനത്തിൽ ഒപ്പമെത്താനാവാതെ അവർ തികച്ചും പിന്ത

ള്ളപ്പെട്ടുപോയി. കഥ തുടരുന്നുവിൽ നായികയ്ക്ക് ആശ്രയമായി മാറുന്ന നഗരപ്രാന്തത്തിലെ ചേരിവാസികൾക്കാർക്കും തന്നെ ഗൾഫിൽ പോയി രക്ഷപെടാമെന്ന ആഗ്രഹമില്ല. റിയാലിറ്റി ഷോ, ഭാഗ്യക്കുറി പോലുള്ള നാട്ടിലെ മുതലാളിത്ത അത്ഭുങ്ങളിലാണ് അവരുടെ ജീവിതപ്രതീക്ഷകൾ ചുറ്റിയിരിക്കുന്നത്. എം ബി ബി എസ് പാസായ നായികയ്ക്ക് ഗൾഫ് തുണയാകുന്നുമുണ്ട്. ചേരിയിലെ പട്ടിണിപാവങ്ങളും മധ്യവർഗ്ഗത്തിന്റെ ആശയങ്ങൾക്കൊപ്പമാണ് നിലകൊള്ളുന്നത്. ഗൾഫിലേക്ക് പോകാൻ തീരുമാനിക്കുന്നതിനു പിന്നിലും മകളുടെ നല്ല ഭാവി ഒരു കാരണമാകുന്നുണ്ട്.

ചെറിയവരോട് തോൽക്കുന്നത് നാണക്കേടായിരിക്കും..

(കഥ തുടരുന്നുവിൽ പ്രേമൻ)

വിദ്യാഭ്യാസം വഴി ഒട്ടേറെപ്പേർ സാമൂഹികപുരോഗതി നേടിയ സംസ്ഥാനമാണ് കേരളം. ഒരു കാലത്ത് ഇന്ത്യയിലെ ഏറ്റവും ദരിദ്രമായ ജനത ഇന്ന് ഏറ്റവും ഉയർന്ന ജീവിതനിലവാരത്തിൽ എത്തി നിൽക്കുന്നു. വിദ്യാഭ്യാസത്തിലെ അവസരസമത്വത്തിലൂടെ നേടിയെടുത്ത നേട്ടങ്ങൾ ഇന്ന് മറ്റുള്ളവർക്ക് നിഷേധിക്കുന്ന മട്ടിലാണ് മധ്യവർഗ്ഗം എന്ന പ്രബല വർഗ്ഗം എടുക്കുന്ന തീരുമാനങ്ങളിലധികവും(കേരളപഠനം പു 77 -96). ഇല്ലാത്തവന് അവസരങ്ങൾ ലഭിക്കുന്നതേയില്ല. ദൈനംദിനജീവിതത്തിൽ മലയാളി വെച്ചുപുലർത്തുന്ന മൂല്യങ്ങളും മാനദണ്ഡങ്ങളും നിലപാടുകളുമെല്ലാം മധ്യവർഗ്ഗതാൽപ്പര്യത്തിനനുസരിച്ചുള്ളവയാണ്. ഒരു ജനപ്രിയ സാംസ്കാരികരൂപം എന്ന നിലയിൽ സിനിമയുടെ നിലപാട് പ്രബലവർഗ്ഗത്തനൊപ്പമാണെന്നത് തീർച്ച. നിലനിൽക്കുന്ന പ്രത്യയശാസ്ത്രത്തിനോടൊപ്പമാണ് ജനപ്രിയസാംസ്കാരികരൂപങ്ങൾ നിലകൊള്ളുന്നത്. അവികസിതപ്രദേശങ്ങളും പിന്തള്ളപ്പെടുന്ന വിഭാഗങ്ങളുമാണ് പ്രബലമധ്യവർഗ്ഗത്തിന്റെ നിലനിൽപ്പിനു പിന്നിലുള്ളത്. മധ്യവർഗ്ഗം പുറംതള്ളിയ അവർക്ക് ആത്മാഭിമാനവും രാഷ്ട്രീയബോധവും സംഘബലവും ലഭിക്കുമ്പോൾ വർഗ്ഗസംഘർഷങ്ങൾക്ക് ഇനിയുമേറെ സാധ്യതയുണ്ട്.


**സഹായകഗ്രന്ഥങ്ങൾ**

- അമർത്യസെൻ, ഴാങ് ദ്രേസ്,(എഡിറ്റർമാർ), ഇന്ത്യൻ വികസനം: തിരഞ്ഞെടുത്ത മേഖലാപരിപ്രേക്ഷ്യങ്ങൾ, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
- അരവിന്ദൻ കെ. പി. ഡോ.,(എഡി). കേരളപഠനം , കേരളശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ, മൂന്നാം പതിപ്പ്, 2009.
- പണിക്കർ കെ എൻ., ഡോ., സംസ്കാരവും ദേശീയതയും, കറന്റ് ബുക്സ് തൃശ്ശൂർ, 2000.
- ബാബു ജോൺ, (എഡി), കനക കേരളം: ചരിത്രവും വർത്തമാനവും, കേരളസർക്കാർ, സാംസ്കാരികവകുപ്പ്, 2010.
- ശശി തരൂർ, ഇന്ത്യ: അർദ്ധരാത്രി മുതൽ അരനൂറ്റാണ്ട്, ഡി സി ബുക്സ്,കോട്ടയം, 1998.
- ശ്രീകുമാർ ടി. ടി., സഞ്ജീവ് എസ്. (എഡിറ്റർമാർ), കഥ ഇതുവരെ: കേരളവികസനസംവാദങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 2003.


അഭ്യർത്ഥന

# പ്രിയ സുഹൃത്തുക്കളോട്

## 'സംഘടിത'യുടെ ഹൃദയംഗമമായ ആശംസകൾ!

**ഇരുപത്** ലക്കങ്ങൾ പിന്നിട്ട 'സംഘടിത'യുടെ എന്നാൽ ഈ മാസികയുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഞങ്ങളുടെ സംരംഭത്തോട് കച്ചവട സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതാണ്. സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്, നിങ്ങളുടെ 'സംഘടിത' ടീം.

ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:
അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370

കഥ



# യാത്രയ്ക്കൊടുവിൽ

പി. എം. ഹാജറ

**രണ്ടു ദിവസത്തെ** കനത്ത മഴയ്ക്കുശേഷം ഒരിടവേള. മൂടിക്കെട്ടിയ അന്തരീക്ഷം അൽപ്പമൊന്ന് തെളിഞ്ഞു. ദിനേശ് തണുപ്പു വകവെക്കാതെ അമ്പലത്തിൽ പോയി. ഷൈമയ്ക്ക് എന്നും പരാതിയാണ്. ദൈവവിശ്വാസം ഇല്ലാത്തതുകൊണ്ടാണ് ദാരിദ്ര്യം ഒഴിഞ്ഞുപോകാത്തത് എന്നാണവളുടെ കുറ്റപ്പെടുത്തൽ. ഇന്നെങ്കിലും ഷൈമയ്ക്കു സന്തോഷമാവട്ടെ. ഐശ്വര്യമായി അവളുടെ കയ്യിൽനിന്നു കട്ടൻചായ വാങ്ങിക്കുടിക്കുമ്പോൾ മുഖം ചുളിയാതിരിക്കാൻ ശ്രദ്ധിച്ചു. പാവം ഷൈമ. വീടുഭരിക്കാൻ ഏറെ പ്രയാസപ്പെടുന്നുണ്ടെന്നറിയാം. തത്ക്കാലം കണ്ണടയ്ക്കുകയേ നിവൃത്തിയുള്ളു.

അയാൾ വണ്ടിയുമായി ആശുപത്രിപരിസരത്തെത്തുമ്പോൾ ഓരോരുത്തരായി ട്രാക്കിൽ വണ്ടികൾ നിറുത്തിത്തുടങ്ങിയിരുന്നു. അയാളുടെ തൊട്ടുമുന്നിൽ ശരീഫിന്റെ വണ്ടിയാണ്. അയാൾ വണ്ടി തുടയ്ക്കുകയാണ്. ദിനേശിനെക്കണ്ട ഉടനെ ശരീഫ് പറഞ്ഞു.

“ദിനേശ് ഇന്ന് നേരത്തെയാണല്ലോ. വേഗം തുണി നനച്ചിടാൻ നോക്ക്.”

‘‘അത്രയങ്ങ് കളിയാക്കുകയൊന്നും വേണ്ട. വണ്ടിക്കു തീരെ ഓട്ടമില്ലാതിരിക്കുമ്പോൾ തുണി നനച്ചിട്ടാൽ ഉടനെ ഓട്ടം കിട്ടും.” കേട്ടുനിന്ന വിനായകൻ പറഞ്ഞു.


‘‘ശവപ്പെട്ടിക്കച്ചവടക്കാരും ആംബുലൻസ് വണ്ടിക്കാരും എങ്ങനെയെങ്കിലും ജീവിച്ചുപോകട്ടെ ഡൈ.” ആന്റണിയുടെ വാക്കുകൾ എല്ലാവരിലും ചിരിപടർത്തി.

ശരീഫ് വണ്ടി തുടച്ചുകഴിഞ്ഞു. മുന്നിൽ വണ്ടികളുടെ നീണ്ടനിര. തന്റെ ഊഴമെത്തുമ്പോഴേക്കും ചായ കഴിച്ചുവരാമെന്നു കരുതി ദിനേശിനെക്കൂടി വിളിച്ചു. വയർ എരിയുന്നുണ്ടായിരുന്നെങ്കിലും ദിനേശ് പോകാൻ മടിച്ചു.

“നിന്റെ സഹായം സ്വീകരിക്കുന്നതിനുമില്ലേ ഒരു പരിധിയൊക്കെ. നിനക്കു തരാനുള്ള കാശിന്റെ കണക്കുപോലും എന്റെ കൈവശമില്ല. ദിനേശ് വല്ലായ്മയോടെ പറഞ്ഞു.

“തന്നോടിപ്പോ ആരാ കണക്കു ചോദിച്ചത്?” ശരീഫ് ഒച്ചയെടുത്തു. “നമുക്കിപ്പോൾ വിശക്കുന്നു. നാം ഭക്ഷണം കഴിക്കുന്നു. ബില്ല് ഞാനടയ്ക്കുന്നു. അത്രതന്നെ. നീ വാ.”

വൈകീട്ട് നാലുമണിക്കുശേഷമാണ് ദിനേശിന് ഓട്ടം കിട്ടിയത്. അതും ശരീഫിനു കിട്ടിയ ഓർഡർ മാറിക്കൊടുത്തതാണ്. അയാൾ ആശ്വാസത്തോടെ വണ്ടിയെടുത്ത് മോർച്ചറിക്കുമുന്നിൽ നിറുത്തി. ഏകദേശം എഴുപതു വയസ്സു തോന്നിക്കുന്ന പുരുഷന്റേതായിരുന്നു മൃതദേഹം. കരയാൻ സ്ത്രീകളാരും കൂടെയുണ്ടായിരുന്നില്ല. എന്നാൽ അതിർത്തിതർക്കത്തിൽ കുത്തേറ്റുമരിച്ച അയാളുടെ ബന്ധുക്കളും പ്രതിയുടെ ബന്ധുക്കളിൽ ചിലരും തമ്മിൽ ചെറിയ ഉരസലുകളുണ്ടായി. കൂടെയുണ്ടായിരുന്ന വാർഡ്മെമ്പർ ഇടപെട്ട രംഗം ശാന്തമാക്കി.




വണ്ടി ഓടിക്കൊണ്ടിരുന്നു. ദിനേശിന്റെ മനസ്സിൽ സന്തോഷം നിറഞ്ഞു. നല്ലൊരു ഓട്ടമാണ് കിട്ടിയിരിക്കുന്നത്. മൂവായിരം രൂപയോളം കയ്യിൽ തടയും. ശരീഫിന്റെ ഔദാര്യംകൊണ്ടു കിട്ടിയതാണ്. അവനോടു പണം വാങ്ങിയാണ് ഡീസൽ അടിച്ചത്. ആ കടം ആദ്യം വീട്ടണം. തന്നെ അവൻ ഒരുപാട് സഹായിച്ചിട്ടുണ്ട്. എന്നാണ് അവയെല്ലാം കൊടുത്തുതീർക്കാനാവുക.

വണ്ടിക്കുള്ളിൽ ചെറിയ കുശുകുശുപ്പുകൾ ഉയരുന്നുണ്ട്. കുത്തിയവന്റെ ബന്ധുക്കളിൽ ഒരാളും

വണ്ടിയിലുണ്ട്. മെമ്പറുടെ ശക്തിയേറിയ നോട്ടം പതിക്കുമ്പോൾ അവർ നിശ്ശബ്ദരാവുന്നു.

അന്ധകാരത്തെ കീറിമുറിച്ചുകൊണ്ട് വണ്ടി പായുകയാണ്. അതോടൊപ്പം അയാളുടെ മനസ്സും ഓടിക്കൊണ്ടിരുന്നു. വണ്ടിയുടെ അടവുകൾ മൂന്നാലെണ്ണം മുടങ്ങിക്കിടക്കുന്നു. അതിൽ ഒരെണ്ണം നാളെ അടയ്ക്കണം. പിന്നെ ഷൈമയ്ക്ക്. വേണ്ട ഒന്നും ഓർക്കണ്ട. അത്യാവശ്യങ്ങളുടെ ഒരു നീണ്ടപട്ടികതന്നെ കയ്യിലുണ്ട്. റോഡുകൾ വിജനമായിക്കൊണ്ടിരുന്നു. കടകളെല്ലാം അടഞ്ഞുതുടങ്ങി. മഴ ചിന്നംപിന്നം പെയ്യുകയാണ്.

അയാൾക്ക് തണുക്കാൻ തുടങ്ങി. സ്വെറ്റർ ധരിച്ചു. വിനായകനോട് വാങ്ങി വണ്ടിയിൽ വെച്ചത് നന്നായെന്നയാൾക്കു തോന്നി. പിറകോട്ടു തിരിഞ്ഞുനോക്കി. കൂട്ടിരിപ്പുകാർ നല്ല ഉറക്കം. സ്ഥലത്തെത്തിയപ്പോൾ രാത്രിക്ക് ഘനം വെച്ചിരുന്നു. ആളുകൾ ഇറങ്ങി. വണ്ടിവാടക കൊടുക്കുന്ന കാര്യത്തിൽ ഇരുബന്ധുക്കളും തമ്മിൽ ചെറിയ തർക്കമുണ്ടായി. ഇടയ്ക്കൊരാൾ ഒരു രാഷ്ട്രീയനേതാവിന്റെ പേരെടുത്തിട്ടു. പിന്നെ തർക്കം രാഷ്ട്രീയത്തിലേക്കു നീങ്ങാൻ അധികസമയം വേണ്ടിവന്നില്ല. അപ്പോഴേക്കും കുറച്ചാളുകൾകൂടി വന്നുചേർന്നു. "നിങ്ങൾ ശവം വണ്ടിയിൽവെച്ച് ലഹളയുണ്ടാക്കിയാലെങ്ങനാ? മൃതദേഹം കൊണ്ടുപോയി കർമ്മങ്ങൾ ചെയ്യട്ടെ." വന്നവർ അഭിപ്രായം പാസ്സാക്കി. അവർ മൃതദേഹം കൊണ്ടുപോയി. "എന്റെ വാടക തരൂ. ഞാൻ പോകട്ടെ." ദിനേശിന്റെ ശബ്ദം ദുർബലമായിരുന്നു.

ശരീഫ് എപ്പോഴും പറയാറുണ്ട്. "പണം തന്നതിനുശേഷം മാത്രമേ ശവമിറക്കാൻ അനുവദിക്കാവൂ. നമ്മളെന്താ ഓസിക്ക് പണിയെടുക്കുകയാ?" എന്നാണവൻ ചോദിക്കുക. അവനങ്ങനെയൊക്കെ ചെയ്യാൻ നല്ല ചങ്കൂറ്റമുണ്ട്. പക്ഷേ, തന്റെ കാര്യം.

പ്രശ്നം മുറുകുകയാണ്. കുത്തിയതും മരിച്ചതുമൊക്കെ അവർ മറന്നു. രാഷ്ട്രീയത്തിൽ കത്തിക്കയറുകയാണവർ. ഉച്ചത്തിൽ സംസാരിച്ച് ഓരോരുത്തരും കരുത്തു തെളിയിച്ചു. മെമ്പർ ഇടയ്ക്കിടെ തന്റെ പോക്കറ്റ് പരിശോധിക്കുന്നുണ്ട്? അതിൽ കടലാസ്തുണ്ടുകൾ മാത്രം.

ദിനേശ് നിന്ന് കാല് കഴച്ചപ്പോൾ വണ്ടിയിൽ കയറി സ്റ്റിയറിങ്ങിനുമേൽ തലചായ്ച്ചിരുന്നു. "പണമൊന്ന് കിട്ടിയിരുന്നെങ്കിൽ തനിക്കു പോകാമായിരുന്നു." അയാൾ പിറുപിറുത്തു. വീശിയടിക്കുന്ന തണുത്ത കാറ്റ് അയാളുടെ എണ്ണമയമില്ലാത്ത മുടിയിഴകളെ തലോടി കടന്നുപോയി. ഇരുട്ടിന് കട്ടികൂടിക്കൊണ്ടിരുന്നു. അതയാളിൽ ആശങ്ക പടർത്തി. പ്രതീക്ഷയോടെ വഴിയിലേക്കു കണ്ണും നട്ടിരിക്കുന്ന ഷൈമയായിരുന്നു അയാളുടെ മനസ്സു നിറയെ.

സമയം കുറെ കടന്നുപോയി. മരത്തിൽനിന്നും ഒരു കായ വണ്ടിയിൻമേൽ വീണ ശബ്ദം കേട്ടയാൾ ഞെട്ടിയുണർന്നു. മഴമാറി കിഴക്കിന്റെ ചക്രവാളസീമയിൽ സൂരൻ മെല്ലെ എത്തിനോക്കുന്നുണ്ടായിരുന്നു. അയാൾ പകപ്പോടെ ചുറ്റുംനോക്കി. ലഹളക്കാർ സ്ഥലംവിട്ട് റോഡ് വിജനമായിരുന്നു. ശൂന്യമായ മനസ്സോടെ അയാൾ വിറങ്ങലിച്ചിരുന്നു. അല്പനേരം എന്തോ ചിന്തിച്ചശേഷം പെട്ടെന്നു വണ്ടി സ്റ്റാർട്ടാക്കി ശരവേഗത്തിൽ പാഞ്ഞു. എങ്ങോട്ടെന്നില്ലാതെ. ■

> "നിന്റെ സഹായം
> സ്വീകരിക്കുന്നതിനുമില്ലേ
> ഒരു പരിധിയൊക്കെ.
> നിനക്കു തരാനുള്ള
> കാശിന്റെ കണക്കുപോലും
> എന്റെ കൈവശമില്ല"



സന്ധ്യ ഇ.

# പേരില്ല

എഴുതിയ കവിത
അച്ചടിച്ചുവരുമെന്നറിഞ്ഞപ്പോൾ
അവൾ എല്ലാരോടും പറഞ്ഞു
അടുത്ത ലക്കം
അടുത്തലക്കം
എന്റെ കവിത
എന്റെ കവിതയുണ്ട്
വീട്ടുകാർ ഗൗനിച്ചില്ല
നാട്ടുകാർ ശ്രദ്ധിച്ചില്ല
അവളോർത്തു
കവിതവരട്ടെ
അപ്പോൾ കാണാം
അങ്ങനെയങ്ങനെ
കാത്തുകാത്തു
കാത്തുകാത്ത്
കവിതവന്നു
അവളുടെ പേരില്ലാതെ
കവിതയല്ലേ,
കവിതയാണ്
കവിതയില്ലേ,
കവിതയുണ്ട്
വരികളില്ലേ,
വാക്കുകളില്ലേ
എല്ലാമുണ്ട്
പേരില്ല, പേരുമാത്രമില്ല
അപ്പോഴല്ലേ,
അവളൊരു സത്യമറിഞ്ഞത്,
അവളൂട്ടിയ പാലിലും
അവൾ വെന്തതീയിലും
അവൾ കണ്ട രാവിലും
അവൾ കുടിച്ച മഴയിലും
അവൾ നടന്ന വഴിയിലും
അവൾ മുങ്ങിയ കടലിലും
അവളുടെ പേരില്ലായിരുന്നു.
പിന്നെയല്ലേ,
ഒരു പാവം കവിത?

എൻഡോസൾഫാൻ

# ദേശീയ മനുഷ്യാവകാശകമ്മീഷൻ ചെയർമാൻ ജസ്റ്റീസ് കെ.ജി.ബാലകൃഷ്ണൻ പ്രതിപക്ഷനേതാവ് വി.എസ്. അച്ചുതാനന്ദന് അയച്ച കത്ത്

പ്രിയ വി.എസ്. അച്ചുതാനന്ദൻ,

1. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ എന്ന കീടനാശിനി ആകാശത്തുനിന്നും തളിച്ചതിനെ തുടർന്നുണ്ടായ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ കമ്മീഷന്റെ പരിഗണനയിൽ വന്നിരുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപേഷണൽ ഹെൽത്ത് സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചിരുന്നു. ഒരു സ്വതന്ത്രപഠനത്തിനായി കമ്മീഷന്റെ ഒരു കൂട്ടം ഓഫീസർമാരെ കാസർഗോട്ടേക്ക് അയച്ചു. കമ്മീഷന്റെ ആരോഗ്യ കോർഗ്രൂപ്പിൽപ്പെട്ട ആരോഗ്യ വിദഗ്ദരുമായി ഈ വിഷയം ചർച്ച ചെയ്തു. കമ്മീഷൻ ടീമിന്റെയും ചകചഒ ടീമിന്റെയും പഠനത്തിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ഇരകളായി മരിച്ചവരുടെ ആശ്രിതർക്കും പൂർണ്ണമായി കിടപ്പിലായവർക്കും 5 ലക്ഷം രൂപയും മറ്റ് അവശതകളുള്ളവർക്ക് 3 ലക്ഷം രൂപയും വീതം നല്കണമെന്ന് കേരള സർക്കാരിനോട് ശുപാർശ ചെയ്തു. രോഗനിർണ്ണയത്തിനും ചികിത്സക്കുമുള്ള സൗകര്യങ്ങൾ കൂട്ടണമെന്നും എൻഡോസൾഫാൻ മാരകമായി ബാധിച്ച 11 പഞ്ചായത്തുകളിൽ ഏറ്റവും വികസിച്ച ചികിത്സ ലഭ്യമാക്കണണെന്നും കമ്മീഷൻ കേരള സർക്കാരിനോട് ആവശ്യപ്പെട്ടു.



2. കമ്മീഷൻ ശുപാർശ അനുസരിച്ച് കേരള ഗവൺമെന്റ് 2012 മെയ് 31 ന് ദേശീയ മനുഷ്യാവകാശ കമ്മീഷന് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതുപ്രകാരം 29 സ്പെഷലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നട ത്തി 26200 രോഗികളെ പരിശോധിച്ച് അതിൽനിന്നും 4880 പേരെ ഇരകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 11 പഞ്ചായത്തുകളിൽ ആരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്താൻ തുടക്കമിട്ട വിവിധ പദ്ധതികളെക്കുറിച്ചും അതിൽ വിശദീകരിച്ചിട്ടുണ്ട്. പൂർണ്ണമായി കിടപ്പിലായവർക്കും ഗുരുതരമായി രോഗം ബാധിച്ചവർക്കും പ്രതിമാസം 2000 രൂപ വീതവും മറ്റ് രോഗികൾക്ക് 1000 രൂപ വീതവും കേരള സാമൂഹ്യസുരക്ഷമിഷൻ വഴി പെൻഷൻ നൽകുന്നതായി അറിയിച്ചിട്ടുണ്ട്. സാമ്പത്തികാശ്വാസം നൽകുന്നതിനുള്ള കമ്മീഷൻ ശുപാർശയും സംസ്ഥാന ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. പൂർണ്ണമായും കിടപ്പിലായ ചലന സ്വാതന്ത്ര്യം നഷ്ടപ്പെട്ട 2453 പേർക്ക് 5 ലക്ഷം രൂപ വീതവും മറ്റ് അവശതകൾ ബാധിച്ച 1729 പേർക്ക് 3 ലക്ഷം രൂപ വീതവും സംസ്ഥാന സർക്കാർ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ഇരകളുടെ പാക്കേജ് നടപ്പിലാക്കാനുള്ള ആദ്യഗഡു 27.0425 കോടി രൂപ കാസർഗോഡ് ജില്ലാ കലക്ടറുടെ എക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മെയ് 31 ന് കേരള സർക്കാർ അയച്ച റിപ്പോർട്ടിന്റെ കോപ്പി ഇതിനോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്.
3. ഡോക്ടർമാരുടെ ഒഴിവായിക്കിടക്കുന്ന തസ്തികകളുടെ കാര്യം ഞങ്ങൾ സംസ്ഥാനസർക്കാരിന്റെ മുമ്പാകെ കൊണ്ടുവരും.
4. എൻഡോസൾഫാൻ ഇരകൾക്ക് തക്കതായ ആശ്വാസം ലഭിക്കുന്നതിന് സാധ്യമായ എല്ലാ കാര്യങ്ങളും കമ്മീഷൻ ചെയ്യുമെന്ന് ഞാൻ താങ്കൾക്ക് ഉറപ്പ് നൽകുന്നു.

ഊഷ്മളമായ സ്നേഹത്തോടെ

നിങ്ങളുടെ വിശ്വസ്തൻ

2012 ആഗസ്റ്റ് 13

കെ.ജി.ബാലകൃഷ്ണൻ

# അമ്മമാരുടെ സമരം തുടരുന്നു

**സെപ്തംബർ 3ന്** കാസർഗോഡ് കളക്ടറേറ്റിന്റെ പരിസരത്ത് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി നടത്തിയ ജനകീയ കൺവെൻഷനിൽ തങ്ങളുടെ സമരാനുഭവങ്ങൾ പങ്കുവെയ്ക്കാൻ അവർ ഒത്തുചേർന്നു. അടുക്കളയുടെ കരിയകങ്ങളിൽ, ചലനശേഷിയറ്റ് പരസഹായമില്ലാതെ അനങ്ങാൻ കഴിയാത്ത മക്കളുടെ ശുശ്രൂഷയിൽ ഒതുക്കപ്പെട്ടുപോയ അമ്മമാരെ സമരാനുഭവങ്ങൾ എങ്ങിനെ പരിവർത്തനപ്പെടുത്തി എന്നതിന്റെ നേർസാക്ഷ്യവുമായി കൺവെൻഷൻ വേദി.

ജനകീയ കൺവെൻഷന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ജനകീയ സമരങ്ങൾക്കൊപ്പം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന മലയാളികളുടെ പ്രിയ എഴുത്തുകാരി സാറാ ജോസഫ് ആയിരുന്നു. എൻഡോസൾഫാൻ അമ്മമാരുടെ പ്രശ്നങ്ങൾ മന്ത്രിമാരുമായി നേരിട്ട് സംസാരിക്കാനുമാണ് താനും അജിതയും കാസർഗോട്ടേയ്ക്ക് വന്നതെന്ന് അവർ പറഞ്ഞു. എന്നാൽ ഭരണകൂട വഞ്ചനയുടേയും, വാഗ്ദാന ലംഘനങ്ങളുടേയും തുടർക്കഥയെന്നപോലെ മന്ത്രിമാരുടെ സന്ദർശനം മാറ്റിവെച്ച വാർത്തയാണ് കാസർഗോഡ് വന്നപ്പോൾ അറിഞ്ഞത്. കേരളത്തിന്റെ മണ്ണും, കാടും, കടലോരവും കച്ചവടത്തിനായി ഷോക്കേസ് ചെയ്യുന്നവർക്ക് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സമയം കണ്ടെത്താൻ ആവാത്തതിൽ അത്ഭുതം ഇല്ലെന്ന് അവർ ചൂണ്ടിക്കാട്ടി. നൊന്തുപെറ്റ അമ്മമാരുടെ ഗർഭപാത്രത്തെ ശപിക്കുന്ന മക്കളുടെ മാനസികാവസ്ഥയും ചലനശേഷി അറ്റ മക്കളെ ശുശ്രൂഷിക്കുന്നതിൽ കെട്ടിയിടപ്പെട്ട്, ഉറ്റവരുടെ മരണ സന്ദർഭങ്ങളിൽപ്പോലും അന്ത്യശുശ്രൂഷയ്ക്ക് പോകാനാവാതെ ഹൃദയവേദന താങ്ങുന്ന അമ്മമാരുടെയും പ്രശ്നങ്ങൾ കാണാൻ ഭരണാധികാരികൾക്ക് സമയമില്ലെന്നവർ ചൂണ്ടിക്കാട്ടി. എൻഡോസൾഫാൻ ഇരകൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും 5 വർഷത്തേക്ക് പരിമിതപ്പെടുത്തുന്ന 12-1-2012 ലെ സർക്കാർ ഉത്തരവ് അടിയന്തിരമായി റദ്ദുചെയ്യണമെന്ന് അവർ ആവശ്യപ്പെട്ടു. 2 മാസത്തിനിടയിൽ അമ്മമാരുടെയും ഇതര എൻഡോസൾഫാൻ ബാധിത രോഗികളുടെയും ധനസഹായ-ചികിത്സാ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടില്ലെങ്കിൽ അതിശക്തമായി പ്രക്ഷോഭപരിപാടികൾ പുനരാരംഭിക്കാൻ കൂടെ ഉണ്ടാകുമെന്ന് അന്വേഷി പ്രസിഡണ്ട് കെ. അജിത പറഞ്ഞു. സർക്കാർ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ നടപടികൾ ഭംഗിയായി മുന്നോട്ട് കൊണ്ടുപോകുന്നുണ്ടെന്ന പ്രതീതി തിരുത്തുന്നതിൽ അമ്മമാരുടെ സത്യാഗ്രഹസമരം വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടി. ഇരകളുടെ പട്ടിക വെട്ടിച്ചുരുക്കിയും നൽകിവന്ന സഹായങ്ങൾ പിൻവലിച്ചും, കീടനാശിനി ലോബിക്കളെയും, മൂലധന നിക്ഷേപകരേയും പ്രീതിപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്.



സമരദിനങ്ങളുടെ ഓർമ്മകൾ പങ്കുവെയ്ക്കുമ്പോൾ ബി.മാധവിയുടെ അടക്കിപ്പിടിച്ച തേങ്ങൽ പൊട്ടിക്കരച്ചിലായി മാറി. അഭിശപ്തമായ തങ്ങളുടെ ജന്മത്തിനുത്തരവാദിയെന്ന് സ്വന്തം മക്കളാൽ കുറ്റപ്പെടുത്തപ്പെടുന്ന അമ്മമാരുടെ കദനം അണപൊട്ടുകയായിരുന്നു. രണ്ട് എൻഡോസൾഫാൻ ബാധിതരായ കുട്ടികളുടെ അമ്മയായ മാധവിയുടെ വാക്കുകളിൽ ഇങ്ങനെയൊരു ജന്മം തന്നതിന് തന്നോട് കയർത്ത മകൻ തന്നെ സ്നേഹത്തോടെ അമ്മേ എന്ന് വിളിച്ചപ്പോഴുണ്ടായ ആശ്വാസാനുഭവം ഉണ്ടായത് സമരദിനങ്ങളിലായിരുന്നുവെന്ന് മാധവി പറഞ്ഞു. പതിനൊന്ന് പഞ്ചായത്തുകൾക്ക് പുറത്തുള്ള രോഗികളുടെ പ്രശ്നങ്ങൾ ഇപ്പോഴും ആരാലും ശ്രദ്ധിക്കപ്പെടുന്നില്ലെന്ന് ടി.വി.സരോജം, ഡി.മിസ്രിയ, സത്യപ്രേമ, എം.കെ.രജനി, രോഹിണി രാവണേശ്വരം, ചന്ദ്രാവതി എന്നിവർ ചൂണ്ടിക്കാട്ടി. തങ്ങളെ സ്വയം പ്രതിനിധീകരിക്കാനാവുമെന്ന ആത്മവീര്യം സമരാനുഭവങ്ങൾ സൃഷ്ടിച്ചുവെന്നും, അതാണ് പ്രശ്ന പരിഹാരത്തിനുള്ള ചർച്ചകൾക്കായി മുഖ്യമന്ത്രിയെ കാണാൻ അമ്മമാരെ പ്രേരിപ്പിച്ചതെന്നും അവർ പറഞ്ഞു. പെണ്ണുങ്ങളോട് ചർച്ചചെയ്യുന്നത് എന്തോ അപമാനമാണെന്ന മട്ടിലാണ് മുഖ്യമന്ത്രി പ്രതികരിച്ചതെന്നും അവർ കൂട്ടിച്ചേർത്തു. സമരാനുഭവസെഷനിൽ എം.സുൽഫത്ത് അധ്യക്ഷയായിരുന്നു. എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി പ്രസിഡണ്ട് ടി.ശോഭന സ്വാഗതം പറഞ്ഞു. ■



കഥ

# അമ്മ പറഞ്ഞില്ലേ.... മോളോട്....



ശ്രീഷ എം.,
(VI സെമസ്റ്റർ ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്, ഗവ. കോളേജ്, മൊകേരി.)

‘A woman’s work is never done.’ This is because a ‘woman’s work’ has never been defined.

‘മടുത്തു. ഈ സിലബസ് മടുത്തു. എപ്പോഴും മാതാവിന്റെ ഗുണഗണങ്ങളും സ്ത്രീയുടെ ബലക്ഷയവും കേട്ടും പഠിച്ചും മതിയായി. എന്തൊരു ബോറാണിത്.” രണ്ടുകയ്യുമെടുത്ത് അമൃത തലയിൽ ഗാഢമായൊന്നു ചൊറിഞ്ഞു.

“എന്താ.... എന്താ പ്രശ്നം.” മകളുടെ ഉച്ചത്തിലുള്ള ശബ്ദം കേട്ടാണ് സാവിത്രി അവിടേക്കു വന്നത്.

“അയ്യേ... അമ്മയ്ക്ക് ഇത്രപെട്ടെന്ന് മീശവന്നോ...”

അമൃത കുലുങ്ങിക്കുലുങ്ങി ചിരിച്ചു.

സാവിത്രിക്ക് സംഗതി മനസ്സിലായി.

“കണ്ണാടിയിലൊന്നു നോക്കിയേ.... നല്ല രസായിട്ടുണ്ട്.... അമ്മ എപ്പോഴും ഇങ്ങനെ ഒരുങ്ങി നിക്കണോട്ടോ....”

അമൃത ചിരി തുടർന്നു.

സാവിത്രി കണ്ണാടിയിലേക്കു നോക്കി. അതിൽ വേറൊരു രൂപം അവളെ നോക്കിച്ചിരിക്കുന്നു. ഭയാനകം.

“ഇത് കരിയായതല്ലേ മോളേ.... ഞാൻ നിന്നെപ്പോലെ പുസ്തകം പിടിച്ചോണ്ടിരിക്കയല്ലാലോ.... എത്ര പണിയ്ണ്ട്. അതാ അമ്മ പറഞ്ഞെ, മോളൊന്നു വാ... കുറച്ചമ്മയെ സഹായിക്ക്. സ്കൂളില്ലാത്ത ദിവസല്ലേ അമ്മ ഇങ്ങനെ ചോദിക്കാറുള്ളൂ....

അമൃത അമ്മയെ തുറിച്ചൊന്നു നോക്കി...

“അമ്മ മരിച്ചാ മോക്ക് സങ്കടാവൂട്ടോ... കുറച്ചമ്മയെ സഹായിക്ക്.”

“എനിക്കൊരുപാട് പഠിക്കാനുണ്ട്...”

എപ്പോഴുമുള്ള ഡയലോഗ് അവൾ അന്നും അമ്മയുടെ നേർക്ക് എയ്തു.

ഒന്നും പറഞ്ഞിട്ടു കാര്യമില്ല. ആരും സഹായിക്കാനുണ്ടാവില്ല. അതു സാവിത്രിക്കറിയാം.

അവൾ ഒന്നും ഉരിയാടാതെ അടുക്കളയ്ക്കുള്ളിൽ കയറി. ഊണ് പെട്ടെന്ന് തയ്യാറാക്കേണ്ടതുണ്ട്. തന്റെ ടൈ കെട്ടി വരുന്ന ഭർത്താവിനും രണ്ടുകുട്ടികൾക്കും ഭർത്താവിന്റെ അമ്മയ്ക്കും ഭക്ഷണം നൽകണമല്ലോ.

“സാവീ... നീയെനിക്ക് ചൂടുവെള്ളം കാച്ചിയോ...”

അമ്മായിയമ്മ കലിതുള്ളിനിൽപ്പ് തുടരുകയാണ്....

“ഈശ്വരാ അതു മറന്നു.”

കണ്ടില്ലേ... സാവി തിരക്കിലാണ്. എപ്പോഴും അവൾ അങ്ങനെയാണ്. എണ്ണിപ്പറയാൻ ജോലികളുണ്ടവിടെ. ഒരു യന്ത്രത്തെപ്പോലെ, ആരോടും പരിഭവമില്ലാതെ അവൾ എന്നും പണിയെടുക്കുന്നു.



“അല്ല.... എനിക്കിതുതന്നെ വേണം. പി.ഡി.സി. പൂർത്തിയാക്കിയാ മതിയേനും. കല്യാണപ്പൂതി വന്നതാ പറ്റിയത്. പറഞ്ഞിട്ടു കാര്യമില്ല.

കൂട്ടത്തിലുള്ളോരുടെ കല്യാണം ഓരോന്നായി കഴിഞ്ഞുതീർന്നപ്പോ...

അപ്പോൾ തോന്നിയ കൊതിയാ.... കല്യാണം കഴിക്കണം. ഒരു വല്ലാത്ത കൊതിയായിപ്പോയി....

"ഇത് ശരിയാവൂലാട്ടോ അമൃതേ... അമ്മേന്റെ കൂലികിട്ടാണ്ട് പണിയെടുക്കൂലാ..."

അമൃത അതിനു മറുപടി പറഞ്ഞില്ല. ഒന്നു ചിരിച്ചതുപോലുമില്ല.

വളിച്ച കോമഡികൾ മാത്രമറിയാവുന്ന അമ്മ, മുടിയില്ല, നിറമില്ല, എല്ലുകൾ എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കുന്ന ശരീരം. എത്ര പെർഫ്യൂമുകൾക്കും വഴങ്ങാത്ത വിയർപ്പുഗന്ധം.

''അമ്മയെ എങ്ങനെ ഞാൻ നാളെ പി.ടി.എ. യോഗത്തിനു കൊണ്ടുചെല്ലും...''

അച്ഛൻ സുന്ദരനാണ്. പക്ഷേ, അച്ഛന് തിരക്കാണ്.'' അമൃത തലപുകഞ്ഞു ചിന്തിക്കുകയാണ്. അതിനിടയ്ക്ക് സാവി പറഞ്ഞ വലിയ തമാശകൾ എങ്ങനെ അവൾ ആസ്വദിക്കും.

ഗൗരവചിന്തയിലുള്ള മകളെ ആ അമ്മ സ്നേഹത്തോടെ ഒന്നു നോക്കി പുഞ്ചിരിച്ചു.

അവളതിനെ തട്ടിമാറ്റി അമ്മയോടു കൽപ്പിച്ചു.

"നാളെ ഇളംമഞ്ഞയിൽ പുള്ളിയുള്ള സാരി ഉടുക്കണേ.... ആ മുല്ലപ്പൂവിന്റെ അത്തറില്ലേ.... അതു പൂശണം. പുതിയ ലദറിന്റെ ചെരുപ്പ് ചവിട്ടിയാ.... മതീട്ടോ അമ്മേ...."

''മതി..... ഞാൻ വരുന്നില്ല.... പോരേ.''

''വരണം... വന്നില്ലെങ്കിൽ എന്നെ ക്ലാസിക്കേറ്റൂലാ...''

അവൾ ചിണുങ്ങി.

സാവിത്രിക്ക് അവളുടെ പരിമിതികളറിയാം.

ഒരു ജാതകവും ശരിയാകാതെ വന്നപ്പോൾ അവസാനം മാധവന് ഒന്നു ശരിയായിക്കിട്ടി.

സാവിത്രി അങ്ങനെ മനോളി തറവാട്ടിലേക്ക് കയറിക്കൂടി...

മകളുടെ ഈ പറച്ചിലുകൾ അവളെ നോവിച്ചു. പക്ഷേ, കരയാനായില്ലാ...

"കരയാനറിഞ്ഞുകൂടാ... ഈ അമ്മയ്ക്ക്. അമ്മ കരയുമ്പോ ഇളിക്കുംബോല്യാ എനക്ക് തോന്നാറ്..."

ആറിൽ പഠിച്ചുകൊണ്ടിരിക്കുന്ന സാവിയുടെ ഇളയമകൾ എപ്പോഴും പറയും.

അമൃത അതുകേട്ട് ചിരിക്കാറുണ്ട്.

"അമ്മ പുണ്യമാണ്. ജീവനുള്ള ഈശ്വരനാണ്.... അമ്മയെ വേദനിപ്പിക്കുന്നത് ക്രൂരമായ പ്രവൃത്തിയാണ്."

ഉറക്കെ വായിച്ചുപഠിക്കാൻ സുരേഷ്മാഷ് പറഞ്ഞതിന്റെ ഫലമായി അഞ്ജിത പഠിക്കുകയാണ്... ഉച്ചത്തിൽ....

സാവിത്രി അതുകേട്ടാവണം ഒന്നു ചിരിച്ചു.

സാവി എല്ലാവരെയും സ്നേഹിക്കുന്നു. അവരാരുംതന്നെ അവൾക്ക് സുഖമാണോ..., ഭക്ഷണം കഴിച്ചോ... എന്നൊന്നും ചോദിക്കാറില്ല... ഒന്നു വീണാൽത്തന്നെ "വേദനയായോ" എന്നു ചോദിക്കുന്നതുതന്നെ വിരളമാണ്.

"ആരും എന്നെ സ്നേഹിക്കുന്നുണ്ടാവില്ലേ..."

അങ്ങനെ ചിന്തിക്കാൻ സാവിക്ക് പേടിയാണ്.

''എന്റെ മക്കൾ, ഭർത്താവ് അവർക്കെന്നെ ഇഷ്ടാണ്... ഇഷ്ടായിരിക്കും.''

അടുക്കളയിലെ യുദ്ധം കഴിഞ്ഞ്, രാത്രി ചോറുതിന്നാനിരിക്കുമ്പോൾ അതിഥികളായെത്തി രണ്ടു കണ്ണുനീർ...

കൈയെരിഞ്ഞപ്പോഴാണ് സാവി അതു ശ്രദ്ധിച്ചത്. കൈയുടെ കവിളുകൾ പൊട്ടിയിരിക്കുന്നു.

"ഇന്നലെ ഒരുപാട് അലക്കി... ഇന്നും. ആ സോപ്പ് എനിക്ക് അലർജിയാണ്. മാറ്റിവാങ്ങാൻ മാധവേട്ടനോടു പറയണം.'' സാവി ചിന്തിച്ചു.

നാളെ. നാളെ ആ ഇളംമഞ്ഞ സാരിതന്നെ ഉടുക്കാം. അതാണ് അമൃതയ്ക്കിഷ്ടം.

രാവിലെ അഞ്ചുമണിക്കെഴുന്നേറ്റ് ഭർത്താവിനും മക്കൾക്കും കൊണ്ടുപോവാനുള്ള ചോറും രാവിലത്തെ ഭക്ഷണവും പതിവുതെറ്റിക്കാതെ ഏഴരയ്ക്കുമുമ്പായി സാവി എന്നും ഒരുക്കാറുണ്ട്.

രാവിലെ എന്നും തിരക്കായിരിക്കും. സാവി സ്പ്രിങ്ങുപോലെ തുള്ളിയാലേ ആ തിരക്കൊന്ന് ഒഴിഞ്ഞുകിട്ടൂ... ഏവരും പോയിക്കഴിയുമ്പോഴത്തേക്കും അവൾ പകുതി ചത്തിരിക്കും.

ഇന്ന് എട്ടുമണി കഴിഞ്ഞു... എട്ടരകഴിഞ്ഞു...

ഭക്ഷണം തയ്യാറായിട്ടില്ല. മാധവൻ ഓഫീസിൽ പോയിട്ടില്ല. അഞ്ജിതയും അമൃതയും വീട്ടിൽതന്നെയുണ്ട്. അമ്മായിയമ്മയുടെ രാവിലത്തെ ചൂടുവെള്ളത്തിലെ കുളി കഴിഞ്ഞിട്ടില്ല...

"കഷ്ടായിപ്പോയി.... എന്തൊരു പെണ്ണായിരുന്നു....... കുഴഞ്ഞുവീണാത്രേ....."

"അതെ.... സാവിത്രീ.... പാവേനും... പഞ്ചപാവം. എന്ത്വരു ഗതി... വിശ്വസിക്കാനാവുന്നില്ലാ...."

അമ്മായിയമ്മ കരയുന്നുണ്ട് ഉറക്കെ....

"ഇനിയാര്.... ചൂടുവെള്ളം കാച്ചിത്തരും.... കേട്ടോ ജാനു... ഞാനെന്തുപറഞ്ഞാലും മറുത്തൊന്നും പറയൂലാ.... എന്റെ മരുമോള്...."

അഞ്ജിത വിതുമ്പുന്നു...

ഞാനെന്തുചെയ്യണം കരയണോ.... അതോ... വേണ്ടേ... അമൃതയ്ക്കറിയില്ല....

ജീവിച്ചിരുന്നപ്പോൾ അറപ്പുകൂടാതെ ഒരു ഉമ്മപോലും അമ്മയ്ക്കു കൊടുത്തിട്ടില്ല....

''ഒരു മനുഷ്യജീവിയായിരുന്നോ.... ഞാൻ... അമ്മയെ എപ്പോഴെങ്കിലും സ്നേഹിച്ചിട്ടുണ്ടായിരുന്നോ... ദയവോടെ നോക്കിയിട്ടുണ്ടായിരുന്നോ....

ഒരിക്കൽ ഒരിക്കലൊരു മഴയുള്ള രാത്രി.... ഇടിയെപ്പേടിച്ച് അമ്മയെ അടുത്തുകിടത്തിയപ്പോൾ അന്ന് അമ്മയ്ക്കു ഞാൻ മുത്തം നൽകിയിട്ടുണ്ട്. അമ്മയ്ക്കു തണുത്തപ്പോൾ എന്റെ പുതപ്പ് പുതപ്പിച്ചു കൊടുത്തിട്ടുണ്ട്... പാവം എന്റെ അമ്മ....

*(ശേഷം 57–ാം പേജിൽ)*



അന്വേഷി കേസ് ഡയറി

# ഗാർഹികപീഡനത്തിന്റെ മറ്റൊരു ഇര



എലിസബത്ത് സി.എസ്.

**2009** ആഗസ്ത് മാസത്തിലാണ് തോട്ടുമുക്കം സ്വദേശിയായ സുധ സ്വന്തം ഭർത്താവിന്റെ ക്രൂരമായ മർദ്ദനമേറ്റ് അവശയായനിലയിൽ അയൽവാസികളായ ചിലരുടെ സഹായത്തോടെ 'അന്വേഷി'യിൽ എത്തുന്നത്. ഷോർട്ട് സ്റ്റേ ഹോമിൽ അഭയം കിട്ടുക എന്നതായിരുന്നു അവളുടെ ഒരേയൊരാവശ്യം.

കോഴിക്കോട് ജില്ലയിലെ വടക്കൻ മലയോരപ്രദേശമാണ് തോട്ടുമുക്കം. റബ്ബർതോട്ടങ്ങളും തെങ്ങിൻതോപ്പുകളും നിറഞ്ഞ ഈ പ്രദേശം നെടുംകുത്തനെയുള്ള മലയോരവും പാറക്കെട്ടുകളും മലയിടുക്കുകളും കുന്നുകളുംകൊണ്ട് വളരെ മനോഹരമാണ്. ഗ്രാമ്യഭംഗി തുടിക്കുന്ന ആ മലയോരപ്രദേശത്തിന്റെ എല്ലാ നിഷ്കളങ്കതയും അനുഭവിച്ചുകൊണ്ടാണ് അവളുടെ ബാല്യകൗമാരങ്ങൾ പിന്നിട്ടത്.

ഒരു മുസ്ലീം കുടുംബത്തിൽ ജനിച്ചുവളർന്ന ഈ പെൺകുട്ടി അന്യമതത്തിൽപെട്ട അതേ നാട്ടുകാരനായ ഒരു യുവാവുമായി പ്രണയത്തിലായി. ഒടുവിൽ പ്രേമസാഫല്യത്തിനായി അവർ വിവാഹിതരാകാൻ തീരുമാനിച്ചു. അങ്ങനെ 15വർഷം മുമ്പ് സുധ ഇസ്ലാംമതം ഉപേക്ഷിച്ച് ഹിന്ദുവായി. കോഴിക്കോട്ടു വന്ന് രണ്ടുപേരും രജിസ്റ്റർ വിവാഹവും കഴിച്ചു. സുരേന്ദ്രനോടും അയാളുടെ വീട്ടുകാരോടുമൊപ്പം താമസം തുടങ്ങി. വിവാഹത്തിന്റെ ആദ്യവർഷങ്ങളിലൊന്നും യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല. മൂന്നുവർഷങ്ങൾ സന്തോഷത്തോടെ കഴിഞ്ഞു.



മൂത്ത മകളെ പ്രസവിച്ച് ആറുമാസമായപ്പോഴാണ് പ്രശ്നങ്ങളുടെ തുടക്കം. ടാപ്പിങ്ങ് തൊഴിലാളിയായ സുരേന്ദ്രൻ– ആറുമാസം പ്രായമായ കുഞ്ഞിനേയും ഭാര്യയേയും ഇട്ട് അയൽവാസിയായ മറ്റൊരു യുവതിയോടൊപ്പം സ്ഥലംവിട്ടു. പിന്നെ അയാളെപ്പറ്റി ഒരു വിവരവുമില്ലായിരുന്നു. ഒളിച്ചോട്ടത്തിനുശേഷം കുറച്ചുകാലം കഴിഞ്ഞ് അയാൾ വീണ്ടും ഭാര്യയുടെ അടുത്തേക്കു വല്ലപ്പോഴും വരാൻ തുടങ്ങി. സുധയുടെ കയ്യിലുള്ള സ്വർണ്ണാഭരണങ്ങൾ ഓരോന്നായി വാങ്ങിക്കൊണ്ടുപോകാനായിരുന്നു ഈ വരവ്. സ്വർണ്ണം തീരുന്നതുവരെ ഈ വരവ് പതിവാക്കിയിരുന്നു.

വാറ്റുചാരായം ഉണ്ടാക്കലും വിൽക്കലും കുടിയും തൊഴിലായിരുന്ന ഇയാൾ തോട്ടുമുക്കം മലമുകളിൽ താമസിക്കുന്ന പല ആദിവാസി പെൺകുട്ടികളെയും ലൈംഗികമായി ഉപയോഗിച്ചിരുന്നു. ഇതിൽ ഒരു യുവതിക്ക് ഇയാളിൽ രണ്ടുകുട്ടികളുമുണ്ട്. ഈ സ്ത്രീയോടൊപ്പം താമസിക്കുമ്പോഴും മദ്യപിച്ചുവന്ന് സുധയേയും രണ്ടുമക്കളേയും ക്രൂരമായി മർദ്ദിക്കുക ഇയാളുടെ പതിവായിരുന്നു. ഇവരെമാത്രമല്ല, വൃദ്ധയും രോഗിയുമായ സ്വന്തം അമ്മയെയും അയാൾ ക്രൂരമായി മർദ്ദിച്ചിരുന്നു. രാത്രികാലങ്ങളിൽ മദ്യപിച്ചുവരുന്ന ഭർത്താവിന്റെ ഉപദ്രവം ഭയന്ന് സുധയും രണ്ടുമക്കളും പലപ്പോഴും വീടിനടുത്തുള്ള മലമുകളിലോ കുറ്റിക്കാടുകളിലോ മരത്തിന്റെ ചുവട്ടിലോ ഒക്കെ അഭയംതേടി പേടിച്ചുവിറച്ച് നേരം വെളുപ്പിച്ചിട്ടുണ്ട്. പല രാത്രികളിലും വീട്ടിൽനിന്നും ഇറങ്ങിയോടുന്നതിനിടയ്ക്ക് അമ്മയും മക്കളും ഒറ്റപ്പെട്ടുപോയി നേരം വെളുപ്പിച്ച സംഭവങ്ങളും കുറച്ചൊന്നുമല്ല. സുധയുടെ രണ്ടുമക്കളും പഠിക്കുന്ന അതേ സ്കൂളിലാണ് സുരേന്ദ്രന്റെ അവിഹിതബന്ധത്തിലുള്ള രണ്ടുമക്കളെയും ചേർത്തിരിക്കുന്നത്. ഇത് കുട്ടികളെ മാനസികമായും തളർത്തിയിരുന്നു.

ദേഹോപദ്രവത്തോടൊപ്പം പട്ടിണിയും സഹിക്കാൻ കഴിയാതെവന്നപ്പോൾ സുധയ്ക്ക് കൂലിപ്പണിക്കു പോകേണ്ടിവന്നു. രണ്ടുമക്കളുടെ വിദ്യാഭ്യാസവും ഭക്ഷണവും

സ്വന്തം ജീവിതച്ചെലവും മാത്രമല്ല രോഗിയായ അമ്മായിയമ്മയുടെ സംരക്ഷണച്ചുമതലയും സുധയ്ക്കു ചെയ്യേണ്ടിയിരുന്നു.

വൃദ്ധയായ അമ്മയെ ക്രൂരമായി മർദ്ദിക്കുകയല്ലാതെ അവരെ സംരക്ഷിക്കുന്ന ചുമതല സ്വന്തം മകനില്ലായിരുന്നു. നാലുപേരുടെ ഒരുനേരത്തെയെങ്കിലും വിശപ്പുമാറ്റേണ്ട ഉത്തരവാദിത്തം സുധയ്ക്കായിരുന്നതിനാൽ അവൾ അടുത്തുള്ള കോൺവെന്റിൽ കൂലിപ്പണിക്കു പോകാൻ തുടങ്ങി. അല്ലാത്തസമയങ്ങളിൽ അവൾക്ക് അടുത്തു പരിചയമുള്ള വീടുകളിൽ അടുക്കളജോലി ചെയ്യാനും പോയി. ഇതറിഞ്ഞ സുരേന്ദ്രൻ സുധയെ വീട്ടിൽനിന്നിറക്കിവിടുകമാത്രമല്ല, കഴുത്തിനുപിടിച്ച് ഞെക്കിക്കൊല്ലാനും ശ്രമിച്ചു. ബഹളംകേട്ട് ഓടിയെത്തിയ ചിലർ അവരെ രക്ഷിച്ചു. അവർ ഇടപെട്ട് മദ്ധ്യസ്ഥം പറഞ്ഞ് അന്നുരാത്രി ഒരയൽവാസിയുടെ വീട്ടിൽ അന്തിയുറങ്ങാനുള്ള സൗകര്യം ചെയ്തുകൊടുത്തു. വിവാഹശേഷം ആദ്യമായിട്ടാണ് സുധ മറ്റൊരുവീട്ടിൽ കഴിയുന്നത്.

മുസ്ലീം മതംമാറി ഹിന്ദുവായി, വിവാഹത്തോടെ താഴ്ന്നജാതിക്കാരിയായി മാറിയ സുധയ്ക്ക് ആ ഒറ്റക്കാരണംകൊണ്ടുതന്നെ സ്വന്തം മാതാപിതാക്കളും സഹോദരങ്ങളും കുടുംബവും നഷ്ടമായപ്പോൾ എവിടേയും അഭയം ഇല്ലാതായി. അങ്ങനെയാണ് ചില നാട്ടുകാരുടെ സഹായത്തോടെ അന്വേഷിയുടെ 'ഷോർട്ട് സ്റ്റേ ഹോമി'ൽ അഭയത്തിനായി സുധ എത്തുന്നത്. അവിടെ അഭയംകിട്ടിയ സുധയ്ക്ക് മക്കളെയോർത്ത് മനസ്സമാധാനമില്ലായിരുന്നു. സുധ പോന്നശേഷം മക്കൾ രണ്ടുപേരും സുരേന്ദ്രന്റെ അമ്മയോടൊപ്പം വീടിനു പുറത്താണ്. വീട്ടിൽ കയറിയാൽ അയാൾ കൊല്ലും എന്നു ഭീഷണിയുള്ളതായി അയൽക്കാർ ഫോൺ വിളിച്ചറിയിച്ചു. എങ്ങനെയെങ്കിലും കുട്ടികളെയും തന്റെകൂടെ എത്തിക്കണമെന്ന് അവർ ആഗ്രഹിച്ചത് അതുകൊണ്ടാണ്. സുരേന്ദ്രന് സ്വന്തമായി ഒരുതരി മണ്ണോ വീടോ ഇല്ല. സ്വന്തം അമ്മയ്ക്ക് അവരുടെ പേരിലുള്ള ഒരേക്കർ സ്ഥലത്തുള്ള ചെറിയ വീടാണ് സുരേന്ദ്രന്റെയും താമസസ്ഥലം. എന്നിട്ടും അയാൾ ഇവർക്കാർക്കും സ്വൈരം കൊടുക്കാറില്ല.

കുട്ടികൾക്ക് 'ഷോർട്ട് സ്റ്റേ ഹോമി'ൽനിന്ന് തോട്ടുമുക്കം സ്കൂളിൽ എത്താനുള്ള ബുദ്ധിമുട്ടും അവരുടെ ജീവന് സ്വന്തം അച്ഛനിൽനിന്നുള്ള ഭീഷണിയും കാരണം സുധയ്ക്ക് മുക്കം പോലീസ് സ്റ്റേഷനിൽ പരാതികൊടുക്കേണ്ടിവന്നു. പോലീസിന് ഇയാളെ സ്ഥിരം പരിചയമുള്ളതാണ്. സ്റ്റേഷനിൽ വിളിപ്പിച്ചെങ്കിലും ഇയാൾ സഹകരിക്കാത്തതിനാൽ സുധയ്ക്ക് D.V. ആക്ട് പ്രകാരം താമരശ്ശേരി കോടതിയിൽ കേസ് കൊടുക്കേണ്ടിവന്നു. അതിനുള്ള എല്ലാ സഹായവും അന്വേഷി ചെയ്തു. ഇതേത്തുടർന്ന് താമരശ്ശേരി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്കോടതിയിൽനിന്ന് സുധയ്ക്ക് അനുകൂലമായ വിധിയും വന്നു. മക്കൾക്കും ഭാര്യക്കും സംരക്ഷണച്ചെലവു കൊടുക്കാൻ. മക്കളുടെ തുടർവിദ്യാഭ്യാസത്തിനായി അവരെ കോൺവെന്റ് സ്കൂളിൽ ചേർക്കാനും അന്വേഷി സഹായിച്ചു.

ഇതോടെ ശാരീരികമർദ്ദനത്തിൽനിന്നും സുധ തത്ക്കാലം രക്ഷപ്പെട്ടിരിക്കയാണ്. ഇപ്പോൾ ഹോംനഴ്സായും കോൺവെന്റിലും മറ്റുവീടുകളിലും അടുക്കളജോലിക്കുപോയും അവർ നിത്യജീവിതം കഴിച്ചുകൂട്ടുന്നു. അതോടൊപ്പം സ്വന്തമായി ഒരു കുടിൽവെച്ചുകെട്ടുന്നതിന് ഭർത്താവിന്റെ അമ്മ അവരുടെ പേരിലുള്ള സ്ഥലത്തിൽനിന്ന് 10 സെന്റ് സുധയ്ക്ക് രജിസ്റ്റർ ചെയ്തുകൊടുക്കാനും ഒരുക്കമാണ്. എങ്ങനെയെങ്കിലും സ്വയം അദ്ധ്വാനിച്ച് സ്വന്തംകാലിൽ നിൽക്കാനുള്ള തയ്യാറെടുപ്പിലാണു സുധ. ■

---

*(55-ാം പേജിൽ നിന്നും തുടർച്ച)*

"നിനക്കൊന്നു കരയരുതോ.... മോളേ... ഇങ്ങനെ സഹിച്ചുനിക്കരുത്..." ആരോ വന്ന് അമൃതയോടു പറഞ്ഞു.

അമ്മയെ കുളിപ്പിക്കാൻ കൊണ്ടുപോവുകയാണ്... തളർന്നുകൊണ്ടിരുന്ന കരച്ചിലുകൾ ഒന്നുകൂടി മുറുകി. ആർക്കൊക്കെയോ ബോധക്ഷയം ഉണ്ടായിരിക്കുന്നു. ആരൊക്കെയോ കരയുന്നു.

"അമ്മയെ ഞാനും കുളിപ്പിച്ചോട്ടേ..."

എതിർത്താരുമൊന്നും പറഞ്ഞില്ല.

അമൃത അമ്മയോടൊപ്പം നീങ്ങി...

"കരയണോ.... വേണ്ട. കരഞ്ഞാൽ അമ്മയ്ക്ക് സങ്കടമാവും. ഉറപ്പാണ്.

അവൾ അമ്മയുടെ ശോഷിച്ച ശരീരമൊന്നു നോക്കി. കയ്യിൽ പൊള്ളിയ പാടുകൾ.... കൈവിടവിലെ മുറിവുകൾ....

വയറിൽ.... അത് തുന്നിയ പാടാണ്. ഒരിക്കലും മായാത്ത പാടുകൾ....

"അമ്മ സുന്ദരിയാണ്. എനിക്കമ്മയെ ഇഷ്ടാണ്..." അമൃത അമ്മയുടെ കാതിൽ പറഞ്ഞു. കവിളിൽ ഉമ്മ നൽകി.

കണ്ണുനീരിനെ തടുക്കാൻ അവളുടെ അമ്മയെപ്പോലെ അവൾക്കായില്ല... അമൃത അമ്മയെ കെട്ടിപ്പിടിച്ചുകരഞ്ഞു. തൊണ്ടപൊട്ടുന്നതുവരെ കരഞ്ഞു...

"കരയരുത്.... മോള് കരയണ്ടാട്ടോ.... അമ്മയ്ക്കറിയാം മോൾക്ക് അമ്മയെ ഇഷ്ടാണെന്ന്.... അമ്മ പറഞ്ഞിട്ടില്ലേ.... ഒരിക്കൽ, സങ്കടാവൂന്ന്.... അമ്മ മരിച്ചാ... സങ്കടാവൂന്ന്.... കരയണ്ടാട്ടോ.... മോളുടെകൂടെ എന്നും അമ്മയുണ്ട്...."

അത്... ആ വാക്കുകൾ.... അമ്മ പറഞ്ഞതാണ്... അമ്മ സാന്ത്വനിപ്പിക്കുകയാണ്.... അമൃതയ്ക്കതു കേൾക്കാം....

അവൾ അമ്മയെ ഗാഢമായൊന്നു പുണർന്നു.... ആ സമയം.... വേറെയൊരു കൂട്ടക്കരച്ചിലുയർന്നത് അമൃതയറിഞ്ഞില്ല.... അവളതു കേട്ടില്ലാ... ■



An ISO 9001:2008 Certified Company
"വേറിട്ടു നിൽക്കാം...
അഭിമാനപൂർവ്വം"
മാ...
മാ വാഷിംഗ് പൗഡർ
മാ ഡിറ്റർജന്റ് കേക്ക്
മാ ഡിഷ് വാഷ് പൗഡർ
മാ ഡിഷ് വാഷ്
മാ ടോയ്‌ലെററ് സോപ്പ്
മാ റോസ്
മാ ലെമൺ
മാ സാന്റൽ
അനുഭവിച്ചറിയൂ പുത്തൻ ഉണർവിന്റെ
ആയുർവേദ സ്പർശം
Made from VEGITABLE OILS
മാ നാൽപ്പാമര
കേരളത്തിന്റെ അഭിമാനം
മാ... വാഷിംഗ് പൗഡർ
മാ... ഡിറ്റർജന്റ് കേക്ക്
മാ... ഡിഷ് വാഷ് പൗഡർ
മാ... ഡിഷ് വാഷ്
മാ... ടോയ്‌ലെറ്റ് സോപ്പ്
മാ... നാൽപ്പാമര
A Quality Product From kumar industries (India), Customer Care: 97456 03232 www.maaindia.in




**അന്വേഷിയും** നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായി കോഴിക്കോട് ജില്ലയിലെ ആശാവർക്കേഴ്സിനായി "സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യപ്രശ്നം" എന്ന വിഷയത്തിൽ കക്കോടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ 24/08/2012 വെള്ളിയാഴ്ച സെമിനാർ നടത്തി. പ്രസ്തുത പരിപാടിയിൽ അന്വേഷി പ്രസിഡന്റ് കെ. അജിത അദ്ധ്യക്ഷത വഹിക്കുകയും കക്കോടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കവിതാ മനോജ് സെമിനാറിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ചേളന്നൂർ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീ. എം.കെ. രാജേന്ദ്രൻ, NRHM Block Co-ordinator ശ്രീമതി. മിനി എന്നിവർ സെമിനാറിന് ആശംസകൾ അർപ്പിച്ചു.

ശ്രീ. അഷ്റഫ് കാവിൽ (കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസർ), ശ്രീമതി ശ്രീജ. പി. (അന്വേഷി സെക്രട്ടറി) എന്നിവർ വിഷയാവതരണം നടത്തി. ഈ സെമിനാറിൽ നൂറോളം ആശാവർക്കേഴ്സ് പങ്കെടുത്തു. ശ്രീമതി സി.എസ്. എലിസബത്ത് (അന്വേഷി) സ്വാഗതവും ശ്രീമതി ശ്രീബ ഇ.പി. (അന്വേഷി) നന്ദിയും പറഞ്ഞു.

## പുസ്തകപരിചയം

### എന്റെ ജേഷ്ഠത്തി കമല

സുലോചനാ നാലപ്പാട്
മധുനായർ ന്യൂയോർക്ക് ഇന്ത്യ ബുക്സ്/വില : 100 രൂപ




ഇതുവരെ യാരും പൂർണ്ണമായി മനസ്സിലാക്കാതിരുന്ന ആമിയോപ്പുവിന്റെ തങ്കപ്പൊലിമയാർന്ന മനസ്സും ഭീതികളും പരാതികളും അനാവരണം ചെയ്യുകയാണ് പുസ്തകത്തിൽ.
എല്ലാ വ്യവസ്ഥാപിത സാമൂഹ്യ മൂല്യങ്ങൾക്കുമപ്പുറം സത്യവും സ്നേഹവും കണ്ടെത്തുവാൻ ശ്രമിച്ച ഒരു ധീരവനിതയുടെ ജീവിതത്തിലെ ചില ഏടുകൾ തപ്പിയെടുത്ത ഇമ്മാതിരി കൃതി വേറെ ഉണ്ടാകണമെന്നില്ല.

### അതിജീവനത്തിന്റെ സമരങ്ങൾ

മേധാപട്കർ
രണ്ടാം പതിപ്പ്/ഒലിവ് പബ്ലിക്കേഷൻസ് /വില: 70 രൂപ

പരിസ്ഥിതി പ്രവർത്തനം എന്നത് ഈ ഭൂമിയിൽ ജീവിതം നിലനിർത്തുന്നതിനുള്ള മനുഷ്യരുടെ




അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം കൂടിയാണെന്ന് മേധാപട്കർ അടയാളപ്പെടുത്തുന്നു. സ്വന്തം വാക്കുകളിലൂടെയും കർമങ്ങളിലൂടെയും.
മേധാപട്കറുടെ പ്രഭാഷണങ്ങളുടേയും ലേഖനങ്ങളുടേയും സമാഹാരം.

### പ്രേമമുരളി

സുനില എ. രാജാ.
ശ്രീധരനുണ്ണി/ദ്രോണാചാര്യ പബ്ലിക്കേഷൻസ്/വില : 45 രൂപ




ഗീതകങ്ങളുടെ സാന്ദ്രതയും ഒതുക്കവുമുള്ള ഒട്ടേറെ രചനകൾ ഈ സമാഹാരത്തിലുണ്ട്. പ്രാർത്ഥന, മഴയായ് പെയ്തിറങ്ങാൻ, ഉണരുണര്, തൂവെളിച്ചം, സങ്കല്പക്ഷേത്രം എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. മറ്റുള്ളവ ഭാവകവിതകളായി പരിഗണിക്കാം. 'നവയുഗശില്പികൾക്കൊരു പ്രേമമുരളി' എന്ന കവിത ഭാവാത്മകതയുടെ പാരമ്യത്തിലെത്തിനിൽക്കുന്നു.

'എന്തുഞാൻ നൽകേണ്ട–
തുണ്ണീ നിനക്കെന്റെ–
യന്തരംഗത്തിലെ
പൈമ്പാൽ മധുരമോ?" എന്നത് പക്വമായ ഈരടികൾതന്നെ. സമാഹാരത്തിന്റെ ശീർഷകം സാർത്ഥകമാക്കുന്നു ഇത്. നവാഗത എന്ന നിലയിൽ ഈ കവയിത്രി ഏറെ പ്രോത്സാഹനമർഹിക്കുന്നു.



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghaditha calicut@gmail.com
Printed at A-one Offset Prints, Ramanattukara